ന്ത്രിയായിരുന്ന ശ്രീ. എ.കെ. ആന്റണി കൊണ്ടുവന്ന ആ തീരദേശ വികസന അതോറിറ്റിയെ നിങ്ങൾ ചോരയിൽ മുക്കി. ഇപ്പോൾ അതൊക്കെപ്പോയി. ഇനിയും പരമ്പരാഗത മത്സ്യത്തൊഴിലാളികൾ രക്ഷപ്പെടണമെങ്കിൽ, മത്സ്യബന്ധനോപകരണങ്ങളുടെ ഉടമസ്ഥാവകാശം അവർക്ക് ലഭ്യമാകണ്ടേ? അതിനു നടപടി എടുത്തില്ലെങ്കിൽ നിങ്ങൾ പറയുന്നതൊക്കെ ഈ രാജ്യത്തെ സാധാരണക്കാരനെ പറ്റിക്കാനായിരിക്കുമെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഫിഷറീസ് വകുപ്പിൽ എക്സ്റ്റൻഷൻ ഓഫീസർമാരായി അങ്ങ് അമ്പത് പേരെ നിയമിച്ചില്ലേ? ഇപ്പോൾ പത്രവാർത്ത വന്നിരിക്കുന്നത് ലക്ഷങ്ങൾ കോഴ വാങ്ങി, പി.എസ്.സി.യെ മറികടന്ന് നിയമനം സ്ഥിരമാക്കാൻ പോകുന്നു എന്നാണ്. ആ നടപടി തെറ്റല്ലേ? അത് അങ്ങ് അന്വേഷിക്കുമോ? അവിടെ 50 പേരെ നിയമിച്ചിട്ടുണ്ട്, 3000 രൂപ സ്റ്റൈപ്പന്റും കൊടുക്കുന്നു എന്നാണ് പത്രത്തിൽ വന്ന വാർത്ത. തെറ്റാണെങ്കിൽ നിഷേധിക്കണം. നിരവധി വിദ്യാർത്ഥികൾ എം.എസ്.സി.യും പി.എച്ച്.ഡി.യുമൊക്കെ പാസ്സായി നിൽക്കുന്നുണ്ട്. പി.എസ്.സി.വഴി ഇവരെ നിയമിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇപ്പോൾ ജോലി ചെയ്യുന്നവർക്കും പി.എസ്.സി.യിൽ അപേക്ഷിക്കാമല്ലോ? അങ്ങനെ അഴിമതി അവസാനിപ്പിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അതുപോലെതന്നെ ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡിലേക്ക് എക്സ്പോർട്ടേഴ്സിന്റെ വിഹിതം അടച്ചിട്ട് വർഷങ്ങളായി; ആകെ അവർ കൊടുത്തത് മൂന്നു കോടി രൂപയാണ്. അരിയേഴ്സ് അഞ്ചു കോടിരൂപയുണ്ട്. ഇപ്പോഴുള്ള പ്രായോഗിക ബുദ്ധിമുട്ട് എനിക്കറിയാം. അവിടെ ടോട്ടൽ ടേൺ-ഓവറിന്റെ ഒരു ശതമാനം എന്നത് പ്രായോഗികമല്ല. അതുകൊണ്ട് പ്രായോഗികമായ ഒരു സമീപനം ഈ രംഗത്തെടുക്കുകയും എക്സ്പോർട്ടർമാരെ വിളിച്ചുവരുത്തി അവരുമായി സംസാരിച്ച് വെൽഫെയർ ഫണ്ട് ബോർഡിലേക്കുള്ള വിഹിതമടയ്ക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തില്ലെങ്കിൽ നാം പ്രഖ്യാപിച്ചിരിക്കുന്ന ഒരു പദ്ധതിയും നടപ്പിലാകുകയില്ല. വീട് കൊടുക്കാൻ കഴിയുകയില്ല. അങ്ങനെ ആ ഒരു കാര്യത്തിൽ അങ്ങ് മുൻകയ്യെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനത്തിൽ അടിമുടി മാറ്റം വരുത്തണം. നിങ്ങളുടെ ഈ സ്ഥിരമായ ഏർപ്പാട് അവസാനിപ്പിക്കണം. അഴിമതിക്ക് മാത്രമാണ് പല പദ്ധതികളുമുണ്ടാക്കിയിരിക്കുന്നത്. കടലിൽ മത്സ്യമിടുക, കായലിൽ മത്സ്യമിടുക, കുളത്തിൽ മത്സ്യമിടുക തുടങ്ങിയ പദ്ധതികൾകൊണ്ട് ആർക്കും ഒന്നും നേടാൻ കഴിയുകയില്ല. എത്രയിട്ടു, എവിടെയിട്ടു, എന്തുകിട്ടി, എങ്ങനെ വളർന്നു? ആ ഏർപ്പാട് അവസാനിപ്പിക്കണം. പൂച്ച പാലുകുടിക്കുന്നതുപോലുള്ള ശ്രീ. ടി.കെ. രാമകൃഷ്ണന്റെ ഈ ഏർപ്പാട് അവസാനിപ്പിക്കണമെന്നേ എനിക്ക് പറയുവാനുള്ളൂ. കേരളത്തിലെ മത്സ്യബന്ധന രംഗത്തെ പരമ്പരാഗത തൊഴിലാളികൾക്കെതിരായ നിലപാടെടുക്കുന്ന ഈ ഗവണ്മെന്റ് കൊണ്ടുവന്ന ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. പി. വിശ്വൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. എന്റെ പ്രിയ സുഹൃത്ത് ശ്രീ. ഡൊമിനിക് പ്രസന്റേഷൻ കാര്യമായി വിഷയങ്ങൾ പറയാൻ ഇല്ലാത്തതുകൊണ്ടുതന്നെ സാധാരണയിൽ നിന്നും വ്യത്യസ്തമായി അദ്ദേഹം അദ്ദേഹത്തിന്റെ വാചകങ്ങൾ അവസാനിപ്പിച്ചിരിക്കുകയാണ്. മത്സ്യ മേഖലയെക്കുറിച്ച് തന്നെ ഞാൻ ആദ്യമായി പറയുവാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ മത്സ്യ മേഖലയിൽ ഒരു പുത്തൻ ഉണർവ് സൃഷ്ടിക്കാൻ എൽ.ഡി.എഫ്. ഗവണ്മെന്റിന് കഴിഞ്ഞുവെന്നുള്ളത് ആർക്കും നിഷേധിക്കാൻ കഴിയാത്ത സത്യമായി മാറിയിരിക്കുകയാണ്. കേരളത്തിലെ



LIBRARY ARCHIVES Kerala Legislative Assembly

മത്സ്യ വിഭവ സ്രോതസ്സ് സമ്പന്നമാണ്. മത്സ്യവിഭവ സ്രോതസ്സ് സമ്പന്നമെന്ന് മാത്രമല്ല അത് ഒരേയളവിൽ തുടരുകയാണ്. നമുക്കറിയാം കേരളത്തിൽ 590 കിലോമീറ്റർ ദൈർഘ്യമുള്ള കടൽത്തീരമുണ്ട്. സമുദ്രമത്സ്യബന്ധനപ്രദേശം തന്നെ 36,000 ചതുരശ്രകിലോമീറ്ററുണ്ട്, നാല് ലക്ഷം ഹെക്ടർ ഉൾനാടൻ ജലാശയമുണ്ട്. കേരളത്തിൽ ഏതാണ്ട് 9.95 ലക്ഷം മത്സ്യത്തൊഴിലാളികൾ വരും. അതിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾ 2.24 ലക്ഷംവരും. കഴിഞ്ഞ വർഷം ഇന്ത്യയിൽ നിന്നും 4697 കോടി രൂപയുടെ മത്സ്യം കയറ്റുമതി ചെയ്തപ്പോൾ കേരളത്തിന്റെ വിഹിതം 948 കോടി രൂപയാണ്. കേരളത്തിലുള്ള യന്ത്രം ഘടിപ്പിച്ചതും അല്ലാത്തതുമായ വെസൽസ് നോക്കുകയാണെങ്കിൽ 49,200-ാളം വരും. യന്ത്രം ഘടിപ്പിച്ചതാണെങ്കിൽ 26,929-ാളം വരും. ആ രൂപത്തിലുള്ള ഒരു മത്സ്യവിഭവസ്രോതസ്സും മത്സ്യബന്ധന ഉപകരണങ്ങളും കേരളത്തിലുണ്ട്. ഇതുമായി ബന്ധപ്പെട്ടുകൊണ്ടാണ് കേരള സർക്കാർ ഈ മേഖലയിൽ വൻമാറ്റമുണ്ടാക്കാൻ നേതൃത്വപരമായ പങ്ക് വഹിക്കുന്നത്. അതിനെ ഗൗരവതരമായി സമീപിക്കാൻ കേരളത്തിലെ പ്രതിപക്ഷ കക്ഷിയും അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കളും തയ്യാറുണ്ടോ എന്നാണ് ഞങ്ങൾക്ക് ചോദിക്കാനുള്ളത്. മത്സ്യവിഭവ സ്രോതസ് ഒരിക്കലും വളരുന്നില്ല, എന്നാൽ ഉത്പാദനവുമായി ബന്ധപ്പെട്ട ഉപാധികളും യന്ത്രങ്ങളും വർദ്ധിക്കുകയാണ്. ഇതിനോട് കേരള ഗവണ്മെന്റിന്റെ സമീപനമെന്താണ്? മത്സ്യ മേഖലയിൽ സമ്പത്ത് വളർത്താൻ കഴിയണം, മത്സ്യത്തൊഴിലാളികളുടെ ഭൗതികവളർച്ച ഉറപ്പുവരുത്താൻ കഴിയണം; കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് മത്സ്യം കൊടുക്കാൻ കഴിയണം. ഈ കഴിഞ്ഞ മൂന്ന് വർഷക്കാലം ശ്രീ. ടി.കെ. രാമകൃഷ്ണന്റെ നേതൃത്വത്തിൽ ഈ വകുപ്പിനെ സമ്പന്നമാക്കിയ കാഴ്ച സത്യത്തിൽ നിഷേധിക്കാൻ സാധിക്കുമോ? ഇവിടെ മത്സ്യക്കുഞ്ഞുങ്ങളുണ്ടാകുന്ന കാലം, മത്സ്യം മുട്ടയിടുന്ന മൺസൂൺ കാലത്ത്, ട്രോളിംഗിലൂടെ മുട്ടകൾപോലും അരിച്ചു

*[അദ്ധ്യക്ഷവേദിയിൽ ശ്രീ. സി.പി. ബാലൻ വൈദ്യർ]*

കൊണ്ടു പോകുന്ന, മത്സ്യസമ്പത്ത് ഊറ്റിക്കൊണ്ടുപോകുന്ന സ്ഥിതിയായിരുന്നു. 1992-നുശേഷം, പുത്തൻ സാമ്പത്തിക നയം നടപ്പിലാക്കിയതിനുശേഷം ഡസൻ കണക്കിന് ഷിപ്പ് ഫാക്ടറികൾക്ക് ആഴക്കടലിൽ നിന്ന് മത്സ്യം പിടിക്കുന്നതിന് ലൈസൻസ്കൊടുത്തില്ലേ? ഒരു ബട്ടൺ അമർത്തിയാൽ ആയിരം കിലോമീറ്റർ ദൂരത്തിൽ വല വീശാനും അതിനുള്ളിലുള്ള മത്സ്യമുട്ടകൾ വരെ ചോർത്തി എടുക്കാനും കഴിവുള്ളതാണ് ഷിപ്പ് ഫാക്ടറികൾ. പീലിംഗ് സെന്ററുകളിൽ പണിയെടുക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികൾക്കുപോലും പണിയില്ലാത്ത ഒരു സാഹചര്യമാണ് പഴയ സർക്കാരിന്റെ കാലത്തുണ്ടായിരുന്നത്. നമ്മുടെ കടലമ്മ കനിഞ്ഞുതരുന്ന സമ്പത്ത് ഊറ്റിയെടുക്കാൻ ബഹുരാഷ്ട്ര കുത്തകക്കാർക്കും അതുപോലുള്ള ശക്തികൾക്കും കഴിയുന്ന സാഹചര്യത്തിൽ, മത്സ്യരംഗത്ത് ഈ സമ്പത്തുണ്ടാക്കാൻ ഈ സർക്കാർ എടുത്ത നടപടിയെ പ്രശംസിക്കുകയാണ് വേണ്ടത്. ഒന്നാമതായി ട്രോളിംഗ് നിരോധനം കൊണ്ടുവന്നു. ട്രോളിംഗ് നിരോധനം കൊണ്ടു വരുമ്പോൾ തന്നെ അതിനൊരു പ്രത്യേകതയുണ്ട്. നമുക്കറിയാം ട്രോളിംഗ് നിരോധനം നിലനിൽക്കുന്നതിന് മുമ്പ് കേരളത്തിൽ 1987-ൽ മത്സ്യോൽപ്പാദനം രണ്ടു ലക്ഷത്തി എൺപത്തിമൂന്നായിരമായിരുന്നു. 1990-ൽ ആറ് ലക്ഷത്തി അറുപത്തിരണ്ടായിരമായി 1991-നുശേഷം അഞ്ചു ലക്ഷത്തി അമ്പത്തിയൊൻപതിനായിരത്തി ഇരുന്നൂറ്റി അറുപത്തിമൂന്നിൽ നിൽക്കുകയാണ്. എന്തുകൊണ്ട്? വിദേശ ട്രോളിംഗുകളുടെ ഇടപെടലുണ്ട്. ആഴക്കടലിൽ നിന്നും മത്സ്യ

LIBRARY ARCHIVES Kerala Legislative Assembly

സമ്പത്ത് ഊറ്റികൊണ്ടുപോകുന്നതിന്റെ ഫലമായി മത്സ്യസമ്പത്ത് തടയപ്പെടുകയാണ്. ട്രോളിംഗ് നിരോധനത്തിന്റെ ഗുണം ചെറുതല്ല. അതിനെ അപഹസിക്കാൻ കഴിയുകയില്ല. അത് ശാസ്ത്രീയമായി നടപ്പിലാക്കാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞതിനാൽ കടലോരത്തെ പതിനായിരക്കണക്കിന് വരുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ ഗവണ്മെന്റിനോട് പ്രതിബദ്ധതയുണ്ട്. സ്നേഹപരമായ ഒരു സമീപനമുണ്ട്. അത് ശാസ്ത്രീയമായി നടപ്പാക്കാൻ നമ്മൾ തയ്യാറാകണം. എന്നാൽ ട്രോളിംഗ് നിരോധനത്തോടുള്ള മറ്റ് ഗവണ്മെന്റുകളുടെ സമീപനം എന്താണ്? explosive economic zone -ന് അപ്പുറം ഇവിടെ ട്രോളിംഗ് നടക്കേണ്ടതായിട്ടുണ്ട്. സ്റ്റേറ്റ് ഗവണ്മെന്റ് പറഞ്ഞിട്ടുപോലും അത് പ്രാവർത്തികമാക്കാൻ സെൻട്രൽ ഗവണ്മെന്റ് തയ്യാറാകുന്നില്ല. ബി.ജെ.പി.യുടെ സമീപനം അറിയാമല്ലോ? 1998 ജൂലൈ മാസം 9-ാം തീയതിയാണ് സെൻട്രൽ ഗവണ്മെന്റ് ഇതിന് അംഗീകാരം കൊടുക്കുന്നത്. നമ്മൾ ഇവിടെയാണെങ്കിൽ ജൂൺ മാസം 15-ന് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിരുന്നു. ബഹുമാനപ്പെട്ട പ്രധാനമന്ത്രി തന്നെ മുഖ്യമന്ത്രിക്കയച്ച കത്തിൽ പറയുന്നത്.

Dear Shri Nayanar,

I have received your letter on June 26th 1998 regarding banning the operation of deep sea fishing vessels of Kerala coastal till 29-7-98. എന്നാണ്. പക്ഷെ കത്തിന് മറുപടി അയച്ചതെപ്പോഴാണെന്ന് നോക്കൂ, അതിന് താൽപര്യമില്ല എന്നാണ് അതിൽനിന്നും മനസ്സിലാകുന്നത്. സംസ്ഥാന ഗവണ്മെന്റാണെങ്കിൽ വളരെയധികം താൽപ്പര്യപ്പെടുത്തി ഇത്തവണ വളരെ നേരത്തെതന്നെ ട്രോളിംഗ് പ്രഖ്യാപിക്കാൻ തയ്യാറായി. ജൂൺ 8-ാം തീയതി തന്നെ നിരോധിച്ചു. സെൻട്രൽ ഗവണ്മെന്റിനെ അതിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞു. ആ രൂപത്തിൽ uniform ban നിർദ്ദേശം കേരളാ ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും വരുന്നു. മറ്റ് സർക്കാരുകൾ ഈ നിർദ്ദേശങ്ങളോട് ഇതുവരെ പ്രതികരിച്ചിട്ടില്ല. കർണ്ണാടക, തമിഴ്നാട്, ഗോവ, മഹാരാഷ്ട്രാ തുടങ്ങിയ സംസ്ഥാനങ്ങളിലെ സർക്കാരുകൾ ഈ നിർദ്ദേശങ്ങളോട് ഇതുവരെ പ്രതികരിച്ചിട്ടില്ല. ഇതിനോടുള്ള വർഗ്ഗ സമീപനത്തിന്റെ ഒരു ചിത്രം അതിന്റെ പിന്നിലുണ്ടാകാം. ട്രോളിംഗ് നിരോധിച്ചുകഴിഞ്ഞാൽ അതിന്റെ ഗുണം കിട്ടുക മത്സ്യത്തൊഴിലാളികൾക്കാണ്. മറിച്ച് ഷിപ്പ് ഫാക്ടറികളുടെ ഉടമകളായ ബഹുരാഷ്ട്ര കുത്തകകൾക്കാണ് ട്രോളിംഗ് കൊണ്ട് ഗുണം കിട്ടുന്നത്. രണ്ടും രണ്ട് വർഗ്ഗ സമീപനങ്ങളാണ്. ഞാൻ അപ്പുറത്തിരിക്കുന്ന എന്റെ ബഹുമാനപ്പെട്ട സുഹൃത്തുക്കളോട് ചോദിക്കട്ടെ, നിങ്ങൾ ഏത് താൽപ്പര്യത്തിന്റെകൂടെയാണ് നിൽക്കുന്നത്? അതിനെസംബന്ധിച്ച് വ്യക്തമാക്കാൻ നിങ്ങൾ തയ്യാറാകണം. ഒന്നോ രണ്ടോ കാര്യങ്ങൾ വൈകാരികമായി പറഞ്ഞുപോയിട്ട് കാര്യമില്ല. വസ്തുതയിലേക്ക് കടക്കാൻ നിങ്ങൾ തയ്യാറാകണം. ട്രോളിംഗ് നിരോധനത്തിലൂടെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുള്ള എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ നയം ശക്തമാണെന്നും ഗുണപരമാണെന്നും തെളിഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട അശാസ്ത്രീയമായ നിരവധി പ്രവർത്തനങ്ങൾ കടലോരത്ത്, തീരദേശങ്ങളിൽ കാണാൻ കഴിയും. അശാസ്ത്രീയമായ മത്സ്യബന്ധന രീതികളിൽ മാറ്റം വരണം. മൂവായിരം, നാലായിരം രൂപവരെ ചെലവാക്കി മണ്ണെണ്ണ വാങ്ങി അഞ്ചും ആറും മെഷീൻ ഫിറ്റ് ചെയ്ത് മത്സ്യബന്ധനത്തിനുപോയിട്ട് വരുമ്പോൾ അത്രയ്ക്കുപോലും വിലയുള്ള മത്സ്യങ്ങൾ കിട്ടാതെ ബുദ്ധിമുട്ടുന്ന അവസ്ഥ നിലനിൽക്കുന്നു. നാൽപ്പതോളം കിലോമീറ്റർ ദൂരം എന്റെ മണ്ഡലത്തിലെ കൊയിലാണ്ടി-കടൽഭാഗത്തിനുണ്ട്. കൊയിലാണ്ടി കടൽഭാ

LIBRARY ARCHIVES Kerala Legislative Assembly

ഗത്തുള്ള മത്സ്യത്തൊഴിലാളികളുടെ അശാസ്ത്രീയമായ നടപടികൾ പ്രയാസം ഉണ്ടാക്കുന്നുണ്ട്. പെട്ടെന്ന് അതെല്ലാം പറഞ്ഞ് മനസ്സിലാക്കാൻ കഴിയുകയില്ല. കാരണം ഇപ്പോഴുള്ള രീതിയിൽ അവർ നിൽക്കുകയാണ്. അതിനെ ശാസ്ത്രീയമായി എങ്ങനെ കൊണ്ടുപോകണമെന്നുള്ളതിനെക്കുറിച്ച് സർക്കാർ ആലോചിക്കേണ്ടതായിട്ടുണ്ട്. അതുപോലെ മണ്ണെണ്ണ കിട്ടാത്ത പ്രശ്നവും വളരെ ഗൗരവമായിട്ടെടുക്കണം. മണ്ണെണ്ണ നൽകുന്നതിൽ കേന്ദ്ര ഗവണ്മെന്റിന്റെ നിബന്ധനയിൽ മാറ്റം വരുത്തണം. ഇന്ധനത്തിനും പാചകം ചെയ്യാനും മാത്രം മണ്ണെണ്ണ കിട്ടിയാൽ പോരാ. മത്സ്യത്തൊഴിലാളികൾക്കുകൂടി കിട്ടണം. കേരള സർക്കാർ മത്സ്യഫെഡ്ഡിലൂടെ മാക്സിമം വിലകുറച്ച് മണ്ണെണ്ണ കൊടുക്കാനുള്ള നടപടികൾ ശക്തമാക്കി എന്നുള്ളത് കേരളത്തിലെ മത്സ്യത്തൊഴിലാളികൾ ഒരിക്കലും മറക്കുകയില്ല. അതുപോലെ ഈ രംഗത്ത് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ, വംശനാശം വരുന്നതു തടയാൻ സർക്കാർ മുന്നോട്ടുവരേണ്ടതുണ്ട്. വംശനാശം വരുന്നത് ട്രോളിംഗ്പോലുള്ള കാര്യങ്ങൾ കൊണ്ടുതന്നെയാണ്. വളരെ സ്വാദിഷ്ടമായ ഏട്ട, മുള്ളൻ തുടങ്ങിയ മത്സ്യങ്ങളൊന്നും ഇപ്പോൾ കടലോരത്ത് കിട്ടുന്നില്ല. അതുപോലെ നെയ്മത്തി, കാട്ടയില തുടങ്ങിയ മത്സ്യങ്ങളുടെ വരവ് കുറഞ്ഞിരിക്കുകയാണ്. ഇപ്പോഴത്തെ റിപ്പോർട്ട് എന്താണെന്നു വച്ചാൽ, അവയൊക്കെ തിരിച്ചുവന്നു കൊണ്ടിരിക്കുന്നു എന്നാണ്. ഈ സർക്കാർ ഈ രംഗത്ത് ശാസ്ത്രീയമായ നടപടിയെടുക്കാൻ തുടങ്ങിയതോടുകൂടിയാണ് ഇതുണ്ടായത്. പ്രധാനമായിട്ടും ചെമ്മീൻ, കൂന്തൾ, മാന്തൾ ഒക്കെത്തന്നെ പുറത്തേയ്ക്കു അയയ്ക്കുമ്പോൾ നെയ്മത്തിപോലുള്ള മത്സ്യങ്ങൾ അധികം കയറ്റുമതി ചെയ്യുന്നില്ല. നമുക്ക് വിറ്റാമിൻ ഭക്ഷണമായി മത്സ്യങ്ങൾ ഉപയോഗപ്പെടുത്താം. ഈ സർക്കാരിന്റെ നടപടികൾകൊണ്ട് കടൽ സമ്പത്ത് വർദ്ധിപ്പിച്ചെടുക്കാൻ കഴിയുന്നുണ്ട്. ലക്ഷക്കണക്കിന് മത്സ്യക്കുഞ്ഞുങ്ങളെ കടലിലേക്ക് ഒഴുക്കുകയാണെന്ന് ഒരു പരിഹാസച്ചുവയോടുകൂടി എന്റെ ഒരു സ്നേഹിതൻ ഇവിടെ പറയുകയുണ്ടായി. ഈ സർക്കാരിന്റെ നടപടികളെ ശാസ്ത്രീയമായി പരിശോധിക്കാൻ അദ്ദേഹം തയ്യാറായില്ല. അഞ്ചു ലക്ഷം, പത്തു ലക്ഷം രൂപാവീതം ജില്ലാ പഞ്ചായത്തുകൾക്ക് കൊടുക്കുന്നുണ്ട്. ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടുകൂടി ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ മാത്രമാണ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നത്. അതുതന്നെ കടലിലേയ്ക്ക് ഒഴുക്കുന്നില്ല. കടലിന്റെ അഴിമുഖത്തും ടേണിംഗ് കർവുകളിലും മാത്രമാണ് ഇവ നിക്ഷേപിക്കുന്നത്. അങ്ങനെ നിക്ഷേപിക്കുന്ന മത്സ്യക്കുഞ്ഞുങ്ങൾ വളർന്നു കഴിയുമ്പോൾ ഓട്ടോമാറ്റിക്കായിട്ട് കടലിലേയ്ക്കു പോകും. ആ നടപടികൾക്കുവേണ്ടി ലക്ഷക്കണക്കിന് രൂപ ഈ സർക്കാർ ചെലവാക്കിയെന്നു പറയുന്നത് മത്സ്യത്തൊഴിലാളികളുടെ ഭൗതിക വളർച്ചയെ ഉയർത്തിപ്പിടിക്കുന്നതിനുവേണ്ടിയാണ്.

<u>ശ്രീ. എ. കണാരൻ</u> : ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചുകൊണ്ടിരിക്കുന്നത് കടലിലെ മത്സ്യത്തെക്കുറിച്ചാണ്. നമ്മുടെ സംസ്ഥാനത്ത് ധാരാളം തോടുകളും പുഴകളും ചിറകളുമുണ്ട്. അവിടെയെല്ലാം മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുള്ള നടപടിയെ സംബന്ധിച്ച് അങ്ങ് എന്തുകൊണ്ട് പറയുന്നില്ല?

<u>ശ്രീ. പി. വിശ്വൻ</u> : നമ്മുടെ സംസ്ഥാനത്ത് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ, കുളങ്ങൾ, തടാകങ്ങൾ, കായലുകൾ തുടങ്ങി എല്ലാ മേഖലയും ഉപയോഗപ്പെടുത്തിയാൽമതി. വെള്ളക്കൊട്ടാരത്തിലെ സായിപ്പിനെ വെല്ലുവിളിക്കാനുള്ള ഭൗതികവളർച്ച കേരളത്തിൽ ഉണ്ടാക്കിയെടുക്കാൻ ഇത് ഉപയോഗപ്പെടുത്തിയാൽമതി. ഇത്തരം മേഖലകളിൽ മത്സ്യക്കുഞ്ഞുങ്ങളെ വളർത്തി,

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യസമ്പത്ത് വളർത്തിയപ്പോൾ 1997-ൽ 740 കോടി രൂപയുടെ ഉൽപ്പാദനം ഈ രംഗത്ത് ഉണ്ടായി. അത് 1998-ൽ 90 കോടി രൂപയായി വർദ്ധിച്ചു. അത്തരത്തിൽ ഈ രംഗത്ത് മാറ്റം ഉണ്ടാക്കാൻ കഴിയണം. ഇതൊക്കെ നിസ്സാരകാര്യമായി എടുക്കുന്നത് ശരിയല്ല. മത്സ്യസമ്പത്ത് വളർത്തിയെടുക്കാനുള്ള കേരള സർക്കാരിന്റെ സാമൂഹിക പ്രതിബദ്ധത പ്രസിദ്ധമാണ്. അതു മാത്രമല്ല വാനോളം ഉയർത്തേണ്ട ക്ഷേമപ്രവർത്തനങ്ങളാണ് ഈ മേഖലയിൽ നടക്കുന്നത്. തിരമാലകൾ താണ്ടി പടിഞ്ഞാറോട്ടുപോകുന്ന മത്സ്യത്തൊഴിലാളികൾ അനാഥരല്ല പൊന്നുമക്കളേ എന്നു പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ടുപോകാൻ ബഹുമാനപ്പെട്ട ടി.കെ. രാമകൃഷ്ണന്റെ നേതൃത്വത്തിലുള്ള ഗവണ്മെന്റിന് കഴിഞ്ഞു എന്നുള്ളത് നിസ്സാര കാര്യമല്ല. മത്സ്യത്തൊഴിലുമായി ബന്ധപ്പെട്ട് മരിച്ച മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 10,000 രൂപ സഹായം കൊടുക്കുന്ന പദ്ധതി കൊണ്ടുവന്നത് പഴയ എൽ.ഡി.എഫ്. സർക്കാരാണ്. അത് പിന്നീട് 15,000 രൂപയാക്കി , 25,000 രൂപയാക്കി ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 50,000 രൂപയാക്കി. അതുപോലെ ഇൻഷ്വറൻസ് മേഖലയിൽ ഒരു ലക്ഷം രൂപയായി. എന്റെ മണ്ഡലത്തിലെ കടലോരഭാഗത്ത് മൂന്ന് മത്സ്യത്തൊളിലാളി സുഹൃത്തുക്കൾ ഇതുമായി ബന്ധപ്പെട്ട് മരിച്ചപ്പോൾ ഒന്നര ലക്ഷം രൂപാവീതം എത്തിച്ചുകൊടുക്കാൻ ഞാൻ ഉണ്ടായിരുന്നു. ഇന്ന് അതിൽ വീണ്ടും മാറ്റമുണ്ടായി. 50,000 രൂപ എന്നുള്ളത് ഒരു ലക്ഷം രൂപയാക്കി. ഒരു ലക്ഷം രൂപ എന്നുള്ളത് ഒന്നര ലക്ഷം രൂപയാക്കി മാറ്റി. ഒന്നര ലക്ഷം രൂപ പാവപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബത്തിന് കിട്ടുന്നത് രണ്ടര ലക്ഷമായി മാറി. പ്രതിപക്ഷത്തിരിക്കുന്നവർ ഇതൊന്നും കാണാതെ വർഗ്ഗീയവത്ക്കരിക്കാൻ ശ്രമിക്കുകയാണ്. എട്ടു ലക്ഷത്തോളം വരുന്ന മത്സ്യബന്ധനവുമായി ബന്ധപ്പെട്ടുവരുന്ന അനുബന്ധ തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ കൊണ്ടുവന്നപ്പോൾ പതിനായിരങ്ങളുടെ ഹൃദയത്തിൽ ആനന്ദമായിരുന്നു. അത് നിയമമാക്കാൻ ഈ നിയമസഭയിൽ വന്നപ്പോൾ അതിനെ വഴിതിരിച്ചുവിടാനായിരുന്നു അപ്പുറമുള്ള സുഹൃത്തുക്കൾ നോക്കിയിരുന്നത്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ നിലവിലുള്ള അനുബന്ധ മത്സ്യത്തൊഴിലാളികൾക്കെതിരായി തിരിച്ചുവിട്ടത് എന്തോ ദുഷ്ട രാഷ്ട്രീയ ലാഭത്തിനുവേണ്ടിയായിരുന്നു. എന്നാൽ ഈ ക്ഷേമപദ്ധതികൊണ്ടുവന്ന സർക്കാർ, ആറേഴു ലക്ഷം വരുന്ന, ഈ മേഖലയിൽ പണി എടുക്കുന്ന പാവപ്പെട്ട തൊഴിലാളികൾക്ക്, പീലിംഗ് സെന്ററിൽ ജോലിയെടുക്കുന്ന നമ്മുടെ സഹോദരിമാർ മുതൽ മത്സ്യം ചുമടായി എടുത്തുകൊണ്ടുപോയി വിൽക്കുന്ന ലക്ഷക്കണക്കിനുവരുന്ന മത്സ്യത്തൊഴിലാളികൾക്കുവരെ ക്ഷേമപദ്ധതികൾ കൊണ്ടുവന്ന ഈ സർക്കാർ മത്സ്യത്തൊഴിലാളികളുടെ ശത്രുക്കളാണെന്നു പറയുന്നത് ഒരിക്കലും ഗുണപരമല്ല. പ്രതിപക്ഷത്തിരിക്കുന്ന ബഹുമാനപ്പെട്ട സുഹൃത്തുക്കൾ പുരോഗമനാത്മകമായ നടപടികളെ, ഭൗതികവളർച്ചയുമായി ബന്ധപ്പെട്ട നടപടികളെ കാണാതെ കേവലം വോട്ടു ബാങ്കിനെ ലാക്കാക്കിക്കൊണ്ട് വർഗ്ഗീയവികാരത്തെ ആളിക്കത്തിക്കാനാണ് പലപ്പോഴും ശ്രമിക്കുന്നത്. നെഹ്റുവിന്റെ അനുയായികളെന്നുപറയുന്ന നിങ്ങൾ ബോംബെയിൽ ശിവസേന ചെയ്യുന്നതുപോലെ, ബോംബെയിൽ ബി.ജെ.പി.ക്കാർ ചെയ്യുന്നതുപോലെ, മഹാനായ ഹുസൈന്റെ വളരെ പ്രസിദ്ധമായ ചിത്രത്തെ അവഹേളിക്കാൻ കലാപം അഴിച്ചുവിട്ട ബോംബെയിലെ ശിവസേനക്കാരെപ്പോലെ, ദൈവങ്ങളെക്കുറിച്ചുള്ള ഒരു വിവരണവുമായി രംഗത്തുവന്ന സമയത്തുതന്നെ നിങ്ങൾ ചാടിക്കടിക്കാൻ വന്നില്ലേ? ബോംബെയിൽ ശിവസേനയും ബി.ജെ.പി.യും എടുക്കുന്ന നടപടികളാണ് ഇവിടെ നിങ്ങളും സ്വീകരിക്കുന്നത് എന്നുള്ളതാണ് നിങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

അവരും തമ്മിലുള്ള ബന്ധം. വോട്ടു ബാങ്കുകൾ മാത്രമായിരുന്നു നിങ്ങളുടെ ഇതിനുപിന്നിലുള്ള താല്പര്യം. ഈ ക്ഷേമപ്രവർത്തനങ്ങൾ കണ്ടില്ലെന്നു പറയുന്നത് ശരിയല്ല. 38-40-ഓളം കിലോമീറ്റർ കടൽത്തീരമുള്ള ഒരു മണ്ഡലത്തിലെ വ്യക്തിയാണ് ഞാൻ. സാധാരണ ഒരു മത്സ്യത്തൊഴിലാളി മരിച്ചുപോയാൽ 5000 രൂപവരെ ആ വീട്ടിൽ എത്തിച്ചുകൊടുക്കാനുള്ള നടപടിയുണ്ട്. മന്തുരോഗം മുതൽ ഭ്രാന്തുവരെയുള്ള രോഗം പിടിച്ചാൽ ഇഷ്ടംപോലെ പണം മത്സ്യത്തൊഴിലാളികൾക്കു കൊടുക്കാനുള്ള പ്രഖ്യാപനം ഈ സർക്കാർ നടത്തിയില്ലേ? എന്താണ് അതിനോട് പ്രതികരിക്കാത്തത്? ഹാർട്ട്, കിഡ്നി, തുടങ്ങിയ അവയവങ്ങൾക്ക് കുഴപ്പമുണ്ടായാൽ അതിനും സഹായം നൽകുന്നുണ്ട്. എല്ലാ ഒ.ഇ.സി.ക്കാർക്കുമുള്ള ആനുകൂല്യം ഈ മേഖലയിലെ വിദ്യാർത്ഥികൾക്കും കൊടുക്കാനുള്ള നടപടികൾ എടുക്കുന്നുണ്ട്. ആന്റണി ഗവണ്മെന്റ് അധികാരം വിട്ട് പോകുമ്പോൾ 21 മാസത്തെ മത്സ്യത്തൊഴിലാളി പെൻഷൻ കൊടുക്കാൻ ബാക്കിയുണ്ടായിരുന്നു. ഈ ഗവണ്മെന്റ് മത്സ്യത്തൊഴിലാളി പെൻഷൻ 100 രൂപയായി വർദ്ധിപ്പിച്ചു. അത് ഇന്ന് കൊടുത്തുകൊണ്ടിരിക്കുകയാണ്. 13 മാസത്തെ കുടിശ്ശിക മാത്രമേ ബാക്കിയുള്ളൂ. ആ രൂപത്തിലുള്ള നടപടിയെടുക്കുന്നതിന് ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്ന് ഹാർബറുകളാണ് കമ്മിഷൻ ചെയ്തത്. മൂന്ന് ഫിഷ് ലാൻഡിംഗ് സെന്ററുകൾക്ക് പ്രഖ്യാപനം വന്നുകഴിഞ്ഞു. 14-ാം നൂറ്റാണ്ടു മുതൽ കിഴക്കൻ രാജ്യങ്ങളുമായി ബന്ധമുള്ള, പതിനായിരക്കണക്കിന് മത്സ്യത്തൊഴിലാളി കുടുംബങ്ങളുള്ള ഒരു മേഖലയാണ് കൊയിലാണ്ടി. അവിടെ ഒരു ഹാർബർ വേണമെന്നുള്ള പ്രത്യേക ആവശ്യം ഉയർന്നുവന്നിട്ട് വർഷങ്ങളേറെയായി. വാസ്കോഡഗാമ വന്നിറങ്ങുകയും അദ്ദേഹത്തിനെതിരെ പോരാട്ടത്തിനിറങ്ങിയ കുഞ്ഞാലിമരക്കാരുടെയും പ്രദേശമായ ഇവിടെ ഒരു ഫിഷിംഗ് ഹാർബർ സ്ഥാപിക്കണമെന്നുള്ള ആവശ്യം കൂടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ മുന്നിൽ വയ്ക്കുകയാണ്. കേരളത്തിലുള്ള മത്സ്യത്തൊഴിലാളികളായ ജനങ്ങളുടെ വളർച്ചയ്ക്ക് ഉപകാരപ്രദമാകുന്ന രൂപത്തിൽ ഈ മേഖലയെ സമ്പന്നമാക്കാൻ മുന്നോട്ടുവന്ന ബഹുമാനപ്പെട്ട മന്ത്രിയെയും ഇതിന് നേതൃത്വം കൊടുക്കുന്ന എൽ.ഡി.എഫ്. സർക്കാരിനെയും ആയിരം തവണ അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുകയാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ആരോഗ്യവകുപ്പിന് എന്തിനാണ് നാം പൈസ അനുവദിക്കുന്നത്? അങ്ങനെയൊരു വകുപ്പുണ്ടോ? അങ്ങനെയൊരു വകുപ്പുള്ളതായി തോന്നുന്നില്ല. പബ്ലിക് ഹെൽത്ത് കെയർ സിസ്റ്റം കംപ്ലീറ്റ് തകർന്നില്ലേ? 'The State will wither away' എന്ന് മഹാനായ മാർക്സ് പണ്ട് പറഞ്ഞിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് ആചാര്യനായ അദ്ദേഹത്തിന്റെ പ്രവചനം കമ്മ്യൂണിസ്റ്റുകാർ ഭരിക്കുന്ന ഒരു സ്ഥലത്തും യാഥാർത്ഥ്യമായിട്ടില്ല. ഈ കൊച്ചു കേരളത്തിൽ ആരോഗ്യ വകുപ്പിനെ ഏതാണ്ട് ഇല്ലാതാക്കാൻ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിന് കഴിഞ്ഞു. നമ്മുടെ സംസ്ഥാനത്തെ പബ്ലിക് ഹെൽത്ത് കെയർ സിസ്റ്റം വളരെ മികച്ചതായിരുന്നു, മറ്റ് സംസ്ഥാനങ്ങൾക്കെല്ലാം തന്നെ മാതൃകയായിരുന്നു. എന്നാൽ ഇന്ന് സ്ഥിതിയെന്താണ്? സർക്കാർ ആശുപത്രികളിൽ ഇന്ന് ആരെങ്കിലും പോകാൻ തയ്യാറാകുമോ? പേടിയാണ്. എങ്ങനെയാണ് സർക്കാർ ആശുപത്രികളെ ആളുകൾ ഭയക്കാതിരിക്കുക? കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രാണനുവേണ്ടി പിടഞ്ഞ ഒരു രോഗിക്ക് ജീവൻ രക്ഷിക്കാൻ വേണ്ടി ഓക്സിജൻ കൊടുക്കുന്നതിനുപകരം കാർബൺ

LIBRARY ARCHIVES Kerala Legislative Assembly

ഡയോക്സൈഡാണ് കൊടുത്തത്. ഇത് കേരളത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. അങ്ങ് എന്തിനാണ് ഇനിയും ആരോഗ്യവകുപ്പു മന്ത്രിയെന്നു പറഞ്ഞ് ഞെളിഞ്ഞിരിക്കുന്നത്? രാജി വയ്ക്കണമെന്ന് ഞാൻ പറയുന്നില്ല. പക്ഷേ എന്റെ ആത്മ മിത്രമായതുകൊണ്ട് അങ്ങ് ഇനിയും നാറരുതെന്ന് പറയുകയാണ്. കോഴിക്കോട് ബീച്ച് ഹോസ്പിറ്റലിൽ നേത്രചികിത്സയ്ക്ക് ചെന്ന രോഗിക്ക് കണ്ണ് തന്നെ നഷ്ടപ്പെട്ടു. കണ്ണുരോഗം മാറ്റുന്നതിന് കണ്ണു തന്നെ പൊട്ടിച്ച് രോഗം മാറ്റുന്ന പുതിയ ചികിത്സാ രീതിയാണ് ഡോക്ടർമാർ അവലംബിച്ചത്. ഈ മെഡിസിൻ വിഭാഗത്തിൽ അങ്ങനെയൊരു പുതിയ ചികിത്സാ രീതി കണ്ടെത്തിയതിന് ആരോഗ്യവകുപ്പുമന്ത്രിക്കും ആരോഗ്യവകുപ്പിനും നോബൽ സമ്മാനം കൊടുക്കണം. അതിന് നമ്മുടെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ ശുപാർശ ചെയ്യണമെന്ന് അപേക്ഷിക്കുന്നു. ഇനിയുമുണ്ട് അദ്ദേഹത്തിന്റെ തലതിരിഞ്ഞ ഭരണ പരിഷ്കാരങ്ങൾ. തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രികെട്ടിടം തകർന്ന് നാല് ആളുകൾ മരിച്ചു. ജനസംഖ്യാ വർദ്ധനവ് തടയുവാനുള്ള പുതിയ മാർഗ്ഗമായി അദ്ദേഹം കണ്ടെത്തിയതാകാം. കോഴിക്കോട് ഐ.എം.സി.എച്ച്. വാർഡിൽ തീപിടിത്തമുണ്ടായി. അവിടത്തെ രോഗികളെല്ലാം ഓടി രക്ഷപ്പെട്ടു. സർക്കാരിന്റെ സാമ്പത്തിക പരാധീനത വളരെ വലുതാണ്. അതുകൊണ്ട് കൂടുതൽ ആളുകൾക്ക് മരുന്നു കൊടുക്കാൻ കഴിയില്ല. ആശുപത്രിയിൽ കൂടുതൽ ആളുകളെ അഡ്മിറ്റു ചെയ്യാൻ കഴിയില്ല. അതുകൊണ്ട് കുറെ ആളുകളെ ഓടിക്കാൻ വേണ്ടി അദ്ദേഹം സ്വീകരിച്ച ഒരു പുതിയ മാർഗ്ഗമായിരിക്കാം. അങ്ങനെയും ഒരുപാട് ഭരണ പരിഷ്കാരങ്ങൾ ഉണ്ട്.

ശ്രീ. പി.പി. തങ്കച്ചൻ : അദ്ദേഹത്തിന്റെ തലതിരിഞ്ഞ നടപടികളെക്കുറിച്ച് പറഞ്ഞല്ലോ. അദ്ദേഹത്തിന്റെ ഒരു കാല് മാർക്സിസ്റ്റു പാർട്ടിയുടെ കൂടെയും ഒരു കാല് ബി.ജെ.പി.യുടെ കൂടെയും ആണെന്ന് അറിയാമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : അദ്ദേഹം എന്റെ ആത്മസുഹൃത്തായതുകൊണ്ട് അദ്ദേഹത്തെ അധികം വധിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഡി.പി.ഇ.പി. നടപ്പാക്കുന്ന കാലമാണല്ലോ ഇത്. നമ്മുടെ പഠനം ആകർഷകമാക്കുന്നതിനുവേണ്ടി പാഠ്യപദ്ധതികളിൽ ചില പരിഷ്കാരങ്ങൾ നടത്തുന്നുണ്ട്. അദ്ദേഹത്തിന്റെ 'തലതിരിഞ്ഞ ഭരണ പരിഷ്കാരം'എന്ന അദ്ധ്യായം നമ്മുടെ ഡി.പി.ഇ.പി.യിൽ ഉൾപ്പെടുത്തിയാൽ കുട്ടികൾക്ക് വായിച്ചു രസിക്കാൻ നല്ല സുഖമായിരിക്കും. അതുപോലെ കോഴിക്കോട് മെഡിക്കൽകോളേജ് ആശുപത്രിയിലെ ഭക്ഷ്യസാധന വിതരണച്ചുമതല നിലവിലില്ലാത്ത ഒരു സൊസൈറ്റിക്ക് കൊടുത്തുവെന്നും മുഖ്യമന്ത്രി ഇടപെട്ട് റദ്ദാക്കിയെന്നും മെഡിക്കൽ കോളേജിലെ ഉപകരണങ്ങൾ വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നുവെന്നും സി.എ.ജി.യുടെ റിപ്പോർട്ട് വന്നു. ആ സംഭവങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. അദ്ദേഹത്തിന്റെ ഭരണ പരിഷ്കാരങ്ങളുടെ പട്ടിക വളരെ നീണ്ടതാണ്. കേരളം ആരോഗ്യരംഗത്ത് കൈവരിച്ച നേട്ടങ്ങൾ മറ്റു സംസ്ഥാനങ്ങൾക്കും മാതൃകയാണ്. മറ്റു സംസ്ഥാനങ്ങളെയൊക്കെ ബഹുദൂരം പിന്നിലാക്കിക്കൊണ്ട് വികസിത രാജ്യങ്ങളോട് കിടപിടിക്കത്തക്ക രീതിയിൽ ആരോഗ്യരംഗം മുന്നോട്ടു വന്നിരിക്കുന്നു. ശിശുമരണ നിരക്ക് കുറയ്ക്കുന്ന കാര്യത്തിൽ ജനന-മരണ നിരക്ക് കുറയ്ക്കുന്ന കാര്യത്തിൽ സ്ത്രീകളുടെ ആയുർ ദൈർഘ്യം കൂട്ടുന്ന കാര്യത്തിൽ ഒക്കെ മുന്നോട്ട് വന്നിരിക്കുന്നു. എന്നാൽ ഇപ്പോൾ വളരെ നെഗറ്റീവ് സൂചനകളാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. ഉദ്ധരിക്കാൻ എന്റെ കയ്യിൽ ധാരാളം പുസ്തകങ്ങളുണ്ട്. സമയം തരുന്നെങ്കിൽ പറയാം. കേരളം നമ്മുടെ ഇന്ത്യയിലെ ഏറ്റവും വലിയ രോഗാതുരമായ സംസ്ഥാനമായി എന്നാണ് പറയുന്നത്. ഉന്മൂലനം ചെയ്യപ്പെട്ടു എന്നു കരുതിയിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

പകർച്ചവ്യാധികളൊക്കെ തിരിച്ചു വരുകയാണ്. മലേറിയ വരുന്നു. ക്ഷയം നമുക്ക് ഒരു പ്രശ്നമായിരുന്നില്ല. ഇന്ന് നമ്മെ പേടിപ്പിക്കുന്ന വലിയൊരു രോഗമായി അത് മാറിയിരിക്കുന്നു. മലമ്പനി രോഗത്തെ നേരിടുന്നതിൽ ആരോഗ്യ വകുപ്പു വീഴ്ചകാണിച്ചുവെന്ന് സി.എ.ജി. റിപ്പോർട്ടിൽ ഉണ്ട്. അപ്പോൾ കേരളത്തെ രോഗാതുരമാക്കുന്നതിൽ വലിയൊരു പങ്ക് വഹിച്ച ഈ ആരോഗ്യ വകുപ്പിന് ഒരു ചില്ലിക്കാശുപോലും അനുവദിക്കരുതെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ആരോഗ്യ രംഗം മെച്ചപ്പെടണമെങ്കിൽ ഈ ക്രൂരത കാണിക്കാൻ അദ്ദേഹത്തെ അനുവദിക്കരുത്. അദ്ദേഹം ഒന്ന് നന്നാകട്ടെ. ഇനി ആരോഗ്യ വകുപ്പിനെ വിടുകയാണ്. മത്സ്യത്തൊഴിലാളികളുടെ കാര്യത്തിലേക്ക് കടക്കുകയാണ്.

നാളിതുവരെയുള്ള ഗവണ്മെന്റുകൾ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഒരുപാട് പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. സർക്കാർ ഖജനാവിൽനിന്ന് ഒട്ടേറെ സംഖ്യ ചെലവഴിച്ചിരുന്നു. ഇന്നും മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ തീരഭൂമിയിൽ തന്നെയാണ്. അവർ അവശരാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ അവശതയനുഭവിക്കുന്ന ഒരു ജനവിഭാഗമായി അവർ മാറിയിരിക്കുകയാണ്. ഈ ഗവണ്മെന്റ് മത്സ്യത്തൊഴിലാളികളെ ഉദ്ധരിക്കുന്നതിനുവേണ്ടി ആസൂത്രിതമായി ഒന്നും ചെയ്യുന്നില്ലായെന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഫിഷറീസ് മന്ത്രി ഉറങ്ങുകയാണ്. അദ്ദേഹം ഇവിടെ നടക്കുന്നതൊന്നും അറിയുന്നില്ല. വകുപ്പും മറ്റും ആരൊക്കെയോ കൈകാര്യം ചെയ്യുകയാണ്. ഇവിടെ ഫിഷറീസ് വകുപ്പിൽ ഏറ്റവും കൂടുതൽ ഫണ്ട് ഉപയോഗിക്കുന്നത് ഹാർബർ എഞ്ചിനീയറിംഗ് വിഭാഗമാണ്. ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിന് വലിയ സംഖ്യ നീക്കി വച്ചിരിക്കുന്നു. ഇവർ മത്സ്യത്തൊഴിലാളികൾക്ക് ഉപകാരപ്രദമായ രീതിയിൽ ഒരു കാര്യവും ചെയ്യുന്നില്ല. അവരുടെ കൺട്രോൾ പോർട്ട് വകുപ്പിനാണ്. പോർട്ട് വകുപ്പിന്റെ കീഴിലുള്ള ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിന് എന്തിനാണ് ബഡ്ജറ്റിൽ തുക നീക്കിവയ്ക്കുന്നത്? ഇത് പരിശോധിക്കണം. ഫിഷറീസ് വകുപ്പിൽ കാര്യമായിട്ട് വികസന പ്രവർത്തനങ്ങൾ നടക്കുന്നത് മത്സ്യഫെഡിലാണ്. എൻ.സി.ഡി.സി.യിൽ നിന്നും കോടിക്കണക്കിന് രൂപ വായ്പയെടുത്ത് മത്സ്യത്തൊഴിലാളികൾക്ക് വിദേശ നിർമ്മിതമായ ഒ.ബി.എം.കൾ, നൈലോൺ വലകൾ, സിംഗറുകൾ എന്നിവ കൂടിയ വിലയ്ക്ക് വിതരണം ചെയ്യുകയാണ് മത്സ്യഫെഡ് ചെയ്യുന്നത്. മത്സ്യഫെഡ് വിദേശ രാജ്യങ്ങളിൽ നിന്നും വിലയ്ക്കും, സൗജന്യമായിട്ടും വാങ്ങിയിട്ടുള്ള വല നെയ്ത്, യന്ത്രങ്ങൾ ഉപയോഗിച്ച് വിദേശ നിർമ്മിതമായ നൈലോൺ നൂലുകൾ വിലയ്ക്കുവാങ്ങി കൊള്ളലാഭം വാങ്ങി മത്സ്യത്തൊഴിലാളികൾക്ക് വിൽക്കുന്നു. അവരുടെ കയ്യിൽനിന്ന് 15 ശതമാനം പലിശയും വാങ്ങും, 4 ശതമാനം വിൽപ്പനയ്ക്കുള്ള കമ്മീഷനും വാങ്ങും. ഇതുവരെ മത്സ്യക്ഷേമ മേഖലകളിൽ പ്രാധാന്യം കൊടുത്തിരുന്നത് ഇടനിലക്കാരെ ഒഴിവാക്കാൻ വേണ്ടിയാണ്. പക്ഷേ ഇപ്പോൾ ഏറ്റവും വലിയ തട്ടിപ്പ് നടത്തുന്ന ചൂഷകരായ ഇടനിലക്കാരനായി മത്സ്യഫെഡ് മാറിയിരിക്കുകയാണ്. മത്സ്യത്തൊഴിലാറികൾ ഇന്ന് കടക്കെണിയിലാണ്. മത്സ്യ ഫെഡ് തന്നെ വിതരണം ചെയ്ത സംഖ്യയുടെ 15 ശതമാനം മാത്രമേ തിരിച്ചടവ് വന്നിട്ടുള്ളൂ. അവരെ കടക്കെണിയിൽ കുടുക്കാനുള്ള പരിപാടികൾ മത്സ്യ ഫെഡ് ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയാണ്. മത്സ്യത്തൊഴിലാളികളെല്ലാം മത്സ്യബന്ധനോപകരണങ്ങളുടെ ഉടമകൾ ആകുമെന്ന് പറയുന്നതിന്റെ പിന്നിൽ തട്ടിപ്പു നടത്തുന്നതിന്റെ കുതന്ത്രങ്ങളാണ്. മത്സ്യബന്ധനോപകരണങ്ങളുടെ ഉടമസ്ഥാവകാശവും മത്സ്യ ബന്ധനാവകാശവും കടലിൽ

LIBRARY ARCHIVES Kerala Legislative Assembly

പണിയെടുക്കുന്ന യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്ക് നൽകുവാൻ ഈ സർക്കാരിന് കഴിയുമോ? ഈ സർക്കാർ അതിന് നിയമം കൊണ്ടുവരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ സർക്കാരാണ് ആദ്യമായി കേരളത്തിൽ ഫിഷറീസ് നയം നടപ്പാക്കിയത്. പ്രസ്തുത നയം നിയമസഭ അംഗീകരിച്ചതാണ്. അതിൽ നിന്നും വ്യത്യസ്തമായ ഒരു നയം ഉണ്ടാക്കുവാൻ ഈ സർക്കാരിന് കഴിയുമോ? ഫിഷറീസ് നയം നടപ്പാക്കുമെന്നു പറഞ്ഞിട്ട് മൂന്നര വർഷം കഴിഞ്ഞു. സമഗ്ര വികസനത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കണമെന്ന് പറഞ്ഞിട്ട് രണ്ടുവർഷം കഴിഞ്ഞു. അസംബ്ളിയിൽ ഫിഷറീസ് മന്ത്രി പറയുന്ന ഒരു കാര്യവും നടന്നു കാണുന്നില്ല. ഇവിടെ ശ്രീ. വിശ്വൻ ട്രോളിംഗിന്റെ കാര്യങ്ങൾ പറഞ്ഞു. ട്രോളിംഗ് നിരോധനത്തിന് സർക്കാർ ഒളിച്ചുകളി നടത്തുകയാണ്. മാർക്സിസ്റ്റു പാർട്ടിയുടെ മത്സ്യത്തൊഴിലാളി യൂണിയൻ നടത്തിയ പ്രസ്താവനകൾ ഇവിടെ ട്രോളിംഗ് നിരോധനം വേണമെന്ന് പറയുകയില്ല. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ സ്വമേധയാ നടത്തിയിരുന്ന മത്സ്യസമ്പത്ത് സംരക്ഷണ പരിപാടികളെല്ലാം സർക്കാരിന്റെ വികലമായ മത്സ്യമേഖലാ ഭരണത്തിലൂടെ നശിപ്പിക്കുകയുണ്ടായി. മത്സ്യസമ്പത്ത് നാൾക്കുനാൾ ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. സ്രാവ്, മുള്ളൻ എന്നീ പല മത്സ്യങ്ങളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പരിപാടിയാണ് അലങ്കാരമത്സ്യം വളർത്തൽ. അലങ്കാര മത്സ്യം നൽകി മത്സ്യത്തൊഴിലാളികളെ രക്ഷിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നുണ്ട്. ഫിഷറീസ് മന്ത്രി കേരളത്തിലുടനീളം സഞ്ചരിച്ച് 25000 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് തൊഴിൽ നൽകുമെന്ന് പറഞ്ഞു. നൽകിയിട്ടില്ല. അതു മറ്റൊരു പരിപാടിയാണ്. പല പേരിൽ മത്സ്യ സമ്പത്തു വർദ്ധിപ്പിക്കുവാനും ജനങ്ങൾക്ക് മത്സ്യം നൽകുവാനും പല പരിപാടികളും നടപ്പാക്കുന്നുണ്ട്. അവയുടെ പേരുകൾമാത്രം ഞാൻ വായിക്കാം. സോഷ്യൽ ഫിഷറീസ്. അതിനെ ആന്റി സോഷ്യൽ ഫിഷറീസ് എന്നു പറയുന്നതായിരിക്കും നല്ലത്. ജനകീയ മത്സ്യകൃഷി, സംയോജിത മത്സ്യക്കൃഷി, ശുദ്ധജല ചെമ്മീൻക്കൃഷി, പൊക്കാളിക്കൃഷി, ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യനിക്ഷേപം, കടലിൽ മത്സ്യം വിതയ്ക്കൽ, കായലിൽ മത്സ്യം വിതയ്ക്കൽ കൃഷിയും, വിതയ്ക്കലും നിക്ഷേപവുമെല്ലാം അക്ഷരാർത്ഥത്തിൽ ഒന്നു തന്നെയാണ്.

സർ, ഇല്ലാത്ത മത്സ്യക്കുഞ്ഞുങ്ങളെ വെള്ളത്തിൽ ഇടുമെന്ന് പറഞ്ഞ് ഒരു തരം പറ്റിപ്പു പദ്ധതികളാണിവ. ഇവയ്ക്കുപിന്നിൽ കോടികളുടെ ധൂർത്ത് നടക്കുന്നുണ്ട്. കേരളത്തിൽ എവിടെയാണ് മത്സ്യക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നത്? കേരളത്തിൽ ഒരുസ്ഥലത്തും മത്സ്യക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നില്ല. മത്സ്യക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നു എന്നു പറഞ്ഞ്, കടലിൽ മത്സ്യം നിക്ഷേപിച്ചു എന്നുപറഞ്ഞ് തട്ടിപ്പു നടത്തുകയാണ്. അതുകൊണ്ട് ഇതിനെക്കുറിച്ച് അന്വേഷണം നടത്തണം. ഏതായാലും എനിക്ക് പറയാനുള്ളത്, മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുള്ള പരിപാടികൾ ആസൂത്രിതമായി നടപ്പാക്കേണ്ടതുണ്ട് എന്നാണ്. ഇവിടെ എന്റെ സുഹൃത്ത് ശ്രീ. ഡൊമിനിക് പറഞ്ഞതുപോലെ മത്സ്യത്തൊഴിലാളികൾ ഇന്ന് ഏറ്റവും അവശന്മാരാണ്. അവരുടെ വികസനത്തിന് പണ്ട് നടപ്പാക്കിയിരുന്ന പദ്ധതികൾ ഒന്നും തന്നെ ഇന്ന് ഇല്ല. റോഡില്ല, ആശുപത്രിക്ക് പൈസ ഇല്ല, അതുപോലെ ഗൈഡ് ലൈറ്റ് സ്ഥാപിക്കുന്ന പരിപാടി ഇല്ല. ലാന്റിംഗ് സെന്റർ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന പരിപാടി ഇല്ല, അവരുടെ സാനിട്ടേഷനുള്ള പരിപാടി ഇല്ല. ഒരു കാര്യം കൂടി ഞാൻ പറയുകയാണ്, ബഹുമാനപ്പെട്ട ഫിഷറീസ് മന്ത്രി ഇത് ശ്രദ്ധിക്കണം. മത്സ്യത്തൊഴിലാളിമേഖലയിൽ സാനിട്ടേഷൻ



LIBRARY ARCHIVES Kerala Legislative Assembly

നടപ്പാക്കുന്നതിന്, കക്കൂസുകൾക്കുള്ള സബ്സിഡിക്ക് ലിമിറ്റ് വച്ചുകൊണ്ട് അത് നടപ്പിലാക്കാൻ കഴിയുന്നില്ല. അദ്ദേഹം തന്നെ ഉദ്ഘാടനം ചെയ്ത ആ പരിപാടി നടപ്പിലാക്കാൻ കഴിഞ്ഞില്ല. നല്ല രീതിയിൽ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി ഒന്നും ചെയ്യാത്ത ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>പ്രൊഫ. മീനാക്ഷി തമ്പാൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. സമൂഹത്തിൽ ഏറ്റവും താഴെ തട്ടിലുള്ള ജനവിഭാഗങ്ങൾക്ക് പരമാവധി വൈദ്യശുശ്രൂഷ നൽകുന്ന, ലഭിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതാണ് ഈ ആരോഗ്യ വകുപ്പിന്റെ ധനാഭ്യർത്ഥനകൾ എന്നുള്ളതുകൊണ്ട് ഞാൻ അഭിമാനത്തോടെ ഈ ധനാഭ്യർത്ഥനകളെ പിൻതുണയ്ക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കുട്ടി അഹമ്മദ് കുട്ടി ഈ നിയമസഭയിൽ തന്നെ ആയിരുന്നില്ലേ ഈ ദിവസങ്ങളിൽ എന്ന് എനിക്ക് സംശയമുണ്ട്. കഴിഞ്ഞ കുറച്ചു ദിവസങ്ങളിലായി ആരോഗ്യ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും, നടപ്പിലാക്കിയിട്ടുള്ളതും, നടപ്പിലാക്കാൻ പോകുന്നതുമായ നിരവധി പദ്ധതികളെ കുറിച്ച് വളരെ വിശദമായ വിശദീകരണം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയിൽ നിന്ന് നമുക്ക് ലഭിക്കുകയുണ്ടായി. അടിയന്തിരമായി ചികിത്സ ലഭിച്ചില്ലെങ്കിൽ മരണം സംഭവിക്കാവുന്ന ഗുരുതരമായ രോഗം ബാധിച്ചവർക്ക് ചികിത്സാ സഹായം നൽകാൻ സർക്കാർ രണ്ടു കോടിരൂപയും, കേന്ദ്രം ഒരു കോടിരൂപയും നിക്ഷേപിച്ച് ഒരു സൊസൈറ്റി രൂപീകരിച്ചതും ഹൃദ്രോഗസംബന്ധമായ രോഗങ്ങൾക്ക് വിദഗ്ദ്ധ ചികിത്സ ലഭിക്കുന്നതിന് തിരുവനന്തപുരത്തും, കോഴിക്കോടുമുള്ള മെഡിക്കൽ കോളേജ് ഹോസ്പിറ്റലുകളിൽ പുതിയ സജ്ജീകരണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതുമൊക്കെ പ്രത്യേകം ശ്രദ്ധേയമാണ്. മാതൃശിശു സംരക്ഷണത്തിനുള്ള പരിപാടികൾക്കായി വിദേശ സഹായത്തോടെ 113 കോടി ഉറുപ്പികയുടെ പദ്ധതിയും, എയ്ഡ്സ്, ടി.ബി., മലമ്പനി എന്നിവയുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനും ഉള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. 91 നവീകരിക്കപ്പെട്ട ബ്ലഡ് ബാങ്കുകൾ സ്ഥാപിച്ചു. പുതിയ P.H.C. കളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും രൂപീകരിച്ചു കഴിഞ്ഞിട്ടുമുണ്ട്. 600 പുതിയ തസ്തികകൾ വിവിധ മെഡിക്കൽ കോളേജുകളിൽ സൃഷ്ടിച്ചിരിക്കുന്നു. പി.ജി. കോഴ്സുകളുടെ സീറ്റ് വർദ്ധിപ്പിക്കുക മാത്രമല്ല, പുതിയ പി.ജി. കോഴ്സുകൾ തുടങ്ങാനുള്ള അനുവാദം നൽകിയിരിക്കുന്നു. ആയുർവേദ, ഹോമിയോ ഡിസ്പെൻസറികളുടെ എണ്ണം വർദ്ധിപ്പിച്ചിരിക്കുന്നു, ഇനിയും വർദ്ധിപ്പിക്കാൻ പോകുന്നു. നമ്മുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണെങ്കിലും ആരോഗ്യ രംഗത്ത് നമുക്ക് അത്ഭുതകരമായ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏറ്റവും കുറഞ്ഞ ചെലവിൽ ഏറ്റവും നല്ല ആരോഗ്യം എന്ന ലക്ഷ്യം കൈവരിച്ച നമ്മുടെ സംസ്ഥാനം. വികസിത രാജ്യങ്ങൾക്ക് മാതൃകയാണ്. രാജവാഴ്ചക്കാലം മുതൽ പൊതുജനാരോഗ്യ രംഗത്ത് ഭരണാധികാരികൾ കൈക്കൊണ്ടിട്ടുള്ള, അല്ലെങ്കിൽ കാണിച്ചിട്ടുള്ള ശ്രദ്ധയും ഉത്തരവാദിത്വവുമാണ് ഈ വലിയ നേട്ടത്തിന്റെ പിന്നിലും. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ചികിത്സാച്ചെലവും, സ്വകാര്യവൽക്കരണത്തിന്റെ ശക്തമായ സമ്മർദ്ദവും കാരണം ആരോഗ്യ രംഗത്ത് നമ്മൾ നേടിയിട്ടുള്ള നേട്ടങ്ങൾ നഷ്ടപ്പെടാൻ അനുവദിച്ചുകൂടാ. ആരോഗ്യത്തെ സംബന്ധിച്ച് നടത്തിയ ചില പഠന റിപ്പോർട്ടുകൾ സ്വകാര്യ മേഖലയുടെ കൊടിയ ചൂഷണത്തിന്റെ കഥയാണ് വ്യക്തമാക്കുന്നത്. നാഷണൽ കൗൺസിൽ ഫോർ അപ്ലൈഡ് ആന്റ് എക്കണോമിക് റിസർച്ച് നടത്തിയ പഠനം വെളിപ്പെടുത്തുന്നത് കേരളത്തിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കുടുംബത്തിന്റെ ശരാശരി വാർഷിക ചികിത്സാച്ചെലവ് 1,500 രൂപയോളമാണെന്നാണ്. ഇത് ഇതര സംസ്ഥാനങ്ങളേക്കാൾ വളരെ കൂടുതലാണ്; മഹാ നഗരമായ ബോംബെയിലേക്കാൾ വളരെ കൂടുതലാണ്; ഇന്ത്യൻ ശരാശരിയെക്കാൾ വളരെ കൂടുതലാണ്. ഉയർന്ന സാക്ഷരതാ നിരക്ക് പ്രത്യേകിച്ച് സ്ത്രീകൾക്കുള്ള ആരോഗ്യ അവബോധം, കുടുംബാധിഷ്ഠിത ആരോഗ്യ സംരക്ഷണ രീതി ഇതൊക്കെ ഈ നിലവാരം കൈവരുത്തുന്നതിൽ നമ്മളെ സഹായിച്ചിട്ടുണ്ട്. അടുത്ത സർവ്വേ റിപ്പോർട്ട് കാണിക്കുന്നത് ആയുർദൈർഘ്യത്തിൽ കേരളം മറ്റു സംസ്ഥാനങ്ങളേക്കാൾ ഉയർന്നു നിൽക്കുന്നു എന്നുള്ളതാണ്. പുരുഷന്മാർക്ക് 68.2-ഉം സ്ത്രീകൾക്ക് 73.6-ഉം ദീർഘ ആയുർദൈർഘ്യമാണ് ഇവിടെയുള്ളത്. ദേശീയ ശരാശരി വെറും 62.8-ഉം, 64.2-ഉം ആണ്. കേരളത്തിൽ ആശുപത്രികളുടെ കിടക്കകളുടെ കാര്യത്തിലാണെങ്കിൽ ഒരു ലക്ഷം പേർക്ക് 166 കിടക്കകളാണ്. അത് സ്വകാര്യ വിഭാഗത്തെയും, സഹകരണ വിഭാഗത്തെയും മാറ്റിവച്ചുകൊണ്ടാണ്. സ്വകാര്യ വിഭാഗവും, സഹകരണ ആശുപത്രികളും കൂടി കണക്കിലെടുത്താൽ ഒരു ലക്ഷം പേർക്ക് 380 കിടക്കകളാണ്. ഇത് വികസിത രാജ്യങ്ങളുടെ കണക്കിനേക്കാൾ അവിടെ നിലനിൽക്കുന്നതിനെക്കാൾ ഉയർന്ന നിരക്കാണെന്ന് ഞാൻ ചൂണ്ടിക്കാണിക്കട്ടെ. സ്വകാര്യ ആശുപത്രി വ്യവസായത്തിൽ ഒരുപാട് പ്രശ്നങ്ങളുണ്ട്. അതിലേക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കമ്പോള സംസ്കാരത്തിന്റെ ശൈലിയിൽ സ്വകാര്യ ആശുപത്രി വ്യവസായം പഞ്ചനക്ഷത്ര നിലവാരത്തിലേക്ക് ഉയർന്നിട്ടുണ്ട്. ജനങ്ങളുടെ ആതുരാവസ്ഥയെ ലാഭക്കൊതിക്കിരയാക്കുന്ന ഈ മേഖലയിൽ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ ഒട്ടും വൈകിക്കൂടാ. സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികളും, നഴ്സിംഗ് ഹോമുകളും, ഡയഗ്നോസ്റ്റിക് സെന്ററുകളും, എക്സ്റേ ക്ലിനിക്കുകളും ക്ലിനിക്കൽ ലാബുകളും നിർബന്ധമായും രജിസ്റ്റർ ചെയ്യുന്നതിനുള്ള വ്യവസ്ഥ ഉണ്ടാകണം. ഈ സ്ഥാപനങ്ങളിൽ ഉണ്ടാകേണ്ട അടിസ്ഥാനസൗകര്യങ്ങളെക്കുറിച്ച് പരിശോധിക്കാൻ അവസരം ഉണ്ടാകണം. സ്ഥാനത്തും, അസ്ഥാനത്തും പരീക്ഷണങ്ങൾക്ക് രോഗിയെ വിധേയമാക്കി പണം കൊയ്യുന്നതിൽ നിയന്ത്രണം ഉണ്ടാകണം. ഡോക്ടർമാരും ഇത്തരം പരിശോധന നടത്തുന്ന സെന്ററും തമ്മിലുള്ള Unholy Nexus അവസാനിപ്പിക്കാൻ നമുക്ക് സംവിധാനം ഉണ്ടാകണം. ഐ.എം.എ. തന്നെ ഇതിലുള്ള അപകടം മനസിലാക്കിക്കൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതിന് മുൻകൈ എടുത്തിരിക്കുന്നു എന്നുള്ളത് വളരെ സ്വാഗതാർഹമായ ഒന്നാണ്. ഐ.എം.എ. സംസ്ഥാന ശാഖയുടെ എത്തിക്സ് കമ്മിറ്റി നടത്തിയ അന്വേഷണത്തിന്റെ ഫലമായി ചില സ്കാനിംഗ് സെന്റർ ഉടമകൾ റഫറൽ ഫീസ്, സ്കാൻ വിശകലന ഫീസ് എന്നീ പേരുകളിൽ ഡോക്ടർമാർക്ക് വലിയ കമ്മീഷൻ കൊടുക്കുന്നതായിട്ട് മനസ്സിലാക്കുകയും, ഐ.എം.എ. തന്നെ ഇതിനെത്തുടർന്ന് ഇത്തരം കാര്യങ്ങൾക്കുള്ള നിരക്കുകൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഐ.എം.എ. അംഗീകരിച്ച സെന്ററുകളെ മുദ്രണം ചെയ്യുന്ന, ലേബൽ ചെയ്യുന്ന ഒരു സംവിധാനം കൂടി കൊണ്ടുവരാൻ ഐ.എം.എ. തയ്യാറായിരിക്കുന്നു എന്നുള്ളത് വളരെ സ്വാഗതാർഹമായ ഒന്നാണ്. ദാരിദ്ര്യത്തിലും ആരോഗ്യം കാത്തുസൂക്ഷിക്കാൻ കഴിഞ്ഞ കേരളത്തിന്റെ തിളക്കമാർന്ന നേട്ടങ്ങൾ നഷ്ടപ്പെടാൻ നാം അനുവദിച്ചുകൂട. നമുക്കറിയാവുന്നതല്ലേ, 6 മെഡിക്കൽ കോളേജുകളും, 14 ജില്ലാ ആശുപത്രികളും, 31 താലൂക്ക് ആശുപത്രികളും, നിരവധി പബ്ലിക് ഹെൽത്ത് സെന്ററുകളും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും 2500-ലധികം വരുന്ന സ്വകാര്യ ആശുപത്രികളും, സ്വകാര്യ ക്ലിനിക്കുകളും അടങ്ങുന്ന അതിവിപുലമായ കേരളത്തിലേതുപോലെയുള്ള

ആരോഗ്യ സംവിധാനം ഇന്ത്യയിൽ എവിടെയുമില്ല. നമ്മുടെ പൊതുജനാരോഗ്യ സംവിധാനത്തിന്റെ നട്ടെല്ലായി നാം കണക്കാക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ജനകീയാസൂത്രണത്തിലൂടെ പഞ്ചായത്തുകൾക്ക് ലഭിച്ച സമ്പത്തും, അധികാരവും ഉപയോഗിച്ച് ഇന്ന് മുമ്പ് എന്നത്തെക്കാളും മെച്ചപ്പെട്ട നിലയിലാണ്. സാമാന്യേന നാം കണ്ടുവരുന്ന രോഗങ്ങൾ ഇവിടെ തന്നെ ചികിത്സിച്ച് ഭേദമാക്കാൻ കഴിഞ്ഞാൽ ജനങ്ങൾക്ക് ചൂഷണത്തിൽ നിന്നും അധിക ചെലവിൽനിന്നും രക്ഷപ്പെടാൻ കഴിയും. ഇന്ന് നമ്മുടെ സംസ്ഥാനത്ത് കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങളോടെ പണി കഴിപ്പിച്ചിട്ടുള്ള പി.എച്ച്.സെന്ററുകളിലെ വാർഡുകൾ നിർഭാഗ്യവശാൽ വെള്ളവും, വെളിച്ചവും അടക്കമുള്ള സൗകര്യങ്ങൾ ഉണ്ടായിട്ടും തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല എന്നുള്ള ഖേദകരമായ വസ്തുത ഞാൻ ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഡോക്ടർമാരെ മാത്രമല്ല, അവിടെ ആവശ്യത്തിനുള്ള ജീവനക്കാരെ തന്നെ നിയമിച്ചുകൊണ്ട് ഈ പുതിയ വാർഡുകൾ പ്രവർത്തനക്ഷമമാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിനെക്കുറിച്ച് അങ്ങ് ഒരു മറുപടി ഈ നിയമസഭയിൽ തരുമെന്ന് ഞാൻ വിശ്വസിക്കുന്നു. മരുന്നു വിലയാകട്ടെ 100 ശതമാനവും അതിലധികവുമായി വർദ്ധിച്ചിരിക്കുന്നു. ഇത് ഇവിടെ ഇന്നലെ ബഹുമാനപ്പെട്ട ശ്രീ. ടി.എം. ജേക്കബ് ഒരു കാളിംഗ് അറ്റൻഷനായി കൊണ്ടുവരികയും, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അതിന് മറുപടി പറയുകയും ചെയ്തതാണ്. ഇത് പാർലമെന്റിൽ പാസാക്കിയ പേറ്റന്റ് നിയമ ഭേദഗതി ബില്ലിന്റെ പ്രത്യാഘാതവും കൂടിയാണ്. വിദേശ ഔഷധ കമ്പനികൾക്ക് നമ്മുടെ വിപണി തുറന്നുകൊടുക്കുന്ന ഒന്നായിരുന്നു പേറ്റന്റ് നിയമ ഭേദഗതി. വിലകൂടിയ മരുന്നുകൾ ഇന്ത്യയിൽ കൊണ്ടുവന്ന് നമ്മുടെ വിപണികളിൽ തള്ളാതിരിക്കാനാവശ്യമായ ഒരു ഭേദഗതി കൊണ്ടുവരാൻ ഈ

*[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ.പി.എ. മജീദ്]*

ബില്ലിനെ തുണച്ച കോൺഗ്രസ് തയ്യാറായില്ല എന്നുകൂടി ഞാൻ സൂചിപ്പിക്കട്ടെ. ലാ കമ്മീഷന്റെ അതിവിദഗ്ദ്ധമായ നിർദ്ദേശങ്ങൾ ഒന്നു വായിച്ചുനോക്കാനോ, ആ കമ്മീഷൻ റിപ്പോർട്ടിനനുസരിച്ച് ഭേദഗതികൾ കൊണ്ടുവരാനോ തയ്യാറാകാതെ ബി.ജെ.പി.ക്ക് ഒപ്പം നിന്ന് കോൺഗ്രസ് ഈ ബില്ലിനെ പിൻതുണച്ചിട്ട് ഇപ്പോൾ കേരളത്തിലെ, മരുന്നുകളുടെ വിലക്കയറ്റത്തെക്കുറിച്ച് സംസാരിക്കുന്നത് ആരെ ബോധിപ്പിക്കാനാണെന്ന് എനിക്ക് മനസിലാകുന്നില്ല. ഈ സാഹചര്യത്തിൽ ഒരു സംസ്ഥാന ഗവണ്മെന്റിന് ചെയ്യാൻ കഴിയുന്നതു മുഴുവൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും സർക്കാരും ചെയ്തിട്ടുണ്ട്. മെഡിക്കൽകോളേജുകളിൽ പേയിംഗ് കൗണ്ടറുകൾ, അതുപോലെ ലോക്കൽ ബോഡീസിന് മരുന്നു വാങ്ങുന്നതിന് വൻ തുകകൾ, താലൂക്ക് ആശുപത്രികളിലുള്ള എച്ച്.ഡി.സി.യുടെ സഹായത്തോടുകൂടിയുള്ള മെഡിക്കൽ സ്റ്റോറുകൾ അതുപോലെ തന്നെ നീതി, മാവേലി മെഡിക്കൽ സ്റ്റോറുകൾ എന്നിവയൊക്കെ തന്നെ വിപണിയിൽ കിട്ടുന്നതിനേക്കാൾ വില കുറച്ച് മരുന്നുകൾ നൽകിക്കൊണ്ട് ഒരു സംസ്ഥാന ഗവണ്മെന്റിന് ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്തിരിക്കുന്നു. എന്തെങ്കിലും നിശ്ചിതവരുമാനമോ മറ്റ് സഹായപദ്ധതികളോ ഇല്ലാത്തവർ ഏക അഭയകേന്ദ്രമായി കാണുന്നത് സർക്കാർ ആശുപത്രികളെയാണ്. ഈ സർക്കാർ ആശുപത്രികളെ മെച്ചപ്പെടുത്തുകയെന്നുള്ളതാണ് ഈ ഗവണ്മെന്റിന്റെ ലക്ഷ്യം എന്നു ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. വേണ്ടിവന്നാൽ വിലനിലവാരം

LIBRARY ARCHIVES Kerala Legislative Assembly

പിടിച്ചുനിർത്താൻ സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെന്റിൽ ശക്തമായി ഇടപെടുന്നതുപോലുള്ള ഒരു സംവിധാനത്തെക്കുറിച്ച്, മരുന്നിന്റെ വിലകുറയ്ക്കുന്നതിന് സഹായകമായ ഒരു സംവിധാനം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് നമുക്ക് ആലോചിക്കേണ്ടിവരുമെന്നാണ് എനിക്ക് തോന്നുന്നത്. ഇന്ത്യൻ ഔഷധ മേഖലയെത്തന്നെ സാമ്രാജ്യത്വ താൽപ്പര്യങ്ങൾക്ക് അടിയറ വച്ചിരിക്കുന്ന പേറ്റന്റ് ഭേദഗതി നിയമം മൂലം ജീവൻ രക്ഷാമരുന്നുകൾ പോലും കുറഞ്ഞ വിലയ്ക്കു ഉണ്ടാക്കാനും കുറഞ്ഞ വിലയ്ക്ക് വിൽക്കാനും കഴിയാത്ത സാഹചര്യമുണ്ടായി. സർ, സൗജന്യ ചികിത്സയെന്നുള്ളത് ചരിത്ര സ്മരണയാക്കി മാറ്റാൻ നമുക്ക് അനുവദിച്ചുകൂടാ. നമ്മുടെ സംസ്ഥാനത്ത് കുറച്ചു മാസങ്ങൾ ആയി ആരോഗ്യപരിപാലന രംഗത്തും ആരോഗ്യ വിദ്യാഭ്യാസ രംഗത്തും അത് ഗവൺമെന്റായാലും സ്വകാര്യമേഖലയായാലും, ഭീതിദമായ വിധത്തിൽ അസ്വസ്ഥതകൾ കണ്ടുവരുന്നു എന്നുള്ളതിന് സംശയമില്ല. ആശുപത്രി കെട്ടിടങ്ങൾ തകർന്നുവീണുള്ള മരണം, തീപിടുത്തം, പ്രസവത്തെ തുടർന്നുള്ള മരണം അതിദാരുണമായ ശിശുമരണങ്ങൾ, രക്തഗ്രൂപ്പുകൾ മാറുന്നത്, കീമോതെറാപ്പിക്കുവേണ്ടി കൊണ്ടുവരുന്ന കുട്ടികൾ അണുബാധയേറ്റു മരിക്കുന്നത് രോഗം ഭേദമായിക്കൊണ്ടിരിക്കുന്ന കുട്ടികളും ഇതിലുണ്ടെന്നു പറയുന്നു, മായം കലർന്ന മരുന്ന്, ഡിസ്പോസ് ചെയ്ത സിറിഞ്ച് വീണ്ടുംവീണ്ടും ആശുപത്രിയിൽ എത്തിക്കുന്നത് ഇതെല്ലാം പെട്ടെന്ന് ഉണ്ടായതാണെന്ന് കരുതുന്നില്ല. എട്ടുപത്തു വർഷങ്ങളായി ലോകത്തിലെവിടെയും, ഇന്ത്യയിലും കേരളത്തിലും സംഭവിച്ച പല കാര്യങ്ങൾ ചേർന്നുണ്ടായ ഒരു സ്ഥിതിവിശേഷമാണിത്. ആരോഗ്യരംഗം വിദ്യാഭ്യാസരംഗം കഴിഞ്ഞാൽ ഏറ്റവും ലാഭകരമായ വ്യവസായമായി മാറിയിരിക്കുന്നു. ആരോഗ്യപരിപാലനത്തിലെ സങ്കീർണ്ണമായ ടെക്നോളജി, വിലപിടിപ്പുള്ള പരിശോധനകൾ, ഒരു മരുന്ന് വികസിപ്പിച്ചെടുത്താൽ കോടികൾ കൊയ്യാം. നിങ്ങൾ പത്രത്തിൽ വായിച്ചുകാണും 'വയാഗ്ര'-ലൈംഗിക ഉത്തേജകത്തിന് വേണ്ടിയുള്ള ഒരു മരുന്നു കണ്ടുപിടിച്ച, ആ മരുന്നിന്റെ നിർമ്മാതാക്കൾ മൂന്നുമാസം കൊണ്ട് 1200 കോടി രൂപയാണ് ലാഭമുണ്ടാക്കിയത്. ഈ രംഗം പൂർണമായി കച്ചവടവൽക്കരിച്ചിരിക്കുന്നു, വാണിജ്യവൽക്കരിച്ചിരിക്കുന്നു. ഈ രംഗത്ത് അർപ്പണബോധവും സഹജീവികളോടുള്ള അനുകമ്പയും ക്ഷമയും ഒന്നും കാണാൻ കഴിയുന്നില്ല. ഈ രംഗത്ത് പ്രവർത്തിക്കുന്നവർ സമ്പന്നവിഭാഗമായി മാറുന്നു എന്നുള്ളതുകൊണ്ടാണ് ചെറുപ്പക്കാരായ ആളുകൾ ഈ രംഗത്തേക്ക് വരുന്നത്. സാധാരണക്കാരന്റെ ജീവിത ദുഃഖങ്ങൾ ഇവർ അറിയുന്നില്ല. ഡോ. പി. കെ.ആർ. വാര്യർ ഈ മെഡിക്കൽ കോളേജിൽ നടന്ന സംഭവത്തിൽ ഹൃദയം നൊന്തുകൊണ്ട് പറഞ്ഞ ഒരു കാര്യമുണ്ട്. പാവപ്പെട്ട രോഗികളെ സ്വകാര്യ പ്രാക്ടീസിൽക്കൂടി പിഴിഞ്ഞെടുത്ത് കോടീശ്വരന്മാരായി മാറുന്ന പ്രൊഫസർമാരായിരിക്കും ഇവരുടെ റോൾ മോഡൽ എന്നുപറഞ്ഞത് ഞാൻ ഓർമ്മിക്കുകയാണ്. ഇത്തരത്തിലുള്ള ഒരു മാനസികാവസ്ഥ കൊണ്ടായിരിക്കും ജോണ്ടിസ് പിടിച്ച് മരണത്തോട് മല്ലടിച്ചുകൊണ്ടിരിക്കുന്ന രോഗിയേയും അമ്മയേയും വളരെ ആസൂത്രിതമായി ജൂനിയർ ഡോക്ടർമാരും ബിരുദാനന്തരത്തിന് പഠിക്കുന്നവരും ആക്രമിച്ചത്. വൈദ്യശാസ്ത്രത്തിന്റെ ചരിത്രത്തിൽ എവിടെയെങ്കിലും ഇത്ര നീചമായ ഒരു സംഭവം ഉണ്ടായിട്ടുണ്ടോയെന്ന് ആചാര്യതുല്യനായ ഡോക്ടർ പി.കെ.ആർ. വാര്യർ ചോദിക്കുന്നു. അതുമാത്രമല്ല ഡോക്ടറും രോഗിയും തമ്മിലുള്ള ബന്ധത്തിന്റെ വിശുദ്ധി നഷ്ടപ്പെടുത്തുന്ന സംഭവങ്ങളാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടക്കുന്നത്. ആശുപത്രിയിൽ പരിമിതികളുണ്ടെന്നു കരുതി രോഗിയെ മർദ്ദിച്ചതിനെ

LIBRARY ARCHIVES Kerala Legislative Assembly

ന്യായീകരിക്കാൻ കഴിയുന്നില്ല. ഡോക്ടർ രോഗി ബന്ധം വഷളായിക്കൊണ്ടി രിക്കുകയാണ്. മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീ സിനെപ്പറ്റി പ്രധാനപ്പെട്ട ഒരു കാര്യം എനിക്ക് പറയാനുണ്ട്. സ്വകാര്യപ്രാ ക്ടീസ് വളരെ വിവാദമാണ്. ടി.എൻ. ജയചന്ദ്രൻ ഏകാംഗ കമ്മിഷൻ ഒന്നാം തരം നിർദ്ദേശങ്ങൾ ഈ ഗവണ്മെന്റിന്റെ മുമ്പിൽ വച്ചത് സ്വീകരിക്കാവുന്നതാ ണ്. സ്വകാര്യപ്രകാടീസ് ഘട്ടംഘട്ടം ആയി നിറുത്താനുള്ള ഒരു ശുപാർശ അതിൽ ഉണ്ട്. മെഡിക്കൽ കോളേജുകൾ ചികിത്സയ്ക്കു പുറമെ ഗവേഷണം നടത്തുന്ന സ്ഥാപനങ്ങളായി മാറണം. വെറും ചികിത്സാകേന്ദ്രമായി മാറരുത്. ഏതാനും വർഷങ്ങൾക്കകം പൂർണമായിട്ടും സ്വകാര്യപ്രാക്ടീസ് നിറുത്തലാ ക്കിയ മേഖലയായി നമ്മുടെ മെഡിക്കൽ കോളേജുകൾ മാറണം. സംസ്ഥാന ത്തുള്ള ആറായിരത്തോളം ഡോക്ടർമാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കണം. അതുമാത്രമല്ല ഈ മെഡിക്കൽ കോളേജുകൾ അക്ഷ രാർത്ഥത്തിൽ തന്നെ റഫറൽ ആശുപത്രികളായി മാറിയാൽ മാത്രമേ ഇന്നുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ. കുറച്ചു കിടക്ക കൾ ഉള്ളിടത്ത് അതിന്റെ ഒരിരട്ടിയും രണ്ടിരട്ടിയും രോഗികൾ ഉള്ളതുകൊണ്ട് ഗൗരവമായ രോഗം ഉള്ളവർക്ക് ശരിയായ ചികിത്സ കിട്ടുന്നില്ല. അതുകൊണ്ട് റഫറൽ ഹോസ്പിറ്റലുകൾ നിലനിർത്തണമെന്നാണ് എനിക്കു പറയാനുള്ളത്. അതിന്റെ ഭാഗമായിട്ട് ജില്ലാശുപത്രികളും റഫറലാശുപത്രികളാക്കി മാറ്റേണ്ട താണ്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഒരുപാട് പരിമിതികളുണ്ട്. അത് രണ്ടു സ്ഥലങ്ങളിലായി പ്രവർത്തിക്കുന്നു. ഇന്ന് അവിടെ നാല് പ്രഗല്ഭന്മാ രായ ഡോക്ടർമാർ വിരമിക്കുകയാണ്. ആ ഡോക്ടർമാർക്കു പകരം ആളു കളെ കൊണ്ടുവരണം. രണ്ടു സ്ഥലത്തായി പ്രവർത്തിക്കുന്നത് മാറ്റുക, തുട ങ്ങിയ നിരവധി ആവശ്യങ്ങളുള്ള തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ഡിമാന്റുകളെ പിന്തുണക്കുന്നു.

<u>ശ്രീ. സി.എഫ്. തോമസ്</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇപ്പോൾ ചങ്ങനാശ്ശേരി ഹോസ്പിറ്റലിലെ കെ.എച്ച്.ആർ. ഡബ്ല്യു.എസ്. വാർഡ് അടച്ചുപൂട്ടിയിരിക്കുകയാണ്. ഞാൻ തിരക്കിയപ്പോൾ കെ.എച്ച്.ആർ.ഡബ്ല്യു.എസ്സിന് നന്നാക്കാൻ ഫണ്ടില്ല എന്നാണ്. ഞാൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് എടുത്ത് ഒന്നു പരിശോധിച്ചു., ആ റിപ്പോർട്ടിന കത്തു പറയുന്നു, കെ,എച്ച്,ആർ,ഡബ്ല്യൂ.എസ്സിന് പ്രത്യേക ഗ്രാന്റ് കൊടു ക്കണം അല്ലെങ്കിൽ അവർ നടത്തുന്ന ഈ വാർഡുകൾ മുന്നോട്ടുകൊണ്ടു പോകാൻ സാധ്യമല്ല എന്ന്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രി മുമ്പാകെ ഒരു നിർദ്ദേശം വയ്ക്കാനുള്ളത്, നമ്മൾ ജനകീയാസൂത്രണത്തിലൂടെ താലൂക്കാശു പത്രികളുടെയും മറ്റും ചുമതല മുനിസിപ്പാലിറ്റികൾക്കും ബ്ലോക്കുകൾക്കും കൊടുത്തു. അതുപോലെ തന്നെ പി.എച്ച്.സി.യൊക്കെ പഞ്ചായത്തുകൾക്ക് കൊടുത്തു. പിന്നെ എന്തിനാണ് ഈ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്സിന്റെ പേവാർഡുകളുടേയും ജനതാപേവാർഡുകളുടേയും അധികാരം ഗവൺമെന്റ് കൈയ്യിൽ വച്ചുകൊണ്ടിരിക്കുന്നത്? നന്നാക്കാൻ കാശില്ല. നന്നാക്കാൻ കാശി ല്ലെങ്കിൽ ഒന്നുകിൽ എച്ച്.ഡി.സി.ക്ക് കൊടുക്കണം, അവർ നന്നാക്കും അല്ലെ ങ്കിൽ മുനിസിപ്പാലിറ്റികൾക്ക് കൊടുക്കണം, അവർ നന്നാക്കും. ഇത് രണ്ടുമില്ല. നിങ്ങൾ നന്നാക്കുകയുമില്ല, അവർക്ക് നന്നാക്കാൻ വ്യവസ്ഥയുമില്ല. സർ, നമ്മൾ രണ്ടായിരാമാണ്ടിലേയ്ക്കു പ്രവേശിക്കുകയാണ്. ഞാൻ ഈ നിയമസഭ യിൽ ഹെൽത്തിനെക്കുറിച്ച് ഒരു ചർച്ചയിൽ പറഞ്ഞപ്പോൾ ബന്ധപ്പെട്ട മന്ത്രി മാർ, ശ്രീ. ഷൺമുഖദാസ് മാത്രമല്ല എല്ലാപേരും പറഞ്ഞ ഒരു കാര്യമായി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു രണ്ടായിരാമാണ്ടോടുകൂടി കേരളത്തിലെ ജനങ്ങൾക്ക് എല്ലാപേർക്കും ആരോഗ്യം, നല്ല ആശയം. നമ്മൾ എല്ലാപേരുംകൂടി ചർച്ച ചെയ്യേണ്ടതാണ്. പക്ഷെ ഇതിനകത്ത് ഇപ്പോൾ വന്നിരിക്കുന്ന ഒരു അപകടം, പ്രൊഫസർ മീനാക്ഷി തമ്പാനും, ശ്രീ. കുട്ടി അഹമ്മദ് കുട്ടിയുമൊക്കെ പറഞ്ഞു. കേരളം സാമൂഹ്യക്ഷേമരംഗത്ത്, ആരോഗ്യത്തിന്റേയും വിദ്യാഭ്യാസത്തിന്റേയും രംഗത്ത് വളരെ മുന്നോട്ട് പോയിരിക്കുന്നു, നമ്മുടെ ആയുർദൈർഘ്യം കൂടി, ശിശുമരണ നിരക്ക് കുറഞ്ഞു, ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ ലോകത്തിലെ വികസിത രാജ്യങ്ങളോടുപോലും കേരളം മത്സരിക്കത്തക്ക നേട്ടമുണ്ടാക്കി എന്ന്. പക്ഷെ ഒരു വലിയ കുഴപ്പം. ഇന്ന് വിദഗ്ദ്ധന്മാരുടെ ലേഖനങ്ങൾ വായിച്ചാൽ ഇൻഡ്യ അപകടത്തിന്റെ സൂചന കാണിക്കുന്നു. ഒപ്പം കേരളവും. അതുകൊണ്ട് വളരെ വേഗതയിലുള്ള നടപടികളാണ് ഇപ്പോഴത്തെ സമയത്ത് ആവശ്യം. ഞാൻ ഒന്നുരണ്ട് ഉദാഹരണങ്ങൾ പറയാം, ഈ കഴിഞ്ഞ ദിവസം ഐക്യരാഷ്ട്ര സംഘടനയുടെ സെക്രട്ടറി നടത്തിയ പ്രസ്താവനയിൽ അദ്ദേഹം പറഞ്ഞു, ലോകത്തിൽ ഏറ്റവും കൂടുതൽ എയ്ഡ്സ് രോഗം ബാധിച്ചവർ ഇൻഡ്യയിലാണ് ഉള്ളതെന്ന്. ഒരു കാലത്ത് കേരളം ഐക്യരാഷ്ട്ര സംഘടനയുടെ പ്രശംസ പിടിച്ചുപറ്റിയതാണ്. ഇന്ന് അതേ സഭയുടെ സെക്രട്ടറി ജനറൽ പറയുന്നു, കേരളം ഉൾക്കൊള്ളുന്ന ഇൻഡ്യയാണ് ലോകത്തിലെ ഏറ്റവും കൂടുതൽ എയിഡ്സ് വൈറസ് ബാധിച്ചിരിക്കുന്ന രാജ്യമെന്ന്. സർ, ലോകത്ത് ഏറ്റവും കൂടുതൽ ആളുകളെ വിദേശത്ത് കയറ്റി അയക്കുന്ന ഒരു കൊച്ചു പ്രദേശമാണ് ഈ കേരളം.

സർ, നമ്മൾ വളരെ കരുതലോടുകൂടി കാര്യങ്ങൾ ഇപ്പോൾ കൈകാര്യം ചെയ്തില്ലെങ്കിൽ കേരളം ഇരുപത്തിഒന്നാം നൂറ്റാണ്ടിൽ അപകടത്തിലേക്ക് പോകും. ഇരുപത്തിഒന്നാം നൂറ്റാണ്ടിലെ മഹാരോഗമെന്ന് വിശേഷിപ്പിക്കാവുന്ന എയ്ഡ്സിന്റെ പിടിയിൽ ഇൻഡ്യയും കേരളവും പെട്ടുപോകും. അതുകൊണ്ട് ഇവിടത്തെ ആരോഗ്യ മന്ത്രിമാരും ഇവിടത്തെ ഗവൺമെന്റുകളും വളരെ ശക്തമായി, തീവ്രവേഗതയിലുള്ള നടപടികൾ എടുക്കേണ്ടതായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽ നമ്മൾ ഒരു പദ്ധതി ഇക്കാര്യത്തിൽ കൊടുത്തിട്ടുണ്ടെന്ന് പറയുന്നു. എയ്ഡ്സ് തടയുന്ന കാര്യത്തിനുവേണ്ടി 5 വർഷം കൊണ്ട് നടപ്പാക്കുന്നതും 68 കോടി രൂപ മുതൽമുടക്കുള്ളതുമായ ഒരു പദ്ധതി ലോക ബാങ്കിന്റെ സഹായത്തിനായി സമർപ്പിച്ചിട്ടുണ്ടെന്ന് പറഞ്ഞു. ഇങ്ങനെ പദ്ധതികൾ സമർപ്പിക്കുന്നതല്ലാതെ വാസ്തവത്തിൽ അതിന്റെ ഫോളോ അപ് ഉണ്ടോ? നമുക്ക് അതിന് സമയം കിട്ടുന്നുണ്ടോ? നമ്മുടെ ഒരു വീഴ്ചയാണത്. പദ്ധതികൾ ഇങ്ങനെ സമർപ്പിക്കും. എയ്ഡ്സ് കൂടുതലായിട്ടുള്ള ആളുകളിൽ അണുബാധയുണ്ടാകാതിരിക്കാനും വ്യാപനം തടയുന്നതിനുള്ള ശക്തമായ നടപടികളെടുക്കേണ്ട സമയമാണിത്. കേരളം ആരോഗ്യപരിപാലനത്തിന്റെ കാര്യത്തിൽ കഴിഞ്ഞകാലത്ത് മുന്നോട്ടുവന്നു എങ്കിലും വരാൻ പോകുന്ന വർഷങ്ങൾ അപകടം സൂചിപ്പിക്കുന്നു എന്നുള്ളത് ഗൗരവമായി കാണണം. വലിയ രോഗങ്ങളുടെ പിടിയിലേയ്ക്കാണ് കേരളം പോകുന്നത്-ഹെപ്പറ്റൈറ്റിസ്(ബി) ഇന്നലെ ഇവിടെ ശ്രദ്ധക്ഷണിക്കലിൽ ശ്രീ. റ്റി.എം. ജേക്കബ് പറഞ്ഞല്ലോ. ഹെപ്പറ്റൈറ്റിസ് (ബി)-യുടെ കാര്യത്തിൽ ഗവൺമെന്റ് ആദ്യം കാണിച്ച താല്പര്യം ഇപ്പോൾ എടുക്കുന്നുണ്ടോ? അങ്ങ് ഒരു ആത്മപരിശോധന നടത്തണം. ഒരു കണക്ക് നോക്കിയപ്പോൾ അതിനകത്ത് പറയുന്നു, 10 വയസ്സിന് താഴെയുള്ള 30 മുതൽ 40 ലക്ഷം വരെയുള്ള കുട്ടികളുടെ കണക്ക് പരിശോധിച്ചപ്പോൾ കേരളത്തിൽ ആയിരം കുട്ടികളിൽ 50 പേർക്ക് ഹെപ്പറ്റൈറ്റിസ് (ബി) ബാധയുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത് എന്നാണ്. എന്ത് അപകടകര

LIBRARY ARCHIVES Kerala Legislative Assembly

മാണ്? എയ്ഡ്സ് പോലെ തന്നെ ചികിത്സയില്ലാത്ത രോഗമാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഇപ്പോൾ എന്താണ് ചെയ്യുന്നത്? ഇതിന് വല്ല പദ്ധതിയുമുണ്ടോ? ഈ രോഗം തടയുന്നതിന് മൂന്ന് കുത്തിവയ്പ്പുകൾ വേണം. എം.എൽ.എ. മാർക്ക് മൂന്ന് ഇൻജെക്ഷൻ കൊടുത്തതുകൊണ്ട് കാര്യം പരിഹരിക്കപ്പെടുമോ? സംസ്ഥാനത്തെ ഹെപ്പറ്റൈറ്റിസ് (ബി)യുടെ പിടിയിൽ നിന്ന് മോചിപ്പിക്കണമെങ്കിൽ നമ്മുടെ സംസ്ഥാനത്തെ 80 ശതമാനം കുട്ടികൾക്കെങ്കിലും ഈ മൂന്ന് കുത്തിവയ്പ്പുകൾ ഫ്രീയായിട്ട് കൊടുക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. ഗവൺമെന്റിനെക്കൊണ്ട് മാത്രം സാധിച്ചില്ലെങ്കിൽ ഒരു വലിയ ക്യാമ്പയിൻ ഇതിനുവേണ്ടി ആരംഭിക്കണം. കുറെ സന്നദ്ധസംഘടനകൾ മുന്നോട്ടു വന്നിട്ടുണ്ട്. സാമ്പത്തികശേഷിയുള്ള ചില ആളുകളും മുന്നോട്ടുവന്നിട്ടുണ്ട്. അതിന് സമയബന്ധിതമായ ഒരു പരിപാടി, എല്ലാ ജില്ലകളിലും അങ്ങയുടെ നേതൃത്വത്തിൽ പോയി സന്നദ്ധസംഘടനകളെ വിളിച്ചുകൂട്ടി ഈ കാര്യങ്ങളൊക്കെ നടപ്പാക്കണം. ഇന്ന് രാവിലെ ധനകാര്യവകുപ്പുമന്ത്രി ലോട്ടറിയെക്കുറിച്ചുള്ള ഒരു ചോദ്യത്തിന് നല്ല ഒരു മറുപടി പറഞ്ഞു, അതായത് ഇയർമാർക്ക് ചെയ്ത് ചില കാര്യങ്ങൾക്കുവേണ്ടി ലോട്ടറി നടത്താൻ തയ്യാറാണെന്ന് പറഞ്ഞു. അങ്ങനെയാണെങ്കിൽ അങ്ങ് ഈ ഒരു കാര്യത്തിൽ സംസ്ഥാനത്തെ കുട്ടികളിൽ 80 ശതമാനത്തിന് ഹെപ്പറ്റൈറ്റിസ് (ബി) വൈറസിന് എതിരായ ഇൻജെക്ഷൻ കൊടുക്കാൻവേണ്ടി, അവരുടെ ആരോഗ്യത്തിനുവേണ്ടി ഇപ്രാവശ്യത്തെ ലോട്ടറികൾ പ്രഖ്യാപിക്കാൻ അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയോട് ആലോചിച്ചാൽ വളരെ ഉദാരമനഃസ്ഥിതിയോടുകൂടി അദ്ദേഹം അത് അംഗീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഹെപ്പറ്റൈറ്റിസ്(ബി) പോലെതന്നെ പല രോഗങ്ങളും വ്യാപിക്കാൻ പ്രധാന കാരണം നമ്മുടെ ആശുപത്രികളിലെ സിറിഞ്ചുകളുടെ ഉപയോഗമാണെന്നുള്ളത് ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ പത്രങ്ങൾ മുഖപ്രസംഗം എഴുതി. രണ്ട് തരത്തിലുള്ള സിറിഞ്ചുകളും അപകടകരമാണ്. രണ്ട്തരത്തിലുള്ള സിറിഞ്ചുകളുടെ കാര്യത്തിലും കരുതൽ നടപടിവേണം. നമ്മുടെ ഗ്ലാസ്സ് സിറിഞ്ചുകൾ സ്റ്റെറിലൈസ് ചെയ്യാൻ ആവശ്യമായ ആട്ടോക്ലേവ് സംവിധാനം എല്ലാ ആശുപത്രികളിലുമുണ്ടോയെന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടോ? ആശുപത്രികളിൽ അതിനുള്ള സംവിധാനമില്ല. ഇല്ലെങ്കിൽ സിറിഞ്ച് 30 മിനിറ്റ് നല്ല തിളച്ച വെള്ളത്തിൽ ഇടണമെന്ന് പറയുന്നു. എവിടെയെങ്കിലും ഇടുന്നുണ്ടോ? ഈ സിറിഞ്ചുകളിൽകൂടിയാണ് ഹെപ്പറ്റൈറ്റിസ് (ബി) പോലുള്ള രോഗങ്ങൾ പകരുന്നത്. കേരളത്തിൽ ഇതിന് നടപടിയുണ്ടോ? നമ്മൾ ഇരുപത്തിഒന്നാം നൂറ്റാണ്ടിലേക്ക് കടക്കുകയാണ്. ഡിസ്പോസിബിൾ സിറിഞ്ച് വന്നു. ഇപ്പോൾ ഉപയോഗിച്ച് കഴിഞ്ഞ സിറിഞ്ചുകൾ വ്യാപകമായി വിൽക്കുന്നു. നടപടിയുണ്ടോ? ഇപ്പോൾ വിപണിയിൽ ഈ ഡിസ്പോസിബിൾ സിറിഞ്ചിന്റെ സൂചി കരിച്ചുകളയാനുള്ള ഒരു ബർണർ ഇറങ്ങിയിട്ടുണ്ട്. വേണമെങ്കിൽ ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റികൾക്ക് വാങ്ങാം. ഗവൺമെന്റിന് ഫണ്ട് ഇല്ലെങ്കിൽ അതിനാവശ്യമായ ചർച്ചകൾ നടത്തി എച്ച്.ഡി.സി.കൾക്ക് ആവശ്യമായ നിർദ്ദേശം കൊടുക്കാൻ അങ്ങ് തയ്യാറാകണമെന്ന് ഞാൻ പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്.

സർ, വളരെ പ്രധാനപ്പെട്ട ഒന്ന് രണ്ട് കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. താലൂക്ക് ആശുപത്രികളിലെ സ്പെഷ്യാലിറ്റി യൂണിറ്റുകൾ അതിന്റെ കാര്യം എത്ര നാളായിട്ട് പറയുന്നു. സ്പെഷ്യാലിറ്റി യൂണിറ്റുകൾ തുടങ്ങിയിട്ടുണ്ടോ? പ്രൊപ്പോസലുകൾ പോയി. പ്രൊപ്പോസൽ അംഗീകരിച്ചു. പക്ഷേ, ഫൈനലായിട്ട് അത് അംഗീകരിച്ചു വന്നോ? താലൂക്ക്

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രികളിൽ സ്പെഷ്യാലിറ്റി യൂണിറ്റുകൾ ആരംഭിച്ചോ? ആരംഭിച്ചിട്ടില്ല. ഇവിടെ പറഞ്ഞല്ലോ പാവപ്പെട്ടവർക്ക് ചികിത്സയ്ക്ക് മുൻതൂക്കമാണെന്ന്. നമ്മുടെ നാട്ടിലെ ലക്ഷക്കണക്കിന് പാവപ്പെട്ട രോഗികളുടെ അഭയകേന്ദ്രമായ ഗവൺമെന്റ് ആശുപത്രികൾ ഇപ്പോഴും നരകതുല്യമായി ശേഷിക്കുന്ന അവസ്ഥ കേരളത്തിൽ തുടരുകയാണ്. അതുകൊണ്ട് കേരളത്തിലെ പാവപ്പെട്ട വരുടെ ആശ്രയമെന്ന് വിശേഷിപ്പിക്കാവുന്ന നമ്മുടെ ഗ്വൺമെന്റ് ആശുപത്രി കളിൽ ആവശ്യമായ സ്പെഷ്യാലിറ്റി യൂണിറ്റുകൾ കൊടുത്തുകൊണ്ട്, ആവ ശ്യമായ മരുന്നുകൾ കൊടുത്തുകൊണ്ട് ചികിത്സാ സംവിധാനത്തിന് മികച്ച പരിചരണം കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ചർച്ച വളരെ പ്രധാനപ്പെട്ടതായി കണ്ടുകൊണ്ട് ഇതുവരെ കേരളം ആരോഗ്യ രംഗത്ത് ഒരു ദശവത്സരക്കാലംകൊണ്ട് കൈവരിച്ച നേട്ടങ്ങൾ മുഴുവൻ ഒറ്റയടിക്ക് പോകാ തിരിക്കാൻ വളരെ കരുതലോടുകൂടിയും വളരെ വേഗത്തിലുമുള്ള ചുവട് വയ്പ്പുകൾ നടത്തിയും ഇൻഡ്യയേയും കേരളത്തേയും മഹാരോഗങ്ങ ളിൽനിന്ന് രക്ഷിക്കാനുള്ള നടപടികളിലേക്ക് പോകണം. അതിനാവശ്യമായ തുകയൊന്നും ഈ ധനാഭ്യർത്ഥനയിൽ കാണാത്തതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

[12 Noon] <u>ശ്രീ. ആന്റണി രാജു</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ഇവിടെ ചർച്ച തുടങ്ങിവച്ചുകൊണ്ട് അപ്പുറ ത്തുനിന്ന് എന്റെ സ്നേഹിതൻ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞത് ശ്രീ. ടി.കെ. രാമകൃഷ്ണൻ ഈ വകുപ്പിന്റെ ചുമതലയിലിരിക്കുന്നി ടത്തോളംകാലം ഇത് രക്ഷപ്പെടുകയില്ലെന്നാണ്. എനിക്ക് പറയാനുള്ളത് ബൈബിളിലെ ഒരു വാക്യമാണ്. അതായത് ''സ്വന്തം കണ്ണിലെ തടി എടുത്തി ട്ടുവേണം അന്യന്റെ കണ്ണിലെ കരട് എടുക്കാൻ''. തീരദേശത്തെ മത്സ്യത്തൊഴി ലളികളുടെ ഇന്നത്തെ അവസ്ഥയ്ക്ക് കാരണക്കാർ ആരാണ്? മത്സ്യത്തൊഴി ലാളികളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടു എന്ന് ആരും അവകാശ പ്പെടുന്നില്ല. കേരളത്തിൽ ഏറെ അവശത അനുഭവിക്കുന്ന ഒരു വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. ആദിവാസികളേക്കാൾ പരിഗണന അർഹിക്കുന്ന ഒരു വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. കേരളത്തിലെ ജനങ്ങളുടെ ജീവിതനില വാരം ഉയർന്നു എങ്കിലും മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം അതി നൊപ്പം എത്തിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ കേരളത്തിലെ ശരാശരി വയസ് 68 ആയി നില്ക്കുമ്പോൾ മത്സ്യത്തൊഴിലാളികളുടെ ആയുർദൈർഘ്യം 63 ആയി നിൽക്കുന്നു. ഈ അവസ്ഥ സൃഷ്ടിച്ചത് ആരാണ്? ഇതിന്റെ കാരണക്കാർ കോൺഗ്രസ്സ് തന്നെയാണ്. മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങളോട് രണ്ട് മുന്നണികളുടേയും സമീപനം എന്തായിരുന്നുവെന്നുള്ളതാണ് നമ്മൾ പരി ശോധിക്കേണ്ടത്. മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് യു.ഡി.എഫ്. ഗവൺമെന്റും എൽ.ഡി.എഫ്. ഗവൺമെന്റും നടത്തിയ പരിശ്രമ ങ്ങൾ അല്ലെങ്കിൽ സമീപനങ്ങൾ എന്തായിരുന്നു? അതാണ് പ്രധാനം. അതിൽ രണ്ട് ഗവൺമെന്റുകളുടെയും സമീപനമാണ് പ്രധാനം. കേരളത്തിലും കേന്ദ്ര ത്തിലും മാറിമാറി വന്ന ഗവൺമെന്റുകളാണ് ഈ മേഖലയുടെ തകർച്ചയ്ക്ക് മുഖ്യകാരണം. അതിലെ മുഖ്യപ്രതി കോൺഗ്രസാണ്. ദുരിതത്തിന്റെ തുരു ത്തിലേക്ക് മത്സ്യത്തൊഴിലാളികളെ തള്ളിവിട്ടത് കോൺഗ്രസ്സ് ആണെന്നു പറ ഞ്ഞാൽ മത്സ്യമേഖലയെ പ്രതിനിധാനം ചെയ്യുന്ന അപ്പുറത്തുള്ള എം. എൽ.എ. മാർക്കുപോലും നിഷേധിക്കാൻ കഴിയുകയില്ല.



LIBRARY ARCHIVES Kerala Legislative Assembly

സർ, അവിടെ ട്രോളിംഗിന് ലൈസൻസ് കൊടുത്തത് ആരാണ്? ഞങ്ങളാണോ? ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ പാർട്ടിയാണ് ട്രോളിംഗിന് ലൈസൻസ് കൊടുത്തത്. കേരളത്തിലെ മത്സ്യമേഖല-തീരദേശം തകർന്നത് നിങ്ങളുടെ തെറ്റായ സമീപനം കൊണ്ടാണ്; തെറ്റായ നയം കൊണ്ടാണ്. വിദേശ കപ്പലുകൾക്ക് ലൈസൻസ് കൊടുത്തുകൊണ്ട് കേരളത്തിലെ മത്സ്യ മേഖലയെ, ഇൻഡ്യയിലെ മത്സ്യമേഖലയെ തകർത്തത് നിങ്ങളുടെ മത്സ്യനയമാണ്. അന്ന് കേന്ദ്രമന്ത്രി ആരായിരുന്നു? ഇവിടത്തെ ഇന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. എ.കെ. ആന്റണി. ഇന്ന് മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച നടക്കുമെന്നുള്ളതുകൊണ്ട് അദ്ദേഹം ബോധപൂർവ്വം ചർച്ചയിൽ നിന്ന് മാറി നിൽക്കുകയാണ്. വിദേശ കപ്പലുകൾക്ക് ലൈസൻസ് കൊടുത്തു കൊണ്ട് കടൽ കൊള്ളയടിക്കാൻ കൂട്ടുനിന്നത് കേന്ദ്ര ഗവൺമെന്റാണ്; കോൺഗ്രസ്സിന്റെ ഗവൺമെന്റാണ്. ഇവിടെ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ 1994-ലെ മത്സ്യവികസന നയം വായിച്ചു. കേരളത്തിൽ അന്ന് ഭരിച്ച കോൺഗ്രസ്സ് ഗവൺമെന്റ് ശ്രീ. നരസിംഹറാവുവിന്റെ കേന്ദ്ര നയത്തിന് കൂട്ടു നിൽക്കുന്ന നയമാണ് സ്വീകരിച്ചത്. മത്സ്യ വികസന മാനേജ്മെന്റ് നയം 1994-ലെ യു.ഡി.എഫ്. കൊണ്ടുവന്ന നയത്തിൽ എന്താണ് പറയുന്നത്? പാരഗ്രാഫ് 67- ''ആഴക്കടൽ മത്സ്യബന്ധനത്തിന്റെ പ്രോത്സാഹനത്തിന്റെ കാര്യത്തിൽ ഇൻഡ്യാ ഗവൺമെന്റിന്റെ നയത്തിന് അനുസൃതമായി ഞങ്ങൾ പ്രവർത്തിക്കുന്നതാണ്.'' വിദേശ കപ്പലുകൾക്ക് ലൈസൻസ് കൊടുത്ത കോൺഗ്രസ്സ് ഗവൺമെന്റിന്റെ നയത്തിന്, കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന് ചൂട്ടുപിടിച്ച ആളുകളാണ് ഇന്ന് ഇവിടെയിരുന്നു കൊണ്ട് ഇത്തരം ദുരാരോപണങ്ങൾ ഉന്നയിക്കുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ എന്താണ് ചെയ്തത്? സർ, കേന്ദ്രത്തിന്റെ ഈ തെറ്റായ നയം തിരുത്താൻ ആവശ്യപ്പെട്ടു. ഗൗഡ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പുതിയ ലൈസൻസുകൾ കൊടുക്കുകയില്ലെന്നും ഉള്ള ലൈസൻസുകൾ പുതുക്കി കൊടുക്കുകയില്ലെന്നും ഉത്തരവുകൾ ഇറക്കി.

സർ, ഇൻഡ്യയുടെ ചരിത്രത്തിൽ ആദ്യമായി ഒരു സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം കൊണ്ടു വന്നത് ആരാണ്? ബഹുമാനപ്പെട്ട ടി.കെ. രാമകൃഷ്ണൻ ഫിഷറീസ് വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയായപ്പോഴാണ് കേരളത്തിൽ ട്രോളിംഗ് നിരോധനം ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് കൊണ്ടു വന്നത്. ഞാൻ ഒന്നു ചോദിക്കട്ടെ, ഇൻഡ്യയിൽ മറ്റേതെങ്കിലും സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം കൊണ്ടുവരാൻ കഴിഞ്ഞോ? കോൺഗ്രസ്സ് ഭരിക്കുന്ന പല സംസ്ഥാനങ്ങളുമുണ്ടല്ലോ, എവിടെയെങ്കിലും ഒരിടത്ത് നിങ്ങൾക്ക് ട്രോളിംഗ് നിരോധനം കൊണ്ടുവരാൻ കഴിഞ്ഞോ?കഴിഞ്ഞിട്ടില്ല. ശ്രീ. ടി.കെ. രാമകൃഷ്ണൻ ഫിഷറീസ് വകുപ്പു മന്ത്രിയായിരുന്നപ്പോഴാണ് 1989-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഈ നയം നടപ്പിലാക്കിയത്. നിങ്ങൾ എന്താണു ചെയ്തത്? നിങ്ങൾ ആ ട്രോളിംഗ് നയത്തെയും തകിടം മറിക്കാനാണു ശ്രമിച്ചത്. 1999-ൽ യു.ഡി.എഫ്. ഗവൺമെന്റ് കേരളം ഭരിക്കുമ്പോൾ 22 കിലോമീറ്ററിനപ്പുറത്തും പോയി വേണമെങ്കിൽ മത്സ്യം പിടിക്കാൻ, ബോട്ടുകൾക്ക് ട്രോളിംഗ് നടത്താൻ അനുവാദം കൊടുത്തു. 22 കിലോമീറ്ററിനപ്പുറം പോയാണോ ഇപ്പുറം നിന്നാണോ മീൻ പിടിക്കുന്നതെന്നു ആരാണ് പരിശോധിക്കുന്നത്? ട്രോളിംഗ് ബാനിൽപ്പോലും മായം ചേർക്കാൻ, വെള്ളം ചേർക്കാൻ ശ്രമിച്ചവരാണ് കോൺഗ്രസ്സിന്റെ ആളുകൾ. ഞങ്ങൾ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയപ്പോൾ കേരളത്തിൽ ഒരു തുള്ളി രക്തം ചിന്തിയില്ല. 1993-ൽ നിങ്ങളുടെ ഗവൺമെന്റ് അധികാര

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ വന്നതിനുശേഷം ട്രോളിംഗ് നിരോധനം നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ കൊല്ലത്ത് രണ്ട് മത്സ്യത്തൊഴിലാളികളെ വെടി വച്ച് കൊന്നിട്ട് ആ ചോര യുടെ മുകളിലൂടെയാണ് നിങ്ങൾക്ക് ട്രോളിംഗ് നിരോധനം നടപ്പിലാക്കാൻ കഴിഞ്ഞത്. നിങ്ങൾ ട്രോളിംഗ് നിരോധനത്തെ തടയാൻ ശ്രമിച്ചതാണ്.

സർ, തീരദേശത്ത് ഇന്ന് കോൺഗ്രസ്സ് പാർട്ടി ഒറ്റപ്പെട്ടു കഴിഞ്ഞിരിക്കു ന്നു. തീരദേശത്ത് ഇന്ന് കോൺഗ്രസ്സ് പാർട്ടി അപ്രസക്തമാണ്. തീരദേശ വാസികൾ ഇന്ന് കോൺഗ്രസ്സിനോട് വിട പറയുന്ന ചിത്രമാണുള്ളത്. മത്സ്യ ത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം, തീരദേശവാസികളെ സംബന്ധിച്ചി ടത്തോളം മാമോദീസ മുക്കുമ്പോൾ "ജ്ഞാനസ്നാന വെള്ളം തലയിൽ വീഴുമ്പോൾ, നെറ്റിയിൽ കുരിശ് വരക്കുമ്പോൾ അന്ന് നുകം വച്ച കാളക ളുടെ ഒരു ചിഹ്നം കൂടെ വരച്ചു കൊടുക്കുമായിരുന്നു. ഒരു പാർട്ടി, ഒരു ചിഹ്നം, ഒരു കൊടിയായി നിന്ന തീരദേശത്ത് ഇന്ന് പാറശ്ശാല മുതൽ ആലപ്പു ഴവരെ നോക്കിയാൽ ഒരു എം.എൽ.എ. യെ ഉണ്ടാക്കാൻ നിങ്ങൾക്ക് കഴിഞ്ഞി ല്ലെന്ന് പറഞ്ഞാൽ കോൺഗ്രസ്സിന്റെ തീരദേശത്തെ അവസ്ഥയെന്താണ്? മുസ്ലീം ലീഗിന്റെ പോലും നിലപാട് എന്താണ്? കോൺഗ്രസ്സ് (ഐ) യോട് വിടപറയാൻ ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗു പോലും ആലോചിക്കുന്നു വെന്ന് കോൺഗ്രസ്സ് പാർട്ടി സംശയിച്ചു കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് ശ്രീ. കെ. കരുണാകരനും ശ്രീ. എ.കെ. ആന്റണിയും ശ്രീ. തെന്നല ബാലകൃ ഷ്ണപിള്ളയും ലീഗ് കോൺഗ്രസ്സ് മുന്നണിയിൽത്തന്നെ തുടരും, തുടരുമെന്ന് പ്രസ്താവന ഇറക്കിയത്. പക്ഷെ, മുസ്ലീം ലീഗ് മിണ്ടിയില്ല. അവരുടെ മൗനം വാചാലമാണ്, അർത്ഥഗർഭമാണ്.

സർ, ക്ഷേമപ്രവർത്തനങ്ങളിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ സമീപ നമെന്താണ്? 25,000 രൂപവരെ മരിച്ച മത്സ്യത്തൊഴിലാളിയുടെ ആശ്രിതർക്ക് ധനസഹായം കൊടുത്തിരുന്നു. 1996-ൽ ഈ ഗവൺമെന്റ് വന്നു. അത് 50000 രൂപയായി വർദ്ധിപ്പിച്ചു. 2,500 രൂപയാണ് മത്സ്യത്തൊഴിലാളി മരണമടഞ്ഞാൽ ആശ്രിതർക്ക് കൊടുത്തു കൊണ്ടിരുന്നത്. 1996-ൽ ഈ ഗവൺമെന്റ് വന്ന പ്പോൾ അത് 5,000 രൂപയായി വർദ്ധിപ്പിച്ചു. മത്സ്യത്തൊഴിലാളികളുടെ പെൺമ ക്കൾക്ക് വിവാഹത്തിനുള്ള ധനസഹായം 1500 രൂപയായി വർദ്ധിപ്പിച്ച് നൽകി. പെൻഷൻ 85 രൂപയിൽനിന്നും 100 രൂപയായി 1996-ൽ വർദ്ധിപ്പിച്ചു. അതിന്റെ വരുമാന പരിധി 1999-ൽ കഴിഞ്ഞയാഴ്ച 1500 രൂപയിൽനിന്നും 5000 രൂപയായി വർദ്ധിപ്പിച്ചു. രോഗചികിത്സയ്ക്ക് കൊടുത്തു വന്നിരുന്ന 25000 രൂപ 1996-ൽ 40,000 രൂപയായിട്ട് വർദ്ധിപ്പിച്ചു. അങ്ങനെ എവിടെ നോക്കിയാലും ക്ഷേമപ്ര വർത്തനങ്ങളിൽ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് വളരെയേറെ താൽപ്പര്യം കാണിച്ചിട്ടുണ്ട്.

സർ, ഇവിടെ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ വായിച്ചത് മുഴുവൻ പ്രഖ്യാപനങ്ങളാണ്. 1994-ലെ ഇവരുടെ നയമെന്താണ്? മത്സ്യബന്ധനോപകര ണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളിക്ക് നൽകും. നിങ്ങൾ നൽകിയോ? അതുപോലെ തന്നെ മത്സ്യത്തിന്റെ ആദ്യവിൽപ്പനയുടെ രീതിയും മറ്റും നിശ്ചയിക്കുന്നതിനുള്ള അവകാശം മത്സ്യത്തൊഴിലാളിക്ക് നൽകാനുള്ളനിയമം കൊണ്ടുവരുമെന്ന് പറഞ്ഞു. നിങ്ങൾ നിയമം കൊണ്ടു വന്നോ? നിങ്ങൾ മത്സ്യത്തൊഴിലാളികളെ വഞ്ചിക്കുകയായിരുന്നു. നിങ്ങൾ പ്രഖ്യാപിച്ച നയങ്ങളെ കോൾഡ് സ്റ്റോറേജിൽ വച്ചുകൊണ്ട് . അവരെ വഞ്ചിക്കുന്ന നയമാണ് നിങ്ങൾ സ്വീകരിച്ചത്. കഴിഞ്ഞയാഴ്ച നടന്ന ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കാം. മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്ത നങ്ങൾ എത്ര സുതാര്യമായിട്ടും ശുഷ്കാന്തിയോടും കൂടിയാണ് ഈ ഗവൺമെന്റ് നടത്തിയത്. മത്സ്യത്തൊഴിലാളികൾ സഞ്ചരിച്ചിരുന്ന മീൻ

LIBRARY ARCHIVES Kerala Legislative Assembly

ടെംപോ നിയന്ത്രണം തെറ്റി 12 പേർക്കു ഗുരുതരമായി പരിക്കേറ്റ് അവർ ആശുപത്രിയിലായി. 23-ാം തീയതിയാണ് ഈ സംഭവം. 24-ാം തീയതി പത്രത്തിൽ വന്ന വാർത്ത എന്താണ്? ക്ഷേമനിധി ബോർഡ് മേഖലാ എക്സിക്യൂട്ടീവ് ഓഫീസർ എം. സൈമൺ ആശുപത്രിയിലെത്തി ബോർഡ് അനുവദിച്ച സഹായത്തുക വിതരണം ചെയ്തു. ആറരമണിക്കാണ് അപകടം നടന്നത്. പത്തരമണിക്ക് സഹായധനം വിതരണം ചെയ്തു. നാലു മണിക്കൂറിനുള്ളിൽ അപകടസ്ഥലത്ത് ഓടിയെത്തി ദുരിദാശ്വാസപ്രവർത്തനം നടത്തുന്ന ഒരു കാലഘട്ടം കേരളത്തിന്റെ ചരിത്രത്തിലുണ്ടായിട്ടുണ്ടോ?

സർ, വിഭവസമാഹരണത്തിന്റെ കാര്യത്തിലുള്ള അവസ്ഥയെന്താണ്? 1991 മുതൽ 1995 വരെ നിങ്ങൾ ഭരിച്ചപ്പോൾ വിഭവസമാഹരണം നടത്തിയത് 4,69,00,000 രൂപയാണ്. 1996 മുതൽ 1998 വരെ ഉള്ള 3 വർഷം കൊണ്ട് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് സമാഹരിച്ചത് 4,83,00,000 രൂപയാണ്.

സർ, പഞ്ഞമാസ സമ്പാദ്യ പദ്ധതി ആരാണ് നടപ്പിലാക്കിയത്? അതുപോലെ തന്നെ അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി കൊണ്ടുവന്നത് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റാണ്. തീരപ്രദേശത്തെ വിദ്യാഭ്യാസരംഗത്തെ ഇടതുപക്ഷജനാധിപത്യമുന്നണി എങ്ങനെ കാണുന്നുവെന്ന് ശ്രീ.ഡൊമിനിക് പ്രസന്റേഷൻ ചോദിച്ചു. തിരുവനന്തപുരം ജില്ലയുടെ കാര്യം മാത്രം ഞാൻ ഉദാഹരണമായി ചൂണ്ടിക്കാണിക്കാം. തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളായ വലിയതുറ, വെട്ടുകാട്, പള്ളിത്തുറ, അഞ്ചുതെങ്ങ് എന്നീ സ്ഥലങ്ങളിലായി കേരളത്തിന്റെ പ്രിയങ്കരനായ വിദ്യാഭ്യാസ മന്ത്രി നാല് പ്ലസ് ടു സ്കൂളുകൾ അനുവദിച്ചുവെന്ന് പറഞ്ഞാൽ കേരളത്തിന്റെ ചരിത്രത്തിൽ ഇതിനു മുമ്പ് അങ്ങനെയുണ്ടായിട്ടുണ്ടോ? അതുപോലെ തന്നെ പട്ടയത്തിന്റെ കാര്യം. ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രി ശ്രീ. കെ.ഇ. ഇസ്മയിൽ ഇന്ന് മത്സ്യത്തൊഴിലാളി കോളനികൾക്ക് മുഴുവൻ പട്ടയം കൊടുത്തുകൊണ്ട് മത്സ്യത്തൊഴിലാളി കോളനികളുടെയെല്ലാം പട്ടയവിതരണം പൂർത്തിയാക്കിയിരിക്കുന്നു. നിങ്ങൾ നൽകിയത് എന്താണ്? പൂന്തുറയിൽ വെടിവെയ്പ്പ്, വിഴിഞ്ഞത്ത് വെടിവെയ്പ്, കൊല്ലത്ത് വെടിവെയ്പ്, ആറ് മത്സ്യത്തൊഴിലാളികളെ ജീവനോടെ വിഴിഞ്ഞത്ത് കുഴിച്ചുമൂടി തുടങ്ങിയ സംഭാവനകളാണ് നിങ്ങൾ നൽകിയിട്ടുള്ളത്. ഇന്നു തീരദേശം ശാന്തമാണ്. സംഘർഷമില്ല, വെടിവെയ്പില്ല. പൊട്ടിത്തെറിയില്ല. മത്സ്യത്തൊഴിലാളി മേഖല ഇന്ന് ശാന്തമാണ്. അത് കാണുന്നതിനുള്ള അസൂയയാണ് നിങ്ങൾക്ക്. യു.ഡി.എഫിന്റെ ഭരണകാലത്ത് കാർഗിലിൽ സേവനമനുഷ്ഠിക്കേണ്ട പട്ടാളത്തെ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ഇറക്കി. തിരുവനന്തപുരത്തെ തീരപ്രദേശത്ത് ഒരു പട്ടാളത്തെയും ഇറക്കേണ്ട സാഹചര്യം ഞങ്ങൾ ഉണ്ടാക്കിയിട്ടില്ല. അതാണ് എൽ.ഡി.എഫിന്റെയും യു.ഡി.എഫിന്റെയും ഭരണത്തിലുള്ള വ്യത്യാസം. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

<u>ശ്രീ. ജോണിനെല്ലൂർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ആരോഗ്യം നശിച്ച് ചലനമറ്റു കിടക്കുന്ന ഒരു രോഗിയുടെ അവസ്ഥയാണ് നമ്മുടെ ആരോഗ്യ-കുടുംബക്ഷേമ വകുപ്പുകൾക്കുള്ളത്. മന്ത്രിയുടെ കാര്യം ഞാൻ പറയുന്നില്ല. ഈ വകുപ്പ് നോക്കാൻ നമ്മുടെ ബഹുമാന്യനായ വകുപ്പുമന്ത്രി ശ്രീ.ഷൺമുഖദാസിന് സമയമില്ല. അദ്ദേഹം കേരളത്തിലുള്ളപ്പോൾ ശ്രീ.വി.സി. കബീറിനെ എങ്ങനെ ഒതുക്കാമെന്നുള്ള ആലോചനയുമായി നടക്കുന്നു. ഈ അടുത്ത കാലത്തായി കേന്ദ്രത്തിൽ ശ്രീ. പവാറുമായാലോചിച്ച് കേന്ദ്രത്തിൽ പവറിലെത്താനുള്ള ആലോചനകളുമായി നടക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇതാണ് മന്ത്രി ശ്രീ. ഷൺമുഖദാസ് ഇപ്പോൾ ചെയ്യുന്നത്. എനിക്ക് ബഹുമാന്യനായ മുഖ്യമന്ത്രിയോട് ഒരു അഭ്യർത്ഥനയുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കു തന്നെ ഈ മന്ത്രിയുടെ പ്രവർത്തനം ആക്ഷേപകരമാണ്. ആരോഗ്യവകുപ്പ് അദ്ദേഹത്തിൽനിന്നും മാറ്റി തുറമുഖവകുപ്പുമാത്രം അദ്ദേഹത്തിന് കൊടുക്കണം. ആ വകുപ്പു ജനങ്ങളുമായി വലിയ ബന്ധമില്ലാത്തതാണ്. അതുകൊണ്ട് തുറമുഖവകുപ്പ് അദ്ദേഹത്തെ ഏല്പിച്ചിട്ട് മറ്റു വകുപ്പുകൾ മാറ്റുക. ശ്രീ. കബീറിനോട് എതിർപ്പുണ്ടെങ്കിൽ ശ്രീ. കുഞ്ഞഹമ്മദിനോട് വലിയ എതിർപ്പില്ലല്ലോ, അദ്ദേഹത്തിന് കൊടുക്കുക. അങ്ങനെയെങ്കിലും ഈ കേരളത്തിലെ അനേകായിരം വരുന്ന രോഗികളെയും രോഗികളോടൊപ്പം ശുശ്രൂഷയ്ക്ക് എത്തുന്ന ആളുകളെയും രക്ഷിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇന്ന് നമ്മുടെ കേരളത്തിലെ സർക്കാർ ഉടമയിലുള്ള ആതുരാലയങ്ങളുടെ സ്ഥിതിയെന്താണ്? ഇവിടെ പ്രൊഫ. മീനാക്ഷി തമ്പാൻ ഒട്ടേറെ കാര്യങ്ങൾ പറഞ്ഞു. എനിക്ക് അതിനോടൊന്നും വിയോജിപ്പില്ല. എല്ലാം പ്രഖ്യാപനങ്ങളാണ്, സ്വപ്നലോകത്തുള്ള പ്രഖ്യാപനങ്ങളാണ്. ഞാൻ ബഹുമാനപ്പെട്ട ടീച്ചറോട് ചോദിക്കട്ടെ, ഈ പറഞ്ഞ കാര്യങ്ങളിൽ എന്തെങ്കിലും ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ ചെയ്യാൻ കഴിയുമോ? ഈ മന്ത്രിയെവച്ചു കൊണ്ട് ചെയ്യാൻ കഴിയുമോ? കഴിയുകയില്ല. ഒട്ടേറെ വാഗ്ദാനങ്ങൾ പറഞ്ഞു. എല്ലാം നല്ലതാണ്. പക്ഷെ മൂന്നു കൊല്ലമായല്ലോ; എന്തു ചെയ്തു? ഇന്ന് ആരോഗ്യ വകുപ്പിന്റെ സ്ഥിതിയെന്താണ്? നാം ഗൗരവപൂർവ്വം ആലോചിക്കേണ്ടേ? കേരളത്തിൽ ഇത്രയേറെ സാധാരണക്കാരായ ആളുകൾ ഉറ്റുനോക്കുന്ന മറ്റേതെങ്കിലും ഒരു വകുപ്പുണ്ടോ? ഇന്ന് ഓരോ ദിവസത്തെയും പത്രവാർത്തകൾ എന്താണ്? കീമോതെറാപ്പിയിൽ അണുബാധമൂലം പത്തു കുട്ടികൾ മരിച്ചു. ആശുപത്രി തകർന്ന് വീണ് നാലു പേർ മരിച്ചു. നിരവധി പേർക്ക് പരിക്ക്. ആശുപത്രിയിൽ ചെന്ന രോഗിയെ ഡോക്ടർമാർ മർദ്ദിച്ചു. എന്നു

*(അദ്ധ്യക്ഷ വേദിയിൽ ഡോ. കെ.സി. ജോസഫ്)*

തുടങ്ങിയ വാർത്തകളുടെ പരമ്പരയാണ്. നമ്മുടെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ സ്ഥിതി എന്താണ്? ഇതെല്ലാം ത്രിതല പഞ്ചായത്തുസംവിധാനം വന്നതോടു കൂടി അവരെ ഏല്പിച്ചു എന്നു മന്ത്രി പറയും. ഗ്രാമങ്ങളിലെ ആശുപത്രികളിൽ പലതിലും ഡോക്ടർമാരുണ്ടോ? കിടത്തി ചികിത്സിക്കാൻ വാർഡുകളുള്ള ആശുപത്രികളിൽ ഇന്ന് രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ടോ? ആരു നോക്കുന്നു? പഞ്ചായത്തുകൾക്ക് പണം കൊടുത്തിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഇന്ന് അനാഥാലയങ്ങൾ പോലെ കിടക്കുന്നു. രോഗികളെ നോക്കാൻ ആളില്ല. അവിടെ ഡോക്ടർമാരേയും നേഴ്സുമാരെയും നിയമിക്കാൻ എന്തു നടപടി ഗവൺമെന്റു സ്വീകരിച്ചു? ഇന്ന് നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ രോഗികളുള്ളത് ക്യാൻസർ മേഖലയിലാണ്. ആരും നോക്കാനില്ലാതെ മരണവുമായി മല്ലടിക്കുന്ന ക്യാൻസർ രോഗികളെ നമുക്കു കാണാൻ കഴിയും. നമ്മുടെ സംസ്ഥാനത്ത് പെയിൻ ആന്റ് പാലിയേറ്റീവ് തെറാപ്പി എന്നു പറഞ്ഞ് ഒരു ചികിത്സാ സമ്പ്രദായമുണ്ട്. പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. ആ ക്ലിനിക്കുകൾ എവിടെയാണെന്നുള്ളതെല്ലാം അങ്ങേയ്ക്കറിയാമല്ലോ. ആ ക്ലിനിക്കുകൾ പ്രധാനമായും ക്യാൻസർ രോഗം പിടിപെട്ട് അവശരായ രോഗികൾക്ക് വേദന സംഹാരിയും മറ്റും കൊടുത്തുകൊണ്ട് അവരെ സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരുന്നതിന് അവരുടെ മാനസിക പിരിമുറുക്കം അവസാനിപ്പിക്കാൻ വേണ്ടിയുള്ളതാണ്. ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് അതു പോലെയുള്ള ക്ലിനിക്കുകൾ എവിടെയെങ്കിലും തുടങ്ങാൻ നടപടി സ്വീകരിച്ചോ? സഹകരണ അടിസ്ഥാനത്തിൽ സൊസൈറ്റികൾ രൂപീകരിച്ചുകൊണ്ട് സഹകരണ സംഘങ്ങളുടെ തന്നെ ധനസഹായത്തോടുകൂടി സംസ്ഥാനത്ത് ഇതുപോലെയുള്ള ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ രാജ്യത്തെ ക്യാൻസർ രോഗികളോട് അല്പമെങ്കിലും കരുണയുണ്ടെങ്കിൽ പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾ തുടങ്ങാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ടി.എൻ. ജയചന്ദ്രന്റെ റിപ്പോർട്ടിനെപ്പറ്റി പ്രൊഫ: മീനാക്ഷി തമ്പാൻ ഇവിടെ സൂചിപ്പിച്ചു. ആ റിപ്പോർട്ടിൽ എന്താണ് പറഞ്ഞിരിക്കുന്നത്? സംസ്ഥാനത്ത് ഡോക്ടർമാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ അവരുടെ സേവനവേതനവ്യവസ്ഥകൾ പരിഷ്കരിക്കണമെന്ന് ആ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇന്ന് ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതിനോട് എല്ലാവർക്കും വിയോജിപ്പാണ്. സ്വകാര്യ പ്രാക്ടീസ് നിരോധിക്കുന്നതോടൊപ്പം ഡോക്ടർമാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കണം. അവരുടെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികളെപ്പറ്റി ആലോചിക്കണം. നമ്മുടെ സംസ്ഥാനത്തെ ആശുപത്രികളിൽ, പ്രധാനപ്പെട്ട ജില്ലാ ആശുപത്രികളിലെങ്കിലും പേയിംഗ് ക്ലിനിക്കുകൾ തുടങ്ങാനുള്ള ആലോചനയുണ്ടാകണം. വൈകിട്ട് അഞ്ചു മണി മുതൽ-അതുവരെ വേണ്ട പേയിംഗ് ക്ലിനിക്കുകൾ തുടങ്ങിയാൽ അവിടെ സമ്പന്നരായ രോഗികൾ വരട്ടെ അവരിൽ നിന്നും പണം വാങ്ങട്ടെ അവർക്കും ഡോക്ടറെ കാണാനുള്ള സൗകര്യം കൊടുക്കട്ടെ. സമ്പന്നരായവർ എക്സ്-റേ, ലാബറട്ടറി ഒക്കെ ഉപയോഗപ്പെടുത്തിയാൽ അവരിൽ നിന്നും ,പണം ഈടാക്കുന്നതിൽ തെറ്റില്ല. സ്വകാര്യ പ്രാക്ടീസ് ഇല്ലെങ്കിൽപ്പോലും വൈകുന്നേരങ്ങളിൽ ആശുപത്രികളിൽ ഇതു പോലെയുള്ള ക്ലിനിക്കുകൾ തുടങ്ങിയാൽ രോഗികൾക്ക് ഡോക്ടർമാരെ കാണാനുള്ള സൗകര്യമുണ്ടാകും. സമ്പന്നരായവർക്കും പാവപ്പെട്ടവർക്കും അതിനുള്ള സൗകര്യമുണ്ടാകും. അതിനുവേണ്ട നടപടി സ്വീകരിക്കണം. സ്പെഷ്യാലിറ്റി കോംപ്ലക്സിനുള്ള ഒരു വലിയ കെട്ടിടം കോഴിക്കോട് പണി പൂർത്തിയായി കിടക്കുന്നു. തിരുവനന്തപുരത്ത് കെട്ടിടം പണി പൂർത്തിയായികിടക്കുന്നു. സ്പെഷ്യാലിറ്റി ക്ലിനിക്കുകളുടെ പ്രവർത്തനങ്ങളെപ്പറ്റി വാതോരാതെ പ്രഖ്യാപനങ്ങളുണ്ട്. എന്താണ് നമുക്ക് ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്? ആ കാര്യത്തിൽ ആവശ്യമായ പണം നീക്കി വയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഈ പ്രധാനപ്പെട്ട മേഖലയിലേക്ക് ആവശ്യമായ പണം നീക്കിവയ്ക്കാൻ ഈ ഗവൺമെന്റ് വന്നതിനുശേഷം കഴിഞ്ഞിട്ടുണ്ടോ? ചുരുക്കി പറഞ്ഞാൽ കേരളത്തിലെ ആരോഗ്യരംഗം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കാര്യമായി ഒന്നും ചെയ്യാത്ത ഒരു ഗവൺമെന്റ് എന്നുള്ളതു കൊണ്ടും ഇനി അങ്ങോട്ടും ഇതു പോലെയുള്ള കാര്യങ്ങൾക്കായി തുക മാറ്റി വച്ചിട്ടില്ല എന്നുള്ളതു കൊണ്ടും രാജ്യത്തെ അനേകായിരം രോഗികളോട് കരുണയുള്ള ഒരു പൊതു പ്രവർത്തകൻ എന്നുള്ളതു കൊണ്ടും ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു.

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ വൈദ്യ സഹായ രംഗം വളരെയേറെ മെച്ചപ്പെട്ടതാണ്. ജനനനിരക്ക് നിയന്ത്രിക്കുന്ന കാര്യത്തിലും ആയൂർദൈർഘ്യം വർദ്ധിപ്പിക്കുന്ന കാര്യത്തിലും ശിശുമരണ നിരക്ക് കുറച്ചു കൊണ്ടു വരുന്ന കാര്യത്തിലുമെല്ലാം ഇതര സംസ്ഥാനങ്ങളെക്കാൾ നമ്മൾ വളരെ മുൻപന്തിയിലാണ്. വൈദ്യശുശ്രൂഷാ രംഗത്തിനും പൊതുജനാരോഗ്യത്തിനും വേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന

LIBRARY ARCHIVES Kerala Legislative Assembly

കാലത്ത് മുന്നൂറ്റി അൻപത്താറു കോടി അൻപത്തിയേഴു ലക്ഷത്തി പതിനായിരം രൂപയാണ് നീക്കി വച്ചിരുന്നത്. 1998-99-ൽ അഞ്ഞൂറ്റി നാല്പത്തേഴു കോടി ഒരു ലക്ഷത്തി എൺപത്തീരായിരം രൂപ വക കൊള്ളിച്ചിട്ടുണ്ട്. അതു പോലെ കുടുംബക്ഷേമത്തിനു 1995-96-ൽ അറുപത്തിയൊന്നു കോടി മുപ്പതു ലക്ഷം രൂപയാണെന്നു കാണാൻ കഴിയും. ആരോഗ്യ വകുപ്പിന്റെ കാര്യത്തിൽ 1995-96-ൽ നാനൂറ്റി പതിനേഴു കോടി എൺപത്തേഴു ലക്ഷത്തി എൺപതിനായിരം രൂപ വക കൊള്ളിച്ചിരുന്നെങ്കിൽ അത് ഇപ്പോൾ അറുന്നൂറ്റിയേഴു കോടി രൂപയാണ്. ഈ രംഗത്ത് നമുക്ക് ഫലപ്രദമായ നടപടികൾ എടുക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും കുറെക്കൂടി മെച്ചപ്പെട്ട സാഹചര്യങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ക്യാൻസർ ചികിത്സയുടെ കാര്യത്തിൽ ഫലപ്രദമായ സൗകര്യങ്ങൾ സർക്കാർ തലത്തിൽ ചെയ്തു കൊടുക്കാൻ കഴിയുന്നില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിൽപ്പോലും അതിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കാൻ കഴിയുന്നില്ല. മാനസികരോഗികളുടെ കാര്യത്തിൽ വളരെ പ്രാകൃതമായ സമീപനമാണ് നമ്മൾ സ്വീകരിച്ചിരിക്കുന്നത്. ഇപ്പോഴുള്ള സെൽ സമ്പ്രദായം അവസാനിപ്പിച്ചു കൊണ്ട് ആധുനിക രീതിയിലുള്ള ചികിത്സ നൽകാൻ കഴിയണം. അതിനുവേണ്ടി ഒരു മെന്റൽ ഹെൽത്ത് അതോറിറ്റി രൂപീകരിച്ചു കൊണ്ട് മുന്നോട്ടുപോകേണ്ടതുണ്ട്. മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം ഇന്ന് തൃപ്തികരമല്ലാത്തതിനാൽ എല്ലാ മെഡിക്കൽ കോളേജുകളേയും യോജിപ്പിച്ചു കൊണ്ട് ഒരു പ്രത്യേക സ്വയംഭരണാവകാശമുള്ള അതോറിറ്റി രൂപീകരിച്ചു കൊണ്ട് കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം ഈ രംഗത്ത് കാഴ്ചവയ്ക്കാൻ നമുക്കു കഴിയണം. പൊതുജനാരോഗ്യ രംഗത്ത് 2015-ൽ നേടേണ്ട നേട്ടങ്ങൾ നമ്മൾ ഇതിനകം നേടിക്കഴിഞ്ഞു എന്നാണു പറയുന്നത്. ഇതെല്ലാം പറയുന്നുണ്ടെങ്കിലും നമ്മുടെ സംസ്ഥാനത്തിന്റെ പല ഭാഗത്തും ഈ രംഗത്തെ വളർച്ച ഒരുപോലെയല്ല എന്നുള്ള യാഥാർത്ഥ്യം നിലനിൽക്കുകയാണ്. ഇടുക്കി പോലെയുള്ള പിന്നോക്ക ജില്ലകൾ ഈ രംഗത്ത് വളരെ പിന്നിലാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം 12 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ അനുവദിക്കുകയുണ്ടായി. ഒരു പഞ്ചായത്തിൽ ഒന്ന് എന്ന കണക്കിലാണ് അനുവദിച്ചിട്ടുള്ളത്. പിന്നോക്കം നിൽക്കുന്ന ജില്ലകളെ സംബന്ധിച്ചിടത്തോളം ഈ മാനദണ്ഡത്തിൽ വ്യത്യസ്തത കാണാൻ കഴിയണം. ഇടുക്കി ജില്ലയിലെ ഒരു പഞ്ചായത്ത് എന്നു പറഞ്ഞാൽ ആലപ്പുഴ ജില്ലയേക്കാൾ വലിയ ഭൂപ്രദേശമാണ്. ഇടുക്കി പോലുള്ള ജില്ലകളിൽ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ അനുവദിക്കാൻ കഴിയണം. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ 20 എണ്ണം ഈ ഗവൺമെന്റ് അനുവദിക്കുകയുണ്ടായി. അവിടെയും ഇടുക്കി പോലുള്ള പ്രദേശങ്ങൾക്ക് അവഗണനയാണ്. എന്റെ ജില്ലയുടെ സ്ഥിതിയാണെങ്കിൽ പ്രാഥമികാരോഗ്യ രംഗത്ത് കാര്യമായ പരിഗണന കിട്ടുന്നില്ല. ആശുപത്രികളിൽ ഡോക്ടർമാർ ഇല്ലാത്ത ഒരവസ്ഥ നിലനിൽക്കുന്നു. ആശുപത്രികളുടെ പരിരക്ഷ ഉറപ്പു വരുത്താൻ നമ്മുടെ പദ്ധതി വിഹിതത്തിൽ 40 ശതമാനം കൊടുത്തുകൊണ്ട് ത്രിതല പഞ്ചായത്തുകൾക്ക് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെയും ജില്ലാ ആശുപത്രികളുടെയും പ്രവർത്തനങ്ങൾ ഒക്കെ ഏല്പിച്ചു കൊടുക്കുന്ന ഒരു നയമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ത്രിതല പഞ്ചായത്തുകൾക്ക് ഈ ആശുപത്രികളിലെ പരിരക്ഷ ഉറപ്പുവരുത്താൻ കഴിയുന്നില്ല. ഈ പഞ്ചായത്തുകളിലുള്ള ഇത്തരം സ്ഥാപനങ്ങളെ എല്ലാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും സംരക്ഷിക്കാനാവശ്യമായ പദ്ധതി വിഹിതം നിർണ്ണയിക്കണം. ഒരു പഞ്ചായത്തിൽ ഒന്നിലേറെ ആശുപത്രികളുണ്ടെങ്കിൽ ആ ആശുപത്രികളെ പരിരക്ഷിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടു പോകാനുള്ള പദ്ധതി വിഹിതം കൊടുക്കണം. വേണ്ടത്ര അറ്റകുറ്റപ്പണികൾ തീർത്തു കൊണ്ടും കൂടുതൽ കെട്ടിടങ്ങൾ നിർമ്മിച്ചുകൊണ്ടും മുന്നോട്ട് പോകാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട ഗവൺമെന്റ് ആ കാര്യം കൂടി പരിഗണിക്കണം. ഇടുക്കി ജില്ലയെ സംബന്ധിച്ചിടത്തോളം പ്രകൃതി ക്ഷോഭം, ഉരുൾപ്പൊട്ടൽ, കാട്ടുമൃഗങ്ങളുടെ ആക്രമണം ഇങ്ങനെയെല്ലാം അപകടങ്ങളിൽപ്പെടുന്ന ആളുകളെ രാത്രികാലങ്ങളിൽ ജില്ലയ്ക്ക് പുറത്തു കൊണ്ടു പോകാൻ കഴിയാത്ത സ്ഥിതിയാണ്. വൈകിട്ട് ആറേഴ് മണി കഴിഞ്ഞാൽ ആനകളുടെ ശല്യം മൂലം യാത്ര പോലും അസാദ്ധ്യമാകുന്ന ഒരു സ്ഥിതി അവിടെ നിലനിൽക്കുന്നുണ്ട്. ഇടുക്കി ജില്ലാ ആശുപത്രിയുടെ സ്ഥിതി ഒരു പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ സ്ഥിതിയേക്കാൾ മോശമാണ്. ഈ കാര്യങ്ങളിൽ കൂടുതൽ പരിഗണനയുണ്ടാകണം. കൂടുതൽ ആരോഗ്യസ്ഥാപനങ്ങൾ, ആശുപത്രികൾ, ഡിസ്പെൻസറികളൊക്കെ അനുവദിക്കുമ്പോൾ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾക്ക് ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിൽ അതിന്റേതായ പരിഗണന കൊടുക്കാൻ ബഹുമാനപ്പെട്ട ഗവൺമെന്റും മന്ത്രിയും തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിൻതാങ്ങുന്നു.

ശ്രീ. ബാബു ദിവാകരൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. നമ്മുടെ വൈദ്യസഹായരംഗം ഇന്ന് വളരെ രൂക്ഷമായ ഒരു പ്രതിസന്ധിയിൽപ്പെട്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന് ആരോഗ്യ രംഗത്ത് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങളെക്കുറിച്ച് അപ്പുറത്തും ഇപ്പുറത്തുമുള്ള അംഗങ്ങൾ വിശദീകരിച്ചതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. വൈദ്യസഹായരംഗത്ത്, അല്ലെങ്കിൽ ആരോഗ്യ പരിപാലനരംഗത്ത് നമ്മുടെ രാജ്യത്തിന് ഒരു പ്രത്യേക സ്ഥാനമുണ്ട്. ഇനി ആ സ്ഥാനം നിലനിർത്തണമെങ്കിൽ നാം വളരെ ശുഷ്കാന്തിയോടു കൂടി, ഗൗരവതരമായി തന്നെ ആ രംഗത്തെ കാണേണ്ടതുണ്ട്. ഇന്ന് വൈദ്യസഹായരംഗമെന്നു പറയുന്നത്, ചികിത്സാരംഗമെന്നു പറയുന്നത് വളരെ ചെലവേറിയ ഒന്നാണ്. ഇന്ന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തൊട്ട് മെഡിക്കൽ കോളേജുകൾവരെയുള്ള നമ്മുടെ ഇൻഫ്രാസ്ട്രക്ചർ തികച്ചും അപര്യാപ്തമാണ്.. ആരോഗ്യം നിലനിർത്തണമെന്നുണ്ടെങ്കിൽ ഒരു വൻപിച്ച തുക നമുക്കാവശ്യമാണ്. അത് കണ്ടെത്താനും ആരോഗ്യരംഗം വിപുലീകരിക്കാനും കഴിയില്ലെങ്കിൽ നമ്മുടെ നേട്ടങ്ങൾ നിലനിർത്താൻ കഴിയുകയില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഒരു പ്രതിസന്ധി ഘട്ടത്തിലാണെന്ന്. ഇന്ന് ആധുനികോപകരണങ്ങളുടെ വില വർദ്ധിച്ചു കൊണ്ടിരിക്കുന്നു. മരുന്നുകളുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതിനാവശ്യമായ സ്റ്റാഫിന്റെ എണ്ണം ,നമുക്ക് നിലനിർത്താൻ കഴിയുന്നില്ല. ഇപ്പോൾത്തന്നെ അങ്ങേക്കും നമുക്കുമറിയാം എം.പി. ഫണ്ടിൽ നിന്നും ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഒരുപാട് ആശുപത്രി കെടിടങ്ങളുണ്ടാക്കുന്നു. അതിൽ പലതും സ്റ്റാഫില്ലാത്തതുകൊണ്ട് നമുക്ക് തുടങ്ങാൻ കഴിയുന്നില്ല. അതിന് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, എന്തെല്ലാം പ്രശ്നങ്ങളുണ്ടെങ്കിലും അങ്ങനെയുണ്ടാക്കുന്ന ആശുപത്രികൾക്കെങ്കിലും ആവശ്യമായ ഉപകരണങ്ങളും സ്റ്റാഫും നൽകാൻ കഴിയണം. അവിടെ പ്രവൃത്തിയെടുക്കുന്ന ഡോക്ടർമാരെയോ നേഴ്സുമാരെയോ അല്ലെങ്കിൽ സ്റ്റാഫിനെയോ നമ്മൾ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അവിടെ ചികിത്സക്കായി വരുന്ന രോഗികളുടെ എണ്ണവും നമുക്ക് നൽകാൻ കഴിയുന്ന സാഹചര്യങ്ങളും താരതമ്യപ്പെടുത്തിയാൽ അതിന്റെ ബുദ്ധിമുട്ടുകൾ നേരിട്ട് മനസ്സിലാക്കാൻ കഴിയും. അത് കുറച്ചുകൊണ്ട് വരണമെങ്കിൽ ഇതിന്റെ ചെലവ് വർദ്ധിക്കും. അതു

LIBRARY ARCHIVES Kerala Legislative Assembly

Page 45 of 102

കൊണ്ട് സൗജന്യചികിത്സയെന്നു പറയുന്ന നമ്മുടെ സങ്കൽപ്പത്തിൽ മാറ്റം വരുത്തണം. ദാരിദ്ര്യരേഖയ്ക്ക് താഴെ നിൽക്കുന്നവർക്ക് മാത്രമേ നമുക്ക് സൗജന്യ ചികിത്സ നൽകാൻ കഴിയൂ. അതാണ് നമ്മുടെ സ്ഥിതി. കഴിയാത്ത ഒരു കാര്യത്തിനു വേണ്ടി നാം ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ളതാണ് വൈദ്യസഹായ രംഗം ഇന്ന് നേരിടുന്ന പ്രശ്നം. ആ കാര്യത്തിൽ നമുക്ക് ഒരു പുതിയ കാഴ്ചപ്പാടുണ്ടായേമതിയാകൂ. എനിക്ക് ഈ കാര്യത്തിൽ ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും എക്സ്പെൻസീവായിട്ടുള്ള ചികിത്സയാണ് ഹൃദ്രോഗത്തേയും ക്യാൻസറിനേയും സംബന്ധിച്ചുള്ള ചികിത്സ., ഇന്ന് സാധാരണക്കാരായിട്ടുള്ളവർക്ക് ഇതിന്റെ ചികിത്സ വളരെ പരിമിതമാണ്. എത്രയോ രോഗികൾ അവർക്കാവശ്യമായ ചികിത്സ ലഭിക്കാതെ കേരളത്തിലുണ്ട്. നമ്മൾ പാവപ്പെട്ട രോഗികൾക്ക് ഹൃദ്രോഗ ചികിത്സക്ക് പ്രത്യേക ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. അത് ക്യാൻസറിനും കൂടി ബാധകമാക്കാൻ ജില്ലാ തലത്തിലെങ്കിലും അതിനുള്ള സൗകര്യങ്ങളുണ്ടാക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. അതുപോലെ തന്നെ മരുന്നുകളുടെ വില വർദ്ധനവ് അടുത്തകാലത്ത്, ഇൻസുലിൻ, കാർഡിയോളജി സംബന്ധമായ രോഗങ്ങൾക്കുള്ള അതുപോലെ സാധാരണക്കാരെ നേരിട്ട് ബാധിക്കുന്ന മരുന്നുകളുടെ വില ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് ഈ രോഗങ്ങൾക്കുള്ള ചികിത്സ കഴിയുന്നത്ര ജനങ്ങളിലേക്ക് എത്തിക്കാൻ കഴിയുന്നില്ല. അതു കൊണ്ട് വൈദ്യസഹായരംഗത്തെ സംബന്ധിച്ചിടത്തോളം നൂറ്റാണ്ടിന്റെ മാറ്റത്തിലുണ്ടാകുന്ന കാഴ്ചപ്പാട് ഉൾക്കൊള്ളാൻ നമുക്ക് കഴിയണം. ഒരു പക്ഷെ ഇതിനു കൊണ്ടുവന്നിരിക്കുന്ന ഡിമാന്റ് സത്യത്തിൽ നമ്മുടെ സംസ്ഥാനത്തിലെ ആരോഗ്യപരിപാലനരംഗത്തിന് മതിയാകുന്നതല്ലെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ആ കാര്യത്തിൽ ഒരു പുതിയ കാഴ്ചപ്പാടോടുകൂടി മുന്നോട്ടുപോകണം.

അതുപോലെതന്നെ ഫിഷറീസ് മേഖലയിലുണ്ടായിട്ടുള്ള മാറ്റങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചു. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിത നിലവാരമുയർത്തുന്നതിനു ഒരുപിടിക്ഷേമ നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ മൂന്നു വർഷക്കാലം കൊണ്ട് ആ രംഗത്തുണ്ടായ മാറ്റം അഭിനന്ദനാർഹമാണ്. വ്യക്തമായ കാഴ്ചപ്പാടോടുകൂടി ഫിഷറീസ് മേഖലയെ മുതൽ കൂട്ടുന്നതിന് എങ്ങനെ നമ്മുടെ സംസ്ഥാനത്തിന്റെയും സമ്പദ്ഘടനയുടെയും അഭിവൃദ്ധിക്കു വേണ്ടി അതിനെ മാറ്റാൻ കഴിയുമെന്നുള്ളതു സംബന്ധിച്ചും വ്യക്തമായ കാഴ്ചപ്പാടോടുകൂടിയുള്ള ഒരു പരിപാടി ആ രംഗത്ത് നടക്കുന്നുവെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ആ കാര്യത്തിലുള്ള നേട്ടം. ആ നേട്ടം പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് ഉപയുക്തമാകുന്ന രീതിയിൽ കൂടുതൽ ഊർജ്ജസ്വലതയോടുകൂടി നടപ്പിലാക്കാൻ നമുക്ക് കഴിയണം. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഗവൺമെന്റ് തുടങ്ങിവച്ചിട്ടുള്ള പരിപാടികളുമായി മുന്നോട്ടു പോകണം.

അതുപോലെ നമ്മുടെ സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തെ സംബന്ധിച്ചിടത്തോളം നമുക്ക് ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടതായിട്ടുണ്ട്. ഇപ്പോൾ ചെറിയ രണ്ടുമൂന്ന് പോർട്ടുകളുടെ വികസനത്തിൽ മാത്രം താൽപ്പര്യമെടുത്തുകൊണ്ട് മുന്നോട്ടു പോകുകയാണ്. കൊല്ലത്തെ തങ്കശ്ശേരി- ഒരു ഫിഷിംഗ് ഹാർബർ എന്നുള്ള നിലയിലാണ് പ്രവർത്തനമാരംഭിച്ചതെങ്കിലും അത് നല്ലൊരു പോർട്ടായി വികസിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ വളരെ വലുതാണ്. അതിന് ചില എം.ഒ.യു. കൾ ഒപ്പിട്ട



LIBRARY ARCHIVES Kerala Legislative Assembly

തായും അറിയുന്നു. അതുപോലെ അവിടെ ഡ്രെഡ്ജിംഗ് നടക്കുന്നുണ്ട്. നമുക്ക് പോർട്ടിന്റെ വികസനത്തിന് ആവശ്യമായ ഡ്രെഡ്ജറുകൾ സമാഹരിക്കാൻ കഴിയണം. വിഴിഞ്ഞം പോർട്ടിന്റെ പ്രവർത്തനങ്ങൾ കഴിഞ്ഞ എത്രയോ വർഷങ്ങളായി കേട്ടു കൊണ്ടിരിക്കുകയാണ്. അവിടത്തെ നാട്ടുകാർക്ക് ഇതു വരെ അതിന്റെ പ്രയോജനമുണ്ടായിട്ടില്ല. നമ്മുടെ ഗവൺമെന്റിനും നാടിനും പ്രയോജനമുണ്ടായിട്ടില്ല. ഇതിനകം എത്രയോ കോടി രൂപ വിഴിഞ്ഞം പോർട്ടിന്റെ വികസനത്തിനു വേണ്ടി ചെലവഴിച്ചു. ഒരു നയാപൈസയുടെ പ്രയോജനമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അത് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയണം. അതുപോലെ വൈദ്യസഹായരംഗത്തെക്കുറിച്ച് സംസാരിക്കുമ്പോൾ നമ്മുടെ നാട്ടിൽ ക്യാൻസർ പോലുള്ള രോഗങ്ങൾ വ്യാപിക്കുന്നത് പൊല്യൂഷൻ കൊണ്ടാണ്. നമ്മുടെ സംസ്ഥാനത്ത് പൊല്യൂഷൻമൂലം ഉണ്ടായിക്കൊണ്ടിരിക്കുന്ന രോഗങ്ങൾ വൈദ്യസഹായരംഗത്തിന് ഏറ്റവും വലിയ ഭീഷണിയാണ്. "Prevention is better than cure" എന്നു പറയുന്നതുപോലെ പൊല്യൂഷൻ കൺട്രോൾ ചെയ്യാൻ നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങളെ കൂടുതൽ സജ്ജീവമാക്കണം. അതിന് എല്ലാ ജില്ലകളിലും ഓഫീസുകൾ തുടങ്ങുന്നതിനെക്കുറിച്ചൊക്കെ പറഞ്ഞു. അതിനാവശ്യമായ ഉപകരണങ്ങൾ നൽകുന്നതും അതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതും അത് കൂടുതൽ ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും ആരോഗ്യപരിപാലനരംഗത്ത് വളരെയധികം സഹായം ചെയ്യുന്നതായിരിക്കും. അതിനുവേണ്ടി ചെലവഴിക്കുന്ന തുക തീർച്ചയായും മറ്റൊരു രംഗത്തു നിന്ന് നമുക്ക് ലാഭിക്കാൻ കഴിയുന്നതാണ്. അതിനുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധപതിയണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഒരിക്കൽ കൂടി ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ഈ മന്ത്രിസഭയിൽ ആര് ആരോഗ്യവകുപ്പുമന്ത്രിയാകണമെന്നുള്ള കാര്യം ഞങ്ങൾ തീരുമാനിച്ചുകൊള്ളാം. അതിന് ബഹുമാനപ്പെട്ട ജോണി നെല്ലൂരിന്റെ വിദഗ്ധോപദേശം ആവശ്യമില്ലെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിങ്ങളുടെ മുന്നണിയിലെ കാര്യങ്ങളും പാർട്ടി കാര്യങ്ങളും നിങ്ങൾ ശ്രദ്ധിച്ചാൽ മതി. അതിനപ്പുറം ഉപദേശങ്ങളും നിർദ്ദേശങ്ങളുമാവശ്യമില്ലെന്ന് ഞാൻ സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. ശ്രീ. ജോണിയുടെ പാർട്ടിയും ശ്രീ. മാണിയുടെ പാർട്ടിയും തമ്മിൽ തല്ലുന്നത് എന്റെ മണ്ഡലത്തിൽ ഒരു നിത്യസംഭവമാണ്. അവിടെ നടക്കുന്ന റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയിൽ രണ്ടു പാർട്ടികളും ഇന്ന് മൽസരരംഗത്താണ്. നിങ്ങൾ ആ പ്രശ്നങ്ങൾ പരിഹരിച്ചാൽ മതി. ഇങ്ങോട്ട് ഉപദേശം ആവശ്യമില്ലെന്ന് ഞാൻ ഒരിക്കൽക്കൂടി വ്യക്തമാക്കുകയാണ്. ആരോഗ്യസംരക്ഷണ രംഗത്ത് കേരളം ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. 2015-ൽ നമ്മുടെ രാജ്യം കൈവരിക്കേണ്ട ആധുനിക പദ്ധതികൾ ഇപ്പോൾത്തന്നെ ഈ സംസ്ഥാനത്ത് നടപ്പിൽ വരുത്താൻ തുടങ്ങിയിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കഴിഞ്ഞ മൂന്നുവർഷം ആരോഗ്യവകുപ്പിനെ സംബന്ധിച്ചിടത്തോളം നേട്ടങ്ങളുടെ വർഷമാണ്. സമൂഹത്തിൽ ഏറ്റവും അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് പരമാവധി വൈദ്യസഹായം എത്തിക്കുകയെന്നതാണ് 9-ാം പഞ്ചവൽസര പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിക്കേണ്ട ഇരുപതോളം പി.എച്ച്.സി-കൾ ഈ ഗവൺമെന്റ് ആരംഭിച്ചു. 12 പഞ്ചായത്തുകളിലും പി.എച്ച്.സി.കൾ നിലവിൽ വന്നിരിക്കുകയാണ്. കഴിഞ്ഞ 40 വർഷം കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ സംസ്ഥാനത്ത് 369 ഹോമിയോ ഡിസ്പെൻസറികളാണ്. സ്ഥാപിച്ചതെങ്കിൽ ഈ സർക്കാർ മൂന്നു വർഷം കൊണ്ട് 80 ഡിസ്പെൻസറികൾ ആരംഭിച്ചു. ഈ വർഷം 50 എണ്ണം കൂടി ആരംഭിക്കും എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രസ്താവിച്ചിട്ടുള്ളത്. പല പി.എച്ച്.സി.കളും സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിരിക്കുന്നു. ഇതൊന്നും പ്രതിപക്ഷത്തിനു കാണാൻ സാധിക്കുന്നില്ല. മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും മാത്രം ലഭ്യമായിരുന്ന മാതൃ-ശിശു ചികിത്സാ സൗകര്യങ്ങൾ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഇടത്തരം ആശുപത്രികളിൽക്കൂടി ലഭ്യമാക്കി ഈ കേന്ദ്രങ്ങളെ എഫ്.ഐ. യൂണിറ്റുകളാക്കി, പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. പാവപ്പെട്ടവർക്ക് ചികിൽസയ്ക്കാവശ്യമായ സാമ്പത്തിക സഹായം നൽകാൻ വേണ്ടി ഈ സർക്കാർ സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ വകുപ്പിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രി മുമ്പാകെ ഏതാനും ചില നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത കൂടിക്കൂടി വരികയാണ്. ഇപ്പോൾ കൂടുതൽ ജനങ്ങൾ ഗവൺമെന്റ് ആശുപത്രികളായ പി.എച്ച്.സി.കളെ ആശ്രയിച്ച് മുന്നോട്ടുപോകുകയാണ്. ഗ്രാമീണ ജനങ്ങൾ ബഹുഭൂരിപക്ഷവും പി.എച്ച്. സി.കളെ ആശ്രയിക്കുന്നതുകൊണ്ട് ആധുനിക ചികിൽസാ ഉപകരണങ്ങളും സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെ സേവനവും ഈ പി.എച്ച്.സി.കളിൽ ലഭ്യമാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കിടത്തി ചികിൽസിക്കാനുള്ള സൗകര്യം ഗ്രാമീണ പി.എച്ച്.സി.കളിൽ ഉണ്ടാകണം. പൂർത്തിയായി കിടക്കുന്ന പല കെട്ടിടങ്ങളും ഇന്ന് പ്രവർത്തിക്കുന്നില്ല. അത് തുറന്നു പ്രവർത്തിപ്പിക്കാൻ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട്, ബഡ്ജറ്റിൽ അതിനുവേണ്ടുന്ന തുകകൾ ഉൾപ്പെടുത്തിക്കൊണ്ട് അത് പ്രവർത്തിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ ഗ്രാമങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നില്ല. പലപ്പോഴും നിയമിക്കപ്പെടുന്ന ഡോക്ടർമാർ ലീവെടുത്തു പോകുന്നു. അതുകൊണ്ട് നിയമനം നടത്തുമ്പോൾ നിർബന്ധമായും മൂന്നു വർഷമെങ്കിലും ഗ്രാമങ്ങളിൽ സേവനം അനുഷ്ഠിച്ചിരിക്കണമെന്ന് ഡോക്ടർമാർക്ക് നിർദ്ദേശം നൽകണം. ഇപ്പോൾ മരുന്നുകളുടെ വില വർദ്ധിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ആശുപത്രികളിൽ മരുന്നിന്റെ അലോട്ടുമെന്റ് വർദ്ധിപ്പിക്കണം. കണ്ണൂർ കേന്ദ്രമാക്കി ഒരു പഞ്ചകർമ്മ ആശുപത്രി സ്ഥാപിക്കണം. കണ്ണൂർ ജില്ലാ ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. വളരെയേറെ പ്രശ്നങ്ങൾ ഇവിടെ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് ഈ ജില്ലാ ആശുപത്രിയെ വികസിപ്പിച്ച് ആധുനിക ചികിൽസയ്ക്കുവേണ്ട എല്ലാ തസ്തികകളും ഇവിടെ ഏർപ്പെടുത്തണമെന്നു പറഞ്ഞുകൊണ്ട്, ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങികൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. ടി. നാണുമാസ്റ്റർ</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. അപ്പുറത്തിരിക്കുന്ന കോൺഗ്രസ് സുഹൃത്തുക്കൾ ഉൾപ്പെടുന്ന പ്രതിപക്ഷങ്ങളെല്ലാം പറയുന്നത് ഈ ഗവൺമെന്റ് ഭരിച്ചു ഭരിച്ച് മൽസ്യത്തൊഴിലാളികളുടെ ജീവിതനിലവാരം താഴോട്ടു പോകുന്നുവെന്നാണ്. യഥാർത്ഥ വസ്തുത അവർ മറച്ചു വയ്ക്കുകയാണ്. 1989-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് ട്രോളിംഗ് നിരോധനം കൊണ്ടു വന്നത് ആർക്കു വേണ്ടിയാണ്? കടലിന്റെ മക്കൾക്കു വേണ്ടിയാണ്. പട്ടിണി അനുഭവിക്കുന്നവർക്കു വേണ്ടിയാണ്. അതേയവസരത്തിൽ നിങ്ങളുടെ കേന്ദ്ര ഗവൺമെന്റ് വിദേശ കപ്പലുകൾക്ക്

വൻതോതിൽ മൽസ്യസമ്പത്ത് കൊള്ളയടിച്ച് വിദേശത്തേയ്ക്കു കൊണ്ടു പോകാനുള്ള ലൈസൻസ് കൊടുക്കുകയാണ് ചെയ്തത്. അതൊന്നും പറയണ്ട. യഥാർത്ഥത്തിൽ ഈ നയത്തിന് അനുകൂലമായ നയമാണ് പിന്നീട് വന്ന യു.ഡി.എഫ്. ഗവൺമെന്റ് എടുത്തത്. എന്നിട്ടിപ്പോൾ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി മുതലക്കണ്ണീർ പൊഴിക്കുന്നത് ആർക്കുവേണ്ടിയാണെന്നത് ഇപ്പോൾ വ്യക്തമാണ്. മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്ന, രക്ഷിക്കുന്ന ഒരു ഗവൺമെന്റാണ് എൽ.ഡി.എഫ്. ഗവൺമെന്റ് എന്നുള്ള കാര്യം നിങ്ങൾ മറക്കണ്ട. അതുപോലെതന്നെ നമ്മുടെ പൊതുജനാരോഗ്യരംഗത്തെക്കുറിച്ചു പറഞ്ഞാൽ ഗ്രാമീണ ജനങ്ങളുടെ, പാവപ്പെട്ട ആളുകളുടെ ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ടാണ് ഈ ഗവൺമെന്റ് കഴിഞ്ഞ 3 കൊല്ലക്കാലമായി ചില നയസമീപനങ്ങളും നടപടികളും എടുത്തിട്ടുള്ളത്. ഈ വർഷം തന്നെ ഈ രംഗത്ത് വളരെയേറെ മുന്നോട്ടുപോകാൻ നമുക്ക് സാധിച്ചിട്ടുണ്ട്. 9 കോടി രൂപയുടെ ചികിൽസാ ഉപകരണങ്ങൾ വാങ്ങി. അത് പ്രദർശനത്തിനല്ല. അതുപോലെ 35 കോടിയോളം രൂപയുടെ മരുന്നുകൾ വാങ്ങി. പി.എച്ച്.സി.കൾ കാര്യക്ഷമമാക്കാൻ, മരുന്നുകൾക്ക് അനുഭവപ്പെടുന്ന ദാരിദ്ര്യം ഇല്ലാതാക്കാൻ വേണ്ടിയുള്ള നടപടികൾ എടുക്കുന്നു. അത് വിപ്ലവകരമായ മാറ്റങ്ങളാണ്. അതുപോലെതന്നെ മുൻഗവൺമെന്റിന്റെ കാലത്ത് കെട്ടിടങ്ങൾ ഉണ്ടാക്കി പി.എച്ച്.സി.കൾക്ക് കൊടുത്തു പക്ഷെ പ്രവർത്തനമില്ലായിരുന്നു. ഇത്തരത്തിലുള്ള ഇരുപതോളം പി.എച്ച്.സി.കൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പ്രവർത്തനമാരംഭിച്ചു. ഇനിയും കുറച്ചുകൂടി ഉണ്ടാകും. അത് വളരെ വേഗം പ്രവർത്തനമാരംഭിക്കാനുള്ള നടപടികളെടുക്കുന്നത് ആശ്വാസകരമാണ്. അതുപോലെതന്നെ കഴിഞ്ഞ 40 കൊല്ലം കൊണ്ട് 369 ഹോമിയോ ഡിസ്പെൻസറികൾ ആരംഭിച്ച നമ്മുടെ സംസ്ഥാനത്ത് ഈ ഗവൺമെന്റ് വന്നശേഷം 3 കൊല്ലം കൊണ്ട് 80 ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ച് പ്രവർത്തനമാരംഭിച്ചു. ആയൂർവേദ ചികിൽസാ സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, ഓരോ പഞ്ചായത്തിലും ആയൂർവേദ ഡിസ്പെൻസറികൾ തുടങ്ങാനുള്ള നടപടികളെടുത്തു. ഈ രംഗത്ത് വിപ്ലവകരമായ പ്രയാണമാണ് കാണുന്നത്. എന്നാൽ സൗകര്യങ്ങളെല്ലാം യഥാസമയം പാവപ്പെട്ടവർക്ക് ലഭ്യമാക്കുന്നുണ്ടോ ഇല്ലയോ എന്നുള്ള കാര്യത്തിൽ കാര്യക്ഷമമായ പരിശോധന ആവശ്യമാണ്. ആ രംഗത്തുള്ള പോരായ്മകൾ പരിഹരിക്കാൻ കഴിയണം. ഇപ്പോൾത്തന്നെ ഒരു സൊസൈറ്റി രൂപീകരിച്ചു. പാവപ്പെട്ട ആളുകൾ ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്കു വരുമ്പോൾ സാമ്പത്തികമായി പരാധീനത അനുഭവിക്കുന്ന ജനങ്ങളെ സഹായിക്കാൻ 24,000 രൂപവരെ വാർഷിക വരുമാനമുള്ള ആളുകളെ സഹായിക്കാൻ വേണ്ടിയുള്ള ഒരു സൊസൈറ്റി ഉണ്ടാക്കി. കൂടുതൽ പേർക്ക് സഹായം ലഭിക്കാൻ വേണ്ടി ഇതിന്റെ വരുമാന പരിധി കുറച്ചുകൂടി ഉയർത്തണമെന്നാണ് എനിക്കു പറയാനുള്ളത്. അതുപോലെ ക്ഷയരോഗനിവാരണ പദ്ധതി ഈ ഗവൺമെന്റ് ആവിഷ്കരിച്ചു. ക്ഷയരോഗത്താൽ കഷ്ടപ്പെടുന്നവർക്ക് കൂടുതൽ മെച്ചപ്പെട്ട ചികിൽസാസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടികളെടുക്കുന്നുണ്ട്. 80 പി.എച്ച്.സി.കളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കുറച്ചുകൂടി മെച്ചപ്പെട്ട രീതിയിലുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കാൻ വേണ്ടിയാണിത്. ഈ വർഷം കൂടുതൽ പി.എച്ച്.സി.കളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്താൻ നടപടിയെടുത്താൽ തരക്കേടില്ല. ഉദാഹരണമായി ശൂരനാട് നോർത്ത്. ഇരുപതോളം സബ്സെന്ററുകളുള്ള ഒരു പി.എ

LIBRARY ARCHIVES Kerala Legislative Assembly

ച്ച്.സി. ആണത്. അത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കിയാൽ ഈ സബ്സെന്ററുകൾക്കെല്ലാം പ്രയോജനം ലഭിക്കും. ആ രീതിയിൽ ഒരു നില പാട് എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കാര്യത്തിൽ കുറച്ചുകൂടി ഉദാരമായ നയം അടിയന്തിരമായി ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്കു സൂചിപ്പിക്കാനുള്ളത്. അതു പോലെ ജനകീയാസൂത്രണം വന്നപ്പോൾ നമ്മൾ ആശുപത്രികളുടെ ചുമതല അവർക്ക് കൊടുത്തു. അതോടുകൂടി ഡിപ്പാർട്ടുമെന്റിന്റെ ചുമതല തീർന്നുവെ ന്നുള്ള ഒരു ധാരണ ജനങ്ങളുടെ ഇടയിലുണ്ട്. ഞാൻ ചോദിക്കട്ടെ, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, (കുന്നത്തൂരിലെ ശാസ്താംകോട്ട) എസ്.എസ് -സും എ.എസ്-സും ലഭിച്ചിട്ട് മൂന്നു വർഷമായ ആ ആശുപത്രി ഇപ്പോഴും പി. എച്ച്.സി. ആണ്, അവിടെ 6 ഡോക്ടർമാരുണ്ട്. മറ്റ് സൗകര്യങ്ങളില്ല. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് എന്ന നിലയിൽ രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യം ഏർപ്പെടുത്താൻ വേണ്ടി കെട്ടിടം പണിയാൻ എസ്.എസും എ. എസും കിട്ടിയിട്ട് മൂന്നു വർഷമായി. ഇതുവരെ പണി ആരംഭിക്കാൻ കഴിഞ്ഞി ട്ടില്ല. അതുകൊണ്ട് ധനകാര്യ വകുപ്പും ആരോഗ്യവകുപ്പും യോജിച്ചുകൊണ്ട് അവിടെ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം. ആശ്വാസത്തിനുവേണ്ടി കാത്തിരിക്കുന്ന രോഗികളെ അല്ലെങ്കിൽ നമുക്ക് സഹായിക്കാൻ പറ്റുകയില്ല. ഈ സന്ദർഭത്തിൽ ധനകാര്യവകുപ്പുമന്ത്രിയും ആരോഗ്യവകുപ്പുമന്ത്രിയും ഇവിടെയുള്ളതുകൊണ്ട് ഞാൻ സൂചിപ്പിക്കുകയാ ണ്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾ തിങ്ങിപ്പാർക്കുന്ന അട്ടപ്പാടി പോലുള്ള പ്രദേശങ്ങളിൽ, മറ്റ് റിസർവേഷൻ മണ്ഡലങ്ങളിൽ എസ്.സി.പി. ഫണ്ട് ചെലവഴിക്കുന്ന കാര്യത്തിൽ ഉദാരമായ സമീപനം സ്വീകരിക്കണമെന്നു കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ചുരുക്കുന്നു.

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ആരോഗ്യ രംഗത്ത് കേരളം ശ്രദ്ധേയമായ നേട്ടംകൈ വരിച്ചിട്ടുണ്ട്. മറ്റു വികസിതരാജ്യങ്ങളോടൊപ്പം നാം എത്തിയിരിക്കുന്നു. ദേശീയതലത്തിൽ ശിശുമരണ നിരക്കും, പ്രസവാനന്തര മരണ നിരക്കും കുറ ഞ്ഞു. പുരുഷൻമാരുടേയും സ്ത്രീകളുടേയും ആയുർദൈർഘ്യം വളരെ വർദ്ധിച്ചു. കുടുംബ സംവിധാനത്തിൽ നാം ഒന്നാം സ്ഥാനത്താണ്. ആരോഗ്യ വിദ്യാഭ്യാസത്തിലും കേരളം മുൻപന്തിയിലാണ്. സംസ്ഥാനത്തെ മെഡിക്കൽ കോളേജാശുപത്രികളിൽ ഹൃദയ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങൾ വർദ്ധി പ്പിക്കണം. ഈ സർക്കാർ ഹൃദ്രോഗചികിൽസയ്ക്കുള്ള ഫീസ് ഗണ്യമായി കുറച്ചു. നമ്മുടെ സംസ്ഥാനത്തു നിന്നും വർഷംതോറും നൂറുകണക്കിനാളു കൾ ബൈപാസ് സർജറിക്ക് വേണ്ടി തമിഴ്നാട്ടിലേക്ക് പോകുകയാണ്. ഇതവ സാനിപ്പിക്കണം. ഈ സർക്കാർ 32 പി.എച്ച്.സി.കൾ പുതിയതായി ആരംഭിച്ചു. കഴിഞ്ഞ മൂന്നു വർഷത്തിനകം 46 ആയുർവേദാശുപത്രികൾ ആരംഭിച്ചു. പുതി യതായി 100 ആയുർവേദാശുപത്രികൾ കൂടി തുടങ്ങാൻ പോകുകയാണ്. കഴിഞ്ഞ മൂന്നു വർഷംകൊണ്ട് 80 ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങി. രണ്ടെണ്ണം എന്റെ മണ്ഡലത്തിലും അനുവദിച്ചു കിട്ടി. പുതിയതായി 50 ഡിസ്പെൻസറികൾ ആരംഭിക്കുന്നതാണ്. എല്ലാ പഞ്ചായത്തുകളിലും അലോ പ്പതി, ആയുർവേദം, ഹോമിയോപതി ആശുപത്രികളുണ്ടാകണം. ഹെൽത്ത് സെന്ററുകളിലും ആയുർവേദാശുപത്രികളിലും രോഗികളെ കിടത്തി ചികിൽസിക്കണം. 37 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ജനപങ്കാളിത്തത്തോടുകൂടി എല്ലാ ആശുപത്രികൾക്കും സ്വന്ത മായി കെട്ടിടങ്ങളുണ്ടാക്കണം. സംസ്ഥാനത്തെ 'മെഡിക്കൽ സെന്ററുകൾ'

LIBRARY ARCHIVES Kerala Legislative Assembly

പലതും 'മേടിക്കൽ' സെന്ററുകളും 'മിഷൻ' ആശുപത്രികൾ പലതും 'മെഷീൻ' ആശുപത്രികളുമാണ്. പാവപ്പെട്ടവരുടെ കഴുത്തറുക്കുന്ന വലിയ ബ്ലെയിഡ് കമ്പനികളാണ് സ്വകാര്യാശുപത്രികൾ. കേരളത്തിൽ ഏറ്റവും ലാഭ കരമായി നടത്തുന്ന മൂന്നു വ്യവസായങ്ങളാണ് ഫൈവ് സ്റ്റാർ ഹോസ്പിറ്റലു കളും ബാർ അറ്റാച്ഡ് ഹോട്ടലുകളും ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളും. സർക്കാർ ഇവയെ നിയന്ത്രിക്കണം. സംസ്ഥാനത്തെ സർക്കാർ ആശുപത്രിക ളിൽ ആവശ്യത്തിന് ഡോക്ടർമാരും മരുന്നുമില്ല. നല്ല ഡോക്ടർമാരെ ലക്ഷ ങ്ങൾ കൊടുത്ത് സ്വകാര്യ ആശുപത്രിക്കാർ തട്ടിക്കൊണ്ടു പോകുകയാണ്. പി.എസ്.സി. യിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും ഡോക്ടർമാരായി നിയമിക്കാൻ യോഗ്യതയുള്ളവരുടെ ലിസ്റ്റില്ലാത്തതിനാൽ കരാർ അടിസ്ഥാന ത്തിൽ 7500/- രൂപ ശമ്പളത്തിൽ ഡോക്ടർമാരെ നിയമിച്ചുകൊണ്ടിരിക്കുകയാ ണ്. സർക്കാർ ആശുപത്രികൾ ത്രിതല പഞ്ചായത്തുകളുടെ കീഴിലായതു കൊണ്ട് സൗകര്യങ്ങൾ വളരെ മെച്ചപ്പെട്ടുകൊണ്ടിരിക്കുകയാണ്. എല്ലാ സർക്കാർ ആശുപത്രികളോടനുബന്ധിച്ചും 'നീതി മെഡിക്കൽ സ്റ്റോറുകൾ' ആരംഭിക്കണം. എല്ലാ ആശുപത്രികളിലും 'ആംബുലൻസുകൾ' നൽ കണം. കാലാനുസൃതമായി ഡോക്ടർമാരുടേയും നഴ്സുമാരുടേയും ജോലി സമയം എട്ടു മണിക്കൂറാക്കണം. സർക്കാർ ആശുപത്രികളിലെ ജീവനക്കാരും നാട്ടുകാരും തമ്മിലുണ്ടാകുന്ന സംഘർഷങ്ങൾ ഒഴിവാക്കാൻ സത്വര നടപടികൾ സ്വീകരിക്കണം. സർക്കാർ ആശുപത്രികളിൽ സമാധാനാന്തരീക്ഷ മുണ്ടാക്കിയില്ലെങ്കിൽ ഡോക്ടർമാർക്ക് രാജി വച്ച് പുറത്തു പോകേണ്ടിവരും. നമ്മുടെ സർക്കാർ ആശുപത്രികളിലെ പ്രസവ വാർഡുകളെല്ലാം അഭയാർത്ഥി ക്യാമ്പുകളായി മാറിയിരിക്കുകയാണ്. ഏറ്റവും കൂടുതൽ പരിചരണം ആവശ്യ മുള്ള പൂർണ്ണ ഗർഭിണികൾ ആശുപത്രി വരാന്തകളിലും തറകളിലും കിടന്ന് കഷ്ടപ്പെടുകയാണ്. തൃശൂർ മെഡിക്കൽ കോളേജാശുപത്രിയിലെ പ്രസവ വാർഡ് കാലിതൊഴുത്തിനേക്കാൾ മോശമാണ്. മുമ്പ് അവിടെ വാർഡ് ഇടിഞ്ഞു പൊളിഞ്ഞു വീണു. സ്വകാര്യ ആശുപത്രികൾ കോടിക്കണക്കിന് രൂപ കൊള്ളയടിക്കുന്നത് പ്രസവ കേസുകളിലൂടെയാണ്. സ്വകാര്യാശുപത്രിക ളിൽ ഡോക്ടർമാർ സ്ത്രീകളെ പ്രസവിക്കാൻ അനുവദിക്കുന്നില്ല. എല്ലാം ഓപ്പറേഷനുകളാണ്. പതിനായിരക്കണക്കിന് രൂപയാണ് ഈടാക്കുന്നത്. ഈ നിലയ്ക്ക് പോയാൽ പ്രസവംതന്നെ ഒരു കടംകഥയായി മാറും. അധികാരവി കേന്ദ്രീകരണവും ജനങ്ങളുടെ കൂട്ടായ്മയും കൂടിച്ചേർത്ത് കേരളത്തിൽ പുതി യൊരു വികസന സംസ്കാരം ഉടലെടുത്തിട്ടുണ്ട്. ഉൽസവാഘോഷത്തിന്റെ പ്രതീതി ജനിപ്പിക്കുന്ന നിർമ്മാണ വികസന പ്രവർത്തനങ്ങളാണ് സംസ്ഥാ നത്തുടനീളം നടക്കുന്നത്. കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഗ്രാമവികസന വകുപ്പിന്റെ കീഴിൽ മാത്രം 93,000 വീടുകൾ നിർമ്മിച്ചു വിതരണംചെയ്തു. രണ്ടു ലക്ഷം വീടുകൾക്ക് കക്കൂസുകൾ നൽകി. 23,000 കിണറുകൾ കുഴിച്ചു കൊടുത്തു. 2200 കിലോമീറ്റർ ഗ്രാമീണ റോഡുകൾ നിർമ്മിച്ചു. 16,000 പാവ പ്പെട്ട തൊഴിലാളികൾക്ക് തൊഴിലുപകരണങ്ങൾ നൽകി. 12,000 യുവതി-യു വാക്കൾക്ക് തൊഴിൽ പരിശീലനം നൽകി. ഒരു ലക്ഷത്തി മുപ്പത്തിമൂവായിരം പാവപ്പെട്ട കുടുംബങ്ങൾക്ക് ഐ.ആർ.ഡി.പി. സഹായം കൊടുത്തു. ഗ്രാമവിക സന രംഗത്തെ നേട്ടങ്ങൾ അറിയണമെങ്കിൽ ഇപ്പുറത്തും അപ്പുറത്തുമുള്ള എം.എൽ.എ.മാർ പങ്കെടുത്ത ഉത്ഘാടനങ്ങളുടെ എണ്ണം നോക്കിയാൽ മതി. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്നതോടുകൂടി ജനപ്രതിനിധികളുടെ അദ്ധ്വാനഭാരവും ഉത്തരവാദിത്വവും പതിൻമടങ്ങ് വർദ്ധിച്ചിരിക്കുകയാണ്. കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളാണ് പഞ്ചായത്തുകൾതോറും ഇപ്പോൾ നടക്കുന്നത്. ഗ്രാമങ്ങളിൽ മാറ്റത്തിന്റെ ശംഖൊലിയും കൂട്ടായ്മയുടെ പ്രതിധ്വനിയുമാണ് കേൾക്കുന്നത്. പ്രതിപക്ഷം പന്തം കണ്ട പെരിച്ചാഴിയെപ്പോലെ പകച്ചു നിൽക്കുകയാണ്. കരയിൽ പിടിച്ചിട്ട മൽസ്യം പോലെ കോൺഗ്രസ്സുകാർ പ്രതിപക്ഷത്തിരുന്ന് പിടയുകയാണ്. കഴിഞ്ഞ മൂന്നു വർഷം മൽസ്യമേഖലയിൽ മുന്നേറ്റ കാലഘട്ടമായിരുന്നു. പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് 35000 രൂപ വീതം ചെലവുള്ള 3500 വീടുകൾ നിർമ്മിച്ചു കൊടുത്തു. 5600 വീടുകളുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. 1600 കക്കൂസുകൾ നിർമ്മിച്ചു കൊടുത്തു. മൽസ്യത്തൊഴിലാളി മേഖലയിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഏഴു കോടി രൂപയുടെ പദ്ധതികൾ പഞ്ചായത്തുകൾ വഴി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇതൊന്നും ശ്രീ. ഡൊമിനിക് പ്രസന്റേഷൻ കാണുന്നില്ല. രണ്ടു ലക്ഷം മൽസ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തി. മൽസ്യത്തൊഴിലാളി മരണപ്പെട്ടാൽ അവകാശികൾക്ക് നൽകി വന്നിരുന്ന ധനസഹായം 25000 രൂപയിൽ നിന്നും 50000 രൂപയാക്കി വർദ്ധിപ്പിച്ചു. കാണാതായവരുടെ ആശ്രിതർക്ക് നൽകി വന്നിരുന്ന സഹായം 25000 രൂപയിൽ നിന്നും 50000 രൂപയാക്കി വർദ്ധിപ്പിച്ചു. മൽസ്യഫെഡ് നടപ്പാക്കിയ ജനതാ അപകട ഇൻഷ്വറൻസ് പ്രകാരം മരണപ്പെടുന്ന മൽസ്യത്തൊഴിലാളികളുടെ കുടുംബത്തിന് ഒരു ലക്ഷം രൂപ ധനസഹായമായി കിട്ടും. 60 വയസ് കഴിഞ്ഞ മൽസ്യത്തൊഴിലാളികൾക്ക് പ്രതിമാസം 85 രൂപ പെൻഷൻ നൽകിയിരുന്നത് ഈ സർക്കാർ 100 രൂപയാക്കി വർദ്ധിപ്പിച്ചു. 27000 പേർക്ക് ഇപ്പോൾ പെൻഷൻ നൽകുന്നുണ്ട്. ഇതിനുപുറമേ വിദ്യാഭ്യാസത്തിനും ചികിൽസക്കും വിവാഹത്തിനും വാരിക്കോരി സഹായം നൽകുന്നുണ്ട്. ഇടതുപക്ഷം ഭരിച്ചാലെ മൽസ്യത്തൊഴിലാളികൾക്ക് മോക്ഷപ്രാപ്തിയുള്ളൂ എന്നാണ് കഴിഞ്ഞ മൂന്നു വർഷത്തെ ഭരണം വെളിപ്പെടുത്തിയിരിക്കുന്നത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി അനുകൂലിക്കുന്നു.

<u>ശ്രീ. എൻ. സുന്ദരൻ നാടാർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. വൈദ്യസഹായരംഗവും പൊതുജനാരോഗ്യരംഗവും ഇന്ന് കുത്തഴിഞ്ഞു കിടക്കുകയാണ്. ആശുപത്രികളുടെ നടത്തിപ്പിന്റെ ചുമതല ആർക്കാണെന്നറിഞ്ഞുകൂടാ. ഗവൺമെന്റ് കയ്യൊഴിയുകയാണ്. പാവപ്പെട്ട രോഗികൾ ചികിൽസയ്ക്കായി ആശുപത്രികളിൽ ചെല്ലുമ്പോൾ ആവശ്യത്തിന് മരുന്നോ, കിടക്കകളോ, ആഹാരമോ ഇല്ല. എന്തിന് മരുന്നു കുറിക്കുവാനുള്ള തുണ്ടു കടലാസുപോലും ആശുപത്രികളിലില്ല. ഭരണം ത്രിതല പഞ്ചായത്തുകളെ ഏൽപ്പിച്ചതു മുതൽ ആശുപത്രി അധികൃതർ നിസ്സഹായരായിരിക്കുകയാണ്. പഞ്ചായത്തുകൾ കയ്യൊഴിഞ്ഞിരിക്കുകയാണ്. ഇടത്തരക്കാർക്കും സമ്പന്നൻമാർക്കും ചികിൽസക്ക് സ്വകാര്യആശുപത്രികളുണ്ടെങ്കിലും പാവപ്പെട്ട രോഗികൾക്ക് സർക്കാർ ആശുപത്രികൾ മാത്രമാണ് ശരണമായിട്ടുള്ളത്. ആശുപത്രികളുടെ പ്രവർത്തനത്തിന് ആവശ്യമായ സ്റ്റാഫിനെപ്പോലും നൽകുന്നില്ല. അതിൽനിന്നും ഒട്ടും വ്യത്യസ്തമല്ല പി.എച്ച്.സി.കളുടെ സ്ഥിതി. പൂർത്തിയായി കിടക്കുന്ന പി.എച്ച്.സി.കൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ ധനകാര്യ വകുപ്പുകൂടി സഹായിക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മപ്പെടുത്തുകയാണ്. പാറശ്ശാല നിയോജകമണ്ഡലത്തിൽ ചെങ്കൽ, കൊല്ലയിൽ, പരണിയം, കുളത്തൂർ എന്നീ പി.എച്ച്.സി.കളിൽ വാർഡു കെട്ടിടങ്ങളുടെ പണി പൂർത്തിയായിട്ട് മാസങ്ങളേറെയായി. അവിടെ അവ തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്റ്റാഫ്, ഫർണിച്ചർ എന്നിവ നൽകണം. ഗ്രാമപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന പി.എച്ച്.സി. കളിൽ

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകളുടെ ചികിൽസക്ക്, പ്രത്യേകിച്ച് പ്രസവ ശുശ്രൂഷയ്ക്കായി ഗൈനക്കോളജിസ്റ്റുകൾ ഇല്ലാത്തതിനാൽ തെക്കൻ മേഖലയിലെ പാവപ്പെട്ട സ്ത്രീകളെ എസ്.എ.റ്റി. ആശുപത്രിയിലേക്ക് പറഞ്ഞയയ്ക്കുകയാണ് ചെയ്യുന്നത്. അവിടെ രോഗികളുടെ ബാഹുല്യം നിമിത്തം ശരിയായ ശുശ്രൂഷ ലഭിക്കാതെ സ്ത്രീകളും ബൈസ്റ്റാന്റേഴ്സും അനുഭവിക്കുന്ന നരകയാതന വേദനാജനകമാണ്. ബഹുമാനപ്പെട്ട മന്ത്രി എസ്.എ.റ്റി. ആശുപത്രിയുടെ ശോച്യാവസ്ഥ നേരിൽ കണ്ടു മനസ്സിലാക്കണം. അതിന് അദ്ദേഹം തയ്യാറാകണം. ഇതിനു പരിഹാരമായി പി.എച്ച്.സി.കളിൽ ഓരോ ഗൈനക്കോളജിസ്റ്റിനെ വീതം നിയമിക്കണം. കൂടാതെ പി.എച്ച്.സി. യിൽ പാരാ മെഡിക്കൽ സ്റ്റാഫിനെ നിയമിക്കണം. താലൂക്കാശുപത്രികൾ, താലൂക്ക് സ്റ്റാറ്റസ് ആശുപത്രികൾ കുറെക്കൂടി കാര്യക്ഷമമാക്കിയാൽ എല്ലാവിധ രോഗികൾക്കും ചികിൽസ ലഭിക്കുന്നതിനുള്ള സൗകര്യമുണ്ടാകും. അപകടസാധ്യതയുള്ള മേഖലകളിൽ പണിയെടുക്കുന്ന പനകയറ്റത്തൊഴിലാളികളും മൽസ്യത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണ് പാറശ്ശാല. അവിടത്തെ ഗവൺമന്റെ ആയുർവേദ ആശുപത്രിയിൽ ഒരു മർമ്മ ചികിൽസാകേന്ദ്രം കൂടി അനുവദിക്കണം. ഹോമിയോ ആശുപത്രികളിൽ ആവശ്യമായ മരുന്നും ബാൻഡേജും ലഭ്യമാക്കണം. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സ്ഥിതി വളരെ മോശമാണ്. ഈ ഗവൺമെന്റ് 50 ലക്ഷം രൂപയാണ് മെഡിക്കൽ കോളേജാശുപത്രികളിലെ ചികിൽസയ്ക്കായി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. അത് മൂന്നു കോടി രൂപയെങ്കിലുമായി വർദ്ധിപ്പിക്കണം.

[1PM] മത്സ്യബന്ധനത്തെക്കുറിച്ച് ഒന്നുരണ്ടു കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. നഷ്ടപരിഹാരങ്ങളും പാർപ്പിട സൗകര്യങ്ങളുമെല്ലാം 10-ാം ധനകാര്യകമ്മീഷന്റെയും അതുപോലെ തന്നെ ഗവൺമെന്റിന്റെയും സഹായത്തോടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലം തൊട്ട് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് ഒരു പുതുമയല്ല. കാലാകാലങ്ങളിൽ തുകകൾ വർദ്ധിപ്പിക്കുകസ്വാഭാവികമാണ്. 10-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം മൽസ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുവാൻ പോലും നമുക്ക് ഇതുവരെ കഴിഞ്ഞില്ല, അത് എത്തിക്കണം. മറ്റൊന്ന് മൂന്ന് വർഷമായി, പാറശ്ശാല നിയോജകമണ്ഡലത്തെ അവഗണിക്കുകയാണ്. 10-ാം ധനകാര്യകമ്മീഷൻ ശുപാർശ പ്രകാരം മൽസ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലെ റോഡുകൾ വികസിപ്പിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപനം നടത്തിയെങ്കിലും എന്റെ നിയോജകമണ്ഡലത്തിലെ കൊടിയൂരും കൊല്ലങ്കോട്ടും റോഡുകൾ അനുവദിച്ചിട്ടില്ല. അത് ഉടൻ അനുവദിക്കുന്നതിനുള്ള സത്വര നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒന്നു കൂടി ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുമ്പോൾ, ഈ സെഷൻ ആരംഭിച്ച ദിവസം മുതൽ അവസാനം ഇപ്പോൾ സംസാരിച്ചുനിറുത്തിയ ബഹുമാനപ്പെട്ട ശ്രീ. സുന്ദരൻ നാടാർ വരെ ഈ ഗവൺമെന്റ് ചെയ്തിട്ടുള്ള ഗുണപരമായ കാര്യങ്ങൾ കാണാതെ കണ്ണടച്ച് ഇരുട്ടാക്കുന്ന ഒരു സമീപനമാണ് അപ്പുറത്തിരിയ്ക്കുന്ന സുഹൃത്തുക്കൾ സ്വീകരിച്ചിരിക്കുന്നത്. ഈ സമ്മേളനത്തിൽ ആദ്യം പൊതുചർച്ച ആരംഭിച്ചത് ശ്രീ. പാലോട് രവിയാണ്. ശ്രീ. പാലോട് രവി മുതൽ ശ്രീ. ഡൊമിനിക് വരെ കുറെ പുകമറ സൃഷ്ടിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുള്ള അഴിമതി കഥകൾ മാത്രം പറഞ്ഞുകൊണ്ടു പോകുകയാണ് ചെയ്തത്. അപ്പുറത്തുനിന്നും ശ്രീ. കുട്ടി അഹമ്മദ് കുട്ടി മാർക്സിസത്തിന്റെ ഒരു വരി ഉദ്ധരിച്ചുകൊണ്ടാണ് തുടങ്ങിയത്. രാഷ്ട്രമെല്ലാം കൊഴിഞ്ഞുപോകുമെന്നാണ് പറഞ്ഞു തുടങ്ങിയത്. മാർക്സിസം അദ്ദേഹം പഠിച്ചിരിക്കും, ശരിയാണ്. ആരാണ് യഥാർത്ഥ ശത്രു, ആരാണ് യഥാർത്ഥ മിത്രമെന്ന് അദ്ദേഹത്തിന്റെ പാർട്ടിക്കോ അദ്ദേഹത്തിനോ പിടിയില്ലെന്നാണ് എനിക്ക് മനസ്സിലാകുന്നത്. Who is real enemy and who is real friend. അദ്ദേഹത്തിന്റെ നേതാവ് തന്നെ കഴിഞ്ഞ ഏതാനും ദിവസങ്ങൾക്ക് മുമ്പ് ഇവിടെ സംസാരിച്ചത്, മൈനോറിറ്റി കമ്മ്യൂണിറ്റി പ്രതിനിധാനം ചെയ്യുന്നവരാണ് ഞങ്ങൾ എന്നാണ്. മൈനോറിറ്റി കമ്മ്യൂണിറ്റി രാഷ്ട്രീയം കൈകാര്യം ചെയ്യുന്നവർ എന്നാണ്. അവർ കോൺഗ്രസ്സിന്റെ കൂടെ ഇത്രയും കാലം ഇരുന്നിട്ട് മൈനോറിറ്റി കമ്മ്യൂണിറ്റിയ്ക്കുവേണ്ടി ലീഗിനോ ലീഗിന്റെ നേതാക്കൻമാർക്കോ എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ? അത് പരിശോധിക്കണം, പരിശോധിക്കേണ്ട സമയമാണ്. രാഷ്ട്രം അതീവ ഗുരുതരമായ സ്ഥിതിയിലേയ്ക്ക് പോകുന്ന ഈ അവസരത്തിലെങ്കിലും ആ സുഹൃത്തുക്കൾ അത് പരിശോധിക്കപ്പെടണം. 1957-ലും 1967-ലും 1980-ലും 1987-ലും വന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകളും ഇടതുപക്ഷ പാർട്ടികളുമാണ് ആ മൈനോറിറ്റിക്കുവേണ്ടി എന്തെങ്കിലും കാര്യങ്ങൾ ചെയ്തുകൊടുത്തിട്ടുള്ളത്. അവരുടെ ആരാധനാലയങ്ങൾ പുതുക്കി പണിയുന്നതുമുതൽ, മലപ്പുറം ജില്ല രൂപീകരിക്കുന്നതുമുതൽ, അതുപോലെ തന്നെ ബാബറി മസ്ജിദ് പൊളിച്ച അവസരത്തിൽ, തലശ്ശേരിയിൽ പള്ളി പൊളിക്കാൻ പോകുന്ന അവസരത്തിൽ ഞങ്ങളുടെ കുഞ്ഞിരാമൻ അടക്കം രക്തസാക്ഷിയായിക്കൊണ്ട് സംരക്ഷിക്കുന്നതിന് മുന്നോട്ടുവന്നു. പൂന്തുറയിൽ മൈനോറിറ്റി കമ്മ്യൂണിറ്റിയ്ക്കുനേരെ നടത്തിയ ആക്രമണങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇടതുപക്ഷ പ്രസ്ഥാനങ്ങളും സ്വീകരിച്ച നടപടിയും വിഴിഞ്ഞത്ത് രണ്ട് മൈനോറിറ്റി കമ്മ്യൂണിറ്റികൾ തമ്മിൽ നടന്ന കലാപങ്ങളിലെല്ലാം തന്നെ അതിന് ആശ്വാസത്തിന്റെ വാക്കുകളുമായി അവിടെ എത്തിവേണ്ട എല്ലാ കാര്യങ്ങളും ചെയ്തത് ഇടതുപക്ഷപാർട്ടികളും കമ്മ്യൂണിസ്റ്റ് പാർട്ടികളുമാണ്. അതൊക്കെ മറച്ചുവച്ചിട്ടാണ് എന്റെ സുഹൃത്ത്, ഇങ്ങനെ പുകമറ സൃഷ്ടിച്ചുകൊണ്ട് സംസാരിച്ചത്. നമ്മൾ ബഹുമാനിക്കുന്ന ശ്രീമാൻ തങ്കച്ചൻ പറഞ്ഞത്, ആരോഗ്യവകുപ്പുമന്ത്രിയുടെ ഒരു കാൽ ബി.ജെ.പി.യിലും ഒരു കാൽ സി.പി.എം. ലുമാണെന്നാണ്. എനിക്ക് ദയവായി ചോദിക്കുവാനുള്ളത്, കഴിഞ്ഞ രക്തസാക്ഷി ദിനത്തിന്റെ അന്ന് ഹിന്ദുത്വത്തിന്റെ പിതൃത്വം ആർക്കാണെന്ന് നിശ്ചയിക്കുന്നതിനുവേണ്ടി ബി.ജെ.പി.യും കോൺഗ്രസ്സും തമ്മിൽ വലിയ മൽസരമല്ലേ നടത്തിയത്? ശ്രീ. അടൽ ബിഹാരി വാജ്പേയി 24 മണിക്കൂർ ഉപവസിച്ചപ്പോൾ കോൺഗ്രസ്സിന്റെ നേതാവ് എന്നുപറയുന്ന സോണിയാഗാന്ധി തിരുപ്പതിയിൽ ചെന്ന് അവിടെ ദർശനത്തിന് എത്തിയ ഭക്തജനങ്ങളോടൊപ്പം ക്യൂ നിന്ന് അർച്ചന നടത്തി വഴിപാട് നടത്തി, അവിടെ നിന്ന് എല്ലാ ഏർപ്പാടും ഉണ്ടാക്കിയിട്ട് കോൺഗ്രസ്സിനാണ് ഹിന്ദുത്വത്തിന്റെ പിതൃത്വം എന്ന് അവർ തെളിയിക്കുതിനുവേണ്ടി ശ്രമിച്ചു.

ശ്രീ. പി.പി. തങ്കച്ചൻ : ശ്രീ. ശരത് പവാറിന്റെ ഈ ബി.ജെ.പി. സഖ്യത്തെ അങ്ങ് അനുകൂലിക്കുകയാണോ?

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : ഞാൻ പറഞ്ഞത് ഹിന്ദുത്വത്തിന്റെ പിതൃത്വം ഏറ്റെടുക്കുവാൻ ബി.ജെ.പി.യും കോൺഗ്രസ്സും തമ്മിൽ മൽസരിക്കുകയാണെന്നാണ്.



LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : "ശരത്പവാറിന്റെ സ്റ്റേറ്റ്മെന്റ് വന്നു. ബി.ജെ.പി. ഭരിക്കുമെന്ന്. വന്നാൽ സോണിയാഗാന്ധിയെ മാറ്റുമെങ്കിൽ കോൺഗ്രസ്-ഐ-യെ സഹായിക്കാൻ ഞങ്ങൾ തയ്യാറാണെന്ന്." സോണിയാഗാന്ധി വേണമോ ബി.ജെ.പി. വേണമോ എന്ന് നിങ്ങൾ തീരുമാനിച്ചാൽ മതി.

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : ബി.ജെ.പി.യിൽ തന്നെ ബാൽതാക്കറെ പറയുന്നത്, ഹിന്ദുത്വത്തിന്റെ പിതൃത്വം ബി.ജെ.പി. യേക്കാൾ ശിവസേനയ്ക്കാണ് എന്നാണ്. അവരുടെ അവകാശവാദം അതാണ്. അങ്ങനെയിരിക്കുന്ന അവസരത്തിലാണ് ബഹുമാനപ്പെട്ട തങ്കച്ചൻ ചോദിച്ചത് പവാറിന്റെ കാര്യം, അതിന് ഇവിടെനിന്നും ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി മറുപടിയും പറഞ്ഞുകഴിഞ്ഞു. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് ഇവിടെ മൂർഖൻ പാമ്പാണോ ചേരയാണോ വേണ്ടതെന്നുള്ളതാണ് പ്രശ്നം, ഞങ്ങൾ അതാണ് തീരുമാനിച്ചിട്ടുള്ളത്. കോൺഗ്രസ് എന്നുപറയുന്നത് ഇനി ഒരിക്കലും ഇവിടെ തിരിച്ചുവരികയില്ല, അത് ഒരു ഉടഞ്ഞ ശംഖാണ്. അതിന്റെ വളർച്ച തന്നെ പടവലങ്ങ പോലെയാണ്. ഒരു കാലഘട്ടത്തിൽ എന്തായിരുന്നു അവരുടെ പ്രതാപം, മൂന്നിൽ രണ്ട് ഭൂരിപക്ഷം, 25 സംസ്ഥാനങ്ങളുടെ ഭരണം, കേന്ദ്രത്തിൽ ഭരിക്കുന്നവർ ഈ സംസ്ഥാനത്തിൽ ഭരിച്ചാൽ മാത്രമേ ജനങ്ങൾക്ക് രക്ഷയുള്ളൂ എന്നെല്ലാം പറഞ്ഞാണല്ലോ തുടങ്ങിയത്. ഇതെല്ലാം പറഞ്ഞിരുന്ന ആളുകൾ ഒന്നോ രണ്ടോ സംസ്ഥാനങ്ങളിൽ ഇപ്പോൾ ഒതുങ്ങിനിൽക്കുകയാണ്. 1991-മുതൽ 1996-വരെ നിങ്ങൾ എടുത്ത ആരോഗ്യ നടപടികളെല്ലാം ഞങ്ങൾ പറയാം. ഈ കാലഘട്ടത്തിൽ ഇതൊന്നും മനസ്സിലാകാതെ കോൺഗ്രസ് ഇപ്പോഴും പറയുന്നത് എന്റുപ്പൂപ്പായ്ക്ക് ഒരാനണ്ടായിരുന്നു എന്നാണ്. അത് പഴയ കുഴിയാന ആയിരുന്നുവെന്നുള്ള ധാരണ അവർക്കില്ല. അവരുടെ ധാരണ ഇപ്പോഴും ഞങ്ങൾ ഇനിയും തിരിച്ചുവരുമെന്നാണ്. തിരുവനന്തപുരത്തുനിന്നും തിരിച്ചാൽ ആകെ അവർക്ക് ഒരു സങ്കേതം മദ്ധ്യപ്രദേശാണ്. അതുതന്നെ വിരലിൽ എണ്ണാവുന്ന സ്ഥലങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. 1998-ലെ തെരഞ്ഞെടുപ്പിൽ സോണിയാഗാന്ധിയെ കൊണ്ടുവന്നാൽ എല്ലാമാകുമെന്നാണ് അവർ പറഞ്ഞത്. രാജീവ്ഗാന്ധിയുടെ മരണത്തിനുശേഷം അമേഠി കേന്ദ്രീകരിച്ചുകൊണ്ട് ചാരിറ്റബിൾ ആക്ട് അനുസരിച്ചുള്ള സംഘടനകൾ ഉണ്ടാക്കി അവിടെ പ്രവർത്തിച്ചു, അവിടെതന്നെ സോണിയാഗാന്ധിക്ക് ഇഷ്ടമുള്ള ഒരു സ്ഥാനാർത്ഥിയെ നിറുത്തിയിട്ടുപോലും കോൺഗ്രസ് നാലാം സ്ഥാനത്തേയ്ക്ക് പോയി. ആ നാലാം സ്ഥാനത്തു പോയ കോൺഗ്രസ്സാണ് ഇനി ഇവിടെ തിരിച്ചുവരുമെന്ന പ്രതീക്ഷയുമായി നില്ക്കുന്നത്. ഇവിടെ ശ്രീ. കുട്ടി അഹമ്മദ് കുട്ടി ആരോഗ്യത്തെക്കുറിച്ചു പറഞ്ഞു. ഇവിടെ മരുന്നില്ല, മറ്റ് കാര്യങ്ങൾ ഇല്ല എന്നെല്ലാം പറഞ്ഞു. 1992-ൽ അപ്പുറത്തിരിക്കുന്ന ആളുകൾ ഭരണപക്ഷത്ത് ആയിരുന്നല്ലോ. അതിലെ എം.എൽ.എ. ആയിരുന്നല്ലോ ശ്രീ.എം.കെ. മുനീർ ആ വർഷം ശ്രീ.എം.കെ. മുനീർ ഒരു ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചു. അദ്ദേഹം പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഒന്നു വായിച്ചു നോക്കിയാൽ മനസ്സിലാകും ഇന്നത്തെ ആരോഗ്യ വകുപ്പും അന്നത്തെ ആരോഗ്യ വകുപ്പും തമ്മിലുള്ള വ്യത്യാസം. 1991-മുതൽ 1996-വരെ ഭരണം നടത്തിയ ആളുകൾ. അന്ന് അപ്പുറത്തെ ഘടക കക്ഷിയായിരുന്നല്ലോ എൻ.ഡി.പി. അതിന്റെ സമാരാധ്യനായ നേതാവ് പണിക്കർ സാർ വരെ പറഞ്ഞു, എന്റെ പാർട്ടിയിലെ മന്ത്രി ഇനി ഈ വകുപ്പ് കൈകാര്യം ചെയ്യണ്ട. ഞങ്ങൾ പിൻവലിക്കുന്നു. അവരുടെ ഭരണത്തിന്റെ നേട്ടമാണ്. 1991 മുതൽ 1996 വരെ ശ്രീ.കെ. കരുണാകരനും ശ്രീ. എ.കെ. ആന്റണിയും മാറിമാറി യു.

LIBRARY ARCHIVES Kerala Legislative Assembly

ഡി.എഫിന്റെ മുഖം രക്ഷിക്കാൻ വേണ്ടി ഭരിച്ചപ്പോൾ സ്വന്തം ഘടകകക്ഷിയിൽപ്പെട്ട നേതാവ് തന്നെ പറയുന്നത് എന്റെ പാർട്ടിയിലെ ആ മന്ത്രി ആരോഗ്യ വകുപ്പ് കൈകാര്യം ചെയ്യണ്ട. പിൻവലിച്ചാൽ മതി എന്നാണ്. അത് പിൻവലിച്ചുകൊണ്ടു പോയ കഥ നമുക്കറിയാം. ശ്രീ. എ.കെ. മണിക്ക് ബുദ്ധിമുട്ടുണ്ട്. ശ്രീ. എ.കെ. മണി അവിടെയിരുന്ന് ഇങ്ങനെയെല്ലാം പറഞ്ഞുകൊണ്ടിരിക്കും. അതിരിക്കട്ടെ. 8-ാം പഞ്ചവൽസര പദ്ധതി ആരോഗ്യ വകുപ്പിനുവേണ്ടി 159 കോടി രൂപയാണ് മാറ്റിവച്ചത്. ഈ 9-ാം പഞ്ചവൽസര പദ്ധതിയിൽ അത് 310 കോടി രൂപയായി. 310 കോടി രൂപ മാറ്റി വച്ചതു മാത്രമല്ല ചെയ്തത്. ഇപ്പോൾ 9-ാം പഞ്ചവൽസര പദ്ധതി ജനകീയ പദ്ധതിയായി അംഗീകരിച്ചുകൊണ്ട്, അധികാര വികേന്ദ്രീകരണം നടത്തിക്കൊണ്ട് ഗ്രാമ,-ബ്ലോക്ക്,-മുനിസിപ്പാലിറ്റികൾക്കടകം ആശുപത്രികളേയും വിഭജിച്ചു കൊടുത്തു. 650 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ആരോഗ്യ രക്ഷാ പ്രവർത്തനങ്ങൾക്കുവേണ്ടി മാറ്റിക്കൊടുത്ത ഒരു ഗവൺമെന്റാണിത്. അതു മാത്രമല്ല, 1997-98-ൽ ലോക ബാങ്കിന്റെ സഹായത്തോടുകൂടി ഒരു മാതൃശിശു സംരക്ഷണ പദ്ധതി ഈ ഗവൺമെന്റ് അംഗീകരിക്കുകയുണ്ടായി. അതിനുവേണ്ടി മാത്രം 117 കോടി രൂപ മാറ്റിവച്ചു. അതിനുവേണ്ടി കോഴിക്കോടും പാലക്കാടും രണ്ട് യൂണിറ്റുകൾ പ്രവർത്തിച്ചു തുടങ്ങി. കണ്ണൂരും വയനാടും കാസർഗോഡും താമസിയാതെ അതിന്റെ പ്രവർത്തനം ആരംഭിക്കും. കേരളത്തിലെ ഏതാണ്ട് എൺപതോളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഇതിന്റെ പ്രവർത്തനം ഇന്ന് നടന്നുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് 8 കോടി രൂപ അതിനുവേണ്ടി ഇപ്പോൾ തന്നെ ചെലവഴിച്ചുകഴിഞ്ഞു. ഇവിടെ നേരത്തെ പല സുഹൃത്തുക്കളും പറഞ്ഞതുപോലെ, പാശ്ചാത്യ സംസ്കാരത്തിന്റെ ഫലമായി നമുക്കു കിട്ടിയ ഒരു രോഗമാണ് എയ്ഡ്സ്. ആ എയ്ഡ്സ്

*(അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ)*

നിവാരണത്തിനുവേണ്ടി ഈ ഗവൺമെന്റ് കാര്യമായി ശ്രമിക്കുന്നുണ്ട്. ബ്രിട്ടീഷ് വികസന സമിതിയുടെ സഹായത്തോടുകൂടി ഡിപ്പാർട്ടുമെന്റ് ഓഫ് ഇന്റർനാഷണൽ ഡെവലപ്മെന്റ്, ഏതാണ്ട് 1.05 കോടി രൂപ അതിനുവേണ്ടി മാറ്റിവയ്ക്കുകയും അത് ബോധവൽക്കരണത്തിൽ കൂടി പൂർണ്ണമായും നമ്മുടെ കേരളീയരെ രക്ഷിക്കുന്നതിനുവേണ്ടി ആരോഗ്യ വകുപ്പ് ശ്രദ്ധിക്കുന്നുണ്ട്. ഏറ്റവും കൂടുതൽ ആളുകൾ വിദേശങ്ങളിൽ പണിയെടുക്കുന്നത് കേരളത്തിൽ നിന്നാണ്. അതുകൊണ്ടു തന്നെ പല കാരണങ്ങൾ കൊണ്ടും ഈ രോഗവും കേരളത്തിൽ വന്നുചേർന്നു. അതിന്റെ നിവാരണത്തിനുവേണ്ടി ആവശ്യമായ എല്ലാ നടപടികളും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എടുക്കുന്നുണ്ട്. അതുപോലെതന്നെ ഇന്ന് ചർച്ച ആരംഭിച്ച ശ്രീ. ഡൊമിനിക് പ്രസന്റേഷൻ തീരദേശപരിപാടികളെക്കുറിച്ച് പറഞ്ഞു. തീരദേശ ആരോഗ്യ പദ്ധതി എന്നൊരു പദ്ധതിതന്നെ ഈ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. അംഗീകരിക്കുക മാത്രമല്ല, തീരദേശ പ്രദേശങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാംക്രമികരോഗങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ടി ആലപ്പുഴയിൽ ഒരു യൂണിറ്റ് തുടങ്ങി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. അതിന്റെ തുടക്കമായി എല്ലാ തീരപ്രദേശങ്ങളിലും, മൽസ്യത്തൊഴിലാളികളടക്കം തിങ്ങി താമസിക്കുന്ന പ്രദേശങ്ങളിൽ ആവശ്യമായ സാംക്രമികരോഗ നിയന്ത്രണ പദ്ധതികൾ ഈ ഗവൺമെന്റ് നടപ്പിലാക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ ഇപ്പോൾ സ്വാഭാവികമായി വരുന്ന ഒന്നാണ് ഹൃദയ ശസ്ത്രക്രിയ. വിശേഷിച്ചും കേരളത്തിൽ ഇന്ന് ഹൃദയ ശസ്ത്രക്രിയ വർദ്ധിച്ചു വരികയാണ്. ഇവിടെ നേരത്തെ പറഞ്ഞതു

LIBRARY ARCHIVES Kerala Legislative Assembly

പോലെ വിദ്യാഭ്യാസം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ സംഖ്യ മാറ്റി വയ്ക്കുന്നത് ആരോഗ്യ കാര്യത്തിനു വേണ്ടിയാണ്. ഹൃദയ ശസ്ത്രക്രിയയ്ക്കുള്ള ഏർപ്പാടുകൾ നമ്മുടെ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലുമില്ല. തിരുവനന്തപുരത്തും കോഴിക്കോടും അത് ആരംഭിച്ചു. അത് ഫലപ്രദമല്ല. അത് കുറെക്കൂടി നവീകരിച്ചുകൊണ്ട് കുറെക്കൂടി നല്ല രീതിയിലുള്ള മെഷിനറികൾ വാങ്ങി ആരംഭിച്ചുവെങ്കിൽ തന്നെ ചില തടസങ്ങൾ, ചില പ്രൈവറ്റ് മേഖലകളിൽ നിന്നൊക്കെ ഉണ്ടാകുന്നുണ്ട്. അത് നമ്മൾ മാറ്റണം. ഇവിടെ സ്വാഭാവികമായി ഹൃദയ ശസ്ത്രക്രിയയ്ക്കുവേണ്ടി തമിഴ്നാട്ടിലേയ്ക്ക് നമ്മുടെ രോഗികളെ റഫർ ചെയ്യുകയാണ് ചെയ്യുന്നത്. ഏറ്റവും കുറഞ്ഞ ചെലവിൽ കേരളത്തിൽ തന്നെ ഹൃദയ ശസ്ത്രക്രിയ നടത്തുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കിയാൽ വളരെ തുച്ഛമായ ചെലവിൽ ഈ ശസ്ത്രക്രിയ നടത്താൻ കഴിയും എന്നാണ് വിദഗ്ദ്ധൻമാരുടെ അഭിപ്രായം. അതിനുവേണ്ടി തിരുവനന്തപുരത്തും കോഴിക്കോട്ടും ആരംഭിച്ചതുപോലെ കേരളത്തിലെ എല്ലാ മെഡിക്കൽകോളേജ് ആശുപത്രികളിലും ഹൃദയ ശസ്ത്രക്രിയയ്ക്കുള്ള ഏർപ്പാടുകൾ ഉണ്ടാകണം. അതിൽത്തന്നെ ഒരു കാര്യമുണ്ട്. താഴ്ന്ന വരുമാനക്കാരായ ആളുകൾ, 24,000 രൂപയ്ക്കു താഴെ വരുമാനം ഉള്ള ആളുകൾക്ക് ഈ ചികിൽസ ലഭിക്കുന്നതിനുവേണ്ടി ഗവൺമെന്റുതന്നെ മുൻകൈയെടുത്തുകൊണ്ട് ഒരു സൊസൈറ്റി ഉണ്ടാക്കുകയും ആ സൊസൈറ്റിയുടെ കീഴിൽ താഴ്ന്ന വരുമാനക്കാർക്ക് സൗജന്യ ചികിൽസ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ആരോഗ്യ വകുപ്പ് ചലനമറ്റതാണ്, അതുകൊണ്ട് ഈ ചർച്ച ഞാൻ വിടുന്നു എന്ന് ശ്രീ. ഡൊമിനിക് പ്രസന്റേഷൻ മുൻകൂറായി പറഞ്ഞ കാര്യങ്ങൾ മനസ്സിലാക്കാതെയാണ്.

ഒൻപത് കോടി രൂപയ്ക്കുള്ള ചികത്സാ ഉപകരണങ്ങൾ ഈ ഗവൺമെന്റ് വാങ്ങി. മാത്രമല്ല, ജീവൻ രക്ഷാ മരുന്നുകളടക്കം 35 കോടി രൂപയ്ക്കുള്ള മരുന്നുകൾ വാങ്ങി. 1991 മുതൽ 1996 വരെ അപ്പുറത്തെ ആളുകൾ ഭരിച്ചപ്പോൾ എത്ര പ്രാവശ്യമാണ് മരുന്നുകളുടെ വില വർദ്ധിപ്പിച്ചത്? ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റ് മരുന്നുകളുടെ വില വർദ്ധിപ്പിച്ചപ്പോൾ അതിന് ഓശാന പാടിയവരല്ലേ നിങ്ങൾ? ആ വില വർദ്ധനവിനെതിരായി ഒരു ദിവസം പോലും പ്രതികരിക്കാൻ അപ്പുറത്തുള്ളവർ തയ്യാറായില്ലല്ലോ. അങ്ങനെ ഇരിക്കുമ്പോൾ ആണ് ഈ ഗവൺമെന്റ് 35 കോടി രൂപയ്ക്ക് മരുന്നുകൾ വാങ്ങിയത്. കോൺഗ്രസ്സിന്റെ ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റേയും കമ്പോളവൽക്കരണത്തിന്റേയുമൊക്കെ ഫലമായി അവർ നടപ്പിലാക്കിയതിനെക്കാൾ കുറേക്കൂടി ശക്തിയായി BJP നടപ്പിലാക്കിയതിനെ ഡോ.എം. എ. കുട്ടപ്പനടക്കം ഓശാന പാടുന്ന സ്ഥിതിയാണുള്ളത്. അതുപോലെതന്നെ പേറ്റന്റ് നിയമം ശ്രീ. നരസിംഹ റാവുവും ശ്രീ മൻമോഹൻ സിംഗും കൂടെ നമ്മുടെ രാജ്യത്തെ അടിയറ വയ്ക്കുകയാണ്; നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യം നശിപ്പിക്കുകയാണ് ചെയ്തത്. ബി.ജെ.പി.ക്ക് പ്രത്യക്ഷമായും പരോക്ഷമായും എല്ലാവിധ സഹായവും ചെയ്തു കൊടുത്തത് അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കളാണ്. അവരാണ് ഇപ്പോൾ പറയുന്നത് ഈ വകുപ്പ് മോശമെന്ന്. ഇപ്പോൾത്തന്നെ പി.എസ്.സി. ലിസ്റ്റിൽ ഒറ്റ ഡോക്ടർ പോലും നിയമനം ലഭിക്കാതെയില്ല. മുഴുവൻ ആളുകളെയും നിയമിച്ചു. കഴിഞ്ഞ 5 വർഷക്കാലം പി.എസ്.സി. ലിസ്റ്റുകളിലുള്ള ഒരാളെയും നിയമിച്ചിട്ടില്ല. പി. എസ്.സി. യെ തന്നെ നോക്കുകുത്തിയാക്കി. പി.എസ്.സി. ലിസ്റ്റിലെ ഒരാളെ പോലും നിയമിക്കാതെയാണ് ലിസ്റ്റുകൾ ക്യാൻസൽ ചെയ്തത്. പക്ഷെ ഈ ഗവൺമെന്റ് വന്നപ്പോൾ ആരോഗ്യ വകുപ്പിലേയ്ക്ക് മുഴുവൻ ഡോക്ടർമാ

LIBRARY ARCHIVES Kerala Legislative Assembly

രേയും ലിസ്റ്റിലുള്ളവരെ നിയമിച്ചു. അതുമാത്രമല്ല, അവിടെനിന്നും കിട്ടാതിരുന്നപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ആളെ എടുത്തു. അവിടെനിന്നും ആളെ എടുക്കുക മാത്രമല്ല ചെയ്തത്, വീണ്ടും ഡോക്ടർമാർ ആവശ്യമായി വന്നപ്പോൾ കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കാൻ ത്രിതല പഞ്ചായത്തുകൾക്ക് അധികാരം കൊടുക്കുകയും ആ ഡോക്ടർമാർക്ക് കൊടുത്തിരുന്ന ശമ്പളം 5000 രൂപയിൽ നിന്നും 7500 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. അതുപോലെ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്, എൻട്രൻസ് എഴുതിയാണ് സാധാരണ പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷൻ കിട്ടുന്നത്. മെഡിസിന് അഡ്മിഷൻ കിട്ടുന്ന ഒരാൾ ഡോക്ടറായി പുറത്തു വന്നാൽ ആ ആൾക്കുള്ള എല്ലാ പരിരക്ഷയും ഈ ഗവൺമെന്റും ഡിപ്പാർട്ടുമെന്റും നൽകുന്നുണ്ട്. എൻട്രൻസ് എഴുതി അഡ്മിഷൻ കിട്ടി ബി.എസ്.സി. നഴ്സിംഗ് പാസ്സായി പുറത്തുവരുന്ന ആളുകൾക്ക് തൊഴിൽസാധ്യതകൾ ഇന്നില്ല. അത് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ ഓർമ്മിപ്പിക്കാനുള്ളത്. പല രോഗങ്ങളും പകരുന്നത് ജലംവഴിയാണ്. അതിസാരം, കോളറ, ഛർദ്ദി തുടങ്ങിയ നിരവധി രോഗങ്ങൾ പകരുന്നത് വെള്ളത്തിൽ കൂടിയാണ്. ജലത്തിൽ ഈ രോഗത്തിന്റെ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിനും അതു തടയുന്നതിനും വേണ്ടി ഈ ഗവൺമെന്റ് മൈക്രോ ബയോളജിക്കൽ വാട്ടർ ടെസ്റ്റിംഗ് കിറ്റ് വാങ്ങി എല്ലാ ജില്ലാ ആശുപത്രികളിലും എത്തിച്ചു. മെഡിക്കൽ കോളേജുകളിലും സ്പെഷ്യാലിറ്റി സൂപ്പർ സ്പെഷ്യാലിറ്റി പ്രൊഫസർമാരുടെ ഒഴിഞ്ഞുകിടന്ന അറുനൂറോളം തസ്തികകൾ നികത്തുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ആരോഗ്യവകുപ്പിൽ 350 തസ്തികകൾ നികത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അതൊക്കെ അപ്പുറത്തിരിക്കുന്ന എന്റെ സുഹൃത്തുക്കൾ കുറച്ചു കാണുകയാണ്. ജയചന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിനെക്കുറിച്ച് പ്രൊഫ. മീനാക്ഷി തമ്പാൻ പറഞ്ഞു, ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. തിരുവനന്തപുരം ആർ.സി.സി. യിൽ അങ്ങനെയുള്ള ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് അവസാനിപ്പിക്കുകയും പകരം പേയിംഗ് ക്ളിനിക്കുകൾ ആരംഭിക്കുകയും ചെയ്തു. ഇവിടെ പലരും നിർദ്ദേശിച്ചു; നമ്മുടെ പല ആശുപത്രികളിലും പേയിംഗ് ക്ലിനിക്കുകൾ ആരംഭിക്കണമെന്നുള്ള കാര്യം. അതിന്റെ തുടക്കമെന്ന നിലയിൽ ആർ.സി.സി.യിൽ ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് അവസാനിപ്പിക്കുകയും പേയിംഗ് ക്ളിനിക്കുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പി.ജി. കോഴ്സിന്റെ സീറ്റ് വർദ്ധിപ്പിക്കണം. ഇപ്പോൾ ആൾ ഇൻഡ്യാ എൻട്രൻസ് പരീക്ഷ എഴുതുന്ന നമ്മുടെ കുട്ടികൾക്ക് പുറംനാടുകളിൽ-ഇൻഡ്യയ്ക്കകത്തുതന്നെയുള്ള സംസ്ഥാനങ്ങളിൽ അഡ്മിഷൻ കിട്ടിയാൽ അവിടെ വിഭാഗീയ പ്രവർത്തനങ്ങളുടെ പേരിൽ, മണ്ണിന്റെ മക്കൾ വാദത്തിന്റെ പേരിൽ ഒക്കെ ആ കുട്ടികളെ തല്ലി, അവിടെനിന്നും ഓടിക്കാറുണ്ട്. ഇങ്ങനെ പുറത്താക്കപ്പെടുന്ന കുട്ടികളെ സംബന്ധിച്ചിടത്തോളം ചില സംസ്ഥാനങ്ങൾ അവരുടെ കുട്ടികൾക്ക് പരിരക്ഷ കൊടുക്കുന്നുണ്ട്. നമ്മുടെ കേരളത്തിൽ അതില്ല. കഴിഞ്ഞവർഷം ഗുജറാത്തിൽ പി.ജി.യ്ക്ക് അഡ്മിഷൻ കിട്ടിപോയ പത്ത് കുട്ടികളെ അതിദാരുണമായി തല്ലി. അതിൽ രണ്ടുപേർ അതുപേക്ഷിച്ച് പോന്നു. അവർക്ക് യാതൊരു നിവൃത്തിയുമില്ലാത്ത സ്ഥിതിവന്നു. പല സംസ്ഥാനങ്ങളിലും ഇങ്ങനെ പുറത്തുപോകുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ സഹായങ്ങൾ എത്തിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണമെന്നുകൂടി

LIBRARY ARCHIVES Kerala Legislative Assembly

ഓർമ്മപ്പെടുത്തുന്നു. ഒരുകാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. കേരളത്തിലെ ചികിൽസാ സംപ്രദായം എന്നുപറയുന്നത് പൊതുവെ അലോപ്പതിയും, ഹോമിയോപ്പതിയും, ആയുർവേദവും യുനാനിയും സിദ്ധവൈദ്യവുമൊക്കെയാണ്. ഇപ്പോൾ നമ്മൾ അലോപ്പതിക്കും, ഹോമിയോപ്പതിക്കും, ആയുർവേദത്തിനും പ്രാതിനിധ്യം കൊടുക്കുന്നുണ്ട്. അതുപോലെ യുനാനിക്കും, സിദ്ധവൈദ്യത്തിനും മർമ്മചികിൽസയ്ക്കുമൊക്കെ കൂടുതൽ പ്രാധാന്യം ഈ ഡിപ്പാർട്ടുമെന്റു വഴി കൊടുക്കുന്നതിനുള്ള നടപടിയുണ്ടാകണം. ഇൻഡ്യൻ മെഡിക്കൽ സിസ്റ്റത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ആയുർവേദം. ഗവൺമെന്റിന്റെ കീഴിൽത്തന്നെ 'ഔഷധി' എന്നു പറയുന്ന ഒരു മരുന്നു നിർമ്മാണ ശാലയുണ്ട്. വളരെ കാര്യക്ഷമമായി അത് പ്രവർത്തിക്കുകയാണ്. അവിടെനിന്നും 711.10 ലക്ഷം രൂപയുടെ മരുന്നുകളാണ് കഴിഞ്ഞ വർഷം വിറ്റത്. 38.19 ലക്ഷം രൂപ അതിൽ ലാഭമുണ്ടായി. അത് വികസിപ്പിച്ചെടുക്കണം. നമ്മുടെ ആശുപത്രികളിൽ, ഇൻഡ്യൻ മെഡിക്കൽ സിസ്റ്റം അനുസരിച്ച് പഞ്ചകർമ്മ ചികിൽസ വികസിപ്പിച്ചെടുക്കേണ്ടതാണ്. അത് നമ്മുടെ എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ആരംഭിക്കണം. വളരെയധികം ടൂറിസ്റ്റുകൾക്ക് പ്രിയങ്കരമായ ഒരു ചികിൽസാ സമ്പ്രദായമാണ് അത്. അത് വികസിപ്പിക്കുന്നതിനുള്ള നടപടിയുണ്ടാകണം. തുറമുഖങ്ങളെല്ലാം വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടിയുണ്ടാകണം. പത്തു മുപ്പതു വർഷക്കാലം മുമ്പ് പണി ആരംഭിച്ച ഒരു തുറമുഖമാണ് വിഴിഞ്ഞം. അറബിക്കടലിന്റെ റാണി എന്നു പറയുന്ന കൊച്ചി കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട കേരളത്തിലെ തുറമുഖമായിരുന്നു വിഴിഞ്ഞം. 30 വർഷമായി അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നില്ല. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴാണ് എന്തെങ്കിലും കുറെ കാര്യങ്ങൾ ചെയ്തിട്ടുള്ളത്. ഇപ്പോൾ അതിന്റെ പ്രവർത്തനമാകെ സ്തംഭിച്ചിരിക്കുകയാണ്. അടിയന്തിരമായും പണികൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് അതിന്റെ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിൻതാങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ നിറുത്തുന്നു.

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇന്നലെ ലോബിയിൽ ഒരു സംസാരമുണ്ടായിരുന്നു. ആരോഗ്യവകുപ്പിനെപ്പറ്റി സംസാരിക്കുമ്പോൾ ഇടതുപക്ഷത്തുനിന്ന് ആരും അനുകൂലമായി സംസാരിക്കുകയില്ലെന്ന്. ഇന്നിപ്പോൾ ഇവിടെ. അത് തെളിഞ്ഞു കഴിഞ്ഞു. ഇപ്പോൾത്തന്നെ അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ടവർപോലുമില്ല. എത്ര ശുഷ്ക്കിച്ചിരിക്കുകയാണ്. കുറുന്തോട്ടിക്ക് വാതം പിടിപെട്ടാൽ എന്നുപറയുന്നതുപോലെ ആരോഗ്യവകുപ്പിന് രോഗം പിടിച്ചിരിക്കുകയാണ്. പ്രൊഫ. മീനാക്ഷി തമ്പാനും, ശ്രീ. ബാബുദിവാകരനുമൊക്കെ ആ കാര്യത്തെപ്പറ്റി പറഞ്ഞു. പ്രൊഫ. മീനാക്ഷി തമ്പാൻ പറഞ്ഞത് ഐ.എം.എ.യുടെ പ്രവർത്തനമഹത്വം, പിന്നെ മെഡിക്കൽ സർവേ റിപ്പോർട്ടുകൾ ആ കൂട്ടത്തിൽ സ്വകാര്യ ആശുപത്രികൾ പഞ്ചനക്ഷത്രസംസ്കാരം പുലർത്തുകയാണെന്നും പറഞ്ഞു. അങ്ങനെ സ്വകാര്യ ആശുപത്രികളുടെ കാര്യം പറഞ്ഞു. പിന്നെ അവസാനിച്ചത് വയാഗ്രയിലാണ്. ഞാൻ ആലോചിച്ചു ഈ മന്ത്രിയുടെ വകുപ്പിൽ ഇതൊക്കെയാണോ പെടുന്നതെന്ന്. പക്ഷെ പെടുന്ന കാര്യത്തെപ്പറ്റിയും പ്രൊഫസർ മീനാക്ഷി തമ്പാനൻ പറഞ്ഞു. പി.എച്ച്. സെന്ററുകളൊന്നും സാധാരണ പ്രവർത്തിക്കുന്നില്ല. കമ്മ്യൂണിറ്റി സെന്ററുകളിൽ കിടത്തി ചികിത്സിക്കാൻ സൗകര്യമില്ല. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ സംസാരിച്ചത് ഹിന്ദുത്വവും

LIBRARY ARCHIVES Kerala Legislative Assembly

ലോക ബാങ്കുമൊക്കെയാണ്. ഇന്നലെ അദ്ദേഹത്തിനുകൊടുത്ത മറുപടിയിൽ നമ്മുടെ മന്ത്രി പറഞ്ഞത് സംസ്ഥാനത്തെ എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രത്തിലും കിടത്തി ചികിത്സിക്കാൻ സൗകര്യമൊരുക്കുമെന്നാണ്. എങ്ങനെയാണ് ഈ സൗകര്യമൊരുക്കുന്നത്? ഡീറ്റെയ്ൽഡ് ഡിമാൻസിൽ ഒരു ഹെഡ്ഡുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, ഉപകേന്ദ്രങ്ങൾ എന്നിവ നിലവിലുള്ളത് അഭിവൃദ്ധിപ്പെടുത്തൽ. ഒരുരൂപ അതിന് വകകൊള്ളിച്ചിട്ടുണ്ടോ? കഴിഞ്ഞ വർഷം വച്ചിട്ടുണ്ടോ? അതിന്റെ മുൻപിലത്തെ കൊല്ലം വച്ചിട്ടുണ്ടോ? ഇവിടെ ശ്രീ. ബാബുദിവാകരൻ പ്രസംഗിച്ചപ്പോൾ എം.പി. മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് പി.എച്ച്.സെന്ററിനും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനും കെട്ടിടങ്ങൾ പണിയിച്ചുകൊടുത്തിട്ടുണ്ടെന്ന് പറഞ്ഞു. ആ കെട്ടിടങ്ങൾ തുറന്നു പ്രവർത്തിക്കാൻ മൂന്നുവർഷംകൊണ്ട് സാധിച്ചോ? എന്റെ നിയോജക മണ്ഡലത്തിൽ ശ്രീ. റ്റി.ജെ. ആഞ്ചലോസ് എം.പി. ആയിരുന്നപ്പോൾ വളവനാട് പി.എച്ച്.സെന്ററിന് ഒരു കെട്ടിടം പണിതു. കഴിഞ്ഞ മൂന്നുവർഷമായി ഞാൻ അത് തുറന്നു പ്രവർത്തിപ്പിക്കാൻ നിരന്തരമായി ആവശ്യപ്പെടുകയാണ്. അത് തുറന്നു പ്രവർത്തിച്ചിട്ടില്ല. അവിടെ രോഗികളെ കിടത്തി ചികിത്സിച്ചിട്ടില്ല. പക്ഷെ ആഞ്ചലോസ് ആയതുകൊണ്ടാണ് എന്ന് മനസ്സിലാക്കാം. പക്ഷെ ശ്രീ. ബാബുദിവാകരൻ പറഞ്ഞതെന്താണ്? അദ്ദേഹം പറഞ്ഞത് കേരളത്തിലെ എല്ലായിടത്തുമുള്ള അവസ്ഥ ഇതാണെന്നാണ്. നിയമസഭയിൽ ശ്രീ. ആനത്തലവട്ടം ആനന്ദന് മറുപടി കൊടുത്തതെന്താണ്? ഇവിടെ എല്ലായിടത്തും കിടത്തി ചികിൽസിക്കാനുള്ള സൗകര്യമുണ്ടാക്കുമെന്നാണ്. ഏതുകാലത്ത് അത് നടത്തും? ഇവിടെയൊന്നും കിടത്തി ചികിൽസിക്കാനുള്ള സൗകര്യമില്ല. ആശുപത്രികളിൽ മരുന്നു ലഭിക്കുന്നുണ്ടോ? ഒരിടത്തും മരുന്നില്ല. ഇവിടെ പറഞ്ഞിരിക്കുന്നു, സാധാരണക്കാരനും ദരിദ്രവാസികൾക്കുമൊക്കെ ചികിൽസാ സൗകര്യം കൊടുക്കുമെന്ന്. പക്ഷെ മരുന്ന് കിട്ടണ്ടേ? സാധാരണക്കാരനൊക്കെ പോകുന്നത് ഗവൺമെന്റ് ആശുപത്രികളിലും പി.എച്ച്.സെന്ററുകളിലുമൊക്കെയാണ്. അവിടെ ഒന്നുമില്ല. ഇന്ന് അവിടെയൊക്കെ സ്റ്റാഫുണ്ടോ? ഡോക്ടർമാരുണ്ടോ? നഴ്സുമാരുണ്ടോ? ഇല്ല. അപ്പോൾ ശ്രീ. ആനത്തലവട്ടം ആനന്ദന് കൊടുത്തിരിക്കുന്ന മറുപടിയിൽ പറഞ്ഞിരിക്കുന്നത് താലൂക്ക് ജില്ലാ ആശുപത്രിയിൽ നിലവിലുള്ള ഗൈനക്കോളജിസ്റ്റുമാരുടെ ഒഴിവുകൾ നികത്തിയശേഷം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഗൈനക്കോളജിസ്റ്റുമാരെ നിയമിക്കും എന്നാണ്. അപ്പോൾ പ്രസവത്തിന് അവധി കൊടുക്കണമെന്നാണോ? അപ്പോൾ താലൂക്ക് ആശുപത്രിയിലും ജില്ലാ ആശുപത്രിയിലും കഴിഞ്ഞാലേ പി.എച്ച്. സെന്ററിലേയ്ക്ക് വരൂ. ഡോക്ടർമാരും നേഴ്സുമാരുമില്ല. ബി.എസ്.സി. നഴ്സിംഗ് പാസ്സായി നിൽക്കുന്ന കുട്ടികൾ ജോലികിട്ടാതെ നിൽക്കുന്നു. ജില്ലാ ആശുപത്രികൾ പോട്ടെ. മെഡിക്കൽ കോളേജ് ആശുപത്രിയുടെ അവസ്ഥയെന്താണ്? ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഗൈനക്കോളജി ഡിപ്പാർട്ടുമെന്റിൽ അസോസിയേറ്റ് പ്രൊഫസർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നു. അസിസ്റ്റന്റ് പ്രൊഫസർമാരുടെ രണ്ട് തസ്തിക, ലക്ചറർ-ഒരു തസ്തിക. അങ്ങനെ ഒരു ഡിപ്പാർട്ടുമെന്റിൽതന്നെ 4 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. സർജറി വിഭാഗത്തിൽ പ്രൊഫസർ തസ്തിക-1, അസിസ്റ്റന്റ് പ്രൊഫസർ-2, ലക്ചറർ-1, പീഡിയാട്രിക്സിൽ അസിസ്റ്റന്റ് പ്രൊഫസർ-3, ലക്ചറർ-2, ഗ്യാസ്ട്രോയിൽ ലക്ചറർ-1, റേഡിയോഡയാഗ്നോസിൽ പ്രൊഫസർ-1, ലക്ചറർ-5 ഇത്രയും വേക്കൻസികളാണുള്ളത്. ന്യൂറോ സർജറിയിൽ പ്രൊഫസർ-1, അസിസ്റ്റന്റ് പ്രൊഫസർ-1,

LIBRARY ARCHIVES Kerala Legislative Assembly

ലക്ചറർ-1, അനസ്തേഷ്യ അസിസ്റ്റന്റ് പ്രൊഫസർ-2, ലക്ചറർ-2, ഇത്രയും ഒഴിവുകളുണ്ട്. ഇതല്ലേ കാണുന്നത്?

ശ്രീ. കെ.സി. വേണുഗോപാൽ : ഒഴിവുകളുടെ എണ്ണം അങ്ങ് പറഞ്ഞു. ആലപ്പുഴ മെഡിക്കൽ കോളേജിൽ ഞാനും ബഹുമാനപ്പെട്ട മന്ത്രിയും കൂടിപോയി കഴിഞ്ഞ രണ്ടുമാസം മുമ്പ് ഉദ്ഘാടനം ചെയ്ത ട്രോമാകെയർ യൂണിറ്റ് പ്രത്യേകമായി സ്റ്റാഫില്ലാത്തതുകൊണ്ട് യൂണിറ്റ് പ്രവർത്തിക്കുന്നില്ലായെന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി.ജെ. ഫ്രാൻസിസ് : സത്യമാണ്. ആലപ്പുഴ മെഡിക്കൽകോളേജിനോട് കാണിക്കുന്ന അവഗണന. അവിടെ പരിശോധനാ സമ്പ്രദായങ്ങൾ ഉണ്ടോ? ട്രോമാകെയർ യൂണിറ്റ് തുടങ്ങിയിട്ട് അത് പ്രവർത്തിപ്പിക്കുവാൻ കഴിയുന്നുണ്ടോ? കഴിഞ്ഞ പ്രാവശ്യം ഞാൻ നിയമസഭയിൽ സൂചിപ്പിച്ചതാണ്. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ അവസ്ഥ എന്താണ്? കഴിഞ്ഞ 4 വർഷമായി അവിടെ കോളറ, ജപ്പാൻജ്വരം, ഡങ്കിപ്പനി ഇതൊക്കെക്കൊണ്ട് മരണം നടക്കുകയല്ലേ? എന്തുകൊണ്ടാണ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആലപ്പുഴ സ്ഥാപിക്കണമെന്ന് യു.ഡി.എഫ്. ഭരിച്ചപ്പോൾ തീരുമാനമെടുത്തത്? പകർച്ചവ്യാധി കാരണം മരണം സംഭവിക്കുന്നതുകൊണ്ടാണ്. ഇപ്പോൾ അത് എന്തുചെയ്തിരിക്കുന്നു? അത് മരീചികയാക്കി മാറ്റുകയാണ്. ഇപ്പോൾ അങ്ങ് പറഞ്ഞത് എന്താണ്? ഞങ്ങൾ തീരുമാനിച്ചു എന്നതുകൊണ്ട് നിങ്ങൾ ചെയ്യണ്ടേ? ശ്രീ.ജി. സുധാകരൻ പറഞ്ഞത് വളരെ കറക്ടാണ്. കേന്ദ്ര സഹായംകൊണ്ട് വാങ്ങാവുന്നതാണ് വൈറോക്സ് ലബോറട്ടറി. വാങ്ങണമെങ്കിൽ കേന്ദ്ര ഗവൺമെന്റ് ചില സ്പെസിഫിക്കേഷൻ പറയും. അവർക്ക് ചില നിബന്ധനകൾ ഉണ്ടാകും. ഈ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് നിങ്ങൾ ഇല്ലായ്മ ചെയ്യുവാൻ നോക്കി. നിങ്ങൾ സത്യത്തിൽ വെള്ളം ചേർത്തു. വെക്ടർ കൺട്രോൾ റിസർച്ച് യൂണിറ്റ് എന്തിനായിരുന്നു? മന്തു നിരോധിക്കുന്നതിനായിരുന്നു. അവരെ ഇതിൽ ജോലികൊടുക്കുമെന്ന്. എന്നാൽ 50 ശതമാനം കേന്ദ്ര സഹായം ഉള്ളതു മറ്റൊരു പദ്ധതിയിൽ അവർക്കു ജോലി കൊടുത്തു കൂടെ? അതുകൊണ്ട് ദുരൂഹതയുണ്ട്. ചാരിറ്റബിൾ സൊസൈറ്റി ഉണ്ടാക്കി എന്നുപറഞ്ഞു. അതിൽ എം.എൽ.എ. മാരെ നിയമിച്ചോ? ഉദ്യോഗസ്ഥൻമാരെ മാത്രം നിയോഗിക്കുന്നത് എന്തുകൊണ്ടാണ്? അതിലൊക്കെ പല ദുരൂഹതകളും ഉണ്ട്. ആലപ്പുഴ തുറമുഖത്തെ അടച്ചുപൂട്ടണമെന്ന് നിങ്ങൾക്ക് നിർബന്ധമുണ്ടോ? രാജാകേശവദാസ് തുറമുഖം സ്ഥാപിച്ചത് എന്താണെന്ന് അറിയാമോ? ഇപ്പോൾ ശ്രീ. ജി. സുധാകരൻ ചോദിച്ചില്ലേ-ചാകര. മഡ് ബാങ്ക് ഉണ്ടാകുന്നത് അവിടത്തെ കടലിന്റെ പ്രത്യേകതയാണ്. മഡ് ബാങ്ക് ഉണ്ടായതുകൊണ്ട് ഒരുവർഷത്തിൽ 9 മാസവും അവിടെ തുറമുഖം പ്രവർത്തിപ്പിക്കാമെന്നാണ്. പക്ഷെ അങ്ങ് എന്താണ് , ചെയ്തത്? സിഗ്നൽ സ്റ്റാന്റുപോലും പൊളിച്ചു വില്ക്കുവാൻ ഓർഡർ കൊടുത്തില്ലേ; അങ്ങ് ആലപ്പുഴയുടെ ശത്രുവാണ്. ശ്രീ. വക്കംപുരുഷോത്തമൻ പി.യു.സി. ചെയർമാനായിരുന്നപ്പോൾ എഫ്.സി.ഐ.യുടെ അരിക്കപ്പൽ അവിടെ കൊണ്ടുവന്നു. അങ്ങേയ്ക്ക് ആത്മാർത്ഥത ഉണ്ടെങ്കിൽ അവരുടെ കപ്പൽ അവിടെ കൊണ്ടുവരാൻ നടപടിയുണ്ടാക്കണം. അദ്ദേഹത്തിന്റെ കാര്യത്തെപ്പറ്റി പറയുമ്പോൾ ശ്രീ. ജി. സുധാകരൻ ഇത്ര ചൂടാകുന്നത് എന്തിനാണ്? അവിടെ അതിനുള്ള യാതൊരു നടപടിയും ഉണ്ടാകാതെപോയി. മൽസ്യസമ്പത്തിനെപ്പറ്റി പറഞ്ഞു. ശ്രീ. പി. വിശ്വൻ പറഞ്ഞു, മൽസ്യസ്രോതസ്സും മത്സ്യസമ്പത്തും ഒക്കെ വർദ്ധിച്ചിരിക്കുന്നുവെന്ന്. അദ്ദേഹം പറയുവാൻ കാരണമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അത്

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധിക്കണം. സാമ്പത്തിക അവലോകനം 1997, 61-ാമത്തെ പേജിൽ പറയുന്നു, കടൽ മത്സ്യബന്ധനം ഇനം തിരിച്ചുള്ള കണക്ക്. പരിശോധിച്ചാൽ മറ്റൊരു കാര്യം മനസ്സിലാക്കുവാൻ സാധിക്കും. അതായത് 90-കളിൽ നെയ്ച്ചാളയുടെ ഉല്പാദനം കുറഞ്ഞുവരുന്നു എന്നതാണ്. 1991-ൽ 1,06,261 ടൺ നെയ്ച്ചാള ഉല്പാദിപ്പിച്ചിരുന്ന സ്ഥാനത്ത് 1996 ആയപ്പോൾ 13,607 ടണ്ണായി കുറഞ്ഞു. അതുപോലെ ഇതേ കാലയളവിൽ മറ്റ് രണ്ട് പ്രധാനപ്പെട്ട ഇനങ്ങളുടെയും ഉല്പാദനം കുറഞ്ഞു. ഈ റിപ്പോർട്ടിന്റെ പേജ് എസ്-51-ൽ ചാളയുടെ വർദ്ധനവ് വന്നിരിക്കുന്നത് 1996-ൽ 30,607 ടൺ, ഇപ്പോൾ 93,636 ടണ്ണായിരിക്കുന്നു. വസ്തുതയ്ക്ക് നിരക്കാത്തതാണ് ഈ കണക്ക്. അതുകൊണ്ടാണ് എന്റെ സ്നേഹിതൻ ശ്രീ. പി. വിശ്വൻ ഇവിടെ പ്രസംഗിക്കുവാൻ കാരണമായത്. സ്രോതസ്സ് വർദ്ധിച്ചുവെന്ന്. ഇവിടെ സ്രോതസ്സ് വർദ്ധിച്ചില്ല. എല്ലാ മൽസ്യങ്ങളും കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇവിടെ ഗവേഷണ ഡിപ്പാർട്ടുമെന്റ് ഉണ്ടല്ലോ; എന്തെങ്കിലും ഗവേഷണം നടക്കുന്നുണ്ടോ? എന്തുകൊണ്ടാണ് മൽസ്യ ഉല്പാദനം കുറഞ്ഞത്? അത് മൽസ്യ ബന്ധനത്തിന്റെ തകരാറുകൊണ്ടാണോ? മറ്റ് രീതികൾ കൊണ്ടാണോ? ഈ പ്രാവശ്യവും നോൺ പ്ലാനിൽ 18,54,000 രൂപയും പ്ലാനിൽ 10 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്. അങ്ങനെ 28,54,000 രൂപ ഗവേഷണത്തിനു വച്ചിട്ടുണ്ട്. എന്ത് ഗവേഷണമാണ് ഇവർ നടത്തുന്നത്? ആസൂത്രണത്തിനും സ്ഥിതിവിവര കണക്കിനും 25 ലക്ഷം രൂപ നീക്കിവെയ്ക്കുന്നു എന്നാണ്. നമ്മുടെ കടൽ എന്തു കടലാണ്?

ശ്രീ. ജി. സുധാകരൻ : കടൽ എന്ത് കടലാണെന്നോ? ഇതുകൊള്ളാം.

ശ്രീ. പി.ജെ. ഫ്രാൻസിസ് : ശ്രീ. ജി. സുധാകരൻ അങ്ങ് ഇരിക്ക്. കുറെ നേരമായില്ലേ; ഉഷ്ണമേഖലാ സമുദ്രമാണ് നമ്മുടേത്. ആ സമുദ്രത്തിൽ മൽസ്യത്തിന്റെ അളവ് കുറവാണ്. ഇനങ്ങൾ കൂടുതലാണ്. നിങ്ങൾക്ക് എപ്പോഴും. ചാട്ടമായിക്കഴിഞ്ഞാൽ എന്തുചെയ്യും? മറ്റുള്ളവരെ പ്രസംഗിക്കുവാൻ അനുവദിക്കൂ. ബുദ്ധിജീവിയല്ലേ അങ്ങ് ഇരിക്ക്. നമ്മുടെ സമുദ്രം ഉഷ്ണമേഖലാ സമുദ്രമാണ്. ആ സമുദ്രത്തിൽ മൽസ്യത്തിന്റെ അളവ് കുറവാണ്. ഇനങ്ങൾ കൂടുതലാണ്. പക്ഷെ ശീതോഷ്ണ സമുദ്രത്തിൽ അങ്ങനെയല്ല. അളവ് കൂടുതലാണ്. ഇനങ്ങളുടെ എണ്ണം കുറവായിരിക്കും. ഇവിടെ നടത്തുന്ന മൽസ്യബന്ധന രീതി എന്താണ്? മൽസ്യം കൂടുതൽ പിടിക്കുകയാണ്. അങ്ങനെ കൂടുതൽ പിടിച്ചെടുക്കുന്നത് എന്തിനാണ്; വിദേശനാണയം കിട്ടാൻ. അതുകൊണ്ട് നമ്മുടെ കടലിൽ മൽസ്യം കുറയുന്നു. അതുകൊണ്ട് എന്തു സംഭവിക്കുന്നു? കടലിൽ മൽസ്യബന്ധനം നടത്തുന്ന പരമ്പരാഗത മൽസ്യത്തൊഴിലാളികളെ അന്യവൽക്കരിച്ചിരിക്കുകയാണ്. അവരെ നിങ്ങൾ നശിപ്പിക്കുന്നു. ട്രോളിംഗിനെപ്പറ്റി പറഞ്ഞു. 1989-ലാണ് ട്രോളിംഗ് കൊണ്ടുവന്നതെന്ന് പറഞ്ഞു. 1984-ൽ ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രി ആയിരുന്ന സമയത്താണ് ട്രോളിംഗ് കൊണ്ടുവന്നത്. അടുത്ത വർഷവും ഏർപ്പെടുത്തി. കടലാസ് എടുത്ത് പരിശോധിയ്ക്ക്. രണ്ടുവർഷം ഏർപ്പെടുത്തി. അതിനുശേഷം മാറ്റി. ഇപ്പോൾ പറയുന്നതു 1989-ലാണ് നടത്തിയിരിക്കുന്നതെന്ന്. എത്ര ട്രോളിംഗ് ബാൻ വന്നു. ട്രോളിംഗ് ബാൻ വന്നപ്പോൾ മൽസ്യസമ്പത്ത് വർദ്ധിച്ചു. പിന്നെ എന്തിനാണ് ഇനിയും ട്രോളിംഗിനെപ്പറ്റി അന്വേഷിക്കുവാൻ കമ്മീഷനെ വെയ്ക്കുന്നത്? ഇവിടെ ബാലകൃഷ്ണൻ നായർ കമ്മീഷൻ ഉണ്ടായിരുന്നു. ബാബുപോൾ കമ്മീഷൻ വന്നിരുന്നു. അവരൊക്കെ പറഞ്ഞത് എന്താണ്? പ്രജനനകാലത്തെ മൽസ്യബന്ധനം നിർത്തിവെയ്ക്കണം എന്നല്ലേ; നിങ്ങൾക്ക് ആത്മാർത്ഥത ഉണ്ടെങ്കിൽ എന്തുകൊണ്ട് അത് ചെയ്തില്ല? ആഴ



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്കടലിലും തീരക്കടലിലും മൽസ്യബന്ധനം നടക്കുന്നുണ്ടല്ലോ? ആഴക്കടലിൽ മൽസ്യബന്ധനം നടത്തുന്നവർ തീരക്കടലിൽ മൽസ്യബന്ധനം നടത്തുവാൻ പാടില്ല. അതുകൊണ്ടാണ് പരമ്പരാഗത മൽസ്യത്തൊഴിലാളികളുമായി ഏറ്റു മുട്ടലുണ്ടായത്. അതിനെ തടയുവാൻ നിങ്ങൾ എന്തുചെയ്തു?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : നിങ്ങൾ എന്തുചെയ്തു?

ശ്രീ. പി.ജെ. ഫ്രാൻസിസ് : ഞങ്ങൾ ചെയ്തത്, ഞങ്ങളുടെ 5 ബോട്ടാണ് ഇറക്കിക്കൊണ്ടുനടക്കുന്നത്. ഞങ്ങൾ ഉണ്ടാക്കിയ 5 ബോട്ട്. ആധുനിക സൗകര്യങ്ങളോടുകൂടി ഉണ്ടാക്കിയ ബോട്ടാണ് ഇപ്പോൾ നിങ്ങൾ ഉപയോഗിക്കുന്നത്. അതുപോലും ഇവിടെ ചെയ്യുന്നില്ല. മത്സ്യബന്ധനം നമ്മുടെ കാര്യമാണ് അത് ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ ചിന്തിക്കണം. സമുദ്ര മൽസ്യബന്ധനം നിയന്ത്രിക്കുന്നതിനുവേണ്ടി അതിർത്തി മേഖലകളിൽ റോന്തുചുറ്റുവാൻ 2,72,69,000 രൂപ വച്ചിട്ടുണ്ട്. ഇവിടെ എന്തിനാണ് ഈ ഓഫീസ് നിലനിർത്തുന്നത്? ഇവിടെ പറഞ്ഞല്ലോ മൽസ്യത്തൊഴിലാളികൾക്ക് വലിയ ക്ഷേമം കൊടുക്കുന്നുവെന്ന്. എന്തു ക്ഷേമമാണ് നടത്തുന്നത്? അവർ കടലിൽ പോയി മരിച്ചാൽ ആശ്രിതർക്ക് ഒരുലക്ഷം രൂപ കൊടുക്കുന്നതോ? അത് മാത്രം മതിയോ? അവന്റെ പാർപ്പിട സൗകര്യം എങ്ങനെയാണ്; മലമൂത്ര വിസർജനത്തിനു സൗകര്യമുണ്ടോ; ശുദ്ധജലം ലഭിക്കുന്നുണ്ടോ; അവന് വെളിച്ചം കിട്ടുന്നുണ്ടോ; തീരദേശത്ത് മലിനജലം ഒഴുക്കിവിടാനുള്ള സൗകര്യമുണ്ടോ? അടിസ്ഥാന സൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരാണ് കായൽ-കടൽ തീരങ്ങളിൽ ജീവിക്കുന്നവർ. ഇവിടെ പറഞ്ഞത് 35,000 രൂപയുടെ വീട് കൊടുത്തു എന്ന്. നിങ്ങൾ സംസ്ഥാന സർക്കാരിന്റെ ക്യാഷ് കൊടുത്തിട്ടാണോ 35,000 രൂപയുടെ വീട് കൊടുത്തത്? ശ്രീ. പി.വി. നരസിംഹറാവു ഭരിച്ചപ്പോഴാണ് ദേശീയ മത്സ്യത്തൊഴിലാളി ഫെഡറേഷനും പത്താം ധനകാര്യ കമ്മീഷനും പാർപ്പിടസഹായം കൊടുത്തത്. 35,000 രൂപയിൽ ഒരൊറ്റ പൈസ മൽസ്യത്തൊഴിലാളികൾ തിരിച്ചടയ്ക്കണ്ടാ. കാരണം എന്താണെന്ന് അറിയാമോ? മൽസ്യത്തൊഴിലാളികളെ ട്രൈബൽ വർഗ്ഗത്തിന്റെ പരിധിയിൽപ്പെടുത്തിക്കൊണ്ടാണ് ശ്രീ. പി.വി. നരസിംഹറാവു ഇത് ചെയ്തത്. ഞങ്ങൾ അഭിമാനത്തോടുകൂടിതന്നെ പറയും. നിങ്ങൾ ഇപ്പോൾ എന്തുചെയ്യുന്നു.? തീരദേശ സാമൂഹ്യ ഇൻഫ്രാസ്ട്രക്ച്ചർ വികസനസൗകര്യങ്ങൾ എന്ന ഹെഡ്ഡിൽ പ്ലാനിംഗ് ഫണ്ടിൽ 5 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. എല്ലാ വർഷവും വച്ച് ചെലവഴിച്ചില്ലേ; എന്തുകൊടുത്തു അവർക്ക്? എന്ത് നേട്ടം ഉണ്ടാക്കി കൊടുക്കുന്നു? പത്താം ധനകാര്യകമ്മീഷൻ അവാർഡ് തുക മൽസ്യബന്ധന റോഡുകൾ-3,29,00,000 രൂപ. ഹാർബർ എഞ്ചിനീയറിംഗാണ് മൽസ്യബന്ധനറോഡുകൾ തെരഞ്ഞെടുക്കുന്നത്. അത് എവിടെകൊടുക്കുന്നു? ഹാർബർ എഞ്ചിനീയറിംഗിലെ ഉദ്യോഗസ്ഥൻമാരുടെ താല്പര്യം സംരക്ഷിക്കുവാൻ കഴിഞ്ഞാൽ അവര് പറയുന്നിടത്ത് റോഡ് അനുവദിക്കും. അല്ലാതെ മൽസ്യത്തൊഴിലാളി മേഖലകൾക്ക് ഗുണമുണ്ടായിട്ടല്ല. അല്ലെങ്കിൽ മൽസ്യം പിടിച്ച് കൊണ്ടുപോകുവാൻ സൗകര്യത്തിനുവേണ്ടി അല്ല റോഡ് കൊടുക്കുന്നത്. ഹാർബർ എഞ്ചിനീയറിംഗിലെ ഉദ്യോഗസ്ഥൻമാരുടെ പല കാര്യങ്ങൾക്കും വേണ്ടി ഇവിടെ റോഡുണ്ടാക്കിക്കൊടുത്തു. മൽസ്യത്തൊഴിലാളി ഭവനങ്ങളിൽ ജലം കിട്ടുമെന്ന് പറഞ്ഞല്ലോ, ജലം കൊടുത്തോ? 5 ശതമാനം മണ്ണെണ്ണ പെർമിറ്റ് വെട്ടിക്കുറച്ചു. 1997-നു ശേഷം മൽസ്യത്തൊഴിലാളികൾക്ക് പെർമിറ്റ് കൊടുക്കുവാനുള്ള അപേക്ഷപോലും സ്വീകരിച്ചിട്ടില്ല. സർ, എന്താണ് മണ്ണെണ്ണ പെർമിറ്റ് കൊടുക്കാത്തത്? ബ്ലോക്കടിസ്ഥാനത്തിലാണ് മണ്ണെണ്ണ മുമ്പ് കേന്ദ്രം

അനുവദിച്ചിരുന്നത്. ഇപ്പോൾ നമ്മുടെ ആവശ്യത്തിനനുസരിച്ചാണ് കേന്ദ്രം അനുവദിക്കുന്നത്. അങ്ങനെയാണെങ്കിൽ മൽസ്യത്തൊഴിലാളികൾക്ക് മാത്രം മണ്ണെണ്ണ പെർമിറ്റ് കൊടുക്കാതിരിക്കുന്നത് എന്തുകൊണ്ട്? നിങ്ങൾ മൂന്നു കൊല്ലം ഭരിച്ചപ്പോൾ തീരദേശമാകെ മാറിയെന്ന് ഇവിടെ പറഞ്ഞു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എന്താണ് സംഭവിച്ചത്? 1998-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ എന്തായിരുന്നു അവസ്ഥ? ശ്രീ. ആന്റണി രാജു ഇവിടെയില്ല. അദ്ദേഹത്തിന്റെ അസംബ്ലി നിയോജകമണ്ഡലമുൾപ്പെടുന്ന സ്ഥലത്ത് ഞങ്ങളുടെ ശ്രീ. കെ. കരുണാകരന് ഭൂരിപക്ഷം ലഭിച്ചു. ആലപ്പുഴ പാർലമെന്റ് നിയോജക മണ്ഡലത്തിൽ മത്സരിച്ച ശ്രീ. വി.എം. സുധീരന് അന്നു കിട്ടിയത്, 1998-ന് മുമ്പ് 660 വോട്ടിന്റെ ഭൂരിപക്ഷമായിരുന്നു. പക്ഷെ 1998 ആയപ്പോൾ അത് 1690 വോട്ടായിട്ട് വർദ്ധിച്ചു. അവിടെ മൽസ്യത്തൊഴിലാളികളുടെ പേരു പറഞ്ഞ് അങ്ങോട്ടു വരൂ; നമുക്കു നോക്കാം. ഇവിടെ മൽസ്യത്തൊഴിലാളി വെൽഫെയർ ഫണ്ടിന്റെ കാര്യം പറഞ്ഞു. എക്സ്പോർട്ടേഴ്സിൽ നിന്ന് ഒരു ശതമാനം വാങ്ങിക്കാൻ പറഞ്ഞിരുന്നു. അതു ഞങ്ങൾ പറഞ്ഞപ്പോൾ വലിയ ആരോപണമായി. ഞങ്ങളും പറഞ്ഞത് അവരുമായി സെറ്റിൽ ചെയ്ത് പ്രശ്നം തീർക്കണമെന്നാണ്. നിങ്ങൾ മൂന്നു വർഷമായിട്ട് ഒരു പൈസ പോലും അവരിൽ നിന്ന് ഈടാക്കിക്കൊണ്ട് പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് കൊടുക്കാനുള്ള സൗകര്യം ചെയ്തോ? എന്താണു കാര്യം? അതിന് സ്റ്റേ കൊടുത്തിരിക്കുന്നു. മാത്രമാണോ, നാട്ടിലൊക്കെ ഭയങ്കര പിന്നാംപുറ കഥകൾ കേൾക്കുന്നു. പിരിവുകളും മറ്റുമൊക്കെയുണ്ടെന്നാണ് പറയുന്നത്. ഒരു വസ്തുതയുണ്ട്. മൂന്നു വർഷമായിട്ട് നിങ്ങൾ യാതൊരു വിധത്തിലും അവരിൽ നിന്ന് പൈസ വാങ്ങിക്കൊണ്ട് വെൽഫയർഫണ്ട് രൂപീകരിച്ചില്ല. എന്നിട്ടും വെൽഫെയർ ഫണ്ടിന് വെള്ളം ചേർക്കാനാണ് പോകുന്നത്. മൽസ്യത്തൊഴിലാളികൾ പരമ്പരാഗതമായി പോരാടിയിട്ടു കിട്ടിയതാണ് ഇത്. നിങ്ങളാരും അല്ല. മൽസ്യത്തൊഴിലാളി വെൽഫെയർ ഫണ്ട് കോർപ്പറേഷൻ ഉണ്ടാക്കിയത് യു.ഡി.എഫിന്റെ ഭരണകാലത്തായിരുന്നു. ഇതിനു മുൻപൊക്കെ നിങ്ങൾ ഭരിച്ചല്ലോ, എന്നിട്ട് മൽസ്യത്തൊഴിലാളികൾക്കു വേണ്ടി എന്തെങ്കിലും ചെയ്തോ? മറ്റുള്ള തൊഴിലാളികൾക്ക് നേടിക്കൊടുക്കാത്തവരാണ് നിങ്ങൾ. പിന്നെ മൽസ്യത്തൊഴിലാളികൾക്ക് എങ്ങനെ കൊടുക്കാൻ കഴിയും? മൽസ്യത്തൊഴിലാളികൾക്ക് നല്ല കാര്യങ്ങൾ ചെയ്തിട്ടുള്ളത് യു.ഡി.എഫിന്റെ ഗവൺമെന്റുകളാണ്. കോൺഗ്രസ് ഗവൺമെന്റുകളാണ്. അതിനെയെല്ലാം നശിപ്പിച്ചുകൊണ്ടു മുന്നോട്ടു പോകുന്ന ഈ പ്രവണത അവസാനിപ്പിച്ചിട്ട് മുന്നോട്ടുപോകണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്)</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളേക്കാൾ ഏറ്റവും മുന്നിൽ ആണ് കേരളത്തിലെ പൊതുജനാരോഗ്യരംഗമെന്ന അഭിമാനത്തോടുകൂടിയാണ് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നത്. ആയുർദൈർഘ്യം, ശിശുമരണ നിരക്ക് തുടങ്ങിയ സൂചികകൾ വെളിപ്പെടുത്തുന്നത് അതാണ്. എന്നാൽ പ്രതിപക്ഷത്തു നിന്ന് എനിക്കു മുമ്പു സംസാരിച്ച ശ്രീ. പി.ജെ. ഫ്രാൻസിസ് ഈ ഗവൺമെന്റ് ഒന്നും ചെയ്തില്ലെന്നുള്ള കണക്കുകൾ പറഞ്ഞുകൊണ്ട് പ്രസംഗം അവസാനിപ്പിച്ചു. ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു എന്നോ അല്ലെങ്കിൽ എതിർക്കുന്നെന്നോ ഒരു വാക്കു പോലും പറയാതെയാണ് നിർത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള : ബഹുമാനപ്പെട്ട എം. നാരായണൻ പ്രസംഗിക്കുമ്പോൾ നല്ല ആരോഗ്യനില ഉള്ളതുകൊണ്ടാണ് ഞാൻ പിൻതാങ്ങുന്നതെന്നു പറഞ്ഞത്. അങ്ങ് മദ്രാസിലേയ്ക്കും ഞാൻ ബാംഗ്ലൂരിലേയ്ക്കും ചികിൽസയ്ക്കു പോകേണ്ടിവന്നത് നല്ല ആരോഗ്യത്തിന്, അല്ലെങ്കിൽ ഇവിടെ സൗകര്യമില്ലാത്തതുകൊണ്ടാണോ?

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : നമ്മുടെ സംസ്ഥാനത്തിനകത്ത് എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ ആശുപത്രികളൊക്കെയുണ്ട്. പക്ഷെ എം.എൽ.എ. മാരെന്ന നിലയിൽ ഉള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ വേണ്ടിയാണ് ശ്രീ. ചെർക്കളം അബ്ദുള്ള ബാംഗ്ലൂരു പോയതും ഞാൻ മദ്രാസിൽ പോയതും. അല്ലാതെ സൗകര്യം മെച്ചപ്പെട്ടതല്ലാത്തതുകൊണ്ടല്ല. അതെല്ലാവർക്കും അറിയാം. മരണത്തിന്റെയും ജനനത്തിന്റെയും ശരാശരി കണക്കുകളുമായി ആരോഗ്യനിലവാരത്തെ അളക്കുമ്പോൾ കിട്ടുന്ന അഭിമാനവും ആഹ്ലാദവും ഇന്ന് പഴംകഥയാകുന്നു എന്നുള്ളത് സത്യമാണ്. കാരണം, സൂചികകൾ സൃഷ്ടിക്കുന്ന തിളക്കമുള്ള ആവരണം മാറ്റുമ്പോൾ കിട്ടുന്ന ചിത്രം ഇരുണ്ടതാണ്. പലതരം രോഗങ്ങൾ ഉയർന്ന തോതിൽ കേരളത്തിലുണ്ട്. ഗുരുതരവും ലഘുവുമായ ഏറെ രോഗങ്ങളുണ്ട്. എനിക്കുശേഷം സംസാരിക്കാനിരിക്കുന്ന ശ്രീ. ചെർക്കളം അബ്ദുള്ളയും ഞാനും ഉൾപ്പെടുന്ന കാസർഗോട് ജില്ലയിലെ മലമ്പനി രോഗത്തെക്കുറിച്ചാണ് എനിക്കു പ്രധാനമായി സൂചിപ്പിക്കാനുള്ളത്. കാസർഗോട് ജില്ലയിൽ വ്യാപകമായി മലമ്പനി രോഗം പടർന്നുപിടിക്കുകയാണ്. എന്നാൽ പ്രതിരോധ നടപടികളൊന്നും നടക്കുന്നില്ല എന്ന അർത്ഥത്തിലല്ല. എന്നാൽ, ഇന്ന് നടക്കുന്ന പ്രവർത്തനം കൊണ്ട് മലമ്പനി രോഗത്തെ തടഞ്ഞുനിർത്താനുള്ള ശ്രമം വേണ്ടത്ര നടക്കുന്നില്ല. കേരളത്തെയും കർണ്ണാടകത്തെയും വേർതിരിക്കുന്ന അതിർത്തി ജില്ലകളിൽ മലമ്പനിക്കെതിരെ വ്യാപകമായ പ്രതിരോധ നടപടികൾ ആരംഭിക്കേണ്ടതുണ്ട്. പ്രതിരോധ നടപടികൾ ആരംഭിക്കണമെങ്കിൽ ആവശ്യത്തിന് ജീവനക്കാരെയും ഡോക്ടർമാരെയും അതിർത്തി ജില്ലകളിൽ ഉള്ള പ്രൈമറി ഹെൽത്ത് സെന്ററുകളിൽ നിയമിക്കണം. ഗവൺമെന്റ് അവിടെ ഡോക്ടർമാരെ നിയമിക്കാത്തതുകൊണ്ടല്ല. അവിടെ നിയമിക്കപ്പെടുന്ന ഡോക്ടർമാർ പലപ്പോഴും ജോലിയിൽ പ്രവേശിച്ചാൽ ദീർഘകാലം ലീവെടുത്തു പോകുകയാണ്. ഗവൺമെന്റ് തക്കസമയത്ത് ഡോക്ടർമാരെ നിയമിക്കുന്നു. എന്നാൽ അവിടെ നിയമിക്കപ്പെടുന്ന ഡോക്ടർമാർ ഇതെന്റെ സേവനമാണെന്നു കണ്ടുകൊണ്ട് അവിടെ സേവനം അനുഷ്ഠിക്കാനും അവിടെയുള്ള ജനങ്ങൾക്ക് പരമാവധി അതു പ്രയോജനപ്പെടുത്താനും കഴിയാതെ പോകുന്നു. അതുകൊണ്ട് അതിർത്തി ജില്ലകളിൽ പ്രൈമറി ഹെൽത്തുസെന്ററുകളിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കണം. അതോടൊപ്പം പ്രതിരോധ നടപടികൾ നിർബന്ധമാക്കുകയും ചെയ്താൽ മാത്രമേ ഫലപ്രദമായി മലമ്പനി രോഗത്തെ തടയാൻ കഴിയൂ. ഇന്ന് സത്യത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മലമ്പനിയുമായി ബന്ധപ്പെട്ട് പ്രതിരോധ നടപടികൾ ആരംഭിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നുണ്ട്. അതു വളരെ പരിമിതമാണ്. പരിമിതമായ സൗകര്യമാണ് ഇന്നുള്ളത്. ആ പരിമിതമായ സൗകര്യം കൂടുതൽ മെച്ചപ്പെടുത്താൻ കൂടുതൽ സൗകര്യങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കണം. തദ്ദേശഭരണസ്ഥാപനങ്ങളെ ഏൽപ്പിച്ചെങ്കിൽ മാത്രമേ അതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കൂ. അതോടൊപ്പം കൊതുകു നിവാരണത്തിനുവേണ്ടി മരുന്നു തളിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മരുന്നു തളിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

Page 65 of 102

ചില പ്രദേശങ്ങളിൽ ചില ദിവസങ്ങളിൽ മാത്രമേ നടത്തുന്നുള്ളൂ. അതിനു പകരം കൊതുകു നിവാരണത്തിനുതകുന്ന വിധത്തിലുള്ള പ്രവർത്തനം സജീവമാക്കിയെങ്കിൽ മാത്രമേ മലമ്പനിരംഗത്തെ പ്രവർത്തനം പരമാവധി നന്നാക്കാൻ സാധിക്കൂ. അത്തരത്തിലൊരു ശ്രമം നമ്മുടെ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്നതാണ് എനിക്കു പറയാനുള്ളത്. ജീവനക്കാരെ നിയമിക്കേണ്ട പ്രശ്നമുണ്ട്. ഇവിടെ അത് പലരും പറഞ്ഞതാണ്. പിന്നോക്ക ജില്ലകളായ കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകളിൽ ആവശ്യത്തിന് ഡോക്ടർമാരെയും ജീവനക്കാരെയും നിയമിച്ചേ പറ്റൂ. നിയമിച്ചതുകൊണ്ടു മാത്രം കാര്യമായില്ല. നിയമിക്കപ്പെടുന്ന ഡോക്ടർമാരുടെ സേവനം ആ പ്രദേശങ്ങളിൽ ലഭിക്കുന്നുണ്ടോ എന്നുകൂടി പരിശോധിക്കേണ്ടതുണ്ട്. പക്ഷെ അവരുടെ സേവനം ലഭിക്കുന്നില്ല എന്നതാണ് അനുഭവത്തിലൂടെ എനിക്കു പറയാനുള്ളത്. ഉദാഹരണത്തിന്, എന്റെ മണ്ഡലമായ കാസർഗോഡ് മൂന്നു ജില്ലാ ആശുപത്രികളുണ്ട്. ആയുർവേദം, അലോപ്പതി, ഹോമിയോപ്പതി എന്നിവയാണവ. എന്നാൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ഈ ജില്ലാ ആശുപത്രിയിൽ, അലോപ്പതി ആശുപത്രിയിൽ ഡോക്ടർമാരുടെ എണ്ണം എത്രയാണെന്നറിയാമോ? മറ്റു ജില്ലകളിൽനിന്നു വ്യത്യസ്തമായി കേവലം 20 ഡോക്ടർമാരുടെ എണ്ണമാണ് ഇന്ന് അവിടെയുള്ളത്. 20 ഡോക്ടർമാരുടെ എണ്ണമുണ്ടെങ്കിലും 11 ഡോക്ടർമാരുടെ സേവനമാണ് കിട്ടുന്നത്. കേവലം 11 ഡോക്ടർമാരുടെ സേവനം മാത്രമാണ് ഇന്ന് കാസർഗോഡ് ജില്ലയ്ക്ക് ലഭിക്കുന്നത്. ബാക്കി 9 ഡോക്ടർമാരും നീണ്ട ലീവിലോ, അല്ലെങ്കിൽ താൽക്കാലിക ലീവിലോ ആയിരിക്കും. ഗവൺമെന്റ് ഔദ്യോഗികമായി പറയുമ്പോൾ 20 ഡോക്ടർമാരുണ്ട്. 20 ഡോക്ടർമാരുടെ പൂർണ്ണമായ സേവനം കാസർഗോഡ് ജില്ലയ്ക്ക് ലഭിക്കുന്നില്ല എന്നാണ് എന്റെ അനുഭവം. ഒരു കാര്യം കൂടി എനിക്ക് ഖേദത്തോടുകൂടി പറയാനുള്ളത്, അവിടെയുള്ളത് ജില്ലാ ആശുപത്രിയാണ്. പക്ഷെ നാലു വർഷമായി അവിടെ സർജനില്ല. കാസർഗോഡ് ജില്ലയിലെ 11 ലക്ഷത്തോളം വരുന്ന ജനങ്ങൾക്ക്, അവിടെ അത്യാസന്ന നിലയിൽ എത്തുന്ന രോഗികൾക്ക് സർജറി നടത്തണമെങ്കിൽ അവിടെ സർജറി ചെയ്യാനുള്ള ഡോക്ടറില്ല.

അതുപോലെതന്നെ എല്ലുരോഗവിദഗ്ദ്ധനില്ല. ഗൈനക്കോളജിസ്റ്റിനെ നിയമിച്ചിട്ടുണ്ട്, എന്നാൽ ആ ഡോക്ടർ ലീവെടുത്തുപോയി. അപ്പോൾ ഡോക്ടർമാരെ നിയമിക്കുന്നു. ഗവൺമെന്റ് ഗവൺമെന്റിന്റെ ഡ്യൂട്ടി നിർവ്വഹിക്കുന്നുണ്ട്. പക്ഷെ നിയമിക്കപ്പെടുന്ന ഡോക്ടർമാരുടെ സേവനം ഇതുപോലുള്ള പ്രദേശങ്ങളിൽ പ്രത്യേകിച്ചു പിന്നോക്ക ഗ്രാമ പ്രദേശങ്ങളിൽ ലഭ്യമാകുന്നുണ്ടോ എന്നുറപ്പുവരുത്തുന്നതിന് ഗവൺമെന്റിന് ഉത്തരവാദിത്വം ഉണ്ടെന്നാണ് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ട് എല്ലുരോഗവിദഗ്ദ്ധന്റെയും സർജന്റെയും ഗൈനക്കോളജിസ്റ്റിന്റെയും സേവനം അവിടെ ലഭ്യമാക്കുന്നതിനുവേണ്ടി അവിടെ ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെ പോസ്റ്റുകളിൽ അടിയന്തിരമായി നിയമനം നടത്തുന്നതിനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. വേറൊന്ന് എക്സ്റേ പ്ലാന്റിന്റെ കാര്യമാണ്. അവിടെ എക്സ്റേ മെഷീൻ വാങ്ങിയിട്ട് രണ്ടുവർഷം കഴിഞ്ഞു. ശ്രീ. എം.പി. ഗംഗാധരൻ ജലസേചന വകുപ്പുമന്ത്രിയായിരുന്ന കാലത്ത് ജലസേചന വകുപ്പിനെക്കുറിച്ച് ഒരാക്ഷേപമുണ്ടായിരുന്നു. ആവശ്യത്തിന് ജലസ്രോതസ്സുകൾ കണ്ടെത്താതെ പൈപ്പുകൾ വാങ്ങി മണ്ണിനടിയിൽ കുഴിച്ചുമൂടി ആവശ്യത്തിന് ജലസേചന സൗകര്യം നടപ്പിലാക്കിയെന്നു പറഞ്ഞതുപോലെ ഇപ്പോൾ ജില്ലാ ആശുപത്രിയിൽ എക്സ്റേ പ്ലാന്റ് വാങ്ങിവ

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ട് രണ്ടുവർഷമായി. പക്ഷേ അതുകൊണ്ട് ആ നാട്ടിലെ ജനങ്ങൾക്ക് യാതൊരു പ്രയോജനവും ലഭിക്കുന്നില്ല. അത് ആവശ്യത്തിന് വൈദ്യുതിയും മറ്റു സൗകര്യവും ലഭിക്കാത്തതുകൊണ്ടാണെന്നാണ് എച്ച്.ഡി.സി. കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്. രണ്ടുലക്ഷം രൂപ മുടക്കി വാങ്ങിയ എക്സ്റേ പ്ലാന്റ് അതിന് എന്താണോ സാങ്കേതികമായ തടസ്സം, ആ സാങ്കേതികമായ തടസ്സം അടിയന്തിരമായി നീക്കി അത് ജനങ്ങൾക്ക് പ്രയോജനകരമാക്കാൻ കഴിയുന്ന വിധത്തിൽ അതിന്റെ പ്രവർത്തനം നടത്തണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ഈ എക്സ്റേ പ്ലാന്റിന്റെ കാര്യം പറഞ്ഞതുപോലെതന്നെ ബ്ലഡ് ബാങ്കില്ലാത്ത ഒരു ജില്ലാ ആശുപത്രിയാണ് കാസർഗോഡ് ജില്ലാ ആശുപത്രി. ഇതൊക്കെ ഞങ്ങൾ പറയുന്നത് ഗവൺമെന്റ് ഒന്നും ചെയ്തില്ല എന്നുള്ള അർത്ഥത്തിലല്ല, എന്നാൽ ഇതിനൊക്കെ ശാശ്വതമായ പരിഹാരമുണ്ടാകണം. അതിനുള്ള സംവിധാനവും നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. അതോടൊപ്പം തന്നെ ഡോക്ടർമാരില്ലാത്തതിന്റെ ഗുരുതരമായ പ്രശ്നം ഇവിടെ പലരും പരാമർശിച്ചതാണ്. ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിയന്ത്രിക്കണമെങ്കിൽ അവർക്ക് ഇന്നുകിട്ടുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും പരിമിതമാണ്, അതിൽ കാലോചിതമായ മാറ്റം വരുത്താൻ ഗവൺമെന്റ് തയ്യാറാകണം. ഡോക്ടർമാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിച്ച് സ്വകാര്യ പ്രാക്ടീസ് നിയന്ത്രിക്കുവാൻ നടപടിയുണ്ടാകണം. അതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടായേ പറ്റൂ. അങ്ങനെ വന്നാൽ ഈ സ്വകാര്യ പ്രാക്ടീസ് ഒരു പരിധിവരെ നിയന്ത്രിക്കുവാൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അതിന് അനുകൂലമായ നടപടിയുണ്ടാകണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. അതുപോലെ സംസ്ഥാനത്തെ ഏക യുനാനി ആശുപത്രി പ്രവർത്തിക്കുന്നത് കാസർഗോഡ് ജില്ലയിൽ ശ്രീ. ചെർക്കളം അബ്ദുള്ളയുടെ നിയോജകമണ്ഡലത്തിലാണ്. അവിടെ യുനാനി ആശുപത്രി അനുവദിച്ചു എന്നതിൽ കവിഞ്ഞ് എന്തെങ്കിലും നടപടിയുണ്ടായിട്ടുണ്ടോ? ഒന്നുമുണ്ടായില്ല. ആ ആശുപത്രി എന്തു ലക്ഷ്യം വച്ചുകൊണ്ടാണോ ആരംഭിച്ചത്, ആ ലക്ഷ്യം നേടാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്. എന്റെ മണ്ഡലത്തിലെ ആയുർവേദ ആശുപത്രി വളരെ പഴയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇപ്പോൾ ജില്ലാ ആശുപത്രികൾ ജില്ലാ പഞ്ചായത്തിന് കൈമാറിയെന്നും അല്ലെന്നും തർക്കമുണ്ട്. ആ ആശുപത്രി പരമാവധി ജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ ഉപകരിക്കുന്ന വിധത്തിൽ അതിന് കെട്ടിട സൗകര്യങ്ങളുണ്ടാകണം. കെട്ടിട സൗകര്യങ്ങളുണ്ടെങ്കിൽ മാത്രമേ അത് ജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുകയുള്ളൂ. അതുപറയുമ്പോൾ അലോപ്പതി ആശുപത്രി കെട്ടിടങ്ങളുടെ കാര്യം പരാമർശിക്കാതെ പോകുന്നത് ശരിയല്ല. അവിടെ 3 കോടി രൂപയുടെ ജില്ലാ ആശുപത്രി സമുച്ചയമുണ്ടാക്കുന്നതിന് പ്രവർത്തനം ആരംഭിച്ചു. രണ്ടുവർഷം പിന്നിട്ടു, കേവലം 30 ലക്ഷം രൂപ മാത്രമാണ് ആ ജില്ലാ ആശുപത്രി കെട്ടിടത്തിനുവേണ്ടി മാറ്റിവയ്ക്കപ്പെട്ടത്. രണ്ടുകോടിയിൽപ്പരം രൂപ ചെലവഴിക്കപ്പെട്ട കെട്ടിടം നല്ല നിലയിൽ നടക്കുകയാണ്. ആവശ്യത്തിന് പണമില്ലാത്തതുകൊണ്ടുതന്നെ കോൺട്രാക്ടർ വർക്ക് നിർത്തിവയ്ക്കാൻ നിർബന്ധിക്കപ്പെടുന്ന ഒരു അവസ്ഥയിലേയ്ക്കാണ് കാസർഗോഡ് ജില്ലാ അലോപ്പതി ആശുപത്രി പോകുന്നത്. അതിനൊരു മാറ്റം ഉണ്ടാക്കാൻ മുന്നണിയും ഗവൺമെന്റും പരമാവധി ശ്രമിക്കണമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. ഇങ്ങനെയൊക്കെയാണെങ്കിൽ എന്തിനാണ് ഇതിനെ പിന്തുണയ്ക്കുന്നതെന്ന് പ്രതിപക്ഷത്തുനിന്നും ഒരു ചോദ്യമുണ്ടായി. പ്രതിപക്ഷത്തുനിന്നും ശ്രീ. ചെർക്കളം അബ്ദുള്ള സംസാരിക്കുന്നുണ്ട്, അദ്ദേഹം കൂടി മനസ്സിലാക്കാനാണ് ഞാനിതുപറയുന്നത്. കണ്ണൂർ, വയനാട്, കാസർകോഡ് എന്നീ ജില്ലകളിൽ മാതൃശിശു സംരക്ഷണത്തിന്റെ ഭാഗമായി കേരളത്തിൽ 80 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലായി മൊത്തം 8 കോടി രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ രണ്ടുകോടി രൂപ ഇതിനകം തന്നെ നൽകിക്കഴിഞ്ഞു. അതുകൊണ്ട് ഗവൺമെന്റിന്റെ പോരായ്മകൾ ചൂണ്ടിക്കാട്ടുന്നു എന്നുമാത്രമേയുള്ളു. അതുകൊണ്ട് ഗവൺമെന്റ് ഒന്നും ചെയ്തില്ല എന്നുള്ള അർത്ഥമില്ല. അത് കുറ്റമറ്റതാക്കിക്കൊണ്ട് ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ടുകൊണ്ട് കൂടുതൽ പ്രവർത്തിക്കാൻ കഴിയുന്ന ഒരു ഗവൺമെന്റായി മാറ്റാൻ കഴിയണമെന്നുള്ളതുകൊണ്ടാണ് ഞാനിതു പറയുന്നത്. ചികിൽസ യാന്ത്രികമായ ഒരു പ്രക്രിയയാക്കുന്നതിനുപകരം രോഗിയും ഡോക്ടറും തമ്മിലുള്ള സജീവവും ചൈതന്യവത്തുമായ സഖ്യവും സൗഹൃദവും ആകുമ്പോളാണു വൈദ്യശാസ്ത്രവും ആതുരചികിൽസയും ഏറ്റവും മനോഹരമാകുന്നത് എന്നാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്. ഈ പുതിയ നൂറ്റാണ്ടിലേയ്ക്ക് കടക്കുമ്പോൾ നമുക്ക് ഈ രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനും ഈ സാഹചര്യം പ്രയോജനപ്പെടുത്താനും കഴിയുന്ന വിധത്തിൽ നമ്മുടെ ആരോഗ്യവകുപ്പിനും ഗവൺമെന്റിനും കഴിയണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആരോഗ്യരംഗത്തെ പ്രവർത്തനം കാര്യക്ഷമമല്ലെന്നുള്ളതിന് ഭരണപക്ഷത്തെ ശ്രീ. എം. നാരായണന്റെ പ്രസംഗം ഉദാഹരണമാണല്ലോ. അതുകൊണ്ടുതന്നെയാണ് ഇപ്പുറത്ത് പ്രതിപക്ഷത്തുനിന്നും ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നത്. ചെയ്ത നല്ല കാര്യങ്ങളെ സംബന്ധിച്ച് ശ്രീ. നാരായണൻ ഇവിടെ സൂചിപ്പിച്ച കാര്യം തീർച്ചയായും അംഗീകരിക്കുന്നു. നേരത്തേതന്നെ പ്രശ്നാധിഷ്ഠിത പിന്തുണ എന്നുള്ള നിലയിൽ ഗവൺമെന്റ് ചെയ്യുന്ന എല്ലാ നല്ല കാര്യങ്ങളേയും ആത്മാർത്ഥമായി ഞങ്ങൾ അനുമോദിച്ചിട്ടുണ്ട്. ഞങ്ങൾ ആ കാര്യങ്ങളെയൊക്കെ സ്വാഗതം ചെയ്തിട്ടുണ്ട്. ഗവൺമെന്റിന്റെ പോരായ്മകൾ ചൂണ്ടിക്കാണിക്കേണ്ടത് ഭരണപക്ഷത്തിന്റെയും ആവശ്യമാണ്. ശ്രീ. എം. നാരായണൻ അത് നിർവ്വഹിച്ചിരിക്കുന്നു എന്നുള്ളതിൽ സന്തോഷമുണ്ട്. കഴിഞ്ഞകാലങ്ങളിൽ ഭരണത്തിലുണ്ടായിരുന്നപ്പോൾ മുസ്ലീം ലീഗ് പിന്നോക്കസമുദായത്തിനുവേണ്ടി ഒന്നും ചെയ്തില്ല എന്നുള്ള ഒരു പ്രസ്താവന ബഹുമാനപ്പെട്ട വെങ്ങാനൂർ ഭാസ്കരൻ നടത്തിയിരിക്കുന്നു. ആ പ്രസ്താവനയെ ഞാൻ നിഷേധിക്കുകയാണ്. ഭരണത്തിലുണ്ടായിരുന്ന സമയത്തും ഇപ്പോഴും ചെയ്യേണ്ടത് ചെയ്യിക്കുകയും ചെയ്യിപ്പിക്കാനുള്ളത് ചെയ്യിപ്പിക്കുകയും ചെയ്ത പാരമ്പര്യവും ചരിത്രവുമാണ് മുസ്ലീംലീഗിന്റേത് എന്നു വ്യക്തമാക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. ഇനിയും പിന്നോക്ക ജനവിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും വേണ്ടി നിയമാനുസൃതമായ മാർഗ്ഗത്തിലൂടെ പോരാടുകയും ചെയ്യുമെന്ന് ഞാൻ ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു. മൽസ്യബന്ധനത്തെ സംബന്ധിച്ച് എന്റെ ബഹുമാന്യനായ സഹപ്രവർത്തകൻ ശ്രീ. കുട്ടി അഹമ്മദ് കുട്ടി ഇവിടെ സംസാരിച്ചതുകൊണ്ട് ഞാൻ ആ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ആരോഗ്യരംഗത്തെ ചില കാര്യങ്ങൾ പറയാതിരിക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടായിരാമാണ്ടോടുകൂടി എല്ലാവർക്കും ആരോഗ്യം എന്നാണ് പറയുന്നത്. ആരോഗ്യം നിലനിർത്താൻ കഴിയാത്ത വിധം നമ്മുടെ രാജ്യത്തിന്റെയും ജനങ്ങളുടേയും സ്ഥിതി പുറകോട്ടു പോയിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ് സത്യം. നമ്മുടെ നാട്ടിൻപുറത്തെ വൈദ്യരംഗം പി.എച്ച്.സി.കളാണ്. ഇപ്പോൾ ഇവ ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലാണ്. സംസ്ഥാനത്തെ ആതുര സേവന, ആരോഗ്യ വിദ്യാഭ്യാസ മേഖലകൾ നേരിടുന്ന പ്രശ്നങ്ങളൊക്കെ സജീവമായ ചർച്ചാവിഷയങ്ങളായി തുടർന്നുകൊണ്ടിരിക്കുന്നു. കുറഞ്ഞ ചെലവിൽ നല്ല ആരോഗ്യം എന്ന ലക്ഷ്യം കേരളം കൈവരിച്ചിരിക്കുന്നു. വികസ്വരരാജ്യങ്ങൾക്ക് കേരളം മാതൃകയായിരിക്കുന്നു എന്നാണ് പറയുന്നത്. ഇന്ന് നേട്ടങ്ങൾപോലും നിലനിർത്താൻ ആകാത്തവിധം നീങ്ങിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ് സത്യം.

**[2 pm]**

ചികിൽസാരംഗത്തു ചില അനാശാസ്യ പ്രവണതകൾ മൂലം സ്ഥിതിഗതികൾ വഷളാക്കിക്കൊണ്ടിരിക്കുകയാണ്. മെഡിക്കൽ കോളേജ് ആശുപത്രി മുതൽ അടിസ്ഥാന യൂണിറ്റായ പ്രാഥമിക/ആരോഗ്യകേന്ദ്രം വരെയുള്ള രംഗങ്ങളിൽ ഈ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ട് വർഷങ്ങളായി. സ്ഥായിയായ പ്രതിവിധികൾ കണ്ടുപിടിച്ച് നടപ്പിലാക്കാൻ സാധിച്ചിട്ടില്ലയെന്നുള്ളതാണ് വളരെ പ്രധാനപ്പെട്ട കാര്യം. പല ആശുപത്രികൾക്കും കെട്ടിടങ്ങളില്ല എന്നുള്ള കാര്യം ഞാൻ പലതവണ സൂചിപ്പിച്ചതാണ്. പി.എച്ച്.സി. കൾ ഉണ്ടാക്കിയതുകൊണ്ടും ഉദ്ഘാടനം ചെയ്തതുകൊണ്ടും കാര്യമില്ല. ഗ്രാമപഞ്ചായത്തുകൾക്കാണ് പി.എച്ച്.സി.കൾ കൊടുത്തിരിക്കുന്നത്. കെട്ടിടമുണ്ടാക്കാൻ പണം വേണ്ടേ? സ്റ്റാഫ് ക്വാർട്ടേഴ്സ് ഇല്ല. ഈ പ്രശ്നം പരിഹരിക്കാൻ സർക്കാർ മുൻകൈയെടുത്താൽ മാത്രമേ സാധിക്കുകയുള്ളൂ. 1961 ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് പോലും വേണ്ടത്ര സ്റ്റാഫിനെ നിയമിക്കാൻ കഴിഞ്ഞിട്ടില്ല. ഞാൻ ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാം. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഇപ്പോഴും രണ്ട് ഫാർമസിസ്റ്റുകളുടെ തസ്തിക മാത്രമേ നിലവിലുള്ളു. കേരളത്തിലെ മറ്റൊരു ജില്ലാ ആശുപത്രിയിലും ഇത്തരം ശോചനീയമായ സ്ഥിതി നിലവിലില്ല എന്നുള്ള കാര്യം കണക്കിലെടുക്കുമ്പോൾ വളരെ പ്രധാനമായും സ്റ്റാഫിന്റെ കാര്യത്തിൽ ഗവൺമെന്റ് സ്വീകരിക്കുന്ന നയം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സമൂഹത്തിലെ വലിയൊരു വിഭാഗം ജനങ്ങളും പാവങ്ങളാണ്. തൊഴിലാളികൾ, മൽസ്യത്തൊഴിലാളികൾ, പട്ടികജാതി പട്ടിക വർഗ്ഗക്കാർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്കെല്ലാം ചികിൽസ ലഭിക്കണം. അപ്പുറത്തുള്ള ആളുകൾ പ്രസംഗിച്ചപ്പോൾ പറഞ്ഞു സ്വകാര്യ ആശുപത്രികൾ പഞ്ചനക്ഷത്ര സ്റ്റാറ്റസ്സിലാണെന്ന് സൂചിപ്പിച്ചു, ഞങ്ങൾ അതുതന്നെയാണ് പറയുന്നത് പഞ്ചനക്ഷത്ര സ്റ്റാറ്റസ്സിലുള്ള ആശുപത്രികളിൽ സാധാരണക്കാർക്ക് ചികിൽസ കിട്ടുകയില്ല. പണക്കാർക്കുമാത്രമേ ചികിൽസ കിട്ടുകയുള്ളു. പാവപ്പെട്ട ആളുകളുടെ കാര്യമാണ് വളരെ പ്രധാനമായിട്ടുള്ളത്. സമൂഹത്തിൽ ഏറ്റവും കൂടുതലുള്ളത് പാവപ്പെട്ടവരാണ്. ഇപ്പോൾ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും കിടത്തിചികിൽസിക്കാൻ സൗകര്യമില്ല. സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി. കളും പത്ത് കിടക്കകളുള്ള ആശുപത്രിയാക്കുമെന്ന് സർക്കാർ വളരെ മുമ്പുതന്നെ പ്രഖ്യാപിച്ചതാണ്. ഇപ്പോൾ കിടക്ക എവിടെ, ചികിൽസ എവിടെയെന്ന് ജനങ്ങൾ ചോദിക്കുകയാണ്. സംസ്ഥാനത്തെ ആരോഗ്യരംഗത്തെ, പരിമിതമായ ചികിൽസാ സൗകര്യം കണക്കിലെടുത്തുകൊണ്ട് മെച്ചപ്പെട്ട ചികിൽസാ സൗകര്യമേർപ്പെടുത്തുന്നതിനും, സ്ഥലസൗകര്യം വർദ്ധിപ്പിക്കുന്നതിനും, ശുചീകരണം കാര്യക്ഷമമാക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിനും ഏഷ്യൻ ബാങ്കിന്റേയോ, ലോക ബാങ്കിന്റേയോ, എൽ.ഐ.സി.യുടേയോ HUDCO യുടേയോ സാമ്പത്തിക സഹായം തേടേണ്ടതും, പാവപ്പെട്ട വരെ ചികിൽസിച്ച് രക്ഷപ്പെടുത്തേണ്ടതും ആവശ്യമാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എല്ലാ ജില്ലാ ആശുപത്രികളിലും സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യമേർപ്പെടുത്തുമെന്നു പറഞ്ഞു. എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഹൃദയശസ്തക്രിയ നടത്തുന്നതിനുള്ള സംവിധാനമുണ്ടാകണം. കോഴിക്കോട് മെഡിക്കൽകോളേജ് മലബാറുകാരുടെ മെഡിക്കൽകോളേജാണ്. അവിടെ സൂപ്പർസ്പെഷ്യാലിറ്റി കോംപ്ലക്സിന്റെ പ്രവർത്തനമാരംഭിച്ചത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. അതിനുശേഷം അതിന്റെ ഇങ്ങോട്ടുള്ള പുരോഗതിയെപ്പറ്റിയുള്ള വിലയിരുത്തൽ വളരെ അത്യാവശ്യമാണ്. മലബാർ മേഖലയിലെ എല്ലാ എം.എൽ.എ. മാരേയും ബഹുമാനപ്പെട്ട മന്ത്രി വിളിച്ച് ഈ കാര്യത്തിലാവശ്യമായ റിവ്യൂ നടത്തി പ്രവർത്തനമാരംഭിക്കുന്നതിന് മുന്നോട്ട് വരണം. അവിടെ വളരെ നല്ല വിദഗ്ദ്ധ ചികിൽസാ സൗകര്യങ്ങൾക്കാണ് നേരത്തെ പ്രൊപ്പോസൽ നൽകിയിരുന്നത്. കാർഡിയോളജി, യൂറോളജി, നെഫ്രോളജി, ഗ്യാസ്ട്രോഎന്ററോളജി തുടങ്ങിയ വിദഗ്ദ്ധ ചികിൽസയ്ക്കുവേണ്ടിയുള്ള ഒരു കോംപ്ലക്സാണ് അന്നത്തെ സർക്കാർ വിഭാവനം ചെയ്തത്. മലബാർ മേഖലയിൽ ചികിൽസാ രംഗത്തുള്ള ഒരേ ഒരു കേന്ദ്രമെന്നുപറയുന്നത് കോഴിക്കോട് മെഡിക്കൽ കോളേജാണ്. പരിയാരത്ത് മെഡിക്കൽ കോളേജുണ്ട്. ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിതന്നെ ഒരവസരത്തിൽ പറഞ്ഞു പരിയാരത്തെ മെഡിക്കൽ കോളേജ് ലാസ്റ്റ് ഗ്രേഡ് മെഡിക്കൽ കോളേജാണെന്ന് അപ്പോൾ അത്തരത്തിൽ തരംതാഴ്ത്തിയിരിക്കുന്നുയെന്നുള്ളതുകൊണ്ട് മലബാറുകാരുടെ ഏക ആശ്രയം കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിതന്നെയാണ്. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ ഗൗരവതരമായി ചിന്തിക്കണമെന്നാവശ്യപ്പെടുകയാണ്. അതേസമയം സമയബന്ധിതമായി കോംപ്ലക്സിന്റെ പ്രവർത്തനം പൂർത്തീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇപ്പോൾ പല മാറാ രോഗങ്ങളും മടങ്ങി വന്നുകൊണ്ടിരിക്കുകയാണ്. Resistant strain വന്നുകൊണ്ടിരിക്കുന്ന ഒരു സന്ദർഭമാണിത്. ശക്തമായ മരുന്നുകൾ അതിനാവശ്യമാണ്. പക്ഷെ ഇന്ന് സർക്കാർ ആശുപത്രികളിൽ വേണ്ടത്ര മരുന്നില്ലയെന്നുള്ളത് ഒരു സാധാരണ സംഭവമായി മാറിയിരിക്കുകയാണ്. വിലകൂടിയ മരുന്നുകൾ വളരെ അത്യാവശ്യമാണ്. മലേറിയയെക്കുറിച്ച് ഇവിടെ പറഞ്ഞു. മലേറിയ ഇന്ന് സെറിബ്രൽ മലേറിയയായി മാറുന്നു. മലേറിയ ബാധിച്ച് മരിച്ച ആളുകളുടെ ഫോട്ടോ പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. പാശ്ചാത്യ രാജ്യങ്ങളിൽ ഇപ്പോൾ പുതിയ ചികിൽസാ രീതി വന്നിട്ടുണ്ട്. ധ്യാനം കൊണ്ടും, പ്രാർത്ഥനകൊണ്ടും, പാട്ടുകേട്ടും, ചിത്രം വരച്ചും, സ്പർശം കൊണ്ടും അസുഖം മാറ്റുന്ന രീതി പലതും നൂറ്റാണ്ടുകളുടെ പഴക്കമുള്ളതാണെങ്കിലും സമീപകാലം വരെ വിസ്മൃതിയിൽ കിടന്നിരുന്ന ചികിൽസാ രീതികളായിരുന്നു. അതിപ്പോൾ മരുന്നില്ലാത്ത കാലഘട്ടത്തിലാവശ്യമായി വന്നിരിക്കുന്നു. ഇപ്പോൾ മരുന്നിന്റെ വില വാണം പോലെ കുതിച്ചു കയറുകയാണ്. ഇന്നലെ ഇവിടെ ഇതിനെ സംബന്ധിച്ച് വിശദമായ ചർച്ച നടന്നു, അപ്പോൾ മന്ത്രി പറഞ്ഞു കേന്ദ്ര ഗവൺമെന്റാണ് വില വർദ്ധിപ്പിക്കുന്നത് തടയേണ്ടതെന്നാണ്. അൾസറിന്റെ ചികിൽസയ്ക്കുള്ള മെഡിസിൻ റാനിറ്റിഡിൻ പത്ത് ഗുളികയ്ക്ക് ഇപ്പോഴത്തെ വില 20 രൂപയാണെങ്കിൽ പേറ്റന്റ് വരുമ്പോൾ 10 ഗുളികയ്ക്ക് 200 രൂപവരെ കൊടുക്കേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. സാധാരണക്കാരന് ചികിൽസ അന്യമായിരിക്കുന്ന ഒരു കാലഘട്ടമുണ്ടായിരിക്കുന്നു. മഞ്ചേശ്വ



LIBRARY ARCHIVES Kerala Legislative Assembly

രത്തെ സർക്കാർ ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കേണ്ട ആവശ്യത്തെക്കുറിച്ച് വളരെ നാൾകൊണ്ടേ പറയുന്ന ഒരു കാര്യമാണ്.കഴിഞ്ഞ മൂന്ന് വർഷങ്ങളായി കൊടുത്ത നിവേദനങ്ങളുടെ എണ്ണം വളരെ വലുതാണ്. ഇതിനെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കാൻ നടപടി സ്വീകരിക്കുകയും ആ ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. കോസ്റ്റൽ ഏരിയായിൽ ആരോഗ്യ പരിപാലനത്തിന് വേണ്ടത്ര സംവിധാനങ്ങളില്ല. പാവപ്പെട്ട മൽസ്യത്തൊഴിലാളികൾ മഴ വരുമ്പോൾ വലിയ പ്രയാസങ്ങൾ അനുഭവിക്കുകയാണ്. കോസ്റ്റൽ ഏരിയായിൽ ഒരു പ്രത്യേക പ്രോജക്ട് വന്നതാണ്, ആ പ്രോജക്റ്റ് വന്നതുപോലെ അവസാനിച്ചു. തീരുമാനിച്ചത് നടപ്പിലാക്കിയില്ല നടപ്പിലാക്കാത്തതിന് ഉത്തരവാദികളാരാണെന്ന് ചോദിച്ചാൽ പലരും അതിന് ഉത്തരവാദികളാണെന്ന് പറയേണ്ടിയിരിക്കുന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. എനിക്ക് മറ്റൊരു കാര്യം പറയുവാനുള്ളത് മഞ്ചേശ്വരത്തെ ചെറുകിട തുറമുഖത്തിന്റെ കാര്യമാണ്. അതിന്റെ പ്രവർത്തനമാരംഭിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി നടത്തണം. മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർ കടലോരങ്ങളിൽ ഭയവിഹ്വലരായി കഴിയുകയാണ്. മൽസ്യത്തൊഴിലാളികൾക്ക് ഇന്ന് കടലോരങ്ങളിൽ വെള്ളം അടിച്ചുകയറി താമസിക്കാൻ പറ്റാത്ത സ്ഥിതിവിശേഷമുണ്ട്. അതുപോലെതന്നെ റെയിൽ ഇരട്ടിക്കൽ വന്നതോടുകൂടി വളരെയധികം പ്രയാസങ്ങൾ അവർ അനുഭവിക്കുകയാണ്. ഇങ്ങനെയുള്ള ഒരുപാട് കാര്യങ്ങൾ, സർക്കാർ ആശുപത്രിയിലെ ഡോക്ടർമാരുടെ കാര്യങ്ങൾ, ഈ കാര്യങ്ങളിൽ ഗവൺമെന്റ് സജീവശ്രദ്ധ പതിപ്പിച്ചുകൊണ്ട് സാധാരണക്കാരുടെ ആരോഗ്യപ്രശ്നത്തിന് വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കാൻ ശ്രമം നടത്തിയില്ലെങ്കിൽ നമ്മുടെ സംസ്ഥാനവും നമ്മുടെ ജനങ്ങളും അപകടത്തിലാകുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. സമൂഹത്തിന്റെ ഏറ്റവും താഴെതട്ടിലുള്ള ആളുകൾക്ക് പരമാവധി വൈദ്യസഹായം, ശുശ്രൂഷ ലഭ്യമാക്കുകയെന്നുള്ളതാണ് ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ നയം. അതുമായി ബന്ധപ്പെട്ട് പല മെമ്പർമാരും വിശദീകരിച്ചതുകൊണ്ട് ആവർത്തനമൊഴിവാക്കാൻ വേണ്ടി ഞാൻ അതൊന്നും പറയുന്നില്ല. എനിക്ക് ചില നിർദ്ദേശങ്ങളുണ്ട്. ഇവിടെ പ്രൈമറി ഹെൽത്ത് സെന്ററുകളെക്കുറിച്ചും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെക്കുറിച്ചും സൂചിപ്പിച്ചു. ബഹുമാനപ്പെട്ട പി.ജെ. ഫ്രാൻസിസ് പ്രസംഗിച്ചപ്പോൾ എവിടെനിന്നാണ് ഇതിന് പണമെന്ന് ചോദിച്ചു. മാതൃ-ശിശു സംരക്ഷണത്തിനുവേണ്ടി 117 കോടി രൂപയുടെ ലോകബാങ്കിന്റെ സഹായത്തോടുകൂടിയുള്ള പദ്ധതികളാണ് ഉള്ളത്. കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് മാതൃ-ശിശു സംരക്ഷണത്തിനായി മറ്റൊരു പതിനാററകോടി രൂപയുടെ പദ്ധതിയും ഈ വർഷം തൊട്ട് നടപ്പിലാക്കുകയാണ്. ഇന്ന് എൺപതോളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും അത്യാധുനിക സൗകര്യങ്ങളോടുകൂടിയ മെറ്റേണിറ്റി വാർഡും ഓപ്പറേഷൻ തിയേറ്ററുമൊക്കെയുള്ള സംവിധാനമൊരുക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്റെ മണ്ഡലത്തിൽ കഴിഞ്ഞയാഴ്ച ഇതിന്റെ പ്രവർത്തനത്തിനുള്ള ഉദ്ഘാടന കർമ്മം നിർവഹിച്ചു. കേരളത്തിലെ 150 ബ്ലോക്കുകളിലുള്ള 150 ഹെൽത്ത് സെന്ററുകളിലും മാതൃ-ശിശു സംരക്ഷണ പദ്ധതി നടപ്പിലാക്കണം. സ്ത്രീകളുടെ ആരോഗ്യമാണ് സമൂഹത്തിന്റെ ആരോഗ്യം. ആരോഗ്യമുള്ള കുഞ്ഞ് സമൂഹത്തിന്റെ സമ്പത്താണ്. അതുകൊണ്ട് കുഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly

ന്റേയും അമ്മയുടേയും ആരോഗ്യം വളരെ പ്രധാനമായി കണക്കാക്കി എല്ലാ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും മാതൃ-ശിശു സംരക്ഷണ പദ്ധതി നടപ്പിലാക്കാൻ സമയബന്ധിതമായി നടപടി സ്വീകരിക്കണം. മറ്റൊന്ന് മരുന്നിന്റെ വിലയെ സംബന്ധിച്ചുള്ളതാണ്. ഇത് വളരെ ഗൗരവമായി ചർച്ച ചെയ്യുന്ന വിഷയമാണ്. പുത്തൻ സാമ്പത്തിക നയത്തിന്റേയും മറ്റ് പല പല കാരണങ്ങൾ കൊണ്ടും, പാറ്റന്റ് വന്നിട്ടും മരുന്നിന്റെ വില സാമാന്യജനങ്ങൾക്ക് തൊടാൻ പറ്റാത്ത തരത്തിലേയ്ക്ക് മാറുകയാണ്. അതിന് അവസരോചിതമായി ഇടപെടാനുള്ള ഗവൺമെന്റിന്റെ കഴിവാണ് ഈ പശ്ചാത്തലത്തിൽ ഹോസ്പിറ്റൽ ഡവലപ്മെന്റ് കമ്മിറ്റി രൂപീകരിച്ച് നീതി സ്റ്റോറിലൂടെയും മാവേലി സ്റ്റോറിലൂടെയും ന്യായവില മെഡിക്കൽ ഷോപ്പുകൾ നടത്താൻ തീരുമാനിച്ചത്. അതൊക്കെ ഈ ഗവൺമെന്റിന്റെ നയത്തിന്റെ ഫലമാണ്. അങ്ങനെ ഒരു സംവിധാനം വന്നപ്പോൾ മരുന്നു കമ്പനികൾ ഇത്തരം സ്ഥാപനങ്ങളോട് നിസ്സഹകരിക്കുന്ന ഒരു നിലപാടാണ് കണ്ടത്. അങ്ങനെ ആർക്കും നീതീകരിക്കാൻ കഴിയാത്ത ഒരു നിലപാടിലേയ്ക്കാണ് മരുന്നുകമ്പനികൾ വന്നത്. മുഖ്യമന്ത്രിയടക്കം ഇക്കാര്യത്തിൽ ഇടപെട്ടതുകൊണ്ടാണ് അത്തരം നിലപാടുകൾ സ്വീകരിച്ച മരുന്നുകമ്പനികളെ പിന്തിരിപ്പിക്കാൻ സാധിച്ചത്. ന്യായമായ വിലയ്ക്ക് സാമാന്യ ജനങ്ങൾക്ക് മരുന്നു ലഭ്യമാക്കാനുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാഴ്ചപ്പാട് കേരളത്തിൽ നടപ്പിലാക്കാൻ ഈ മുന്നണി ഗവൺമെന്റ് ഇടപെട്ടിട്ടുണ്ട് എന്നുള്ളത് ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ? അത് നിഷേധിക്കാൻ കഴിയാത്ത വസ്തുതയാണ്. ജനങ്ങൾക്ക് ന്യായമായ വിലയ്ക്ക് മരുന്നു ലഭ്യമാക്കുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നയം. കാസർഗോഡ് പറഞ്ഞത് സ്പെഷ്യൽ കേസ് ആയിരിക്കും. അതിനെ സംബന്ധിച്ച് പ്രത്യേകം പരിശോധിക്കേണ്ടതാണ്. ഇന്ന് പൊതുവിൽ ജില്ലാ ആശുപത്രികളിൽ മുൻകാലങ്ങളിലേതിനേക്കാൾ മരുന്ന് ലഭിക്കുന്നുണ്ട്. എന്നുള്ളത് വസ്തുതയാണ്. അക്കാര്യം കണ്ണടച്ച് ഇരുട്ടാക്കിയിട്ട് കാര്യമില്ല. എനിക്ക് ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. രോഗികളും ഡോക്ടർമാരും തമ്മിലുള്ള ബന്ധത്തിൽ അനാരോഗ്യകരമായ സംസ്കാരം വളർന്നുവരുന്നുണ്ട്. ഒരു പുതിയ തൊഴിൽ സംസ്കാരമാണ് ഇടതുപക്ഷജനാധിപത്യമുന്നണി വിഭാവനം ചെയ്തിട്ടുള്ളതെങ്കിൽ ആരോഗ്യ രംഗത്ത് അത് വേണ്ടത്ര ഉണ്ടായെന്നുള്ള കാര്യം പരിശോധിക്കേണ്ടതായിട്ടുണ്ട്. എല്ലാ ഡോക്ടർമാരേയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അത് സോഷ്യലായിട്ടുള്ള ഒരു ഇഷ്യൂ ആണ്. അതേസമയം എല്ലാ ഡോക്ടർമാരും കുഴപ്പക്കാരാണെന്ന് ഞാൻ പറയുന്നില്ല. ഇരുപത് ഇരുപത്തിരണ്ട് മണിക്കൂർ പണിയെടുക്കുന്ന സ്തുത്യർഹ സേവനം അനുഷ്ടിക്കുന്ന ഡോക്ടർമാർ നമ്മുടെ സംസ്ഥാനത്ത് ഉണ്ട് എന്നുള്ളത് സംശയരഹിതമാണ്. പക്ഷെ പുതിയ പി.ജി. കോഴ്സിലേയ്ക്ക് കടന്നുവരുന്നവർ രോഗികളെ തല്ലുന്ന നിലയിലേയ്ക്ക് പുതിയ സംസ്കാരം നമുക്ക് അന്യമായി മാറുമ്പോൾ, പ്രത്യേകിച്ചും ഡോക്ടർമാർ ദീനദയാലുവാകാൻ കഴിഞ്ഞേ മതിയാകൂ. ഇക്കാര്യം അവരെ മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ ഒരു അവെയർനെസ് ക്യാമ്പ് സംഘടിപ്പിക്കണം എന്നാണ് എനിക്ക് അതു സംബന്ധിച്ച് പറയാനുള്ളത്. കൊല്ലത്ത് ഒരു സ്ത്രീയോട് കാണിച്ച പെരുമാറ്റം, മാരകമായ രോഗം പിടിപെട്ട രോഗിയെ മെഡിക്കൽ കോളേജിലെ ഡോക്ടർമാർ തല്ലിയ സംഭവം, തുടങ്ങിയുള്ള കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ എനിക്കൊരു നിർദ്ദേശം വയ്ക്കാനുണ്ട്. ഏറ്റവും മികച്ച സേവനം അനുഷ്ഠിക്കുന്ന ഡോക്ടർമാർക്ക് അവാർഡ് കൊടുക്കുന്നതിനെ സംബന്ധിച്ച്

Page 72 of 102

ഇന്നലത്തെ പത്രത്തിൽ ഉണ്ടായിരുന്നു. പീഡിയാട്രിഷൻ ആണെങ്കിലും ഫിസിഷ്യനാണെങ്കിലും ഗൈനക്കോളജിസ്റ്റ് ആണെങ്കിലും ഓരോ ബ്രാഞ്ചിന്റെയും അടിസ്ഥാനത്തിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്ന ഡോക്ടർമാരെ അംഗീകരിക്കാനും മാനിക്കാനും ചെറിയൊരു അവാർഡ് നൽകുന്നതിന് സന്നദ്ധമായാൽ നന്നായിട്ട് ജോലി ചെയ്യുന്നവരെ സമൂഹം മാനിക്കുമെന്നുള്ളതിനെ സംബന്ധിച്ച് സംശയമില്ല. അത് അവരുടെ ആത്മധൈര്യം വളർത്താനും അതുപോലെ മോശമായി പെരുമാറുന്നവർ സമൂഹത്തിൽ ഒറ്റപ്പെടുമെന്നുള്ളത് ഒരു പ്രചരണമായി ഉയർന്നുവരികയും ചെയ്യും. അത്തരം ഡോക്ടർമാർക്ക് ഒരു അഡ്വാൻസ് ഇൻക്രിമെന്റ് കൊടുക്കുന്നതുകൊണ്ട് ഒരു പ്രശ്നവുമില്ല. തീർച്ചയായും ഗവൺമെന്റ് ഓരോ ബ്രാഞ്ചിന്റെയും അടിസ്ഥാനത്തിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്നവരെ ആദരിക്കാനും ബഹുമാനിക്കാനും ആ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് തുറന്നു ചർച്ച ചെയ്യാനും തയ്യാറാകണം. ഇന്ന് പുതിയ തലമുറയിൽ അന്യവത്ക്കരണം ഉയർന്നുവരുമ്പോൾ അത് സമൂഹത്തിന് ചേരുന്ന ചിന്താഗതിയല്ല, കേരളത്തിന്റെ പാരമ്പര്യത്തിന് അന്യമാണെന്ന് ബോധ്യപ്പെടുത്തി സമൂഹത്തിന്റെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരാൻ ഇടപെടേണ്ടതാണ്. അതാണ് ആരോഗ്യരംഗവുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

ഗ്രാമവികസന രംഗത്ത് എനിക്ക് ഒന്നു രണ്ടു കാര്യങ്ങൾ പറയാനുണ്ട്. നബാർഡിന്റെ സഹായത്തോടുകൂടി 10 കോടി രൂപയുടെ ഒരു പ്രോജക്ടാണ് നടപ്പിലാക്കാൻ പോകുന്ന ചിറ്റുമലചിറ പദ്ധതി. ഏതു പ്രദേശത്തെയും ആളുകൾ ഒന്നിച്ചിരുന്ന് ചർച്ചചെയ്ത് അതാത് പ്രദേശത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പദ്ധതികൾ തയ്യാറാക്കിയാൽ ഇന്നൊവേറ്റീവ് സ്കീം എന്നുള്ള നിലയ്ക്ക് ഏത് പദ്ധതിക്കും അംഗീകാരം നേടിയെടുക്കാൻ കഴിയുമെന്നുള്ളതിന് ഉത്തമ ഉദാഹരണമാണ് ചിറ്റുമലചിറ പദ്ധതി. 10 കോടി രൂപയാണ് നബാർഡ് അതിന് സാംഗ്ഷൻ നൽകിയിട്ടുള്ളത്. അത് കേരളാ ഗവൺമെന്റ് അംഗീകരിച്ചു, മന്ത്രിസഭ അംഗീകരിച്ചതിനുശേഷം ഈ വർഷം നടപ്പിലാക്കാൻ പോകുകയാണ്. കേരളത്തിൽ ഒരു പക്ഷെ ആദ്യത്തെ പദ്ധതിയായിരിക്കും അതെന്നുള്ള കാര്യത്തിൽ അഭിമാനമുണ്ട്. 1250 ഹെക്ടർ പ്രദേശത്ത് മുപ്പൂ കൃഷി ചെയ്യാനും ഇടവിള കൃഷി ചെയ്യാനും കഴിയുന്ന നിലയിലേയ്ക്കാണ് ആ പദ്ധതി കടന്നുവരുന്നത്.

മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് മാരാരിക്കുളം മെമ്പർ സംസാരിക്കുന്നതുകേട്ടപ്പോൾ അദ്ദേഹം ഇന്നലെയെങ്ങാനും ഈ ഭൂമിയിലേയ്ക്ക് പൊട്ടിവീണതാകാമെന്നും അദ്ദേഹം ഈ കേരളത്തിൽ താമസിക്കുന്ന ആളേയല്ലായെന്നുമാണ് എനിക്ക് തോന്നിയത്. കേരളത്തിൽ അങ്ങേയറ്റം സാമൂഹികമായി പിന്നിൽ നിൽക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് നിങ്ങൾ എന്ത് ചെയ്തു എന്നാണ് അദ്ദേഹം ചോദിച്ചത്. ഈ സമൂഹത്തിലെ ഏറ്റവും പിന്നിൽ നിൽക്കുന്ന ഒരു വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ എന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് സംശയമില്ല. ആരോഗ്യത്തിന്റെ കാര്യത്തിലും സാമൂഹിക ജീവിതക്രമത്തിന്റെ കാര്യത്തിലും ജീവിതനിലവാരത്തിന്റെ കാര്യത്തിലുമൊക്കെ അവർ വളരെ പിന്നിലാണ്. കേരള സംസ്ഥാന ചരിത്രം നോക്കിയാൽ 10 വർഷക്കാലമേ ഇടതുപക്ഷമുന്നണി ഭരിച്ചിട്ടുള്ളൂ. നാല്പതോളം വർഷങ്ങൾ ഭരിച്ചത് കോൺഗ്രസ്സ് പാർട്ടിയാണ്. എന്തായിരുന്നു നിങ്ങളുടെ നിലപാട്? കോൺഗ്രസ് പാർട്ടി ഈ സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വിഭാഗങ്ങളോട് എടുത്തിട്ടുള്ള സമീപനവും ചുരുങ്ങിയ

LIBRARY ARCHIVES Kerala Legislative Assembly

കാലം അധികാരത്തിൽ വന്നിട്ടുള്ള ഇടതുപക്ഷജനാധിപത്യമുന്നണി സ്വീകരിച്ചിട്ടുള്ള നയങ്ങളും, തമ്മിൽ ആനയും ആടും പോലുള്ള വ്യത്യാസമുണ്ട്. അത് അക്കമിട്ട് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം, 1957-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണ് കേരളത്തിൽ ഒരു ഫിഷറീസ് വകുപ്പ് രൂപീകരിച്ചത്. 45 വർഷക്കാലം കേന്ദ്രം ഭരിച്ച കോൺഗ്രസ് പാർട്ടി ഇന്നുവരെ ഈ തൊഴിലാളികൾക്കുവേണ്ടി കേന്ദ്രത്തിൽ ഒരു ഫിഷറീസ് വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ? ഏഴായിരത്തിലേറെ കിലോമീറ്റർ ദൈർഘ്യമുള്ള കടൽത്തീരത്ത് താമസിക്കുന്ന കോടിക്കണക്കിനു വരുന്ന ഈ വിഭാഗം ജനങ്ങൾ ഈ രാജ്യത്ത് ഉണ്ടെന്നും അവരുടെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്നും അധികാരത്തിൽ ഇരിക്കുന്ന കാലത്ത് ആലോചിക്കാത്തവരാണ് നിങ്ങൾ. ഫിഷറീസിന് ഒരു വകുപ്പുണ്ടോ? 1957-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് തൊഴിലാളികൾക്കുവേണ്ടി ഒരു വകുപ്പ് ഉണ്ടാക്കി. വിദ്യാഭ്യാസരംഗം കൈകാര്യം ചെയ്തിരുന്ന മന്ത്രി ജോസഫ് മുണ്ടശ്ശേരിയെ തന്നെയാണു സമൂഹത്തിലെ പിന്നണിയിൽ കിടക്കുന്ന ഈ വിഭാഗം തൊഴിലാളികളുടെ ചുമതലയും ഏല്പിച്ചത്. അദ്ധ്വാനിക്കുന്നവരെയും ഭാരം ചുമക്കുന്നവരെയും എങ്ങനെയാണ് കണ്ടിരുന്നത് എന്നതിനു തെളിവാണ് ജോസഫ് മുണ്ടശ്ശേരിയെ തന്നെ ആ വകുപ്പ് ഏല്പിച്ചത് തെളിയിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി കടലാക്രമണം തടയാൻ ഒരു പദ്ധതി കൊണ്ടുവന്നതും 1957-ലെ ഗവൺമെന്റാണ്. ഇന്ന് കേരളത്തിൽ 590-ൽ ഏറെ കിലോമീറ്റർ കടൽതീരത്തിൽ നൂറോ നൂറ്റിപത്തോ കിലോമീറ്ററേയുള്ളൂ പ്രൊട്ടക്ട് ചെയ്യാത്തത്. തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം സംഭരിച്ച് സംസ്കരിക്കുവാൻ സംവിധാനം ഉണ്ടാക്കുന്നതിന് മൂന്ന് സംഭരണ സംസ്കരണശാലകൾ ഉണ്ടാക്കിയതും 1957-ലെ ഗവൺമെന്റാണ്. എത്ര ദീർഘവീക്ഷണത്തോടുകൂടിയാണ് ഈ പാവപ്പെട്ട ജനങ്ങളെ കണ്ടിരുന്നതെന്നതിന് തെളിവാണ്. 1957-ലെ ഗവൺമെന്റിന്റെ നടപടി. പിന്നീട് മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഗൗരവതരമായി എന്തെങ്കിലും ചെയ്തിട്ടുള്ളത് 1980-ലെ ഇടതുമുന്നണി ഗവൺമെന്റാണ്. പി.എസ്. ശ്രീനിവാസൻ ഫിഷറീസ് വകുപ്പ് കൈകാര്യം ചെയ്തപ്പോൾ അദ്ദേഹമാണ് 222 മത്സ്യക്ഷേമ സഹകരണ സംഘങ്ങൾ സ്ഥാപിച്ചത്. കേരളത്തിൽ എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ടെന്ന് കണക്കാക്കാനും മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ ഐഡന്റിഫൈ ചെയ്യാനും രജിസ്റ്റർ ചെയ്യാനും തൊഴിലാളികളെ ഒന്ന് മനസ്സിൽ കാണാനുമുള്ള ശ്രമം നടത്തിയത് 1980-ലെ ഗവൺമെന്റാണ്. പക്ഷേ അത്തരം കാര്യങ്ങൾ ഫലപ്രദമായി കൊണ്ടുവരുന്നതിനുമുമ്പുതന്നെ ആ ഗവൺമെന്റ് അധികാരത്തിൽ നിന്നും പോയി. അതിനുശേഷം നിങ്ങളുടെ ഗവൺമെന്റ് അധികാരത്തിലിരിക്കുന്ന സമയത്ത് ഈ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി ഒരു കരട് നിയമം കൊണ്ടുവന്നിട്ട് ഇവിടത്തെ തൊഴിലാളികൾ കേരളത്തിൽ അങ്ങോളമിങ്ങോളം ഉജ്ജ്വലമായി സമരം ചെയ്തതിന്റെ ഫലമായിട്ടാണ് 1986-ൽ ക്ഷേമനിധി നിയമം നിങ്ങൾ പാസ്സാക്കിയത്. 1980-ലെ ഗവൺമെന്റ് കൊണ്ടുവന്ന കരട് നിയമം പാസ്സാക്കുന്നതിന് വീണ്ടും വർഷങ്ങൾ വേണ്ടിവന്നു. പോകുന്ന പോക്കിൽ ഒരു പാസ്സാക്കൽ. നിങ്ങൾ അധികാരത്തിൽനിന്ന് പോകുമ്പോൾ ഒരൊറ്റ തൊഴിലാളിപോലും ആ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടില്ലായിരുന്നു. തൊഴിലാളികളെ രജിസ്റ്റർ ചെയ്യാൻ വീണ്ടും 1987-ലെ ഇടതുമുന്നണി ഗവൺമെന്റ് അധികാരത്തിൽ വരേണ്ടിവന്നു. ഇന്ന് ആ മേഖലയിൽ മരിക്കുന്ന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഇനത്തിൽ രണ്ടര ലക്ഷം രൂപവരെ കിട്ടാനുള്ള സാഹചര്യം ഉണ്ടായിരിക്കുന്നു. മത്സ്യഫെഡ് ഇൻഷ്വർ

ചെയ്ത തൊഴിലാളികൾക്ക് ഒന്നര ലക്ഷം രൂപ കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു. വെൽഫെയർ ബോർഡ് ഇപ്പോൾ 50,000 രൂപയാണ് കൊടുക്കുന്നത്. അത് ഒരു ലക്ഷം രൂപയായി ഉയർത്തണമെന്ന് വെൽഫെയർ ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ന് ഏതൊരു മത്സ്യത്തൊഴിലാളി മരിച്ചാലും ആശ്രിതർക്ക് 5000 രൂപ കിട്ടുന്ന വകുപ്പ് കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കു മാത്രമേയുള്ളൂ. മൽസ്യത്തൊഴിലാളികളുടെ ബന്ധുക്കൾ ആരെങ്കിലും മരിച്ചാൽ അതിനും ആനുകൂല്യം ഉണ്ട്. മറ്റ് ഏതെങ്കിലും വിഭാഗത്തിലുള്ളവർക്ക് ആ ആനുകൂല്യമുണ്ടോ? മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ്, വിദ്യാഭ്യാസാനുകൂല്യം ഇവ പട്ടികജാതി-പട്ടികവർഗ്ഗക്കാരെപ്പോലെ കിട്ടുന്നു. മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി എന്തെങ്കിലും ചെയ്തിട്ടുള്ളത് ഇടതുപക്ഷമുന്നണി ഗവൺമെന്റ് മാത്രമാണ്. അല്ലാതെ കോൺഗ്രസ് ഗവൺമെന്റ് ഒരു ചുക്കും ചെയ്തിട്ടില്ലയെന്നുള്ളതാണ് വസ്തുത. 1987-ലെ ഗവൺമെന്റിന്റെ കാലത്താണ് കേരളത്തിൽ ആദ്യമായി ട്രോളിംഗ് നിരോധനം നടപ്പാക്കിയത്. '87-ൽ ട്രോളിംഗ് നിരോധനം നടപ്പാക്കിയപ്പോൾ '91-ൽ നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ ചെയ്തത് എന്താണ്? നിങ്ങൾ ചെയ്തത് നരസിംഹറാവു പ്രധാനമന്ത്രിയായിരുന്നപ്പോൾ ആഴക്കടലിൽ ട്രോളർ ഉപയോഗിച്ച് മൽസ്യം പിടിക്കാൻ ലൈസൻസ് കൊടുത്തു. നിങ്ങൾ എവിടെയാണ് പരമ്പരാഗത തൊഴിലാളികളെ സംരക്ഷിച്ചിട്ടുള്ളത്? പരമ്പരാഗത തൊഴിലാളികൾക്കുവേണ്ടി മുതലക്കണ്ണീർ ഒഴുക്കുക. അധികാരം കിട്ടിയാൽ അവരെ കുഴിച്ചു മൂടുന്ന നിയമനടപടി സ്വീകരിക്കുക. ആർക്കൊക്കെയാണ് നിങ്ങൾ ട്രോളിംഗിനു ലൈസൻസ് കൊടുത്തത്? ബൂട്ടാസിംഗിന്റെ മകനെ, അതുപോലെ കോസ്റ്റ്ഗാർഡ് ഡയറക്ടർക്ക് കോസ്റ്റ്ഗാർഡ് എന്നാൽ എന്താണ്? കടലിനെ സംരക്ഷിക്കാൻ, കടലിൽ നുഴഞ്ഞുകയറ്റക്കാർ വരുന്നുണ്ടോയെന്ന് പരിശോധിക്കാൻ, കടലിനെ സംരക്ഷിക്കാൻ ബാദ്ധ്യതപ്പെട്ട ആൾ, ആ കോസ്റ്റ്ഗാർഡ് ഡയറക്ടർക്കാണ് ആഴക്കടൽ ട്രോളിംഗിനു മറ്റൊരു ലൈസൻസ് കൊടുത്തിട്ടുള്ളത്. നിങ്ങൾ ആരെയാണ് രക്ഷിച്ചത്? പരമ്പരാഗത തൊഴിലാളികളുടെ വയറ്റത്തടിക്കാൻ ആഴക്കടൽ ട്രോളിംഗിനു ലൈസൻസ് കൊടുത്തു. പിന്നീട് ദേവഗൗഡ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ചതുരാനൻ മിശ്ര കൃഷിവകുപ്പുമന്ത്രിയായിരിക്കുമ്പോൾ ആണ് ഇനി ട്രോളറുകൾക്ക് ലൈസൻസ് കൊടുക്കില്ല എന്ന് തീരുമാനിച്ചത്. നിലവിലുള്ള ട്രോളറുകളുടെ ലൈസൻസ് എന്നിട്ടും റദ്ദ് ചെയ്തിട്ടില്ല. ഇപ്പോഴും നിലനിൽക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് ട്രോളിംഗ് നിരോധിച്ചപ്പോൾ, ആഴക്കടൽ ട്രോളിംഗ് നിരോധിക്കണമെന്ന് ഈ ഗവൺമെന്റ് ശക്തമായ ആവശ്യം ഉന്നയിച്ചതിന്റെ ഭാഗമായി ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ട്രോളിംഗ് നിരോധിക്കുന്നതിനെക്കുറിച്ച് ആലോചിച്ചു തുടങ്ങിയിരിക്കുകയാണ്. ഇപ്പോൾ ട്രോളറുകൾ നിരോധിച്ചിട്ടുള്ളത് കേരളത്തിൽ മാത്രമാണ്. കേന്ദ്ര ഗവൺമെന്റ് അതിന് സമ്മതിച്ചു. കേരള സർക്കാരിന്റെ തുടർച്ചയായ ഇടപെടൽ മൂലം കേന്ദ്ര സർക്കാർ ആഴക്കടലിൽ ട്രോളിംഗ് നിരോധിക്കാൻ അനുമതി നൽകി. തമിഴ്നാട്ടിലോ ആന്ധ്രയിലോ ഇത് നടപ്പാക്കിയിട്ടില്ല. എന്നിട്ട് ഇപ്പോൾ കടലിൽ മൽസ്യം ഇടുന്നതിനെക്കുറിച്ചാണ് ആക്ഷേപം. കടലിലെ മൽസ്യസമ്പത്ത് കുറയുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. കണ്ണടച്ചിരുട്ടാക്കിയിട്ട് കാര്യമില്ല. അനിയന്ത്രിതമായ മൽസ്യബന്ധന രീതി, ആഴക്കടലിൽ ട്രോളറുകൾ കടന്നു വരുന്നത്, മുതലായവയും ഇത്തരത്തിലുള്ള പല മൽസ്യബന്ധനരീതികളും വള്ളങ്ങളുടേയും ബോട്ടുകളുടേയും ആധിക്യവും ഇതിന് കാരണമാകുന്നുവെന്നുള്ളതാണ് ഒരു വസ്തുത. ആ മൽസ്യസമ്പത്ത് സംരക്ഷിക്കാൻ ട്രോളിംഗ് നിരോ

LIBRARY ARCHIVES Kerala Legislative Assembly

ധനം അനിവാര്യമാണ്. കടൽ സമ്പത്ത് സംരക്ഷിക്കാൻ എന്താണ് നടപടി യെന്ന് ആലോചിച്ചുകൊണ്ട് റിസോഴ്സ് മാനേജുമെന്റ് സൊസൈറ്റി രൂപീക രിക്കാൻ ഈ ഗവൺമെന്റ് സന്നദ്ധമായിട്ടുണ്ട്. കടലിനെ സംരക്ഷിക്കാൻ, കടൽ സമ്പത്ത് സംരക്ഷിക്കാൻ, മൽസ്യത്തൊഴിലാളികളെ സംരക്ഷിക്കാൻ ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമാ യിട്ട് റിസോഴ്സ് മാനേജുമെന്റ് സൊസൈറ്റി ഇപ്പോൾ രജിസ്റ്റർ ചെയ്യുകയും, ഒരു ഫിഷറീസ് പ്ലാൻ നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗൗരവതരമായി ആലോ ചിക്കുകയും ചെയ്തത്. ഇപ്പോൾ കടലിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കു ന്നതിനെക്കുറിച്ചാണ് കളിയാക്കൽ. മത്സ്യത്തൊഴിലാളികളോട് ചോദിച്ചാൽ അറിയും. കടലിൽ മൽസ്യ സമ്പത്ത് കുറഞ്ഞുകൊണ്ടിരിക്കുന്ന ഈ കാലത്ത് കടലിൽ മൽസ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതുകൊണ്ട് മത്സ്യസമ്പത്ത് വർദ്ധിച്ചിട്ടുണ്ട് എന്നത് തൊഴിലാളികളോട് ചോദിച്ചാൽ മനസ്സിലാകും. ട്രോള റിന്റെ കടന്നുവരവാണ് മത്സ്യസമ്പത്തിന്റെ നാശത്തിന് കാരണം എന്നതിൽ യാതൊരു സംശയവും വേണ്ട. മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാൻ എന്താണ് നടപടിയെന്നത് രാഷ്ട്രീയ വിവാദത്തിന്റെ പ്രശ്നമല്ല. അതിന് കഴി യുന്ന തരത്തിൽ കൃത്രിമ പാരുകൾ സൃഷ്ടിക്കുവാനും, മത്സ്യക്കുഞ്ഞുങ്ങളെ കടലിൽ ഇറക്കുവാനും കഴിയുന്ന തരത്തിൽ കൃത്രിമമായി എന്തെല്ലാം ചെയ്തുകൊണ്ട് ഈ സമ്പത്തിനെ സംരക്ഷിക്കാൻ കഴിയുമെന്നത് ഗൗരവതര മായി നാം ആലോചിക്കേണ്ട പ്രശ്നമാണ്. അതുകൊണ്ട് ചെമ്മീൻ കുഞ്ഞുങ്ങ ളെയാണെങ്കിലും മത്സ്യക്കുഞ്ഞുങ്ങളെയാണെങ്കിലും കടലിലും കായലിലും നിക്ഷേപിക്കുമ്പോൾ ഏത് ജനപ്രതിനിധിയാണോ അവരുടെ രാഷ്ട്രീയം ഏതാണോ എന്നല്ല അതാതു ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ മൽസ്യ ക്കുഞ്ഞുങ്ങളെയും ചെമ്മീൻ കുഞ്ഞുങ്ങളെയും കടലിലും കായലിലും നിക്ഷേപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ എവിടെയെങ്കിലും നിങ്ങളെക്കൂട്ടുന്നില്ലായെങ്കിൽ നിങ്ങൾ അത് ഗവൺ മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണം. ആരെങ്കിലും ഏതെങ്കിലും ജില്ലയിൽ ഈ നടപടി സ്വീകരിക്കുമ്പോൾ ബന്ധപ്പെട്ട ജനപ്രതിനിധികളെ അറിയിക്കാതെ യാണ് ഇത് ചെയ്യുന്നതെങ്കിൽ അത് നിങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടു ത്തണം. കടൽ സമ്പത്ത് സംരക്ഷിക്കാൻ അതിശക്തമായ നിലപാടാണ് സ്വീക രിക്കുന്നത്. മറ്റൊന്നുകൂടിയുണ്ട്, മൽസ്യബന്ധനോപകരണങ്ങളുടെ ഉടമസ്ഥാ വകാശം മത്സ്യത്തൊഴിലാളികൾക്കാകണം. അത് കേരളത്തിൽ നടപ്പാക്കിയി ട്ടുണ്ടോ? ഇവിടെ ശ്രീ. കുട്ടി അഹമ്മദ് കുട്ടി പറഞ്ഞപ്പോൾ മത്സ്യഫെഡ് എന്തോ ചെയ്യുന്ന ചില ഏർപ്പാടായിട്ടാണ് അദ്ദേഹം തെറ്റിദ്ധരിച്ചിരിക്കുന്നത്. മൽസ്യബന്ധനോപകരണങ്ങളുടെ ഉടമസ്ഥാവകാശം തൊഴിലാളിക്ക് ആക്കു കയെന്നത് ബേസിക് ആയിട്ടുള്ള ഒരു ചെയിഞ്ച് ആണ്. തമാശയായി കാണേണ്ട കാര്യമില്ല. കൃഷിഭൂമി കർഷകന് എന്ന് പറയുന്നതുപോലെ. വളരെ പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണമാണിത്. ഘട്ടം ഘട്ടമായി അത് നടപ്പിലാ ക്കാൻ കഴിയുന്ന തരത്തിൽ മൽസ്യബന്ധനോപകരണങ്ങളുടെ ഉടമസ്ഥാവ കാശം തൊഴിലാളിക്ക് കിട്ടാൻ നിയമനിർമ്മാണം നടത്തണം. ആദ്യവിൽപ്പനാ വകാശം തൊഴിലാളിക്ക് ആയിരിക്കണം. നിങ്ങൾ '94-ൽ എഴുതിവച്ച നയം നടപ്പാക്കിയോ? മൂന്നു വർഷത്തിനിടയിൽ 170 സഹകരണസംഘങ്ങൾ വഴി മത്സ്യത്തൊഴിലാളികൾക്കു പിടിക്കുന്ന മൽസ്യം വിൽക്കുവാൻ ഈ ഗവൺമെന്റ് സൗകര്യം ഉണ്ടാക്കികൊടുത്തു. ആദ്യ വിൽപ്പന തൊഴിലാളിക്ക് എന്ന് വെറുതെ ബഡായി പറയാനല്ല. പ്രയോഗത്തിൽ വരുത്തലാണ്. കൊല്ലം ജില്ലയിൽ മോണിറ്ററിംഗ് സെൽ ഉണ്ടാക്കുവാൻ, തൊഴിലാളികളെ സംഘടിപ്പി

LIBRARY ARCHIVES Kerala Legislative Assembly

ക്കുവാൻ, അവിടത്തെ സംഘങ്ങൾ വഴി മത്സ്യം ലേലം ചെയ്യുവാൻ, അവരുടെ സംഘങ്ങൾ വഴിതന്നെ മൽസ്യം വിൽക്കുന്ന തരത്തിൽ കാര്യങ്ങൾ കൊണ്ടു വരുവാൻ ശ്രമിക്കുകയാണ്. തൊഴിലാളികൾ മൽസ്യം എടുത്ത് തലയിൽ വച്ച് വെള്ളം ഒലിപ്പിച്ചു കൊണ്ടുപോകുന്ന സ്ഥിതിക്ക് ഒരു മാറ്റം ഉണ്ടാകുവാൻ ഇൻസുലേറ്റഡ് ബോക്സ് കൊടുത്തുകൊണ്ട് മൽസ്യത്തൊഴിലാളി സ്ത്രീകൾക്ക് അത്തരത്തിൽ കച്ചവടം നടത്തുന്നതിന്, രണ്ടു മൂന്നു ദിവസം മൽസ്യം സൂക്ഷിക്കാൻ കഴിയുന്ന തരത്തിൽ വിപണനസൗകര്യം ഒരുക്കണമെന്നാണ് ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാട്. മൽസ്യത്തൊഴിലാളി സ്ത്രീകൾ ബസ്സിൽ കയറിയാൽ പുറത്താക്കുന്ന സ്ഥിതിയിൽ നിന്ന് മാറ്റം ഉണ്ടാക്കി അവർക്ക് മോപ്പഡ് കൊടുക്കാൻ, ബോക്സ് കൊടുക്കാൻ കഴിയുന്ന നിലപാടു മായിട്ടാണ് മുന്നോട്ടുപോകുന്നത്. '91-ൽ ഈ ഗവൺമെന്റ് അധികാരത്തിൽനിന്നു പോകുമ്പോൾ 35 കോടി രൂപയുടെ പ്രോജക്ട് എൻ.സി.ഡി.സി.ക്ക് കൊടുത്തിട്ടാണ് പോയത്. പിന്നീട് വന്ന 91 മുതൽ '96 വരെയുള്ള ഗവൺമെന്റ് 35 കോടി രൂപ നാലു ഘട്ടമായി കൊടുക്കേണ്ടത് ഒറ്റ വർഷം കൊണ്ട് കൊടുത്തു തീർത്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 210 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കി എൻ.സി.ഡി.സി ക്ക് കൊടുക്കുവാനുള്ള വാർഷിക പദ്ധതിയാണ് വേണ്ടത് എന്നു പറഞ്ഞതിന്റെയടിസ്ഥാനത്തിൽ മൂന്നു വർഷം കൊണ്ട് 59 കോടി രൂപയുടെ പ്രോജക്ടിനു സാങ്ഷൻ വാങ്ങുന്നതിനും തുക വിതരണം ചെയ്യുന്നതിനും കഴിഞ്ഞു. മൽസ്യബന്ധനോപകരണം തൊഴിലാളികൾക്ക് ആക്കുകയെന്ന് വെറുതെ വർത്തമാനം പറയൽ മാത്രമല്ല, അത് നടപ്പിലാക്കുവാനുള്ള സമയബന്ധിതമായ നടപടികളാണ് സ്വീകരിക്കുന്നത്. ചുരുക്കിപറഞ്ഞാൽ പാവപ്പെട്ടവരുടെ, ഭാരം ചുമക്കുന്നവരുടെ, അദ്ധ്വാനിക്കുന്നവരുടെ അത്താണിയായി, അവരുടെ പ്രതീക്ഷയായി ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് മാറുമെന്നുള്ളതാണ് വസ്തുത. ഇത് നിഷേധിക്കാൻ കഴിയുമോ? കഴിയില്ല എന്നതാണ് വസ്തുത. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ സമൂഹത്തിലെ ഏറ്റവും പിന്നിൽ നിൽക്കുന്ന ജനവിഭാഗങ്ങളെ ഉയർത്തികൊണ്ടു വരാൻ, അവരെ സമൂഹത്തിലെ ഒരു പൗരനാണെന്ന് അഭിമാനബോധത്തോടുകൂടി സ്വന്തം കാലിൽ നിൽക്കാൻ ശേഷിയുള്ളവനായി മാറ്റാൻ, സാമൂഹ്യരംഗത്ത്, തൊഴിൽരംഗത്ത് ബോധപൂർവ്വമായ നടപടിയാണ് അവർക്ക് വേണ്ടി സ്വീകരിക്കുന്നത്. ഇപ്പോൾ 50 കോടി രൂപയാണ് ഭവനനിർമ്മാണത്തിനുവേണ്ടി മാറ്റി വച്ചിരിക്കുന്നത്. ഈ വർഷം ഞങ്ങൾ മൽസ്യത്തൊഴിലാളികൾക്ക് 10000 വീടുകൾ വച്ചുകൊടുക്കും. മൽസ്യത്തൊഴിലാളികൾക്കു മാത്രമല്ല, കയറിന്റേയും കശുവണ്ടിയുടേയും രംഗത്ത്, പരമ്പരാഗത മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുവാൻ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് ബഡ്ജറ്റിൽ പ്രത്യേകമായി നീക്കിവച്ച 15 കോടി രൂപ ഉപയോഗിച്ച് മൽസ്യത്തൊഴിലാളികൾക്ക് ഈ വർഷം 10000 വീടുകൾ ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുത്തി നിർമ്മിച്ച് കൊടുക്കും.

സർ, 13 കോടി രൂപയാണ് റോഡു നിർമ്മാണത്തിന് മാറ്റിവച്ചത്. 7 കോടി രൂപയാണ് കുടിവെള്ളത്തിനുവേണ്ടി മാറ്റിവച്ചത്. കുടിവെള്ളം എവിടെ എന്നൊക്കെ ചോദിച്ചു. എല്ലാം ഒരൊറ്റ കാലയളവുകൊണ്ട് തീർക്കാൻ കഴിയുമോ എന്ന് ചോദിച്ചാൽ; കഴിയില്ല. അതിന് ഈശ്വരൻ തമ്പുരാൻ വിചാരിച്ചാലും കഴിയില്ല. പക്ഷെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ സാമൂഹ്യധാരയിൽ, പൊതുധാരയിൽ ഉയർത്തിക്കൊണ്ടുവരാൻ ആത്മാർത്ഥമായ നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. അത്തരം നടപടി സ്വീകരിക്കുന്ന സഖാവ് ശ്രീ. ടി.കെ. യെ ഇടതുപക്ഷ ജനാധിപത്യമുന്ന

LIBRARY ARCHIVES Kerala Legislative Assembly

ണിക്ക് വേണ്ടിയും, മൽസ്യത്തൊഴിലാളികളുടെ പേരിലും പ്രത്യേകമായ അഭിനന്ദനം അർപ്പിച്ചുകൊണ്ട് തൊഴിലാളികളുടെ പ്രതീക്ഷയായ, തൊഴിലാളികളുടെ സ്വപ്നമായ ഈ സർക്കാരിനുവേണ്ടി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ബഡ്ജറ്റിനെ ഞാൻ പിൻതാങ്ങുകയാണ്. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി. ബാലറാം : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇന്നത്തെ ഒരു പ്രത്യേകത കണ്ടത് ഇപ്പുറത്ത് ഇരിക്കുന്നവരും, അപ്പുറത്ത് ഇരിക്കുന്നവരും തമ്മിൽ യാതൊരു വ്യത്യാസവുമില്ല എന്നതാണ്. ഇപ്പുറത്തിരിക്കുന്നവർ ധനാഭ്യർത്ഥനയെ എതിർക്കുന്നു. അപ്പുറത്തിരിക്കുന്നവർ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു എന്ന് അവസാനം പറഞ്ഞു എങ്കിലും ആരോഗ്യ വകുപ്പിനെക്കുറിച്ച് പ്രസംഗിച്ചവരെല്ലാം ആ വകുപ്പിന്റെ ഇന്നത്തെ ദുഷ്കരമായ സ്ഥിതിയെക്കുറിച്ചും, പോരായ്മകളെക്കുറിച്ചും, അഴിമതിയെക്കുറിച്ചും ഞങ്ങളെക്കാൾ കൂടുതൽ സംസാരിച്ചതിന് പ്രത്യേകമായ നന്ദി ഭരണകക്ഷിയോടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ രംഗത്ത് ഒരു നേട്ടവും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇവിടെ ബഹുമാനപ്പെട്ട മീനാക്ഷി തമ്പാൻ ഉൾപ്പെടെ പറഞ്ഞു, കുറഞ്ഞ ശിശു മരണനിരക്കും, ആയൂർദൈർഘ്യവും ആണെന്ന്. ഇവ ഉണ്ടാകാൻ കാരണമെന്താണ്? മലയാളികളുടെ ഭൗതീകമായ പശ്ചാത്തലവും, ജീവിതരീതിയുമാണ് അതിന്റെ പ്രധാന കാരണം. ദേഹശുദ്ധി വരുത്തുന്നതിലും, ശുചിത്വമുള്ള ആഹാരം കഴിക്കുന്നതും, പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിലും, രോഗം വരാതിരിക്കുന്നതിന് മുൻകരുതൽ എടുക്കുന്നതിലും, രോഗം വന്നാൽ ഉടനെ ചികിത്സയെ ആശ്രയിക്കുന്നതിലുമൊക്കെ മലയാളികൾക്കുള്ള അവബോധവും, ശുഷ്കാന്തിയുമാണ് ഇതിന് കാരണം. അല്ലാതെ ഇവിടത്തെ ആരോഗ്യ വകുപ്പിന്റെ മിടുക്കും പ്രവർത്തനവും കൊണ്ടൊന്നുമല്ല സംസ്ഥാനത്ത് ആരോഗ്യം വന്നിട്ടുള്ളത്. ചില കണക്കുകൾ ഞാൻ ചോദിക്കാം, 1991-ൽ നിങ്ങൾ അധികാരം വിട്ട് ഒഴിയുമ്പോൾ ഉണ്ടായിരുന്ന ആശുപത്രികളുടെ എണ്ണം 140. 1996-ൽ യു.ഡി.എഫ്. അധികാരത്തിൽ നിന്ന് ഇറങ്ങുമ്പോൾ ഉണ്ടായിരുന്ന ആശുപത്രികളുടെ എണ്ണം 149. വീണ്ടും നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ 3 വർഷം കഴിഞ്ഞു, ആശുപത്രികളുടെ എണ്ണം 149-ൽ തന്നെ നിൽക്കുകയാണ്. ഒരു ആശുപത്രി പോലും ഈ 3 വർഷത്തിനിടയിൽ പുതുതായിട്ട് നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ചിട്ടില്ല, ഒറ്റ ആശുപത്രിയും കൂടിയിട്ടില്ല. 1991-ൽ നിങ്ങൾ അധികാരത്തിൽനിന്നും ഇറങ്ങുമ്പോൾ ഹെൽത്ത് സെന്ററുകളുടെ എണ്ണം 907 ആയിരുന്നു. യു.ഡി.എഫ്. ഭരിച്ചപ്പോൾ അത് 961 ആയിട്ട് വർദ്ധിപ്പിച്ചു. 54 എണ്ണത്തിന്റെ വർദ്ധനവ്. മൂന്നു വർഷം കഴിഞ്ഞിട്ടും നിങ്ങൾക്ക് ഉണ്ടാക്കാൻ കഴിഞ്ഞത് ഒരെണ്ണത്തിന്റെ വർദ്ധനവ്. ഇതല്ലേ നിങ്ങളുടെ ആരോഗ്യരംഗത്തെ മാറ്റം. ഇത് എക്കണോമിക് റിവ്യൂവിലുള്ളതാണ്. ഇത് വായിച്ചു നോക്കിയാൽ അറിയാം. 1991-ൽ 38,223 കിടക്കകളാണ് നമ്മുടെ സംസ്ഥാനത്തെ ആശുപത്രികളിൽ ഉണ്ടായിരുന്നത്. 1996-ൽ ഭരണം നിങ്ങളെ ഏൽപ്പിക്കുമ്പോൾ ആശുപത്രികളിലെ കിടക്കകളുടെ എണ്ണം 42,126 ആക്കി ഞങ്ങൾ വർദ്ധിപ്പിച്ചു. പ്രതിവർഷം 781 . കിടക്കകളുടെ വർദ്ധനവുണ്ടായി. എക്കണോമിക് റിവ്യൂ എസ്/249-ാം പേജിൽ വേണമെങ്കിൽ നോക്കാം. അപ്പന്റിക്സ് 9/52-ൽ കൊടുത്ത കണക്കനുസരിച്ച് 97-98-ൽ 43,672 കിടക്കകളാണുള്ളത്. സംസ്ഥാന ഗവൺമെന്റ് അച്ചടിച്ചിറക്കിയ പുസ്തകമാണിത്. ശ്രീ. ജി. സുധാകരൻ ക്ഷോഭിച്ചിട്ട് കാര്യമില്ല. അതായത് പ്രതിവർഷം 743 കിടക്കകളുടെ വർദ്ധനവ്. പേജ് 5, എസ്/520-ൽ 9/53, 9/54, 9/55 അപ്പന്റിക്സ് പ്രകാരം



LIBRARY ARCHIVES Kerala Legislative Assembly

എല്ലാ ജില്ലയിലും കൂടി 1998-ൽ ഉള്ള കിടക്കകളുടെ എണ്ണം കേവലം 39,450 ആണ്. ഇതിൽ ഏതാണ് ശരി എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാൽ നന്നായിരുന്നു. രണ്ടാമത്തേതാണ് ശരിയെങ്കിൽ മൂന്നു വർഷംകൊണ്ട് നമ്മുടെ സംസ്ഥാന ആശുപത്രികളിൽ 2,676 കിടക്കകൾ കുറഞ്ഞിരിക്കുകയാണ്. ഇത് പുസ്തകത്തിലുള്ള കാര്യമാണ്. ഇനി ഡോക്ടർമാരുടെ കാര്യമാണ്, ഡോക്ടർമാരുടെ കാര്യത്തിൽ 1992-ൽ 2,905 ഡോക്ടർമാരാണ് സർക്കാർ സർവ്വീസിൽ ഉണ്ടായിരുന്നത്. 1996-ൽ യു.ഡി.എഫ്. അധികാരം വിട്ട് ഒഴിഞ്ഞപ്പോൾ ഡോക്ടർമാരുടെ എണ്ണം 3,365 ആയി വർദ്ധിച്ചു. 460 ഡോക്ടർമാർ കൂടി ഇപ്പോൾ മൂന്നു വർഷംകൊണ്ട് ഉണ്ടായ വർദ്ധനവ് 3365-ൽ നിന്ന് 3474 ആയി. മൂന്നു വർഷംകൊണ്ട് 109 ഡോക്ടർമാരുടെ വർദ്ധനവാണ് ഹെൽത്ത് സർവ്വീസിൽ ഉണ്ടായത്. 21.6.1999-ൽ 7-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് അങ്ങ് ഉത്തരം നൽകിയിട്ടുള്ളത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും, കരാർ അടിസ്ഥാനത്തിലും നികത്തിയത് കഴിഞ്ഞ് 98 അസിസ്റ്റന്റ് സർജന്മാരുടേയും, 92 ലക്ച്ചർമാരുടെയും ഒഴിവുകൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടെന്നാണ്. മന്ത്രി തന്നെ 28.6.99-ൽ നൽകിയ മറുപടിയിൽ 207 ഡോക്ടർമാർ ഈ കാലാവധിക്കുള്ളിൽ ദീർകാല അവധിയിലും. ഡെപ്യൂട്ടേഷനിലും പോയിട്ടുണ്ടെന്ന് പറഞ്ഞു. നമ്മുടെ ഹെൽത്ത് സർവ്വീസ് ഡിപ്പാർട്ടുമെന്റിന്റെ സ്ഥിതി എന്താ, അങ്ങ് അന്വേഷിക്കുന്നുണ്ടോ? ഭൂരിപക്ഷം മെഡിക്കൽ ഓഫീസർമാരും താത്ക്കാലികമായി നിയമിക്കപ്പെട്ടവരാണെന്ന് അങ്ങ് തന്നെ പറഞ്ഞു. മരുന്നിന്റെകാര്യം പറഞ്ഞാൽ ഉള്ളതുകൊണ്ട് ഓണം ആഘോഷിച്ചിരുന്ന നമ്മുടെ ആശുപത്രികളിൽ പാവപ്പെട്ട രോഗികൾ ചെന്നാൽ ഇപ്പോൾ മരുന്നിനു പകരം തുണ്ടാണ് ലഭിക്കുന്നത്. നാട്ടിൻപുറങ്ങളിലെ ധർമ്മാശുപത്രികളൊക്കെ ഇപ്പോൾ തുണ്ട് ആശുപത്രികളായിട്ട് മാറിയിരിക്കുകയാണ്. സംസ്കൃതത്തിൽ ഒരു ചൊല്ലുണ്ട്

"ധർമ്മോസ്മൽ കുലദൈവതം"

എന്നുവിശ്വസിച്ച് ആധിയും വ്യാധിയും പിടിച്ചവരെ ആതുരശുശ്രൂഷ നടത്തേണ്ടത് കർത്തവ്യമാണെന്ന് കരുതിപ്പോന്നിരുന്ന ഒരു ഭരണം നടന്നിരുന്ന നാടാണിത്. ഇപ്പോൾ എന്തുപറഞ്ഞാലും പണമില്ല. ഒരു ഭാഗത്ത് ചോദിച്ചാൽ ആഗോളവൽക്കരണവും, ഉദാരവൽക്കരണവും, ഗാട്ട് കരാറുമൊക്കെയാണ്. ഇവിടെ ഡി.പി.സി.യെയാണ് പിടികൂടിയിട്ടുള്ളത്. എന്തുപറഞ്ഞാലും ഡി.പി. സി. കൂടിയിട്ടില്ല. പല ആരോഗ്യ കേന്ദ്രങ്ങളിലും ഡോക്ടർമാരില്ല, നേഴ്സുമാരില്ല, സ്റ്റാഫില്ല, വാഹനമില്ല, ഉള്ള വാഹനങ്ങൾക്ക് ഡ്രൈവർമാരില്ല. കെട്ടിടങ്ങളും, ബെഡുകളും പല സ്ഥലത്തും ഒഴിഞ്ഞു കിടക്കുകയാണ്. പല ഡിപ്പാർട്ടുമെന്റുകളിലും യഥാർത്ഥ ഡോക്ടർമാരില്ല. കണ്ണു ഡോക്ടറുടെ തസ്തികയിൽ എല്ലുരോഗ വിദഗ്ദ്ധനും ഗൈനക്കോളജിസ്റ്റിനുപകരം സൈക്യാട്രിസ്റ്റും കുട്ടികളുടെ ഡോക്ടർക്കുപകരം അനസ്തേഷ്യസ്റ്റും, ദന്തരോഗ ഡോക്ടറുടെ തസ്തികയിൽ ത്വക്കുരോഗ വിദഗ്ദ്ധനുമാണല്ലോ ഇന്നത്തെ സ്ഥിതി. ഇത് സത്യമായിട്ടൊന്ന് അന്വേഷിക്കണം. എന്റെ ഭാഗത്തുള്ള ആശുപത്രികളിലൊക്കെ സ്ഥിതി അതാണ്. ഞാൻ പലപ്പോഴും ഇത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ശ്രീ. നാരായണനും പറഞ്ഞു ഇതുതന്നെയാണ് സ്ഥിതിയെന്ന്. പല സ്ഥലത്തും, പല ആശുപത്രികളിലും അത്യാവശ്യത്തിനുള്ള മരുന്നുകൾ പോലുമില്ല. പ്രതിരോധ കുത്തിവയ്പ്പിനുള്ള പല വാക്സിനുകളും യഥാസമയം ലഭിക്കുന്നില്ല, ഇത് ഞങ്ങൾ പറയുന്നതല്ല, അപ്പുറത്തു നിന്നുള്ള ആളുകളും ഇതൊക്കെ തന്നെയാണ് പറഞ്ഞത്. ഓപ്പറേഷൻ തിയേറ്ററിൽ കയ

LIBRARY ARCHIVES Kerala Legislative Assembly

റുന്ന ഡോക്ടർമാർക്ക് ഡിസ്പോസിബിൾ തൊപ്പിയും, മുഖംമൂടിയും വരെ ഇല്ലാത്ത അവസ്ഥയാണ്. പി.എസ്.സി. അസിസ്റ്റന്റ് സർജന്മാരുടെ തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു, റിട്ടൺ ടെസ്റ്റു നടത്തി, അതിന്റെ ഇന്റർവ്യൂ നടത്തി. 1000 പേരെ ഇന്റർവ്യൂ ചെയ്തു, പക്ഷെ റാങ്ക് ലിസ്റ്റ് ഇതുവരെ പുറത്തുവന്നിട്ടില്ല. ലിസ്റ്റിൽ പേര് ചേർക്കുന്നതിന് ലേലംവിളി നടക്കുകയാണ് ഇപ്പോൾ എന്നാണ് പൊതുവേ പറയുന്നത്. ഇന്റർവ്യൂവിൽ പങ്കെടുത്തവർക്ക് വലിയ സംശയമുണ്ട്. റിട്ടൺ ടെസ്റ്റിൽ ഉയർന്ന മാർക്ക് വാങ്ങിയവരെ ഇന്റർവ്യൂവിൽ പരിഗണിക്കപ്പെടാതെ തോന്നിയ വിധത്തിൽ റാങ്ക് തിരിമറി നടത്തി എന്ന് സംശയമുണ്ട്. റിട്ടൺ ടെസ്റ്റിലെ റാങ്കും, ഇന്റർവ്യൂവിലെ റാങ്കും പ്രസിദ്ധീകരിക്കാൻ അങ്ങ് തയ്യാറാകുമോ എന്ന് ഞാൻ വിനീതമായി ചോദിക്കുകയാണ്. അടുത്ത അവസരത്തിൽ ആയുർവേദ വകുപ്പിൽ 12 നേത്ര ഡോക്ടർമാരെ വച്ചു. 12 ഡോക്ടർമാരുടെ കൈയിൽ നിന്നും മന്ത്രി വാങ്ങിച്ചു എന്ന് ഞാൻ പറയുന്നില്ല. എന്തോ കാര്യമായ അഴിമതിയുണ്ട്. ഈ വകുപ്പിൽ ഡെൻമാർക്കിൽ എന്തോ ചീഞ്ഞു നാറുന്നുണ്ട് എന്നു പറഞ്ഞതു പോലെ ചീഞ്ഞുനാറുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡ്രിപ്പ് സെറ്റ്, ആംബു ബാഗ് എന്നിവ വാങ്ങിയതിൽ ക്രമക്കേടും, അഴിമതിയും, കുറ്റകരമായ അനാസ്ഥയും കാട്ടിയതായി സി.എ.ജി. റിപ്പോർട്ടിൽ പറയുന്നു. റേഡിയോളജി, ഓർത്തോപീഡിക് ഡിപ്പാർട്ടുമെന്റിലേയ്ക്ക് വാങ്ങിയ 25 ലക്ഷം രൂപയുടെ ഉപകരണങ്ങൾ ഉപയോഗശൂന്യമായതിനെ സി.എ.ജി. റിപ്പോർട്ടിൽ വിമർശിച്ചിട്ടുണ്ട്. ബ്ലഡ് ബാങ്കിനു വേണ്ടി 14 ലക്ഷം രൂപ മുടക്കി വാങ്ങിയ ബ്ലഡ് ബാഗുകൾ നിലവാരം കുറഞ്ഞതാകയാൽ കെട്ടിക്കിടക്കുകയാണ്. 5 ലക്ഷം രൂപയുടെ എക്സ്-റേ മെഷീൻ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് വാങ്ങിയിട്ടുണ്ട്, സ്ഥാപിക്കാൻ സ്ഥലമില്ലാതെ തുരുമ്പു പിടിച്ചു കിടക്കുന്നു. ഓർത്തോപീഡിക് ഡിപ്പാർട്ടുമെന്റിലേയ്ക്ക് 16 ലക്ഷം രൂപ മുടക്കി വാങ്ങിയ ഇൻക്യുബേഷൻ മെഷീൻ കേടായി കിടക്കുകയാണ്. ഇതുവരെ റിപ്പെയർ ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഗുണനിലവാരം ഇല്ലാത്ത കമ്പനികളുടെ ഉപകരണങ്ങൾ വാങ്ങിക്കൂട്ടി കോടിക്കണക്കിന് രൂപ പാഴാക്കുന്ന സ്ഥിതിയാണ് ആരോഗ്യ വകുപ്പിന്റേത്. ആശുപത്രിയിൽ നിന്നും വിലപിടിപ്പുള്ള മരുന്നുകൾ ഉദ്യോഗസ്ഥന്മാർ കടത്തുന്നു. ഈ അടുത്ത അവസരത്തിലാണ് പുലയനാർകോട്ട ക്ഷയരോഗാശുപത്രിയിൽ, കഴിഞ്ഞ ദിവസം ഒരു നേഴ്സിംഗ് അസിസ്റ്റന്റ് ആയിരക്കണക്കിന് രൂപയുടെ വിലപിടിപ്പുള്ള മരുന്ന് അവിടെനിന്ന് കടത്തിക്കൊണ്ടുപോയത് പിടിച്ചത്. ഉപയോഗിച്ച ഡിസ്പോസിബിൾ സിറിഞ്ച് വീണ്ടും വിപണിയിൽ എത്തുന്നു. ഇതുപോലെ ഓരോ കാര്യങ്ങളും എടുത്തുനോക്കിയാൽ ഇതുപോലത്തെ കാര്യങ്ങളാണ് കാണാൻ കഴിയുന്നത്. 24.8.1998-ലെ കേരള കൗമുദിയിൽ തിരുവനന്തപുരം മെന്റൽ ആശുപത്രിയിൽ ക്രിമിനൽ വാർഡിൽ രതീഷ് എന്നുപറയുന്ന ഒരു കുട്ടിയെ അവിടത്തെ അന്തേവാസികൾ കൂടി കൊലപ്പെടുത്തി. അതിനെക്കുറിച്ച് വിജിലൻസ് ഡയറക്ടർ അന്വേഷണം നടത്തി, റിപ്പോർട്ട് കിട്ടി. ഇതുവരെ ഒരു നടപടിയും എടുത്തിട്ടില്ല.

അവിടത്തെ രോഗികളെ മാനസികമായി പീഡിപ്പിച്ചുക്കൊണ്ടിരിക്കുകയാണ്. എപ്പിലപ്സി പേഷ്യൻസിനുള്ള മരുന്നുകൾ പോലും അവിടെയില്ല. മരുന്നു കമ്പനികൾക്ക് കൊടുക്കേണ്ട വൻതുക ട്രഷറി പി.ഡി. അക്കൗണ്ടിൽ നിക്ഷേപിച്ചു. ഇപ്പോൾ എന്താ സ്ഥിതി എന്നു ചോദിച്ചാൽ മരുന്നു കമ്പനികളുടെ ഏജന്റുമാർ ഇപ്പോൾ മന്ത്രിമാരുടെ ഓഫീസിന്റെ പരിസരത്തും ഡി.എച്ച്.എസ്സ്. ഓഫീസിലും ചെന്ന് അവർക്ക് ഇഷ്ടമുള്ള മരുന്നു കമ്പനികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

മാത്രം ചെക്ക് കൊടുക്കുന്ന ഒരു സംവിധാനം നടന്നുകൊണ്ടിരിക്കുകയാണ്. ഇതൊക്കെ അങ്ങ് അറിയുന്നുണ്ടോയെന്ന് എനിക്ക് അറിയില്ല. കാരണം അങ്ങേയ്ക്ക് ഇപ്പോൾ സമയമില്ല, ഇടയ്ക്കിടയ്ക്ക് ഡൽഹിയിലും ബോംബെയിലും പോകേണ്ട സ്ഥിതി വന്നിരിക്കുകയാണ്. തൃശ്ശൂർ മെഡിക്കൽ കോളേജ് തുടങ്ങിയിട്ട് 17 വർഷമായി. മുളംകുന്നത്തുകാവിൽ ചില ഡിപ്പാർട്ടുമെന്റുകൾ 15 കിലോമീറ്റർ അകലെയുള്ള ടൗണിലാണ് പ്രവർത്തിക്കുന്നത്. അവിടെ 400 കിടക്കകളുള്ള ഒരു വാർഡിന്റെ പണി ആരംഭിച്ചു യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് അതിന് സാങ്ഷൻ കൊടുത്തത്. 1993-ൽ പണിയും തുടങ്ങി അത് ഏതാണ്ട് കഴിയാറായി. 400 കിടക്കകളുള്ള ഒരു ബ്ലോക്ക് തുടങ്ങുമ്പോൾ അതിൽ ഓപ്പറേഷൻ തിയേറ്ററുമില്ല, ഒ.പി. ബ്ലോക്കുമില്ല. ഓപ്പറേഷൻ തിയേറ്ററും ഒ.പി.ബ്ലോക്കുമില്ലാതെ അത് പ്രാവർത്തികമാക്കാൻ സാധിക്കുകയില്ല. അതിനുവേണ്ടി ഒരു പൈസപോലും ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. ആറര കോടി രൂപയുടെ ഒരു എസ്റ്റിമേറ്റ് ഒ.പി. ബ്ലോക്കും ഓപ്പറേഷൻ തിയേറ്ററും പണിയാൻ വേണ്ടിയിട്ട് ഇവിടേക്ക് അയച്ചിട്ടുണ്ട്. അതിൽ 28 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പി.ഡബ്ല്യു.ഡി.യുടെ നയം അനുസരിച്ച് അടങ്കൽതുകയുടെ ഇരുപത് ശതമാനമില്ലെങ്കിൽ പണി തുടങ്ങാൻ കഴിയുകയില്ല. ഇപ്പോൾ ഒന്നരക്കോടി ഉറുപ്പികയെങ്കിലും ഇല്ലാതെ ഓപ്പറേഷൻ തിയേറ്ററിന്റെയും ഒ.പി. ബ്ലോക്കിന്റേയും പണി തുടങ്ങാൻ നിവൃത്തിയില്ല. ആ ഒ.പി. ബ്ലോക്കും, ഓപ്പറേഷൻ തിയേറ്ററും ഇല്ലാതെ ഈ 400 ബെഡ്ഡുള്ള കെട്ടിടത്തിൽ ഇത് പ്രവർത്തിക്കാൻ സാധിക്കുകയില്ല. അതുപോലെതന്നെ കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകൾക്കുവേണ്ടി പതിനൊന്നരക്കോടി ഉറുപ്പിക നീക്കിവച്ചു. തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് ഇപ്പോൾ നടക്കുന്ന പ്രവർത്തനം തുടരാൻ 3 കോടി ഉറുപ്പിക നീക്കി വച്ചതൊഴിച്ചാൽ പുതിയ പ്രവർത്തനങ്ങൾക്ക് ഒരു പൈസപോലും നീക്കി വച്ചിട്ടില്ല. അതുകൊണ്ട് അത് ഒന്നു പ്രത്യേകം ശ്രദ്ധിക്കണം എന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ വേനൽക്കാലത്ത് കുടിവെള്ളം പോലുമില്ല. മുളംകുന്നത്തുകാവിൽ ടാങ്കർ ലോറിയിൽ വെള്ളം കൊണ്ടുവന്നിട്ടാണ് പാവപ്പെട്ട രോഗികൾക്ക് കൊടുക്കുന്നത്. പോലീസ് ഔട്ട് പോസ്റ്റില്ല. നമ്മുടെ സംസ്ഥാനത്തെ ഏക മെഡിക്കൽകോളേജാണ് തൃശ്ശൂർ മെഡിക്കൽ കോളേജ്. സർ, അവിടെ കാർഡിയോളജിസ്റ്റിന്റെ പോസ്റ്റില്ല. ഒരു മെഡിക്കൽകോളേജിൽ കാർഡിയോളജിസ്റ്റില്ലായെന്നു പറഞ്ഞാലത്തെ സ്ഥിതിയെന്താണ്? ഇവിടെ അത് ഒഴിഞ്ഞുകിടക്കുകയായിരുന്നു. അവിടെ ഇ.സി.ജി, ടി.എം.ടി. എന്നിവയ്ക്കുള്ള സൗകര്യങ്ങളുണ്ടെങ്കിലും ഡോക്ടർമാർ ഇല്ലാത്തതിനാൽ ഉപയോഗിക്കാൻ കഴിയുന്നില്ല. യൂറോളജി ഡിപ്പാർട്ടുമെന്റിൽ പ്രൊഫസർ തസ്തിക ഇപ്പോൾ ഒഴിഞ്ഞുകിടക്കുകയാണ്. യൂറോളജി ഡിപ്പാർട്ടുമെന്റ് അനുവദിച്ചിട്ടുണ്ട്. പക്ഷെ പ്രൊഫസർമാരുടെ തസ്തികയില്ല. അതുപോലെതന്നെ ബ്രസ്റ്റ് ക്യാൻസർ കണ്ടുപിടിക്കാനുള്ള വിലപിടിപ്പുള്ള മാമോഗ്രഫി മെഷീൻ അവിടെയുണ്ട്, പക്ഷെ അതിന് ഡോക്ടറോ ടെക്നീഷ്യനോ ഇല്ലാതെ പ്രവർത്തിപ്പിക്കാൻ കഴിയാത്ത അവസ്ഥയാണ്. കഴിഞ്ഞ വർഷം പീഡിയാട്രിക് വാർഡു തകർന്നു വീണ് നാലു മരണങ്ങൾ ഉണ്ടായി. തൃശ്ശൂർ മെഡിക്കൽ കോളേജിനെ സംബന്ധിച്ച് തൃശ്ശൂർ ജില്ലയിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരും ഉൾപ്പെട്ട ഒരു ഉന്നതതലയോഗം വിളിച്ചുകൂട്ടാൻ അങ്ങു തയ്യാറാകണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. ആരോഗ്യരംഗത്ത് ഒരുതരം താന്തോന്നി ഭരണമാണ് നടക്കുന്നത്, ഇത് മന്ത്രി അറിഞ്ഞാണോ അറിയാതെയാണോ എന്ന് അറിയില്ല. സർക്കാർ ആശുപത്രികളുടെ സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

ഇതാണെങ്കിൽ അൽപ്പം ചെലവ് കൂടിയാലും അൽപ്പം വരുമാനമുള്ള ആളുകൾക്ക് ആശ്രയിക്കാവുന്ന സ്ഥലമാണ് സ്വകാര്യാശുപത്രികൾ. സ്വകാര്യാശുപത്രികളുടെ സേവനം ഈ കേരളത്തിന് ഒരു അനുഗ്രഹമാണ്. നാലായിരത്തോളം ആശുപത്രികളുള്ളതിൽ സർക്കാരിന്റേത് ആയിരത്തി മുന്നൂറ്റി ചില്വാനമേയുള്ളൂ. ക്രിസ്ത്യൻ മിഷനറിമാർ ഉൾപ്പെടെ ഇതര സമുദായങ്ങൾ, സ്വകാര്യ ഏജൻസികൾ തുടങ്ങിയവർ നടത്തുന്ന ആതുരാലയങ്ങളാണ് സത്യത്തിൽ ജനങ്ങൾക്ക് ആശ്വാസം അരുളുന്നത്. ഈ രംഗത്ത് ക്രിസ്ത്യൻ സന്യാസി സമൂഹം മുമ്പന്തിയിൽ പ്രവർത്തിക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. പക്ഷെ അവർക്കും ആശുപത്രികളുടെ പ്രവർത്തനം സുഗമമായും സമാധാനപരമായും നടത്തിക്കൊണ്ടു പോകാൻ കഴിയാത്ത ഒരു അവസ്ഥ ഇവിടെ ഈ ഭരണത്തിൽ വന്നിട്ടുണ്ട്. സർ, സ്വകാര്യ ആശുപത്രികൾ നമുക്ക് ഉള്ളതുകൊണ്ടല്ലേ അൽപ്പമെങ്കിലും നമ്മുടെ രോഗികൾക്ക് ഒരു ആശ്വാസം കിട്ടുന്നത്? കഴിഞ്ഞ ഒരു വർഷംമാത്രം 47 ആശുപത്രികളിൽ കേരളത്തിൽ സമരം ഉണ്ടായി. അടുത്തദിവസമാണ് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ കയറി മൈക്രോസ്കോപ്പു പോലും തകർത്ത സംഭവമുണ്ടായത്. പാപ്പിനിശ്ശേരിയിൽ പണ്ട് സ്നേക്ക് പാർക്കും, ആയുർവേദാശുപത്രിയും തകർത്തു, കായംകുളത്തെ മേരിക്കുന്നിലും, വണ്ടിപ്പെരിയാറിലും, അമ്പലിലും ഒക്കെ ഇതുപോലെയുള്ള സംഭവങ്ങളുണ്ടായി. ഇങ്ങനെ ഗുണ്ടാവിളയാട്ടം നടത്തി നഷ്ടപരിഹാരം ജനങ്ങളുടെ നികുതിയിനത്തിൽ നിന്നു കൊടുക്കുന്നത് ഒരിക്കലും നമുക്ക് ന്യായീകരിക്കാൻ സാധിക്കുകയില്ല. ഈ നിലക്കു പോയാൽ കേരളത്തിൽനിന്ന് വ്യവസായികൾ കുറ്റിപറിച്ചുപോയതുപോലെ നിലവാരമുള്ള സ്വകാര്യാശുപത്രികൾ നമുക്ക് നഷ്ടപ്പെടും. സംസ്ഥാനത്ത് ഒരു ആരോഗ്യനയം പോലുമില്ല. 1983-ലെ കേന്ദ്ര നയമാണ് ഇപ്പോഴും തുടരുന്നത്. സംസ്ഥാനത്ത് ആറു മെഡിക്കൽ കോളേജുകളുണ്ട്. സംസ്ഥാനത്തെ ബഡ്ജറ്റിൽ ഏഴായിരം കോടി ഉറുപ്പികയേയുള്ളൂ. ഇതിൽ 920 കോടി രൂപ മാത്രമാണ് ആരോഗ്യവകുപ്പിന് നീക്കിവച്ചിട്ടുള്ളത്. നമ്മുടെ സ്പീക്കർ തന്നെയാണ് ഗവൺമെന്റ് ആശുപത്രി ഡോക്ടർമാരുടെ ഒരു യോഗത്തിൽ ഇത് പറഞ്ഞത്. അത് പരിഗണിക്കാൻ ഗവൺമെന്റ് തയ്യാറാകണം. 96-97-ലെ ബഡ്ജറ്റിലും, 97-98-ലെ ബഡ്ജറ്റിലും, 98-99-ലെ ബഡ്ജറ്റിലും കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് -ന്റെ കീഴിൽ ഫാർമസ്യൂട്ടിക്കൽ ഡിവിഷൻ ആരംഭിക്കും, മെഡിക്കൽ കോളേജുകൾ റഫറലാശുപത്രിയാക്കും തുടങ്ങി ഒരുപാട് കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഈ കാര്യങ്ങൾ എന്തെങ്കിലും നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ? ഇവിടെ നേരത്തെ പറഞ്ഞു; സഹകരണ മെഡിക്കൽ സ്റ്റോറുകൾ പത്തിരുപത്തിയഞ്ചെണ്ണം തുടങ്ങിയിട്ടുണ്ട്, അവിടെയൊന്നും മരുന്നുകൾ കിട്ടാറില്ല, ഡോക്ടർമാർ എഴുതിക്കൊടുക്കുന്ന മരുന്ന് നീതി മെഡിക്കൽ സ്റ്റോറുകളിലോ മറ്റു മെഡിക്കൽ സ്റ്റോറുകളിലോ കിട്ടാത്ത ഒരു അവസ്ഥയാണ് എന്ന്. ഇതൊക്കെ ശ്രദ്ധിക്കാൻ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിക്ക് സമയമില്ലാത്തത് വലിയ കഷ്ടം ആയിരിക്കുകയാണ്. ആഴ്ചകളോളം നീണ്ടുനിന്ന ഡോക്ടർമാരുടെ സമരം അവസാനിപ്പിക്കാൻ അവസാനം ബഹുമാനപ്പെട്ട ഹൈക്കോടതിവരെ ഇടപെടേണ്ടിവന്നത് സാംസ്കാരിക കേരളത്തിന് തീർച്ചയായിട്ടും ഒരു അപമാനംതന്നെയാണ്. മാർക്കറ്റിൽ ഇറക്കിയിട്ടുള്ള പവർമാൾട്ട് കഴിച്ച് മന്ത്രി തടിച്ചുകൊഴുക്കുകയാണ്. കബീർ മാസ്റ്ററെ നിരോധിക്കപ്പെട്ട മരുന്നുകൾ കുത്തിവച്ച് ശോഷിപ്പിക്കുകയാണ് ചെയ്യുന്നത്. ആരോഗ്യവകുപ്പ് അനാഥമാകുന്നു, അങ്ങയുടെ ശ്രദ്ധയിപ്പോൾ ഇരിക്കുന്ന കസേരയിൽ മാത്രം ഒതുങ്ങിയിരിക്കുകയാണ്. കേരളത്തിലെ പാവപ്പെട്ട ജനങ്ങൾക്കുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

സേവനം അനുഷ്ഠിക്കേണ്ട ഒരു പ്രധാനപ്പെട്ട വകുപ്പാണിത്. നിർഭാഗ്യവശാൽ ആരോഗ്യം കായികവിനോദം പോലെയും കായികരംഗം അനാരോഗ്യകരമായും കൈകാര്യം ചെയ്യുന്ന ഒരു മന്ത്രിയാണ് നമുക്കുള്ളതെന്ന് വളരെ കഷ്ടത്തോടുകൂടി ഞാൻ പറയുകയാണ്. സർ, അതുകൊണ്ട് ഇതിന് അടിയന്തിരമായിട്ട് ഒരു മാറ്റമുണ്ടാക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഗ്രാമ വികസനവകുപ്പിനെക്കുറിച്ച് എന്തെങ്കിലും ഒന്ന് പറയാതിരുന്നാൽ ശരിയല്ല, ഗ്രാമവികസന വകുപ്പിൽ കഴിഞ്ഞ ഒരു വർഷമായിട്ട് ബി.ഡി.ഒ. മാരുടെ പ്രമോഷൻ നടക്കുന്നില്ല. അവിടെയും ഈ ഡി.പി.സി. തന്നെയാണ് പ്രശ്നം. ഈ ഡി.പി.സി. വലിയ പ്രശ്നമാണ്, നമ്മുടെ സംസ്ഥാനത്ത്. ബ്ലോക്കുകളിൽ 22 ബി.ഡി.ഒ.മാരുടെ ഒഴിവുണ്ട്, ഡി.പി.സി. കൂടി ലിസ്റ്റ് തയ്യാറാക്കാത്തതു കാരണം പ്രമോഷൻ നടക്കുന്നില്ല. 12 വർഷമായിട്ട് ഡിപ്പാർട്ടുമെന്റിൽ ഡി.പി.സി. കൂടിയിട്ടില്ല എന്നാണ് പറയുന്നത്. ഈ ഗവൺമെന്റ് വന്നാൽ ഡി.പി.സി. കൂടുമെന്നുള്ള പ്രതീക്ഷയായിരുന്നു. ഈ 30/6-ൽ വീണ്ടും അഞ്ച് ഒഴിവുകൾ കൂടിയുണ്ടാകും. അതുകൊണ്ട് ഡി.പി.സി കൂടിയിട്ട് പാവപ്പെട്ട ബി.ഡി.ഒ. മാരുടെ പ്രമോഷന്റെ കാര്യം കൂടി ഒന്നു പരിഗണിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഡി.പി.സി. കൂടാൻ വൈകുകയാണെങ്കിൽ പ്രൊവിഷണലായിട്ട് പ്രമോഷൻ കൊടുക്കാനുള്ള ഏർപ്പാട് ഉണ്ടാകണം. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഇവിടെ ഉന്നയിച്ച കാര്യങ്ങളൊക്കെ ഞാൻ വളരെ ശ്രദ്ധയോടുകൂടി കേട്ടു, കഴിഞ്ഞ കുറെ കാലങ്ങളായി ആരോഗ്യ വകുപ്പിന്റെ എല്ലാ ചർച്ചകളും അപ്പുറത്തും ഇപ്പുറത്തും ഇരുന്ന് മുഴുവൻ സമയവും കേട്ട ഒരാളാണ് ഞാൻ. ഇന്നുവരെ കേട്ടിട്ടുള്ള ചർച്ചകളിൽ നിന്ന് വ്യത്യസ്ഥമായിരുന്നു ഇന്നത്തെ ചർച്ച, അപ്പുറത്തിരിക്കുന്നവർ ഇപ്പുറത്തിരുന്നപ്പോഴും, ഇപ്പുറത്തിരിക്കുന്നവർ അപ്പുറത്തിരുന്നപ്പോഴും കേട്ടതിൽ നിന്ന് വളരെ വ്യത്യസ്ഥമായിരുന്നു ഇത്. വകുപ്പിനെക്കുറിച്ചോ, നയപരമായ കാര്യങ്ങളെക്കുറിച്ചോ, ഏതെങ്കിലും കാര്യങ്ങൾ തെറ്റുചെയ്തുവെന്നോ ചൂണ്ടിക്കാണിച്ചിട്ടില്ല. യാദൃച്ഛികമായി ഉണ്ടായ ഒന്നു രണ്ടു സംഭവങ്ങൾ ഒരു കെട്ടിടം വീണു; ആ കെട്ടിടത്തിന് മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ഒന്നരക്കൊല്ലം മുമ്പ് കെട്ടിടം പുതുക്കിപ്പണിയാൻ എ.എസ്. കൊടുത്തു, പണം കൊടുത്തു, നടപടികൾ എടുക്കുന്ന സമയത്താണ് അത് വീഴുന്നത്. ഒരു സ്ഥലത്ത് വയറിന്റെ ഒരു ചെറിയ തകരാറുകൊണ്ടു തീപിടിത്തം ഉണ്ടായി. ഇതുരണ്ടുമാണ് ആകെപ്പറഞ്ഞ രണ്ടു കാര്യങ്ങൾ, പിന്നെ ഒരു കാര്യം പറഞ്ഞത്, ഡോക്ടർമാരുടെ അപാകത. സർ, ഈ ഗവൺമെന്റ് വരുമ്പോൾ 400 തസ്തികകൾ ഒഴിവാണ്. ഇവിടെ ഒരു കണക്ക് പറഞ്ഞു. ഞാൻ അത് ആവർത്തിക്കുന്നില്ല. ഇപ്പോഴും 125-ഓളം തസ്തികകളേ ഹെൽത്ത് സർവ്വീസിൽ ഉള്ളു. പബ്ലിക് സർവ്വീസ് കമ്മീഷന്റെ കാര്യം ഇവിടെ ആരോ ചൂണ്ടിക്കാണിച്ചു. പബ്ലിക് സർവ്വീസ് കമ്മിഷനും ഞാനുമായി ഒരു ബന്ധവുമില്ല. അവരാണ് അപേക്ഷ ക്ഷണിക്കുന്നതും ഇന്റർവ്യൂ നടത്തുന്നതും ലിസ്റ്റ് ഉണ്ടാക്കുന്നതും, ലിസ്റ്റ് ഉണ്ടാക്കിയതിനുശേഷമാണ് ഈ ഗവൺമെന്റ് വരുന്നത്. പഴയ ഗവൺമെന്റ് നിശ്ചയിച്ച ഒരു പി.എസ്.സി. ചെയർമാനെ ഇങ്ങനെ കുറ്റപ്പെടുത്താമോ? ആരോടാണ് വിരോധം? പി.എസ്.സി. ചെയർമാൻ പഴയ ഗവൺമെന്റ് നിശ്ചയിച്ച ഒരാളാണ്. ആ പി.എസ്.സി. നടത്തുന്ന ഇന്റർവ്യൂവിനെ സംബന്ധിച്ചാണ് പറഞ്ഞത്. പി.എസ്.സി.യെ

LIBRARY ARCHIVES Kerala Legislative Assembly

പോലുള്ള ഒരു സ്ഥാപനത്തെക്കുറിച്ച് ഈ നിയമസഭയിൽ പറഞ്ഞാൽ അത് ശരിയല്ല. അതുകൊണ്ട് ഞാൻ അത് നിഷേധിക്കുന്നു.

സർ, ഇവിടെ ലോകാരോഗ്യ സംഘടന നിശ്ചയിച്ച കണക്ക് ശ്രീ. കുട്ടി അഹമ്മദ് കുട്ടി പറഞ്ഞു. 2015-ലെ ലക്ഷ്യമാണ് നമ്മൾ ഇപ്പോൾ നേടിയിരിക്കുന്നത്. 2000-ലെ അല്ല. ആയൂർ മരണനിരക്ക്, ശൈശവ മരണനിരക്ക് തുടങ്ങിയവ ലക്ഷ്യമിട്ടിട്ടുണ്ട്. ആയൂർദൈർഘ്യ ലക്ഷ്യത്തിലൊക്കെ വളരെ മുന്നിലാണ് നാം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്ത് നേട്ടമുണ്ടായി എന്നാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ഒരുകാര്യം തീർച്ച. മരണനിരക്കും ശിശുമരണ നിരക്കുമൊക്കെയെടുക്കാം. ശിശുമരണനിരക്ക് 1995-ൽ ഇൻഡ്യയിൽ 74-ഉം കേരളത്തിൽ 15-ഉം ആണ്. 1998 ആയപ്പോൾ ഇൻഡ്യയിൽ 72 ആണ്. രണ്ട് കുറഞ്ഞു. എന്നാൽ, 15-ൽ നിന്ന് കേരളത്തിൽ 12 ആയി. പുതിയ സൗകര്യവും ശുചിത്വവുമൊക്കെ, 1995-ൽ ഇല്ലാത്ത ഒരു ജീവിതചര്യ കേരളത്തിലെ ജനങ്ങൾക്ക് സാധിച്ചുവെന്നുള്ളതാണ് കാണുന്നത്. നമ്മുടെ നാട്ടിലെ ജനങ്ങളുടെ ആരോഗ്യബോധവൽക്കരണവും ശുചിത്വവുമൊക്കെ ഇതിന്റെ ഘടകമാണ്. ജനങ്ങൾക്ക് രണ്ടുകൊല്ലംകൊണ്ട് ഇത്രമാത്രം മാറ്റംവന്നുവെങ്കിൽ ഈ ഗവൺമെന്റിന് അത് അഭിമാനകരമാണ്. ആരോഗ്യരംഗത്തെ അളവുകോൽ എന്താണ്? മരണനിരക്ക്, ആയുർദൈർഘ്യം, ഇതൊക്കെയാണ്. അളവുകോൽ വച്ചിട്ടുള്ളത്. കേരളത്തിൽ ആയൂർദൈർഘ്യം പുരുഷന്മാർക്ക് 70-ഉം സ്ത്രീകൾക്ക് 73.62-ഉം ആയിരിക്കുന്നു. ഇൻഡ്യയിൽ അത് 64.1-ഉം 65.6-ഉം ആണ്. നാം രണ്ടായിരാമാണ്ടിന്റെ ലക്ഷ്യത്തിന് എത്രയോ മുന്നിലാണ്. ഈ കണക്കുകൾ വച്ചുകൊണ്ട് കേരളത്തിലെ ആരോഗ്യരംഗത്തെ സംബന്ധിച്ചിടത്തോളം ചിലർ നേരത്തേ ഇവിടെ ചൂണ്ടിക്കാണിച്ചു. ശ്രീ. കുട്ടി അഹമ്മദ് കുട്ടി ഇവിടെ ചൂണ്ടിക്കാണിച്ചപ്പോൾ അമർത്ഥ്യാസെന്നിന്റെ കാര്യം പറഞ്ഞു. അദ്ദേഹംതന്നെ പറഞ്ഞിട്ടുണ്ട് ഈ മരുന്നുകൾ ഏറ്റവും കൂടുതൽ യു.എസ്-ൽ ആണ് നൽകുന്നതെന്ന്. ഇവിടെയല്ല. എന്നാൽ ബീഹാറിനേക്കാൾ നമ്മൾ മുന്നിലാണ്. കാരണം, ബീഹാറിൽ ബോധവൽക്കരണമോ സൗകര്യമോയില്ലാത്തതുകൊണ്ട് പുറത്ത് ആരും പറയാറില്ല. അതുകൊണ്ട് അറിയാറില്ല. അങ്ങനെയാണെങ്കിൽ അപകടകരമായ പോക്ക് പോകുന്ന ഏറ്റവും സമ്പന്നർ, ശാസ്ത്രീയ നേട്ടങ്ങളുള്ള യു.എസ്. ആണ് ഇക്കാര്യത്തിൽ വളർന്നുകൊണ്ടിരിക്കുന്നത്. അദ്ദേഹം വേറെ ഒരു രംഗത്ത് പറഞ്ഞിട്ടുണ്ട്. ഒരു പുസ്തകം വായിക്കുമ്പോൾ അത് മുഴുവൻ വായിക്കണം. പകുതി വായിക്കരുത്. ഒരു ഭാഗം ക്വോട്ട് ചെയ്യുകയും മറുഭാഗം ക്വോട്ട് ചെയ്യാതിരിക്കുകയും ചെയ്യുന്നു. അദ്ദേഹം പുസ്തകം മുഴുവൻ വായിച്ചിട്ടുണ്ടാകും പ്രതിപക്ഷത്തിരിക്കുന്നതുകൊണ്ട് മനഃപൂർവ്വം അത് മറച്ചുവച്ചുവെന്നേ ഞാൻ ധരിക്കുന്നുള്ളൂ. മുഴുവൻ വായിക്കുന്ന സ്വഭാവക്കാരനാണ് ശ്രീ. കുട്ടി അഹമ്മദ് കുട്ടി. കേരളത്തിന് ഒരു പ്രത്യേകതയുണ്ട്. മൂലധനനിക്ഷേപം കുറവാണ്. കേന്ദ്ര-വിദേശ സഹായം കിട്ടുന്നതിനുവേണ്ടി നമ്മൾ ശ്രമിക്കുകയാണ്. 1984-ൽ ആണ് വേൾഡ് ബാങ്കിന്റെ സഹായം അവസാനമായി കിട്ടിയത്. പിന്നെ കിട്ടിയത് ഇപ്പോൾ ഞങ്ങൾ നടത്തിയ ശ്രമത്തിന്റെ ഭാഗമായിട്ടാണ്. അത് ഞാൻ പിന്നെ പറയാം. ആരോഗ്യ രംഗം മെച്ചപ്പെട്ടുവെങ്കിലും ഗുരുതരമായ പുതിയ പ്രശ്നങ്ങൾ ഇപ്പോൾ ഉണ്ടാകുന്നു. സ്വകാര്യമേഖലയിലുള്ള ചാർജ്ജ് വർദ്ധനവിന്റെയൊക്കെ ഫലമായി ഗവൺമെന്റ് സ്ഥാപനങ്ങളിൽ മെഡിക്കൽ കോളേജ് ആയാലും പെരിഫെറൽ ഹോസ്പിറ്റലായാലും രോഗികളുടെ എണ്ണം ഐ.പി.യിലും ഒ.പി.യിലും കൂടുന്നുണ്ട്. പുതിയ രോഗങ്ങളും ഉണ്ടാകുന്നു. കാരണം, വാർദ്ധക്യ സഹജമായ ചില രോഗങ്ങൾ പുതിയതായി ഉണ്ടാകുന്നു. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ജീവിതചര്യയുടെയൊക്കെ ഘടകമാണത്. ചെലവഴിക്കുന്ന സംഖ്യയാണെങ്കിലോ. ഇവിടെ പലരും ചൂണ്ടിക്കാണിച്ചു വർദ്ധനവൊന്നുമില്ലെന്ന്. 1997-98-ൽ 536 കോടി രൂപ, 1998-99-ൽ 622 കോടി രൂപ, 1999-2000-ൽ 765 കോടി രൂപ ചെലവഴിച്ചു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഇതിനുപുറമേ ഒരു കൊല്ലത്തേയ്ക്ക് കൊടുത്തത് 100 കോടി രൂപയാണ്. അത് വലിയൊരു സംഖ്യയാണ്. അവരാണ് ചെലവാക്കേണ്ടത്. അത്തരം പദ്ധതികൾക്ക് 2.2. ശതമാനം വരുന്ന ആരോഗ്യരംഗത്തെ പദ്ധതിയിന ചെലവ് 9-ാം പദ്ധതിയിൽ 4 ശതമാനമായി ഉയർന്നിട്ടുണ്ട്. 2.2. ശതമാനം 4 ശതമാനമായാൽ അത് ചെറിയ വർദ്ധനവാണെന്ന് പറയാൻ സാധിക്കില്ലല്ലോ. 1984-നുശേഷം ലോക ബാങ്കിന്റെയോ മറ്റ് സഹായങ്ങളോ ഒന്നും നമുക്ക് ലഭിച്ചിട്ടില്ല. പലതിനും പ്രോജക്ട് കൊടുക്കാറുണ്ട്. ഞാൻ ആരേയും കുറ്റപ്പെടുത്തുന്നില്ല. ഇപ്പോഴും ഞാൻ പ്രോജക്ട് കൊടുത്തു. 117 കോടി രൂപ ആർ.സി.എച്ച്. പ്രജനന ശൈശവ പദ്ധതിക്കുവേണ്ടി ലഭിച്ചു. അത് സ്റ്റേറ്റിനുംകൂടിയുള്ള പദ്ധതിയാണ്.

സർ, അതുപോലെതന്നെ കാലിക്കട്ട് സിറ്റി പ്രോജക്ട്. കാലിക്കട്ടിലെ ആരോഗ്യരംഗത്തുള്ള, പ്രത്യേകിച്ച് ചേരി പ്രദേശങ്ങളിൽ ബുദ്ധിമുട്ടുകളുണ്ട്. അത് മനസ്സിലാക്കിയാണ് മൂന്ന് സിറ്റികളിൽ നിന്ന് കോഴിക്കോട് സിറ്റി സെലക്ട് ചെയ്തത്. അവിടെ നമുക്കാവശ്യമായ 10 കോടിരൂപയോളം സംഖ്യ കിട്ടി. ഇപ്പോൾ ഒരു പുതിയ ആനുകൂല്യംകൂടി വന്നു. കോഴിക്കോട് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരവും കൊച്ചിയും ഈ സിറ്റി പ്രോജക്ടുകളിൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശം സമർപ്പിക്കാൻ ആവശ്യപ്പെട്ടു. നാം സമർപ്പിക്കുകയാണ്. അതിന് അംഗീകാരം കിട്ടുമെന്നാണ് കരുതുന്നത്. കിട്ടിയാൽ കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം പ്രോജക്ടുകളാകും. പാലക്കാട് ജില്ല വളരെ പിന്നോക്കമാണ്, അട്ടപ്പാടി അടക്കമുള്ളത്. അതുകൊണ്ട് പാലക്കാട് ജില്ലയ്ക്ക് മാത്രമായി 16.87 കോടി രൂപയുടെ ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റം പ്രോജക്ട് 432 കോടിരൂപയുടേതാണ്. വേൾഡ് ബാങ്കും സംസ്ഥാന ഗവൺമെന്റുമൊക്കെ കേരളത്തിന്റെ ഇക്കാര്യത്തിലുള്ള പുരോഗതി വച്ചുകൊണ്ട് അനുകൂലമായി പരിഗണിക്കാറില്ല. മുഖ്യമന്ത്രി കേന്ദ്ര ഹെൽത്ത് മിനിസ്റ്ററെ വിളിച്ചു. ഞാൻ കത്തയച്ചു. ഞാൻ അദ്ദേഹത്തെ നേരിട്ട് പോയി കണ്ടു. കേന്ദ്ര ആരോഗ്യ വകുപ്പ് അത് അംഗീകരിച്ചു. ഇപ്പോൾ എക്സ്റ്റേണൽ അഫയേഴ്സിന്റെയും വേൾഡ് ബാങ്കിന്റെയും അംഗീകാരത്തിനായി കിടക്കുകയാണ്. അതിൽ തമിഴ്നാടുമുണ്ട്. കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി തമിഴ്നാട്ടുകാരനാണ്. തമിഴ്നാട്ടിലേയും കേരളത്തിലേയും പദ്ധതികൾ ഇതുവരെ അംഗീകരിച്ചില്ല. അതിനുള്ള ശ്രമത്തിലാണ്. ആ ശ്രമം പൂർത്തീകരിച്ചാൽ 432 കോടിരൂപയുടെ ഒരു പദ്ധതി- ഈ കേരള സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റം പദ്ധതി നമുക്ക് അംഗീകരിച്ചു കിട്ടിയാൽ ഒരുപക്ഷേ 1984-നുശേഷം കിട്ടുന്ന ആദ്യത്തെ വേൾഡ് ബാങ്കിന്റെ പദ്ധതിയാണ്. ഈ സംസ്ഥാനത്തെ താലൂക്ക് പ്രൈമറി ഹെൽത്ത് സെന്ററുകളുടെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടേയും ഒക്കെ വികസന പ്രവർത്തനങ്ങൾക്ക് വളരെ പ്രധാനപ്പെട്ട കാര്യം നിർവ്വഹിക്കാൻ കഴിയും. ഇവിടെ പല അംഗങ്ങളും ചൂണ്ടിക്കാണിച്ചതുപോലെ ആർ.എച്ച്.സി.യിൽ തന്നെ ഉൾപ്പെടുത്തിക്കൊണ്ട് 80 കമ്മ്യൂണിറ്റി ഹെൽത്തു സെന്ററുകൾക്ക് 10 ലക്ഷം രൂപ വച്ച് ബ്ലോക്ക് പഞ്ചായത്താണ് തുക ചെലവഴിക്കുന്നത്. 8 കോടി രൂപ എനിക്ക് കിട്ടിയിട്ടുണ്ട്. ആദ്യത്തെ ഗഡു എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും വിതരണം ചെയ്തിട്ടുണ്ട്. അതിന്റെ പ്രവർത്തനം നടക്കുകയാണ്. ഇൻഡ്യാ പോപ്പുലേഷൻ പ്രോജക്ടിന്റെ 2.5 കോടി രൂപയുടെ സാമ്പത്തികസഹായം കുടുംബ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമ പദ്ധതിപ്രകാരം മലപ്പുറം ജില്ലയ്ക്ക് 1997-ൽ കിട്ടി. പദ്ധതി നടപ്പിലാക്കി വരികയാണ്. ആ പദ്ധതിയ്ക്കുതന്നെയാണ് ഇപ്പോൾ കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകൾക്ക് അംഗീകാരം കിട്ടിക്കഴിഞ്ഞു. ഇനി ക്യാബിനറ്റ് തീരുമാനവും ഇവിടത്തെ തീരുമാനവും മതി. അതും ഉടനേ നടപ്പിലാക്കാൻ കഴിയും. 16.47 കോടി രൂപയാണ് ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ലഭിച്ചിരിക്കുന്നത്. ജനസംഖ്യയുടെ പെരുപ്പമൊക്കെ വച്ചാണ് കാസർഗോഡ്, കണ്ണൂർ, വയനാട്, ഇവ എടുത്തത്. നേരത്തെ മലപ്പുറം എടുത്തു. അതൊക്കെ വച്ചുകൊണ്ടാണ് ഈ കുടുംബക്ഷേമ പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടി ആ ജില്ലകൾ തെരഞ്ഞെടുക്കാൻ കാരണം. അല്ലാതെ ആരോടെങ്കിലും പ്രത്യേകമായ പരിഗണനയോ അവഗണനയോ കാണിച്ചിട്ടില്ല. ചില പ്രത്യേക സ്റ്റാറ്റിസ്റ്റിക്സ് വച്ച് ചെലവഴിക്കേണ്ട സ്ഥലമായതുകൊണ്ടാണ്. കുടുംബക്ഷേമ പദ്ധതി പ്രകാരം ആരോഗ്യ രംഗം മെച്ചപ്പെടുത്തുന്നതിന് മലപ്പുറം-ഇടുക്കി ജില്ലയ്ക്ക് മറ്റൊരു പ്രോജക്ട് കൂടി തയ്യാറാവുകയാണ്. യൂറോപ്യൻ കമ്മിഷന്റെ സഹായവുമായി ചേർന്നുകൊണ്ട് കൊല്ലം ജില്ലയ്ക്ക് ഒരു പദ്ധതി തയ്യാറാക്കി അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുകയാണ്. അതിനും അംഗീകാരം കിട്ടുമെന്നാണ് കരുതുന്നത്. അപ്പോൾ കൊല്ലത്തിന് ഒരു പുതിയ സ്കീംകൂടിയാകും. നിരന്തരമായി നമ്മെ അവഗണിച്ചിരുന്ന വേൾഡ് ബാങ്ക് യൂണിസെഫ് പോലുള്ള സ്ഥാപനങ്ങൾ ഒക്കെ ഈ അടുത്തകാലത്ത് കേരളത്തിന്റെ ഈ രംഗത്തുള്ള ചില പ്രത്യേകതകൾ പരിഗണിക്കാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് ഈ പരിഗണനയൊക്കെ വന്നിരിക്കുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ചു ഗ്രാമപ്രദേശങ്ങളിൽ ജെ.പി.എച്ച്.എൻ.മാർക്ക് വാഹന വായ്പ അനുവദിക്കണമെന്ന് പറഞ്ഞു. അവരുടെ യാത്രയ്ക്ക് അസൗകര്യമുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ജോലിചെയ്യണം. അവരുടെ യാത്രാസൗകര്യമുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ജോലിചെയ്യാം. അവരുടെ യാത്രാസൗകര്യത്തിനായി 1.5 കോടി രൂപ 949 പേർക്ക് വാഹന വായ്പയായി മോപ്പെഡ് വാങ്ങുന്നതിനുവേണ്ടി കൊടുത്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയാണത്. വിതരണം ചെയ്യുന്നു. ഈ സംസ്ഥാനം മാത്രമേ അത് കൈപ്പറ്റൂ. കാരണം, അത് വിതരണംചെയ്യാനുള്ള ഏർപ്പാടിൽ നമുക്കേ വിജയിക്കാൻ കഴിയൂ. മറ്റ് പല സംസ്ഥാനങ്ങളിലും വലിയ തുകയൊന്നും സ്വീകരിക്കുകയില്ല. നാം അത് പരമാവധി പ്രയോജനപ്പെടുത്തുകയാണ്. എല്ലാ താലൂക്ക് ആശുപത്രികളിലും കമ്മ്യൂണിറ്റി പ്രൈമറി ഹെൽത്ത് സെന്ററുകളിലും പല പദ്ധതികളും ഉൾപ്പെടുത്തി. ഇവിടെ എല്ലാവരും ചൂണ്ടിക്കാണിച്ച ഒരു കാര്യം അതാണ്. ആശുപത്രികളിൽ ധാരാളം വാർഡുകൾ വേണം. എം.പി.മാരുടെ ഫണ്ട് ഉപയോഗിച്ചുള്ള പ്രാദേശിക വികസനം, പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ, നാട്ടുകാർ സംഭാവന നൽകിയാൽ, ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റിയുടെ പിരിവ്, ഇതൊക്കെ വച്ചുകൊണ്ട് ധാരാളം വാർഡുകൾ ഉണ്ടാക്കിയിട്ടുണ്ട്. ആവശ്യമായ തസ്തികകൾ അനുവദിക്കാനും തുറന്ന് പ്രവർത്തിക്കാനും കഴിയുന്നില്ല. അതിനുവേണ്ടി 330 തസ്തികകൾ ഗവൺമെന്റ് കഴിഞ്ഞവർഷം അനുവദിക്കുകയുണ്ടായി. 80 പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ഇപ്പോൾ വാർഡുകൾ പണിതത് കിടക്കുകയാണ്. അതൊക്കെ തുറന്ന് പ്രവർത്തിപ്പിക്കണം. ജില്ലാ ആശുപത്രികളിലും ചില വാർഡുകളുണ്ട്. അതും തുറന്ന് പ്രവർത്തിപ്പിക്കണം. ഒരുകോടി രൂപ ഈ പ്രത്യേക പർപ്പസ്സിനുവേണ്ടി ഇക്കൊല്ലത്തെ ബഡ്ജറ്റിൽ വച്ചു. ആദ്യമായിട്ടാണ് അങ്ങനെ ചെയ്യുന്നത്. ഇല്ലാത്ത ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്തും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലും താലൂക്ക് ആശുപത്രികളിലും പണിത വാർഡുകളുണ്ട്. അതുപോലെ



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നാട്ടുകാർ പണിതതും പല പദ്ധതികളിൽ പണിതതുമുണ്ട്. അതൊന്നും സ്റ്റാഫ് ഇല്ലാത്തതുകൊണ്ട് തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. അതിനു വേണ്ടി ഒരുകോടിരൂപ ഇക്കൊല്ലത്തെ ബഡ്ജറ്റിൽ പ്രത്യേകം ഇയർമാർക്ക് ചെയ്തിട്ടുണ്ട്. ചില പ്രത്യേക കാലഘട്ടങ്ങളിൽ വിപുലമായ വയറിളക്ക രോഗങ്ങൾ ഉണ്ടാകുന്നതിനെക്കുറിച്ചു ഇവിടെ ബഹുമാനപ്പെട്ട പല മെമ്പർമാരും സംസാരിച്ചപ്പോൾ കേരളത്തിലെ ആരോഗ്യ സ്ഥിതി മോശമാണെന്നൊക്കെ പറഞ്ഞു. 1996-ൽ അതായത് ഈ ഗവൺമെന്റ് വന്ന ഘട്ടത്തിൽ ഛർദ്ദി-അതിസാര രോഗങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത് 6,56,635 ആണ്. മരണസംഖ്യ 114 ആണ്.

സർ, 1997 വന്നപ്പോൾ അത് 5,54,695 ആയി. മരണം 53 ആയി. 1998 വന്നപ്പോൾ അത് 5,56,000 ആയി. രണ്ടായിരം കൂടി. പക്ഷെ മരണം 49 ആയി. നാലെണ്ണം ചുരുങ്ങി. എന്നാൽ ഛർദ്ദ്യാതിസാരം ഈ അഞ്ചുമാസമായി 2,30,086 മാത്രമേ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ. മരണമാണെങ്കിൽ 8 ആണ്. എപ്പോൾ നിയമസഭ കൂടിയാലും പ്രത്യേകിച്ച് ജൂൺ മാസസമയത്താണെങ്കിൽ മഴ വരുന്നതുകൊണ്ട് ഏഴെട്ട് സബ്മിഷനുകളെങ്കിലും ഛർദ്ദ്യതിസാരത്തെക്കുറിച്ച് വരുമായിരുന്നു. ഈ സഭ കൂടിയതിനുശേഷം ഇതുസംബന്ധിച്ച് അങ്ങേയ്ക്ക് ഇതുവരെ നോട്ടീസ് കിട്ടിയിട്ടില്ലല്ലോ? നോട്ടീസ് കിട്ടിയിട്ടും വരാത്തതാണോയെന്ന് എനിക്ക് അറിഞ്ഞുകൂടാ. ഏതായാലും പത്രങ്ങളിലൊന്നും വാർത്ത വരുന്നില്ല. അതിന് ഒരു ഘടകം പഞ്ചായത്ത് തലത്തിലുള്ള ശുചീകരണപ്രവർത്തനങ്ങളിൽ അവർ കാണിക്കുന്ന പ്രത്യേക താൽപര്യവും ഗവൺമെന്റ് കാണിച്ചിട്ടുള്ള താൽപര്യവുമാണ്. ചിലപ്പോൾ കാലാവസ്ഥയുമാകാം. രോഗം വന്നാൽ അതിന് കാരണം മന്ത്രി, രോഗം വന്നില്ലെങ്കിൽ അതിന് കാരണം കാലാവസ്ഥയാണെന്ന് പറയരുതല്ലോ? ഏതായാലും ഈ വർഷം ഛർദ്ദ്യതിസാരരോഗം റിപ്പോർട്ട് ചെയ്തിട്ടുള്ളത് വളരെ കുറവാണ്. കണക്ക് ഇവിടെ ഞാൻ പറഞ്ഞു. ഒറ്റ മരണമേ ഇതുവരെ ഉണ്ടായിട്ടുള്ളൂ. സാധാരണ എല്ലാ കാലങ്ങളിൽനിന്നും വ്യത്യസ്തമായിരുന്നു. ഒരു കൊല്ലം മലപ്പുറത്ത് 95 മരണങ്ങളുണ്ടായി 1996 ആയപ്പോൾ ഇത് തൃശ്ശൂരിലായിരുന്നു. 1997 ആയപ്പോൾ പാലക്കാട്ടും 1998 ആയപ്പോൾ ആലപ്പുഴയിലുമായി ഇത് മാറി. അവിടെയാണ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെയൊക്കെ കാര്യം പറഞ്ഞത്. ഇക്കൊല്ലം ആലപ്പുഴയിലും കുറവാണ്..

സർ, മലമ്പനിയുടെ കാര്യത്തിൽ 1996-97-ൽ 2948 കേസ്സുകൾ റിപ്പോർട്ട് ചെയ്തു. എന്നാൽ 1997-98-ൽ 28 കേസ്സുകളാണ് റിപ്പോർട്ട് ചെയ്തത്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വന്ന ആളുകൾക്കാണ് ഭൂരിപക്ഷവും മലമ്പനി വന്നിട്ടുള്ളത്. ഒർജിൻ ഇവിടെ അല്ല. കാസർഗോഡ് മലമ്പനി ബാധിച്ച് മരിച്ച ഒരാളുടെ വീട്ടിൽ ഞാൻ പോയിട്ടുണ്ട്. ആശുപത്രിയിൽ പോയിട്ടുണ്ട്. മലമ്പനി ബാധിച്ച് മരിച്ചയാളുകളെല്ലാം കാസർഗോട്ടും മംഗലാപുരത്തും ജോലി ചെയ്യുന്ന ആളുകളാണ്. ഇപ്പോൾ കൊല്ലത്ത് രണ്ട് സംഭവമുണ്ടായി. അത് രണ്ടും തമിഴ്നാട്ടിൽ ജോലി ചെയ്തിരുന്ന ആളുകളായിരുന്നു. ഒർജിൻ ഇവിടെ അല്ല. പക്ഷെ നമുക്ക് അതിർത്തിയിൽവച്ച് അവരെ തടയാനൊക്കുമോ? അവർ കേരളീയരല്ലേ? അവർ അവിടെ ജീവിക്കാൻ വേണ്ടി പോകുന്നു, അവിടെവച്ച് അവർക്ക് മലമ്പനി ബാധിക്കുന്നു. അവരെ നമ്മുടെ നാട്ടിൽ വരണ്ടെന്ന് പറഞ്ഞ് തിരിച്ചയക്കാനൊക്കുമോ? അവരെ ചികിത്സിച്ച് ഭേദമാക്കുകയല്ലാതെ മറ്റുമാർഗ്ഗമില്ലല്ലോ? യഥാർത്ഥത്തിൽ മലമ്പനിയുടെ ഈ റിപ്പോർട്ടുകളിൽ ബഹുഭൂരിപക്ഷവും പുറത്തുനിന്ന് രോഗവുമായി വന്നവയാണ്.

സ്വൽപം നമ്മുടെ നാട്ടിൽ കണ്ണൂരിലടക്കം ഉണ്ടായിട്ടുണ്ട്. ബഹുഭൂരിപക്ഷവും മറ്റു സംസ്ഥാനങ്ങളിൽനിന്ന് രോഗാണുക്കളുമായി വന്ന് രോഗം ബാധിച്ചവരാണ്. പക്ഷെ, ഇതിന് നമുക്ക് പരിഹാരമാർഗ്ഗമില്ല. പക്ഷെ അവരെ ചികിത്സിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നു. ഏതായാലും 1996-97-ൽ 3000-ത്തിനടുത്താണുള്ളത്. 1997-98 വന്നപ്പോൾ 28 ആയി ചുരുങ്ങിയിരിക്കുന്നു.

സർ, ജപ്പാൻജ്വരത്തെ സംബന്ധിച്ച് ആരോ ചോദിക്കുകയുണ്ടായി. ആലപ്പുഴ, കോട്ടയം ജില്ലകളിൽ വ്യാപിച്ചിരുന്ന ജപ്പാൻ ജ്വരം നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞു. 1996-ൽ ഈ ഗവൺമെന്റ് വരുമ്പോൾ 96 പേരെ ഇത് ബാധിച്ചു, 23 പേർ മരിച്ചു. 1997-ൽ 111 പേരെ ബാധിച്ചു. പക്ഷെ മരണം 18 ആയി. രോഗം ബാധിച്ചവരുടെ എണ്ണം കൂടി, മരണം കുറഞ്ഞു. അതാണല്ലോ ചികിത്സയുടെ ഒരു അളവുകോൽ? അതിൽകൂടുതൽ എന്ത് അളവുകോലാണുള്ളത്? മരണം 23-ൽ നിന്ന് 18 ആയി. 1998-ൽ രോഗികളുടെ എണ്ണം കുറഞ്ഞു, 82 ആയി. പക്ഷെ മരണം 18-ൽത്തന്നെ നിൽക്കുന്നു. എന്തുകൊണ്ട് ഇതു സംഭവിച്ചു എന്നുള്ള കാര്യം പരിശോധിക്കേണ്ടതാണ്. അത് ഗൗരവമായി എടുക്കുന്നതാണ്. ആ രോഗികളുടെ എണ്ണം ഗൗരവത്തിൽ റിപ്പോർട്ട് ചെയ്യപ്പെടാത്തതുകൊണ്ടാണോ, ചികിത്സ ലഭിക്കാത്തതുകൊണ്ടാണോ എന്നുള്ള കാര്യം പരിശോധിക്കണം. ഈ വർഷത്തിൽ ജപ്പാൻജ്വരവുമായി ബന്ധപ്പെട്ട് ഈ പ്രദേശങ്ങളിൽനിന്ന് വൈറോളജിക്കൽ റിപ്പോർട്ടൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. പത്രവാർത്തകൾ ഒന്നുരണ്ടെണ്ണം കിട്ടി. പക്ഷെ, വൈറോളജിക്കൽ റിപ്പോർട്ട് വന്നിട്ടില്ല.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : റിപ്പോർട്ട് അങ്ങയുടെ ഡിപ്പാർട്ടുമെന്റിൽ നിന്ന് കിട്ടിയിട്ടില്ലെന്നല്ലേ പറയുന്നത്? അത് ബോധപൂർവ്വം അവർ അയയ്ക്കാതിരിക്കുകയാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി <u>(ശ്രീ. എ.സി. ഷൺമുഖദാസ്)</u> : എന്റെ ഡിപ്പാർട്ടുമെന്റിൽ നിന്ന് മറച്ചുവയ്ക്കുകയില്ല. അല്ലെങ്കിൽ പത്രത്തിൽ വരും. ഇത് രണ്ടും കിട്ടിയില്ലെങ്കിൽ ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ ഉണ്ട്. അദ്ദേഹം ഇവിടെ പറയും. തീർച്ചയല്ലേ? എന്തെങ്കിലും ഒന്നു കിട്ടിയാൽ വിടുന്നവരാണോ നിങ്ങൾ? ഈ ഗവൺമെന്റിനെതിരായി ചെറിയ ഒരംശം കിട്ടിയാൽ വിടുന്നവരാണോ നിങ്ങൾ?

സർ, അട്ടപ്പാടിയിലെ വിളർച്ച രോഗവും പോഷകാഹാരക്കുറവും ഈ ഗവൺമെന്റ് വളരെ ഗൗരവമായി കാണുന്ന കാര്യമാണ്. ഡോക്ടർമാർ അവിടെ ഇല്ലാത്ത ഒരവസ്ഥ ഉണ്ടായിരുന്നു. ആദ്യമായിട്ടാണ് അട്ടപ്പാടിയിൽ പോകുന്ന ഡോക്ടർമാർക്ക് 2500 രൂപ കൂടുതൽ അലവൻസ് കൊടുക്കാനുള്ള ഉത്തരവ് പുറപ്പെടുവിച്ചത്. അസിസ്റ്റന്റ് സർജൻ, സിവിൽ സർജൻ തുടങ്ങിയ എല്ലാ ഗ്രേഡിലും അത് കൊടുക്കുകയാണ്. പണ്ട് ഹിൽട്രാക്ക് അലവൻസ് ഉണ്ടായിരുന്നു. പക്ഷെ അത് ഒരു ചെറിയ സംഖ്യയായിരുന്നു. ആരും പോകാറില്ല. ഒരു പിന്നോക്ക പ്രദേശത്തിന് ഒരു ഗവൺമെന്റും ഇത്രയധികം പരിഗണന കൊടുത്തിട്ടില്ല. 7500 രൂപ ഉണ്ടായിരുന്നതിന്റെ കൂടെ 2500 രൂപയാണ് കൂടുന്നത്. മൂന്നിലൊന്നാണ് കൂടുന്നത്. ഫൈനാൻസിലേയ്ക്ക് പോകുമ്പോഴുള്ള സ്ഥിതി അറിയാമല്ലോ? എന്നാലും ധനകാര്യവകുപ്പുമന്ത്രി ഒപ്പിട്ടു, മുഖ്യമന്ത്രി ഒപ്പിട്ടു തീരുമാനമെടുത്ത് അവർക്ക് അലവൻസ് കൊടുക്കുന്നു.

സർ, മരുന്നിന്റെ കാര്യം ഇവിടെ പറഞ്ഞു. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികൾക്കുവേണ്ടി 28.7 കോടി രൂപയുടെ മരുന്ന് 1998-ൽ മൊത്തം വാങ്ങിയിട്ടുണ്ട്. 1996-ലോ അത് 21.40 കോടി രൂപയാണ്. അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ആ കാര്യത്തിൽ വില വർദ്ധനവുണ്ടായിട്ടുണ്ട്. രോഗികളുടെ എണ്ണവും വില വർദ്ധനവും ഈ കണക്കുവച്ച് നോക്കുമ്പോൾ വ്യക്തമാണല്ലോ. 9,40,00,000 രൂപയുടെ ചികിത്സോപകരണങ്ങൾ ഡി.എച്ച്.എസ്. വാങ്ങിയിട്ടുള്ള ഒരു കാലഘട്ടമുണ്ടായിട്ടില്ല.

സർ, Illness Assistance Society- ഇവിടെ ഹൃദ്രോഗ ചികിത്സ, കിഡ്നി ട്രാൻസ്പ്ലാന്റേഷൻ തുടങ്ങിയ ചികിത്സകൾ സ്വാഭാവികമായും വലിയ മുതൽമുടക്ക് ആവശ്യമുള്ള ചികിത്സയാണ്. കേരളത്തിൽ ഇതിന് സൗകര്യമുണ്ടായിരുന്നില്ല. സ്വകാര്യമേഖലയിൽപോലും ഇല്ലായിരുന്നുവെന്നുള്ളതാണ് വസ്തുത. കർണ്ണാടകത്തിലും തമിഴ്നാട്ടിലും കോയമ്പത്തൂരിലും മദ്രാസ്സിലുമൊക്കെ ഈ സൗകര്യങ്ങളുള്ള ധാരാളം സ്വകാര്യ സ്ഥാപനങ്ങളുണ്ട്. എന്നാൽ കേരളത്തിൽ വിരലിൽ എണ്ണാവുന്ന സ്ഥാപനങ്ങളിലേ ഈ സൗകര്യങ്ങളുള്ളൂ. കാരണം നല്ല മുതൽമുടക്ക് വേണം. ഒന്ന്, ഒന്നര ലക്ഷം രൂപ ബിൽ കൊടുക്കേണ്ടിവരും. അതുകൊണ്ട് കേരളത്തിലെ ജനങ്ങളുടെ ഇടയിൽ ഈ ചികിത്സാരംഗത്തുള്ള മുതൽമുടക്കിന്റെ കാര്യത്തിൽ തർക്കമൊക്കെയുള്ളതുകൊണ്ട് ഇവിടെ സ്വകാര്യമേഖലയിൽ ഈ സൗകര്യങ്ങൾ അധികമില്ല. രണ്ട്മൂന്ന് സ്ഥാപനങ്ങളിലെ ഹൃദയശസ്ത്രക്രിയ അടക്കമുള്ള സൗകര്യങ്ങളേ കേരളത്തിൽ ഉള്ളൂ. എന്നാൽ തമിഴ്നാട്ടിലും കർണ്ണാടകത്തിലുമൊക്കെ ധാരാളം സ്ഥാപനങ്ങളുണ്ട്. ഇവിടെനിന്ന് പോകുന്ന രോഗികളിൽ 50 ശതമാനവും ആ സ്ഥാപനങ്ങളിലാണ് ചികിത്സിക്കുന്നത്. 1997-ൽ ഈ ഗവൺമെന്റ് തിരുവനന്തപുരത്തും കോഴിക്കോട്ടും രണ്ട് കാത്തലാബ് സ്ഥാപിച്ചു. ഒരു കാത്തലാബ് ഇൻസ്റ്റാൾ ചെയ്തുവരുമ്പോൾ നാല്കോടി രൂപയാകും. അതിന്റെ അടിസ്ഥാനത്തിൽ നല്ല രീതിയിലുള്ള ശസ്ത്രക്രിയാ പ്രവർത്തനം നടക്കുകയാണ്. പക്ഷെ സാമ്പത്തികശേഷി വേണം. ചിലപ്പോൾ 40,000 രൂപയോളം അതിന് വേണ്ടിവരും. ഇതിൽ പാവപ്പെട്ട രോഗികൾക്ക് സൗജന്യം കിട്ടുകയില്ല. അതുകൊണ്ട് അതിനുവേണ്ടി ഗവൺമെന്റ് 'Illness Assistance to the Poor' എന്ന രീതിയിൽ ഒരു സൊസൈറ്റിയുണ്ടാക്കി. ആ കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതിന്റെ എല്ലാ ഏർപ്പാടുമായി. നടപടികൾ പൂർത്തിയായിരിക്കുകയാണ്. മൂന്നുകോടി രൂപ നമ്മൾ സമാഹരിച്ച് ഡെപ്പോസിറ്റ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഈയാഴ്ച മുതൽ ഫാറം വിതരണം ചെയ്യാനുള്ള നടപടി തുടങ്ങും. ഇതിൽ രണ്ടുകോടി രൂപ സംസ്ഥാനഗവൺമെന്റ് തന്നതാണ്. ഒരുകോടി രൂപ കേന്ദ്രഗവൺമെന്റ് തന്നതാണ്. കുറെക്കൂടി ആളുകൾക്ക് ഇതിന്റെ സഹായം ലഭിക്കാൻ വേണ്ടി ഇൻകംടാക്സ് കൊടുക്കുന്നതിൽനിന്ന് എക്സംപ്ഷൻ വാങ്ങിക്കൊണ്ട് മറ്റു വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും സഹായം കിട്ടാൻ നമ്മൾ ശ്രമിക്കുകയാണ്. ദേശസ്നേഹികളുടെയും ജീവകാരുണ്യത്തിൽ താൽപര്യമുള്ളവരുടെയുമൊക്കെ സഹായം കിട്ടിയാൽ, അല്ലെങ്കിൽ ഈ സഭയിലെ എല്ലാ അംഗങ്ങളും സഹായിക്കുമെങ്കിൽ ഈ സംഖ്യ വർദ്ധിപ്പിക്കാൻ കഴിയും. 25,000 രൂപവരെ ഹൃദ്രോഗികൾക്ക്, ക്യാൻസർ രോഗികൾക്ക് സഹായം കൊടുക്കാനുള്ള ഒരു പദ്ധതിയാണിത്. എല്ലാവരുടെയും സഹകരണം ഈ സഭയിലൂടെ ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു. ക്യാൻസർ രോഗികൾക്ക് ചികിത്സ ലഭിക്കാൻ എല്ലാ ജില്ലാ ആശുപത്രികളോടനുബന്ധിച്ചും 'Pain and Palliative Clinic' സ്ഥാപിച്ചു. നേരത്തെ ഇവിടെ ആരോ ഇതിനെക്കുറിച്ച് അറിയാമോയെന്ന് ചോദിച്ചു. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് അത് തുടങ്ങിയത്. അതിന്റെ എല്ലാ മീറ്റിംഗുകളിലും ഞാൻ പങ്കെടുത്തിട്ടുണ്ട്. ആദ്യമായിട്ടാണ് കേരളത്തിൽ തുടങ്ങുന്നത്. ജനങ്ങളുടെ നല്ല സഹകരണമുണ്ട്. അത് നിരുത്സാഹപ്പെടുത്തിക്കൂടാ.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് മാത്രമല്ല, കോഴിക്കോട് കേന്ദ്രീകരിച്ചുകൊണ്ട് ജനങ്ങളുടെ സഹകരണത്തോടെ Pain and Palliative സൊസൈറ്റി ഉണ്ടാക്കി. അതിന് നമുക്ക് യൂറോപ്യൻ സഹായം ലഭിക്കുന്നു. ആ സഹായത്തോടെ വേഗത്തിൽ എല്ലാ ജില്ലകളിലും ക്രമേണ ഇതുണ്ടാക്കുകയാണ്. എല്ലാ ജില്ലാ ആശുപത്രികളിലും Pain and Palliative സംവിധാനമുണ്ടാക്കണമെന്ന് ഗവൺമെന്റ് ഇപ്പോൾ തീരുമാനിച്ചിരിക്കുകയാണ്. സാന്ത്വനചികിത്സയ്ക്കുള്ള സംവിധാനമുണ്ടാകും. ക്യാൻസർ രോഗികളാണ്, ജീവിതത്തിന്റെ അവസാന ഘട്ടത്തിൽ അവർ വേദനിക്കുന്നു. സാന്ത്വനചികിത്സ ആവശ്യമാണ്. അതിനുവേണ്ടിയുള്ള സംവിധാനം മെഡിക്കൽ കോളേജിനുപുറമെ എല്ലാ ജില്ലാ ആശുപത്രികളിലുമുണ്ടാക്കാൻ ഗവൺമെന്റ് ഇപ്പോൾ തീരുമാനമെടുത്തിട്ടുണ്ട്.

സർ, വാഹനാപകടങ്ങൾ വർദ്ധിക്കുന്നു. മെഡിക്കൽ കോളേജുകൾക്കുപുറമെ ദേശീയപാതയുടെയും പ്രധാനപ്പെട്ട സ്റ്റേറ്റ് റോഡുകളുടെയും സമീപം ഘട്ടംഘട്ടമായി ഓരോ ട്രോമാകെയർ യൂണിറ്റുകൾ സ്ഥാപിക്കാൻ ശ്രമിക്കുന്നു. ബഹുമാനപ്പെട്ട രണ്ട് എം.എൽ.എ.മാർ ആലപ്പുഴയിലെ ട്രോമാകെയർ യൂണിറ്റിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട കെ.സി. വേണുഗോപാലും ഫ്രാൻസിസുമാണ് അത് പറഞ്ഞത്. അവർ രണ്ടുപേരും ആ കമ്മിറ്റിയിൽ അംഗങ്ങളാണ്. അത് തുടങ്ങിയത് എച്ച്.ഡി.സി കൂടെ നേഴ്സുമാരെ അപ്പോയിന്റ് ചെയ്യുമെന്നുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. പോരാത്ത തസ്തികകൾ ഉണ്ടാക്കാനുള്ള നടപടികളുണ്ടാകുന്നതാണ്. പക്ഷെ അതിന് അവിടെ എതിർപ്പുണ്ടായി തസ്തികകൾ ഉണ്ടാക്കണം, പ്രൊമോഷനെ ബാധിക്കുന്നതാണ് തുടങ്ങിയ ചർച്ചകളുണ്ടായി. തീർച്ചയായും ആ കാര്യം പരിശോധിക്കാം. ആലപ്പുഴയിലെ ട്രോമാ കെയർ യൂണിറ്റ് എം.എൽ.എ.മാർ ഉൾപ്പെടുന്ന എച്ച്.ഡി.സി.യുടെ ഇൻഷ്യേറ്റീവിൽ ഉണ്ടായതാണ്. അവർതന്നെ ആവശ്യപ്പെട്ടിട്ടാണ് ഇതിന്റെ തുടക്കം കുറിക്കാൻ പോയത്. എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അത് പരിശോധിക്കാൻ ശ്രമിക്കാം. ഈ ട്രോമാകെയർ യൂണിറ്റിനുവേണ്ടി 600 ഡോക്ടർമാർക്ക് വിവിധ ഘട്ടങ്ങളിൽ അത്യാഹിത ചികിത്സയിൽ പരിശീലനം കൊടുക്കാനുള്ള നടപടി പൂർത്തീകരിക്കുകയാണ്.

സർ, കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ തിരുവനന്തപുരം ആസ്ഥാനമായി ജില്ലാ മാനസികാരോഗ്യ പദ്ധതി ഈ വർഷം മുതൽ നടപ്പാക്കും. പണ്ട് സാനിറ്റോറിയം ഉണ്ടായിരുന്നു, അത് മാറി. പിന്നെ മെന്റൽ ഹോസ്പിറ്റലുകൾ ഉണ്ടായിരുന്നു. ആ സിസ്റ്റമൊക്കെ മാറി. ഇപ്പോൾ പ്രൈമറി ഹെൽത്ത് സെന്ററിലെ ഡോക്ടർമാർതന്നെ വീടുകളുമായി ബന്ധപ്പെട്ട് ചികിത്സിക്കാൻ കഴിയുന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നു. തിരുവനന്തപുരം ജില്ല കേന്ദ്രമാക്കിക്കൊണ്ടുള്ള ഒരു മാനസികാരോഗ്യ പദ്ധതി ഈ വർഷം നടപ്പാക്കുകയാണ്, പരിശീലനം തുടങ്ങുകയാണ്. മെഡിക്കൽ കോളേജിലെ രോഗികളുടെ എണ്ണം വർദ്ധിക്കുന്നുവെന്ന് ഇവിടെ സൂചിപ്പിച്ചു. 1997-98-ൽ 2.41 കോടി രൂപയുടെ ചികിത്സോപകരണങ്ങളാണ് എല്ലാ മെഡിക്കൽ കോളേജുകളിലുമായി വാങ്ങിയത്. എന്നാൽ അത് 1997-98 ആയപ്പോൾ 4 കോടിരൂപയായി, മരുന്നിന്റെ കാര്യവും വ്യത്യസ്തമല്ല. 1996-97-ൽ 14 കോടി രൂപയായിരുന്നു. 1997-98 ആയപ്പോൾ അത് 15.10 കോടി രൂപയായി മാറിയിട്ടുണ്ട്. നാലുകോടി രൂപ മുടക്കിയ കാത്തലാബിന്റെ കാര്യം ഞാൻ സൂചിപ്പിച്ചു. കാലിക്കട്ട് മെഡിക്കൽ കോളേജിലും കാർഡിയോളജി വിഭാഗത്തിലും ഐ.സി. യൂണിറ്റുകൾ ഉണ്ടായിട്ടുണ്ട്, അതിന്റെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വീഡിയോ എന്റോസ് കോപ്പി തുട

LIBRARY ARCHIVES Kerala Legislative Assembly

ങ്ങിയ ഉപകരണങ്ങൾ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. മുഖേന വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. പാവപ്പെട്ടവർക്ക് ചെറിയ ശതമാനം സൗജന്യം കിട്ടണം. സമ്പന്നരായവരിൽനിന്നും പണം ഈടാക്കാൻ കഴിയണം. ആ പണം സൊസൈറ്റിക്ക് തിരിച്ചു കൊടുക്കാൻ കഴിയണം. ആ രീതിയിലുള്ള സംവിധാനങ്ങളുണ്ടാക്കി ഗാസ്ട്രോ എന്ററോളജി വിഭാഗങ്ങൾ ഡെവലപ്പു ചെയ്യാനുള്ള ശ്രമത്തിലാണ്. ആർ.സി.സി.യുടെ സഹായത്തോടെ പത്തനംതിട്ട-കൊല്ലം ജില്ലകളിൽ ഓരോ Early Cancer detection സെന്റർ പ്രവർത്തനം തുടങ്ങുകയാണ്. ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിനുള്ള സംവിധാനങ്ങൾ ആരംഭിച്ച് രണ്ടു ജില്ലകളിൽ പുതിയ ഓഫീസുകൾ തുടങ്ങിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഒരംഗം ഇവിടെ ചൂണ്ടിക്കാണിച്ചു യുനാനി-സിദ്ധ ചികിത്സയെപ്പറ്റി. യുനാനി-സിദ്ധ ചികിത്സ കേരളത്തിൽ ഇല്ല എന്നൊക്കെ പറഞ്ഞു. യുനാനി സിസ്റ്റം 1988-ലെ ഗവൺമെന്റിന്റെ കാലത്ത് മഞ്ചേശ്വരത്ത് തുടങ്ങി. ആദ്യം ഡോക്ടറെ കിട്ടിയില്ല. ഇപ്പോൾ ഡോക്ടറെ കിട്ടിയിട്ടുണ്ട്. അതു പ്രവർത്തിക്കുന്നുണ്ട്. ഇല്ലെന്നു പറഞ്ഞാൽ അവിടത്തെ എം.എൽ.എ. ഇവിടെയുണ്ട്. ഏതായാലും യുനാനി ചികിത്സ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് തുടങ്ങിയത്. ഈ വർഷം ഒരു യുനാനി സിദ്ധ കോളേജ് കേരളത്തിൽ തുടങ്ങാനുള്ള തുടക്കം കുറിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിന്റെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. സ്പെഷ്യൽ ഓഫീസർ വന്നു. അതു സെൽഫ് ഫൈനാൻസിംഗ് മേഖലയിൽ വേണോ ഗവൺമെന്റ് മേഖലയിൽ വേണോ എന്നുള്ള അന്തിമ തീരുമാനമായിട്ടില്ല. ആലപ്പുഴയിൽ ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതനുവേണ്ടി ആദ്യത്തെ കൊല്ലം പത്തുലക്ഷം രൂപയും രണ്ടാമത്തെ കൊല്ലം അൻപതു ലക്ഷം രൂപയും നീക്കി വച്ചിരുന്നു. അതു തുടങ്ങാൻ പതിനാറു കോടി രൂപ വേണം. അത്രയും തുക ഒരു കൊല്ലം നീക്കി വയ്ക്കാൻ കഴിയില്ല. അതിനാൽ പരമാവധി പണമുണ്ടാക്കി വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങും. ബന്ധപ്പെട്ട എം.എൽ.എ., മന്ത്രി എന്നിവരോട് ആലോചിച്ച് അതിനുള്ള തീയതി തീരുമാനിക്കും. രണ്ടാഴ്ചയ്ക്കുള്ളിൽ ആ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. തുറമുഖങ്ങളുടെ കാര്യത്തിൽ ആലപ്പുഴ തുറമുഖത്ത് ശ്രീ. വക്കം പുരുഷോത്തമൻ എഫ്.സി.ഐ. മുഖേന കപ്പൽ കൊണ്ടുവന്നു എന്നു പറഞ്ഞു. എനിക്കറിഞ്ഞുകൂടാ. അന്നു ഞാൻ മന്ത്രിയാണ്. മുപ്പത്തഞ്ചു ലക്ഷം രൂപ പോർട്ട് ഓപ്പറേഷനുവേണ്ടി സ്പെഷ്യൽ ക്യാബിനറ്റു മുഖേന പണം കൊടുത്തതാണ്. ശ്രീ. വക്കം പുരുഷോത്തമൻ അന്നത്തെ എം.പി. എന്ന നിലയിൽ റഷ്യയിൽ നിന്നും കപ്പൽ കൊണ്ടുവന്നു ഇന്നത്തെ എം.പി.ശ്രീ. വി.എം. സുധീരൻ കപ്പൽ കൊണ്ടുവന്നില്ല ആ രംഗത്തു സുധീരൻ പരാജയപ്പെട്ടു എന്നുപറയാനാണോ ഇതു പറഞ്ഞത് എന്ന് എനിക്കറിയില്ല. ഏതായാലും കഴിഞ്ഞ ദിവസം കേന്ദ്ര മന്ത്രി ഇതു സംബന്ധിച്ച് ഒരു യോഗം വിളിച്ചിരുന്നു. ആ യോഗത്തിൽ ഞാൻ എഴുതിക്കൊടുത്ത് ആവശ്യപ്പെട്ടതനുസരിച്ച് എഫ്.സി.ഐ., പൊട്ടാസ്യം ലിമിറ്റഡ്, ഫെർട്ടിലൈസർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുമായി കേന്ദ്ര മന്ത്രി നിതീഷ്കുമാർ ചർച്ച ചെയ്യാമെന്നു സമ്മതിച്ചിട്ടുണ്ട്. കപ്പൽ വരുമെങ്കിൽ എത്ര തുകചെലവാക്കേണ്ടി വന്നാലും ആലപ്പുഴ തുറമുഖം പ്രവർത്തനക്ഷമമാക്കും. ആർക്കും അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. പക്ഷെ കപ്പൽ വരണം. ചരക്കു വരണം. വിഴിഞ്ഞം തുറമുഖത്തിന്റെ എം.ഒ.യു. ഒപ്പിട്ടു കഴിഞ്ഞു. രണ്ടായിരം കോടി രൂപയുടെ മതിപ്പ് ചെലവു വരുന്ന കുമാർ ഇൻഡ്യ എന്ന കമ്പനിയുമായി ഡിസ്ക്കഷൻ നടക്കുകയാണ്. ബി.ഒ.ടി. ഏകദേശമായി. അതു പരിശോധിക്കാൻ സെക്രട്ടറി കമ്മിഷണർ തലത്തിൽ ഒക്കെ പോകണം. അതുവരെ

LIBRARY ARCHIVES Kerala Legislative Assembly

Page 91 of 102

യുള്ള നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. തങ്കശ്ശേരി, മുനമ്പം, ഈ രണ്ടു തുറമുഖങ്ങളുടെയും ബി.ഒ.ടി. വളരെ വൈകാതെ പൂർത്തീകരിക്കാൻ കഴിയും. കായംകുളവും, വിഴിഞ്ഞവും, ബേപ്പൂരും കേന്ദ്രഗവൺമെന്റ് അവരുടെ പെട്രോളിയം പ്രോഡക്ട്സ് തുടങ്ങിയ കാര്യങ്ങൾക്കായി വികസിപ്പിക്കുന്ന ഇൻഡ്യയിലെ ഇരുപതു തുറമുഖങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതു തുടങ്ങുന്നതിന് ഇനിയും സമയമെടുക്കും. വിഴിഞ്ഞത്തും ബേപ്പൂരും കായംകുളത്തും കേന്ദ്ര ഗവൺമെന്റ് തന്നെ പുതിയ തുറമുഖങ്ങളുടെ സൗകര്യം ഉണ്ടാക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. കായംകുളവും, മഞ്ചേശ്വരവും, ചെറുവത്തൂരും പുതിയ തുറമുഖങ്ങളായി ഈ ഗവൺമെന്റ് നോട്ടിഫൈ ചെയ്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടക്കുകയാണ്. പിന്നെ ബഹുമാനപ്പെട്ട പി.പി. തങ്കച്ചൻ, എന്റെ കാല് രണ്ട് സ്ഥലത്താണെന്നു പറഞ്ഞു. രേഖയിൽ വന്നതുകൊണ്ട് ഞാൻ പറയുകയാണ്. ഒന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലും മറ്റൊന്ന് ബി.ജെ.പി.യിലും. എന്റെ കാല് ഒരിക്കലും രണ്ടു ഭാഗത്താവില്ല. എനിക്ക് നിർബന്ധമുണ്ട്. ബഹുമാനപ്പെട്ട തങ്കച്ചന്റെ കാല് ഇൻഡ്യയിലും ഇറ്റലിയിലും ആകാതിരിക്കട്ടെ.......(ബഹളം).......... ആകില്ല എന്നാണ് എന്റെ വിശ്വാസം. സർ, ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, ഇവിടെ ചില മെമ്പറൻമാർ പറഞ്ഞ ചില വിമർശനങ്ങൾക്ക് പിന്നാലെ മറുപടി പറയാം. വിമർശനപരമായും നിർദ്ദേശപരമായും വന്ന അഭിപ്രായ പ്രകടനങ്ങൾ നടത്തിയ ഇരുഭാഗത്തുമുള്ള ആളുകളോട് ഞാൻ കൃതജ്ഞനാണ്. കഴിഞ്ഞ മൂന്നു വർഷത്തെ പ്രവർത്തനം മത്സ്യമേഖലയെ അനുദിനം വികസനത്തിന്റെ പാതയിലേക്ക് നയിക്കാനുള്ള ലക്ഷ്യം വച്ചുകൊണ്ടുള്ളതായിരുന്നു. മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കാനും ആ വർദ്ധനവിന്റെ ഗുണം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാനും ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് മത്സ്യം ലഭ്യമാക്കാനും സ്വീകരിച്ച നടപടികൾ മത്സ്യമേഖലയിൽ വ്യക്തമായി കാണാം. കുളത്തിലും മറ്റും മത്സ്യം വളർത്തിയിട്ട് തൊഴിലാളികൾക്ക് എന്താണ് പ്രയോജനം എന്ന് ചില മെമ്പറൻമാർ ചോദിച്ചു. ഉൽപ്പാദനം വർദ്ധിച്ചാൽ തൊഴിലാളികൾക്കും അതു ഭക്ഷിക്കുന്ന നാട്ടുകാർക്കും പ്രയോജനമുണ്ട്. കടൽ മേഖലയിൽ ട്രോളിംഗ് നിരോധനം ശക്തമായി നടപ്പാക്കിയതിന്റെ ഫലമായി ഇത്തവണ ട്രോളിംഗ് നിരോധനം കേന്ദ്ര ഗവൺമെന്റ് കൂടുതൽ ദിവസത്തേക്ക് നീട്ടിയിട്ടുണ്ട്. കഴിഞ്ഞ തവണ നമ്മൾ എഴുതിയപ്പോൾ പതിമൂന്നും പതിനഞ്ചും ദിവസം മാത്രമാണ് ആഴക്കടലിൽ നിന്നും എണ്ണയെടുക്കുന്ന കാര്യത്തിലുള്ള നിരോധനം നടപ്പാക്കിയത്. എന്നാൽ ഇത്തവണ ജൂൺ പതിനഞ്ചാം തീയതി മുതൽ ജൂലായ് ഇരുപത്തിഒൻപതാം തീയതി വരെ 45 ദിവസങ്ങളിലാണ് ട്രോളിംഗ് നിരോധനം നടപ്പാക്കുന്നത്. കേരളത്തിലെ മത്സ്യഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കടലിൽ മത്സ്യക്കുഞ്ഞുങ്ങളെ വിതയ്ക്കുന്ന ഒരു പുതിയ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ കഴിഞ്ഞ രണ്ടു വർഷമായി നടപ്പാക്കിക്കഴിഞ്ഞു. അഴിമുഖത്ത് ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് കടലിൽ ചെമ്മീൻ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ അഞ്ചുലക്ഷം രൂപ വകയിരുത്തിയിരുന്നു. 97-98-ൽ കൊല്ലം ജില്ലയിലെ അഷ്ടമുടി കായലിൽ പത്തു ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളേയും, ആലപ്പുഴ ജില്ലയിലെ വലിയഴീക്കൽ ആർ മൗത്തിൽ 8.5 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളേയും, എറണാകുളം ജില്ലയിലെ പള്ളിപ്പുറത്ത് മുനമ്പം കായലിൽ 1.66 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളേയും,

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ അഴീക്കോട് ആർ മൗത്തിൽ 19.95 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളേയും, മലപ്പുറം ജില്ലയിലെ പുതുപൊന്നാനിയിൽ അഞ്ചു ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളേയും, കോഴിക്കോട് കോരപ്പുഴയിൽ 6.8 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളേയും, കണ്ണൂർ വളപട്ടണപ്പുഴയിൽ പത്തു ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളേയും, കാസർഗോഡ് നീലേശ്വരം, ചെറുവത്തൂർ ഭാഗങ്ങളിലായി മൂന്നര ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളേയും നിക്ഷേപിച്ചു. ആകെ 65.41 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കാൻ 6.77 ലക്ഷം രൂപ ചെലവായി.

ശ്രീ. കെ.എം. മാണി : 65 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെ കടലിൽ ഇറക്കിയതിൽ എത്രയെണ്ണം ഇപ്പോൾ ജീവിച്ചിരിപ്പുണ്ട്?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : അവർക്ക് ജീവനുണ്ടോ എന്നുള്ള കാര്യം അവിടെപോയി ചോദിച്ചാലേ മനസ്സിലാകൂ. അവ വളരുന്നുണ്ട്. അവ വളർന്ന് കടലിൽ അവിടവിടെയായി ചുറ്റി നടക്കുന്നുണ്ട്.

ശ്രീ. ജി. കാർത്തികേയൻ : സർ, മത്സ്യക്കുഞ്ഞുങ്ങൾ ഇൻഡ്യൻ അതിർത്തിയിലാണോ അറ്റ്ലാന്റിക് ഓഷനിലാണോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : കടലിൽ ആവാസ സ്ഥാനങ്ങളുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ് : അങ്ങ് 65 ലക്ഷമോ 75 ലക്ഷമോ മത്സ്യക്കുഞ്ഞുങ്ങളെ കടലിലിറക്കി. ബാക്കിയുള്ള മത്സ്യത്തിനെങ്കിലും ഭക്ഷണത്തിന് അത് പ്രയോജനം ചെയ്തിട്ടുണ്ട്, നന്നായി. പക്ഷേ ഇത് കേരളക്കരയിൽ നിറുത്തണ്ടേ? നമ്മുടെ മണലിൽ. അതിന് വല്ല സംവിധാനവും ഉണ്ടാക്കിയിരുന്നുവോ? തമിഴ്നാട്ടിലേക്കൊന്നും പോകാതെ കേരളത്തിന്റെ കടലിൽ നിറുത്താൻ......................

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, ഇവിടെ ചർച്ച നടക്കുന്ന കാര്യത്തിൽ നമുക്കുള്ള താൽപ്പര്യം മനസ്സിലാക്കിയാൽ അവർ കേരളത്തിലെ കടലിൽ തന്നെ നിൽക്കും. കടലിലെ ആവാസ വ്യവസ്ഥ നിലനിർത്തുന്നതിനും, മത്സ്യകുഞ്ഞുങ്ങളെ ആകർഷിച്ച് വംശവർദ്ധനവ് നിലനിർത്തുന്നതിനും എത്രയോ പാരുകൾ പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ചു കൊടുത്തു. ഇതെല്ലാം പരീക്ഷണാടിസ്ഥാനത്തിലാണ്. പരീക്ഷണം വിജയിച്ചാലേ കുഞ്ഞുങ്ങളെ നമുക്ക് നിക്ഷേപിക്കാൻ കഴിയൂ. ഇതിനായി കൊല്ലംകോട്, പൂവാർ, വലിയതുറ തുടങ്ങിയ സ്ഥലങ്ങളിൽ കൃത്രിമ പാരുകൾ നിർമ്മിച്ച് പരീക്ഷിച്ചു വരുന്നു. പാരുകളിട്ടു കഴിഞ്ഞാൽ അവിടെ മത്സ്യം വന്ന് കുന്നുകൂടും. അവിടെ പോയി മത്സ്യം പിടിക്കുന്നവർക്ക് കൂടുതൽ ഗുണം കിട്ടാനിടയുണ്ട്. ഇവയുടെ പ്രവർത്തനവും ഉൽപ്പാദനപ്രക്രിയയിലുണ്ടാകുന്ന മാറ്റങ്ങളും പഠിച്ച് ആവശ്യമെങ്കിൽ മറ്റ് സ്ഥലങ്ങളിലേക്കും ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. കടൽ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും മത്സ്യസംരക്ഷണ പ്രവർത്തനത്തോടൊപ്പംതന്നെ പ്രധാന്യമർഹിക്കുന്ന മറ്റൊരു കാര്യം, അശാസ്ത്രീയമായ മത്സ്യബന്ധനരീതി നിരുത്സാഹപ്പെടുത്തിയെന്നുള്ളതാണ്. അത് നമ്മുടെ തൊഴിലാളികളുടെ ഭാഗത്തുനിന്നും എല്ലാവരുടെഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. അതിന് നിയമമുണ്ടെങ്കിലും ആ നിയമം കർശനമായി പാലിക്കുന്നില്ല. അത് പാലിക്കണമെന്ന് ഞങ്ങൾ നിർബന്ധിച്ചുവരികയാണ്. കടൽമേഖലയിൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ നൽകുന്നതിനായി എൻ.സി.ഡി.സി. സഹായത്തോടുകൂടി 1998-ൽ 13.65 കോടി രൂപയുടെ സഹായം നൽകി. 1158 എഞ്ചിനുകളും 743 വള്ളങ്ങളും 77.84 ടൺ വലകളും ഈ പദ്ധതിപ്രകാരം വിതരണം ചെയ്തു. കഴിഞ്ഞ മൂന്നുവർഷം കൊണ്ട് 2090

LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനുകളും 1289 വള്ളങ്ങളും 165 ടൺ വലയും വിതരണം ചെയ്തു. ഈ വർഷം 16.90 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചുകഴിഞ്ഞു. ദേശീയ പിന്നോക്ക വികസന കോർപ്പറേഷന്റെ സഹായത്തോടെ 16 കോടി രൂപയുടെയും ദേശീയ ന്യൂനപക്ഷ വികസന കോർപ്പറേഷന്റെ സഹായത്തോടെ 1.52 കോടി രൂപയുടെയും വിവിധ സഹായ പദ്ധതികളും ഈ മേഖലയിൽ നടപ്പിലാക്കിവരുന്നു. 2.52 കോടി രൂപയുടെ മറ്റൊരു വായ്പാ പദ്ധതിക്കും ദേശീയ പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായി മത്സ്യബന്ധന പ്രവർത്തനങ്ങളിലേർപ്പെടുന്നതിനും വിപണന സൗകര്യം ഒരുക്കികൊടുക്കുന്നതിനും സമുദ്രമേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇത് ബഹുമാനപ്പെട്ട ഫ്രാൻസിസ് സൂചിപ്പിച്ച ഒരു കാര്യമാണ്. ഇതിനായി ഫിഷിംഗ് ഹാർബറുകളും ലാന്റിംഗ് സെന്ററുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. കണ്ണൂരിലെ മാപ്പിള ബേ ഫിഷിംഗ് ഹാർബറും, ചോംമ്പാലിലെ ഫിഷിംഗ് ഹാർബറും, തങ്കശ്ശേരി ഫിഷിംഗ് ഹാർബറിന്റെ 1-ാം ഘട്ട പണിയും പൂർത്തീകരിച്ച് മേയ് 99-ൽ തന്നെ കമ്മീഷൻ ചെയ്തു. മുനമ്പം ഹാർബറിന്റെ പണി ഏതാണ്ട് തീർന്നശേഷം ചില ഡിഫക്ടുകൾ വന്നിട്ടുള്ളതുകൊണ്ട് അതിന്റെ പണി ഇപ്പോൾ പുരോഗമിപ്പിക്കുകയാണ്. മുതലപ്പൊഴി, പൊന്നാനി, തലായി എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ കാര്യം പ്രത്യേകമെടുത്ത് പറഞ്ഞതാണ്. ഇവയുടെ പണി ആരംഭിക്കുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ നടന്നുവരുന്നു. അതുപോലെതന്നെ കൊയിലാണ്ടിയിൽ ഫിഷിംഗ് ഹാർബർ സ്ഥാപിക്കണമെന്ന ആവശ്യം വളരെക്കാലമായി ഉയർന്നു വരുന്നു. ഇതിനാവശ്യമായ മാതൃകാ പഠനം നടത്താൻ ഈ വർഷം തന്നെ നടപടിയെടുക്കും. കൂടാതെ കാട്ടൂർ, പുന്നപ്ര എന്നിവിടങ്ങളിലെ ഫിഷ് ലാന്റിംഗ് സെന്ററുകളിലെ പണി പുരോഗമിച്ചുവരുന്നു. കൂടാതെ എറണാകുളം ജില്ലയിലെ നായരമ്പലത്തും തിരുവനന്തപുരത്ത് പൂന്തുറയിലും വലിയതുറയിലും പൂവാറിലും, കോഴിക്കോട് ജില്ലയിലെ തിക്കൊടിയിലും കാസർഗോഡ് കാഞ്ഞങ്ങാട്ടും, കൊല്ലം ജില്ലയിൽ ആലപ്പാട്ടും, ആലപ്പുഴ ജില്ലയിൽ ആറാട്ടുപുഴയിലും, തൃശ്ശൂർ ജില്ലയിൽ കൈപ്പമംഗലത്തും, മലപ്പുറം ജില്ലയിൽ പരപ്പനങ്ങാടിയിലും, കണ്ണൂർ ജില്ലയിൽ ധർമ്മടത്തും, കാസർഗോഡ് ജില്ലയിൽ ഓരി, എന്നിവിടങ്ങളിലും ഈ വർഷം ഫിഷ് ലാന്റിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതാണ്. കടൽ മേഖലയിൽ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കാനും മത്സ്യബന്ധന പ്രവർത്തനങ്ങളേർപ്പെടുത്താനും സൗകര്യമൊരുക്കിക്കൊടുക്കുന്നതിന് നൽകുന്ന പ്രാധാന്യത്തോടൊപ്പം മത്സ്യ വിൽപ്പനയിലും അവരെ സഹായിക്കേണ്ടതുണ്ട്. ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിച്ച് സഹകരണസംഘങ്ങളിലൂടെ മത്സ്യം ലേലം ചെയ്ത് വിൽക്കുന്നതിനും ആദ്യ വിൽപ്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് തന്നെ ലഭിക്കാനും മത്സ്യലേലം ശക്തിപ്പെടുത്തിവരികയാണ്.

## VIII. ക്രമപ്രശ്നം

### സഭയിൽ പ്രസംഗം എഴുതി തയ്യാറാക്കി വായിക്കുന്നത് സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. മെമ്പേഴ്സ് ഹാന്റ്ബുക്കിൽ വളരെ ക്ലിയറായി പറഞ്ഞിരിക്കുകയാണ്, സഭയിൽ എഴുതി വായിക്കാൻ പാടില്ലെന്ന്. ഞാൻ അത് ഉന്നയിക്കാൻ കാരണം, ചിലരൊക്കെ ഇത് ചെയ്തു വരുന്നു. മന്ത്രിമാർ ഇതുപോലെ ചെയ്യുന്നത് ഒരി



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : കഴിഞ്ഞ വർഷം അങ്ങ് സ്റ്റേ ചെയ്തു എന്ന് പത്ര റിപ്പോർട്ട് വന്നതാണ്. അസോസിയേഷൻകാർ പ്രഖ്യാപിച്ചതാണ്. ആ സ്റ്റേയുടെ കാലാവധിയാണ് ഇപ്പോൾ കഴിഞ്ഞത്. അതാണ് ശ്രീ. പി.ജെ. ഫ്രാൻസിസ് ഇവിടെ ചൂണ്ടിക്കാണിച്ചത്.

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഏതായാലും ഇപ്പോൾ സ്റ്റേയില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : അന്ന് സ്റ്റേ ചെയ്തു. അതില്ലെന്ന് പറയാൻ സാധിക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഇപ്പോൾ സ്റ്റേയില്ലെന്നാണ് ഞാൻ പറഞ്ഞത്. ഒരു കാലത്ത് യൂറോപ്യൻ കമ്മ്യൂണിറ്റിയിലേക്ക് ഇവിടെ നിന്ന് മത്സ്യം കയറ്റി അയയ്ക്കാൻ പാടില്ലെന്നുള്ള നിരോധനം വന്നപ്പോൾ അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകൾ ആവശ്യപ്പെട്ടിട്ട് ഞങ്ങൾ സ്റ്റേ ചെയ്തിരുന്നു. ആ സ്റ്റേ ഇപ്പോൾ മാറ്റി. സ്റ്റേ ചെയ്തിരിക്കുന്നു എന്നാണ് പറഞ്ഞത്. അപ്പോൾ ഇപ്പോഴും സ്റ്റേ ഉണ്ടെന്നാണ് അർത്ഥം. ഇപ്പോൾ സ്റ്റേ ഇല്ല. നിങ്ങളുടെ ഭാഗത്തു നിന്നുള്ള ആളുകൾ ഇവിടെ വന്ന് മുഖ്യമന്ത്രിക്ക് നിവേദനം നൽകിയതിന്റെ ഭാഗമായി അന്ന് യൂറോപ്യൻ കമ്മ്യൂണിറ്റിയിലേക്ക് നമ്മൾക്ക് മത്സ്യം കയറ്റി അയയ്ക്കാൻ വയ്യാത്ത ദു:സ്ഥിതി വന്ന സമയത്ത് സ്റ്റേ ചെയ്തിരിക്കും. ശ്രീ. ആര്യാടൻ മുഹമ്മദിന്റെ ഗവൺമെന്റ് നടപ്പാക്കിയിട്ടുള്ള ആഴക്കടലിൽ കപ്പലുകളുടെ വരവുകൊണ്ട് മത്സ്യസമ്പത്ത് കുറഞ്ഞിട്ടുണ്ട്. അങ്ങനെ കുറഞ്ഞതിന്റെ ഫലമായി ഞങ്ങൾക്ക് കയറ്റുമതിയിൽ വലിയ ബുദ്ധിമുട്ടുണ്ടായി എന്നു പറഞ്ഞ് ഇപ്പോൾ അവർ നിവേദനം തന്നിരിക്കുകയാണ്. അതുമൂലം ആ സ്റ്റേ നിലനിൽക്കുകയാണ്. അതിൽ ഞങ്ങൾ യാതൊന്നും ചെയ്തിട്ടില്ല. പിന്നെ മത്സ്യസമ്പത്ത് കുറഞ്ഞു എന്നു പറഞ്ഞു. കുറയുകയല്ല ചെയ്തിട്ടുള്ളത്. മത്സ്യസമ്പത്ത് കുറഞ്ഞു എന്നു പറഞ്ഞിട്ടുള്ളത് ശരിയല്ല. ട്രോളിംഗ് നിരോധിക്കുന്നതിനു മുമ്പ് 1987-ൽ 2,73,154 ലക്ഷം ടണ്ണായിരുന്നത് ട്രോളിംഗ് നിരോധനം നടപ്പാക്കിയതിനുശേഷം 1988-ൽ 4,68,808 ടണ്ണും 1989-ൽ 6,47,546 ടണ്ണുമായി മത്സ്യോൽപ്പാദനം വർദ്ധിച്ചു. ട്രോളിംഗ് നിരോധനം ഏർപ്പെടുത്തി തുടങ്ങിയതിനുശേഷം ഈ ഉൽപ്പാദനത്തിൽ ഒരു ലക്ഷത്തിന്റെ കുറവുണ്ടായിട്ടുണ്ട്. ക്രമാനുഗതമായി ഉൽപ്പാദനം വർദ്ധിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. എത്ര വർദ്ധിച്ചാലും ശരി മത്സ്യസമ്പത്ത് പൊതുവെ കുറയുന്നതിന്റെ ഫലമായി തൊഴിലാളികൾക്കുള്ള ബുദ്ധിമുട്ട് തീർക്കാനാണ് ഇപ്പോൾ കടലിലും കായലിലും പുതുതായി മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നത്. അതിന്റെ ഫലമായി വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. ആ വർദ്ധനവ് അനുസ്യൂതം തുടരാനുള്ള നടപടികളാണ് ഗവൺമെന്റ് എടുക്കുന്നത്. ഇത്രയും കാര്യങ്ങളാണ് എനിക്ക് പറയുവാനുള്ളത്. റൂറൽ ഡെവലപ്പ്മെന്റ് വകുപ്പിനെപ്പറ്റി കാര്യമായി സംസാരിച്ചിട്ടില്ലാത്തതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല.

ശ്രീ. എ.കെ. മണി, ശ്രീ. കെ. അച്ചുതൻ, ശ്രീ. വി. ബാലറാം, ശ്രീ.കെ.സി. വേണുഗോപാൽ, ശ്രീ. കെ. ബാബു, ശ്രീമതി ശോഭനാ ജോർജ്ജ്, ശ്രീ. എം. മുരളി, ശ്രീമതി റോസമ്മ ചാക്കോ, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. പി.ജെ. ജോയി, ശ്രീ. ചെർക്കളം അബ്ദുള്ള, ശ്രീ. പി.കെ. അബ്ദുറബ്ബ്, ശ്രീ. ജോണി നെല്ലൂർ, ശ്രീ. ടി.എം. ജേക്കബ്, ശ്രീ. കെ.എ. ചന്ദ്രൻ, ശ്രീ. പി.ജെ. ഫ്രാൻസിസ്, ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. വി.ജെ. പൗലോസ്, ശ്രീമതി രാധാ രാഘവൻ, ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, പ്രൊഫസർ സാവിത്രി ലക്ഷ്മണൻ, ശ്രീ പി.പി. തങ്കച്ചൻ, ശ്രീ.കെ.പി. വിശ്വനാഥൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച കട്ട് മോഷനുകൾ നിരാകരിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000-ാം സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം സംബന്ധിച്ച് : അനുകൂലിക്കുന്നവർ..............................

ശ്രീ. ആര്യാടൻ മുഹമ്മദ് : ഞാൻ പോൾ ആവശ്യപ്പെടുന്നു. സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

*അനുകൂലിക്കുന്നവർ - 65*

(1) ശ്രീ. എ.അലി ഹസ്സൻ
(2) ശ്രീ. ആന്റണി രാജു
(3) ശ്രീ. ബാബു ദിവാകരൻ
(4) ശ്രീ. എൻ.ആർ.ബാലൻ
(5) ശ്രീ. ടി.കെ.ബാലൻ
(6) ശ്രീ. സി.പി.ബാലൻ വൈദ്യർ
(7) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
(8) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
(9) ശ്രീ. വി.കെ.ചന്ദ്രൻ
(10) ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
(11) ശ്രീ. എം. ദാസൻ
(12) ശ്രീമതി ഗിരിജാ സുരേന്ദ്രൻ
(13) ശ്രീ. ടി.കെ. ഹംസ
(14) ശ്രീ. കെ.ഇ. ഇസ്മയിൽ
(15) ശ്രീ. എം.വി. ജയരാജൻ
(16) ശ്രീ. ജോൺ ഫെർണാണ്ടസ്
(17) ശ്രീ. ജോസ് ബേബി
(18) ശ്രീ. പി.ജെ.ജോസഫ്
(19) ശ്രീ. വി.സി.കബീർ
(20) ശ്രീ. എ.കണാരൻ
(21) ശ്രീ. എൻ.കണ്ണൻ
(22) ശ്രീ. എളമരം കരീം
(23) ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
(24) ശ്രീ. ഇ.കെ.നായനാർ
(25) ശ്രീ. പി.കെ. കുമാരൻ
(26) ശ്രീ. കെ.ടി.കുഞ്ഞഹമ്മദ്
(27) ശ്രീ. സി.എ.കുര്യൻ
(28) ശ്രീമതി ആർ.ലതാ ദേവി
(29) ശ്രീ. ലോനപ്പൻ നമ്പാടൻ
(30) ശ്രീമതി. ജെ.മേഴ്സിക്കുട്ടിയമ്മ
(31) ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
(32) ശ്രീ. മോൻസ് ജോസഫ്

LIBRARY ARCHIVES Kerala Legislative Assembly

(33) ശ്രീ. പിരപ്പൻകോട് മുരളി
(34) ശ്രീ. ടി. നാണു മാസ്റ്റർ
(35) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്)
(36) ശ്രീ. പി. നാരായണൻ
(37) ശ്രീ. ഡോ.എ. നീലലോഹിതദാസൻ നാടാർ
(38) ശ്രീ. കെ. പ്രകാശ് ബാബു
(39) ശ്രീമതി എൻ.കെ. രാധ
(40) ശ്രീ. കെ.രാധാകൃഷ്ണൻ
(41) ശ്രീ. പി. രാഘവൻ
(42) ശ്രീ. സി.കെ. രാജേന്ദ്രൻ
(43) ശ്രീ. കെ.പി. രാജേന്ദ്രൻ
(44) ശ്രീ. പി. രാജു
(45) ശ്രീ. രാജു എബ്രഹാം
(46) ശ്രീ. വി.പി. രാമകൃഷ്ണപിള്ള
(47) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
(48) ശ്രീ. ടി.കെ. രാമകൃഷ്ണൻ
(49) ശ്രീ. എസ്. ശർമ്മ
(50) ശ്രീ. യു.എസ്. ശശി
(51) ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
(52) ശ്രീ. സത്യൻ മൊകേരി
(53) ശ്രീ. സെബാസ്റ്റ്യൻ പോൾ
(54) ശ്രീ. എ.സി. ഷൺമുഖദാസ്
(55) ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
(56) ശ്രീ. ടി. ശിവദാസമേനോൻ
(57) ശ്രീ. ജി. സുധാകരൻ
(58) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
(59) ശ്രീ. പി.എസ്. സുപാൽ
(60) ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(61) ശ്രീമതി സുശീലാ ഗോപാലൻ
(62) പ്രൊഫ. എ.വി. താമരാക്ഷൻ
(63) ശ്രീ. എം.എ. തോമസ്
(64) ശ്രീ. വറുഗ്ഗീസ് വൈദ്യർ
(65) ശ്രീ. പി.വിശ്വൻ

*പ്രതികൂലിക്കുന്നവർ-45*

(1) ശ്രീ. ചെർക്കളം അബ്ദുള്ള
(2) ശ്രീ. കെ.പി.എ. മജീദ്
(3) ശ്രീ. പി.കെ. അബ്ദുറബ്ബ്
(4) ശ്രീ. സി.ടി. അഹമ്മദ് അലി
(5) ശ്രീ. ഇ.എം. അഗസ്തി
(6) ശ്രീ. കെ. ബാബു
(7) ശ്രീ. വി. ബാലറാം



LIBRARY ARCHIVES Kerala Legislative Assembly

(8) ശ്രീ. പി.കെ.കെ. ബാവ
(9) ശ്രീ. കെ.എ. ചന്ദ്രൻ
(10) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
(11) ശ്രീ. പി.ജെ. ഫ്രാൻസിസ്
(12) ശ്രീ. ജോർജ് ജെ. മാത്യു
(13) ശ്രീ. ജോണി നെല്ലൂർ
(14) ശ്രീ. കെ.സി. ജോസഫ്
(15) ശ്രീ. പി.ജെ. ജോയ്
(16) ശ്രീ. ജി. കാർത്തികേയൻ
(17) ശ്രീ. കെ.കെ. നായർ
(18) ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(19) ഡോ. എം.എ. കുട്ടപ്പൻ
(20) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
(21) ശ്രീ. മാമ്മൻ മത്തായി
(22) ശ്രീ. കെ.എം. മാണി
(23) ശ്രീ. കെ. മുഹമ്മദാലി
(24) ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ
(25) ശ്രീ. എ.കെ. മണി
(26) ശ്രീ. സി. മൊയീൻകുട്ടി
(27) ശ്രീ. ആര്യാടൻ മുഹമ്മദ്
(28) ശ്രീ. എം.കെ. മുനീർ
(29) ശ്രീ. എം. മുരളി
(30) ശ്രീ. കെ. നാരായണക്കുറുപ്പ്
(31) ശ്രീ. എഴുകോൺ നാരായണൻ
(32) ശ്രീ. വി.ജെ. പൗലോസ്
(33) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(34) ശ്രീമതി രാധാ രാഘവൻ
(35) ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
(36) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
(37) ശ്രീ. പാലോട് രവി
(38) ശ്രീമതി റോസമ്മ ചാക്കോ
(39) പ്രൊഫസർ സാവിത്രി ലക്ഷ്മണൻ
(40) ശ്രീമതി ശോഭനാ ജോർജ്
(41) ശ്രീ. നാലകത്ത് സൂപ്പി
(42) ശ്രീ. പി.പി. തങ്കച്ചൻ
(43) ശ്രീ. സി.എഫ്. തോമസ്
(44) ശ്രീ. കെ.സി. വേണുഗോപാൽ
(45) ശ്രീ. കെ.പി. വിശ്വനാഥൻ

നിക്ഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

മി. സ്പീക്കർ : അനുകൂലിക്കുന്നവർ : 65

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ : 45
നിക്ഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.
പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു

മി. സ്പീക്കർ : ശ്രീമതി റോസമ്മ ചാക്കോ, ശ്രീമതി കെ.ആർ. ഗൗരിയമ്മ, ശ്രീ. കെ. ബാബു, ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ, ശ്രീ.എം. മുരളി, ശ്രീമതി ശോഭനാ ജോർജ്, ശ്രീ. കെ. അച്ച്യുതൻ, ശ്രീ. എ.കെ. മണി. ശ്രീ. കെ.പി. വിശ്വനാഥൻ, ശ്രീ. കെ.എ. ചന്ദ്രൻ, ശ്രീ. കെ.സി. വേണുഗോപാൽ, ശ്രീ. പി.ജെ. ജോയി, പ്രൊഫ. സാവിത്രി ലക്ഷ്മണൻ, ശ്രീ. വി.ജെ. പൗലോസ്, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. വി. ബാലറാം, ശ്രീ. പി.പി. തങ്കച്ചൻ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. പി.ജെ ഫ്രാൻസിസ്, ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, ശ്രീമതി രാധാ രാഘവൻ, ശ്രീമതി റോസമ്മ ചാക്കോ, ശ്രീ. ചെർക്കളം അബ്ദുള്ള, ശ്രീ പി.കെ. അബ്ദുറബ്ബ്, ശ്രീ. ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ കുടുംബക്ഷേമം എന്ന XIX -ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : കുടുംബക്ഷേമം എന്ന XIX -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യ വിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ....പ്രതികൂലിക്കുന്നവർ ................

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. കെ. ബാബു, ശ്രീ. കെ.സി. വേണുഗോപാൽ, ശ്രീ.പി.ജെ. ഫ്രാൻസിസ്, ശ്രീ. ജോണി നെല്ലൂർ, ശ്രീമതി കെ.ആർ. ഗൗരിയമ്മ, ശ്രീ.സി. മൊയിൻ കുട്ടി, ശ്രീ.കെ. അച്ചുതൻ, ശ്രീ. കെ.എ. ചന്ദ്രൻ , ശ്രീ. ഡൊമനിക്ക് പ്രസന്റേഷൻ, ശ്രീ. പി.ജെ. ജോയി, ശ്രീ. എ.കെ. മണി, ശ്രീ. എം. മുരളി, ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. വി.ജെ. പൗലോസ്, ശ്രീമതി റോസമ്മ ചാക്കോ, ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, ശ്രീമതി രാധാ രാഘവൻ, ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീമതി ശോഭനാ ജോർജ്, പ്രൊഫസർ സാവിത്രി ലക്ഷ്മണൻ, ശ്രീ. പി.പി. തങ്കച്ചൻ, ശ്രീ. കെ. പി. വിശ്വനാഥൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ ............. അനുകൂലിക്കുന്നവർ ............ പ്രതികൂലിക്കുന്നവർ.

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ : ശ്രീമതി ശോഭനാ ജോർജ്, ശ്രീ. എ.കെ. മണി, ശ്രീ. വി. ബാലറാം, ശ്രീ. കെ. അച്ചുതൻ, ശ്രീ. പി.ജെ. ഫ്രാൻസിസ്, ശ്രീ. വി.ജെ. പൗലോസ്, പ്രൊഫസർ സാവിത്രി ലക്ഷ്മണൻ, കെ. അചുതൻ, ശ്രീ. കെ. ബാബു, ശ്രീ. കെ.എ. ചന്ദ്രൻ, ശ്രീ. ഡൊമനിക് പ്രസന്റേഷൻ, ശ്രീമതി. കെ. ആർ. ഗൗരിയമ്മ, ശ്രീ. ജോണി നെല്ലൂർ, ശ്രീ. പി.ജെ. ജോയി, ശ്രീ. എം. മുരളി, ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. സി. മൊയീൻ കുട്ടി; ശ്രീ. വി.ജെ. പൗലോസ്, ശ്രീമതി രാധാ രാഘവൻ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. കെ.കെ.

LIBRARY ARCHIVES Kerala Legislative Assembly

രാമചന്ദ്രൻ മാസ്റ്റർ, ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, ശ്രീമതി റോസമ്മ ചാക്കോ, ശ്രീ. പി.പി. തങ്കച്ചൻ, ശ്രീ. കെ.സി. വേണുഗോപാൽ, ശ്രീ. കെ.പി. വിശ്വനാഥൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : മൽസ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ..........പ്രതികൂലിക്കുന്നവർ ..........

ശ്രീ.ആര്യാടൻ മുഹമ്മദ് : സർ,ഞാൻ പോൾ അവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി

*അനുകൂലിക്കുന്നവർ -65*

(1) ശ്രീ. എ. അലി ഹസ്സൻ
(2) ശ്രീ. ആന്റണി രാജു
(3) ശ്രീ. ബാബു ദിവാകരൻ
(4) ശ്രീ. എൻ.ആർ. ബാലൻ
(5) ശ്രീ. ടി.കെ. ബാലൻ
(6) ശ്രീ. സി.പി. ബാലൻ വൈദ്യർ
(7) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
(8) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
(9) ശ്രീ. വി.കെ. ചന്ദ്രൻ
(10) ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
(11) ശ്രീ. എം. ദാസൻ
(12) ശ്രീമതി ഗിരിജാ സുരേന്ദ്രൻ
(13) ശ്രീ. ടി.കെ. ഹംസ
(14) ശ്രീ. കെ.ഇ. ഇസ്മയിൽ
(15) ശ്രീ. എം.വി. ജയരാജൻ
(16) ശ്രീ. ജോൺ ഫെർണാണ്ടസ്
(17) ശ്രീ. ജോസ് ബേബി
(18) ശ്രീ. പി.ജെ. ജോസഫ്
(19) ശ്രീ. വി.സി. കബീർ
(20) ശ്രീ. എ. കണാരൻ
(21) ശ്രീ. എൻ. കണ്ണൻ
(22) ശ്രീ. എളമരം കരീം
(23) ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
(24) ശ്രീ. ഇ.കെ. നായനാർ
(25) ശ്രീ. പി.കെ. കുമാരൻ
(26) ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
(27) ശ്രീ. സി.എ. കുര്യൻ
(28) ശ്രീമതി ആർ. ലതാ ദേവി
(29) ശ്രീ. ലോനപ്പൻ നമ്പാടൻ
(30) ശ്രീ. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

LIBRARY ARCHIVES Kerala Legislative Assembly

(31) ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
(32) ശ്രീ. മോൻസ് ജോസഫ്
(33) ശ്രീ. പിരപ്പൻകോട് മുരളി
(34) ശ്രീ. ടി. നാണു മാസ്റ്റർ
(35) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്)
(36) ശ്രീ. പി. നാരായണൻ
(37) ഡോ. എ. നീലലോഹിതദാസൻ നാടാർ
(38) ശ്രീ. കെ. പ്രകാശ് ബാബു
(39) ശ്രീമതി എൻ.കെ. രാധ
(40) ശ്രീ. കെ. രാധാകൃഷ്ണൻ
(41) ശ്രീ. പി. രാഘവൻ
(42) ശ്രീ. സി.കെ. രാജേന്ദ്രൻ
(43) ശ്രീ. കെ.പി. രാജേന്ദ്രൻ
(44) ശ്രീ. പി. രാജു
(45) ശ്രീ. രാജു എബ്രഹാം
(46) ശ്രീ. വി.പി. രാമകൃഷ്ണപിള്ള
(47) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
(48) ശ്രീ. ടി.കെ. രാമകൃഷ്ണൻ
(49) ശ്രീ. എ.എസ്. ശർമ്മ
(50) ശ്രീ. യു.എസ്. ശശി
(51) ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
(52) ശ്രീ. സത്യൻ മൊകേരി
(53) ശ്രീ. സെബാസ്റ്റ്യൻ പോൾ
(54) ശ്രീ. എ.സി. ഷൺമുഖദാസ്
(55) ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
(56) ശ്രീ. ടി. ശിവദാസമേനോൻ
(57) ശ്രീ. ജി. സുധാകരൻ
(58) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
(59) ശ്രീ. പി.എസ്. സുപാൽ
(60) ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(61) ശ്രീമതി സുശീലാ ഗോപാലൻ
(62) പ്രൊ. എ.വി. താമരാക്ഷൻ
(63) ശ്രീ. എം.എ. തോമസ്
(64) ശ്രീ. വർഗ്ഗീസ് വൈദ്യർ
(65) ശ്രീ. പി. വിശ്വൻ

*പ്രതികൂലിക്കുന്നവർ-45*

(1) ശ്രീ. ചെർക്കളം അബ്ദുള്ള
(2) ശ്രീ. കെ.പി.എ. മജീദ്
(3) ശ്രീ. പി.കെ. അബ്ദുറബ്ബ്
(4) ശ്രീ. സി.ടി. അഹമ്മദ് അലി
(5) ശ്രീ. ഇ.എം. അഗസ്തി

LIBRARY ARCHIVES Kerala Legislative Assembly

(6) ശ്രീ. കെ. ബാബു
(7) ശ്രീ. വി. ബാലറാം
(8) ശ്രീ. പി.കെ.കെ. ബാവ
(9) ശ്രീ. കെ.എ. ചന്ദ്രൻ
(10) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
(11) ശ്രീ. പി.ജെ. ഫ്രാൻസിസ്
(12) ശ്രീ. ജോർജ് ജെ. മാത്യു
(13) ശ്രീ. ജോണി നെല്ലൂർ
(14) ശ്രീ. കെ.സി. ജോസഫ്
(15) ശ്രീ. പി.ജെ. ജോയി
(16) ശ്രീ. ജി. കാർത്തികേയൻ
(17) ശ്രീ. കെ.കെ. നായർ
(18) ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(19) ഡോ. എം.എ. കുട്ടപ്പൻ
(20) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
(21) ശ്രീ. മാമ്മൻ മത്തായി
(22) ശ്രീ. കെ.എം. മാണി
(23) ശ്രീ. കെ. മുഹമ്മദാലി
(24) ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ
(25) ശ്രീ. എ.കെ. മണി
(26) ശ്രീ. സി. മൊയീൻ കുട്ടി
(27) ശ്രീ. ആര്യാടൻ മുഹമ്മദ്
(28) ശ്രീ. എം.കെ. മുനീർ
(29) ശ്രീ. എം. മുരളി
(30) ശ്രീ. കെ. നാരായണക്കുറുപ്പ്
(31) ശ്രീ. എഴുകോൺ നാരായണൻ
(32) ശ്രീ. വി.ജെ. പൗലോസ്
(33) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(34) ശ്രീമതി രാധാ രാഘവൻ
(35) ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
(36) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
(37) ശ്രീ. പാലോട് രവി
(38) ശ്രീമതി റോസമ്മ ചാക്കോ
(39) പ്രൊഫ. സാവിത്രി ലക്ഷ്മണൻ
(40) ശ്രീമതി ശോഭനാ ജോർജ്
(41) ശ്രീ. നാലകത്ത് സൂപ്പി
(42) ശ്രീ. പി.പി.തങ്കച്ചൻ
(43) ശ്രീ. സി.എഫ്. തോമസ്
(44) ശ്രീ. കെ.സി. വേണുഗോപാൽ
(45) ശ്രീ. കെ.പി. വിശ്വനാഥൻ

നിഷ്പക്ഷതപാലിക്കുന്നവർ ആരുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ
അനുകൂലിക്കുന്നവർ -65
പ്രതികൂലിക്കുന്നവർ-45
നിക്ഷ്പക്ഷത പാലിക്കുന്നവർ -ആരുമില്ല.
പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു

മി. സ്പീക്കർ : ശ്രീ. പി.ജെ. ജോയി, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീമതി. ശോഭനാ ജോർജ്, ശ്രീ. ചെർക്കുളം അബ്ദുള്ള, ശ്രീ. കെ. അച്ചുതൻ, ശ്രീ. കെ. ബാബു, ശ്രീ. വി ബാലറാം, ശ്രീ. കെ.എ. ചന്ദ്രൻ, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീമതി കെ.ആർ. ഗൗരിയമ്മ, ശ്രീ. ജോണി നെല്ലൂർ, പ്രൊഫസർ സാവിത്രി ലക്ഷ്മണൻ, ശ്രീ. എം. മുരളി, ശ്രീ. ആര്യാടൻ മുഹമ്മദ് , ശ്രീ. എ.കെ. മണി, ശ്രീ. വി.ജെ. പൗലോസ്, ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ, ശ്രീമതി റോസമ്മ ചാക്കോ, ശ്രീ. തേറംപിൽ രാമകൃഷ്ണൻ, ശ്രീമതി രാധാ രാഘവൻ, ശ്രീ. പി.പി. തങ്കച്ചൻ, ശ്രീ. കെ.പി. വിശ്വനാഥൻ, ശ്രീ. കെ.സി. വേണുഗോപാൽ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സാമൂഹ്യ വികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് നേരെ കാര്യ വിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999 -2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ...........പ്രതികൂലിക്കുന്നവർ ...........

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു

ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 -ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂലൈ 1-ാം തീയതി രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 3.55 ന് പിരിഞ്ഞു).

## അനുബന്ധം

### 30-6-1999-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യംനമ്പർ 24(*230)ദയവായി കാണുക

### കശുമാവ് കൃഷിയുടെ ജില്ല തിരിച്ചുള്ള കണക്ക്

| | | | | |
|---|---|---|---|---|
| 1. | തിരുവനന്തപുരം | : | 2839 | ഹെക്ടർ |
| 2. | കൊല്ലം | : | 6002 | ,, |
| 3. | പത്തനംതിട്ട | : | 1195 | ,, |
| 4. | ആലപ്പുഴ | : | 7205 | ,, |
| 5. | കോട്ടയം | : | 788 | ,, |
| 6. | ഇടുക്കി | : | 1600 | ,, |
| 7. | എറണാകുളം | : | 2389 | ,, |
| 8. | തൃശ്ശൂർ | : | 4658 | ,, |
| 9. | പാലക്കാട് | : | 7113 | ,, |
| 10. | മലപ്പുറം | : | 12314 | ,, |
| 11. | കോഴിക്കോട് | : | 4972 | ,, |
| 12. | വയനാട് | : | 1244 | ,, |
| 13. | കണ്ണൂർ | : | 30111 | ,, |
| 14. | കാസർഗോഡ് | : | 13643 | ,, |
| | ആകെ | : | | 96073 |